ചരിത്രത്തിന്റെ ഇടനാഴി ഭാഗം 2

ഡോ. സുവർണ്ണ നാലപ്പാട്ട്.

2019



മൂഷകവംശകാവ്യം കേരളത്തിലെ ആദിമചരിത്രം പറയുന്നു. തോലനെന്ന അതുലനാണ് രചയിതാവ്. ആ വംശത്തിലെ വല്ലഭരാജാക്കന്മാരുടെ വിദ്യാസ്ഥാനങ്ങളായിട്ടാണ് വലഭി,നളന്ദ മുതലായ യൂണിവേഴ്സിറ്റികളുണ്ടായത്. വന്ദേരി വലഭിയുടെ രണ്ടാമത്തെ ശാഖയാണ്, പെരുഞ്ചെല്ലൂർ ആദ്യത്തേ യും കൊടുങ്ങല്ലൂർ മൂന്നാമത്തേയും ശാഖ. ഇന്ത്യ യിലെ എല്ലാ രാജവംശങ്ങളും മൂഷകവംശത്തിന്റെ താവഴികളും ബന്ധുക്കളുമാണ്. അവരുടെ സംസ്കൃതി, അവരുടെ സ്ത്രീകളുടെ വേദാധികാരം, പഴമ, ചിഹ്നങ്ങള് ചില ലിഖിതങ്ങൾ, ഇവയിലൂടെ ഒരു മാനസയാത്ര.,

ഡോ. സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്.
9895006074
snalapat@gmail.com

ചരിത്രത്തിന്റെ ഇടനാഴി ഭാഗം 2.

<u>ഉള്ളടക്കം</u>

1. തോലകവി
2. തോലന്റെ മൂഷകവംശകാവ്യവും കേരളചരിത്രവും
3. കേരളകർണ്ണാടകആന്ധ്രകവംശങ്ങൾ.
4. ആര്യദ്രാവിഡരും സൈന്ധവസംസ്കൃതിയും
5. സ്ത്രീകളുടെ വേദാധികാരം നാഗനിക എന്ന രാജ്ഞി
6. കറുത്ത സരസ്വതി യുഗസന്ധ്യയിലെ ഉരുക്കുവനിത-ശ്യാമദ്രൌപദി
7. സൈന്ധവസംസ്കൃതിയിലെ മുതല, കാള, കോഴി
8. ലകുലീശനും കപിലനും പൂക്കാട്ടിയൂരിലെ ലിഖിതവും

തോലകവി

തോലനെ പ്രശസ്തനാക്കിയ ഹാസ്യകവിതാശകലം ശിവനെ സ്തുതിച്ചെ ഴുതിയ ഈ മണിപ്രവാളശ്ലോകമാണ്.

പല്ലിത്തോലാടയാം യസ്യ
യസ്യ പന്ത്രണ്ടര പ്രിയാ
കോണച്ചേട്ടാഭിധനസ്യ
അർദ്ധാർദ്ധം പ്രണതോസ്മ്യഹം

ദന്തി(പല്ലി)അഥവാ ആനത്തോലണിഞ്ഞവനും , പന്ത്രണ്ടര(ആറ് ,ഗംഗാ)പ്രിയ നും കോണച്ചേട്ടനെന്ന് (കോണം മുക്ക്, ചേട്ടൻ അണ്ണൻ) മുക്കണ്ണനെന്ന് പേരു ള്ളവനും ആയവന്റെ അർദ്ധാർദ്ധം (പകുതിയുടെ പകുതി അഥവാ പാദം) പ്രണമിക്കുന്നു. ഇത് മണിപ്രവാളകവിതയാണ്. ഹാസ്യകവിതയുമാണ്.

തോലൻ കുട്ടിയായിരിക്കെ നടന്ന ഒരു പ്രസിദ്ധകഥ. അന്ന് സംസ്കൃതമേ സംസാരിക്കാനനുവദിക്കു, ഊണുകഴിക്കുമ്പോളും പ്രഭാതത്തിലും എല്ലാം. ചക്കി എന്നു പേരായ സ്ത്രീ പത്തായത്തിൽ നിന്ന് നെല്ല് മോഷ്ടിക്കാന് തുനിയുകയും ഇത് മനസ്സിലാക്കിയ തോലൻ 'പനസി ദശായാം പാശി' എന്നു പറയുകയും ചെയ്തു. (പനസി ചക്കി, ദശം പത്ത്. പത്തായാം ദശായാം. പാശം കയറ്. പാശി കയറി) ഇത്തരം ഹാസ്യരസമുള്ള നിമിഷകവിതകളാണ് തോലനെ വികടകവിയാക്കിയത്. കേരളത്തിൽ കുറ്റം തെളിയിക്കാന് വിചിത്ര മായ പല മാർഗങ്ങളും മുൻപു സ്വീകരിച്ചിരുന്നു . കൈ യില്തിളച്ച എണ്ണ . മുക്കിക്കുക., മുതലയുള്ള കടവിൽ നീന്തിക്കുക, വിഷപ്പാമ്പിനെ അടച്ചിട്ടുള്ള കുടത്തിൽ കൈയിടുവിക്കുക തുടങ്ങിയവ ഇവയില് ചിലതാണ് . കുറ്റക്കാരനല്ലെങ്കില് മുതല പിടിക്കുകയില്ല, പാമ്പ് കടിക്കുകയില്ല കൈ പൊള്ളില്ല എന്നൊക്കെയായിരുന്നു വിശ്വാസം രാജാവിന്റെ മോതിരം ഒരിക്കൽ .കുളക്കടവിൽ മറന്നുവെച്ച്. കാണാതായി. മോതിരം തോലൻ എടുത്ത് രാജാവിന്റെ വാളുറയിലിട്ടിരുന്നു. തോലനെ എണ്ണയിൽ കൈമുക്കാൻ വിധിച്ചു.

നിറഞ്ഞ സദസിൽ തിളച്ച എണ്ണയുടെ പാത്രം പച്ചയില കൊണ്ട് വക്ക് മൂടി യശേഷം എടുത്തുകൊണ്ടുവന്ന വൈദികനെ ചൂണ്ടിക്കാണിച്ച്, 'ഇയാളാണ്

മോതിരം മോഷ്ടിച്ചത്, കണ്ടില്ലേ കൈ പൊള്ളാതിരിക്കാനായി ഇലകൂട്ടി പാത്രം എടുത്തുകൊണ്ടുവരുന്നത്. അതിനാലിനി എന്റെ കൈ മുക്കേണ്ടതില്ല എന്ന് തോലൻ പറഞ്ഞു. അനാചാരത്തിന്റെ നിരർത്ഥകത തുറന്നുകാട്ടിയ തോലനെ രാജാവ് അനുമോദിച്ചു.

അതുലന്റെ മൂഷകകാവ്യം സംസ്കൃതത്തിലാണ്. സരസകവിയായ അദ്ദേഹമാണ് ആദ്യം മലയാളകവിത എഴുതിയതെന്ന് കാണിക്കുന്ന ചില കവിതാശകലങ്ങളുണ്ട് കേരളത്തിൽ. മലയാളത്തിൽ അദ്ദേഹം എഴുതിയ പ്രശസ്തി പിടിക്കാത്തതുകൊണ്ട് ശ്രീകണ്ഠന്റെ പത്നി സംസ്കൃതത്തിൽ തോലനെഴുതിയ പ്രശസ്തി വേണമെന്ന് ശാഠ്യം പിടിച്ചു. മലയാളത്തിലെഴുതിയത് ഇങ്ങനെയത്രെ.

അന്നൊത്തപോക്കീ (അന്നത്തെപ്പോലെ സഞ്ചരിക്കുന്നവൾ)

കുയിലൊത്ത പാട്ടീ (കുയിലിനെപ്പോലെ പാടുന്നവൾ)

ദരിദ്രയില്ലത്തെ യവാകുപോലെ (ദരിദ്രഗൃഹത്തിലെ കഞ്ഞിപോലെ)

നീണ്ടിട്ടിരിക്കും നയനദ്വയത്തി (നീണ്ട രണ്ടുകണ്ണുകളുള്ളവൾ)

അർക്ക ശുഷ്കഫല കോമള സ്തനീ
ശർക്കരാ സദൃശ ചാരുഭാഷിണീ
തന്ത്രിണീ ദല സമാനലോചനേ
സിന്ധുരേന്ദ്ര രുചിരാ മലർദ്യുതേ എന്ന് സംസ്കൃതകവിത.

മലയാളവും സംസ്കൃതവും ചേർന്ന മണിപ്രവാളം തോലനാണോ ആദ്യമെഴുതിയത് എന്നതിന് ഈ വാമൊഴിക്കവിതയല്ലാതെ വേറെ തെളിവൊന്നുമില്ല. ശ്രീകണ്ഠനെ കന്തൻ കരിവർമ്മനാണെന്നു തെറ്റിദ്ധരിച്ചാണ് ചരിത്രകാരന്മാരെല്ലാം അദ്ദേഹത്തിന്റെ കാലം 10ആം നൂറ്റാണ്ടെന്ന് നിർണ്ണയിച്ചത്. എന്നാൽ അഞ്ചാം നൂറ്റാണ്ടിലെ അവസാനത്തെ പെരുഞ്ചെല്ലൂരിലെ ഉദ്ധാരണപ്രവർത്തനങ്ങളോടെ മൂഷകവംശകാവ്യം അവസാനിക്കുന്നതിനാല് തോലൻരെ കാലവും അതാവാനാണ് കൂടുതല് സാദ്ധ്യത.

വഞ്ചിയും ആർക്കിമിഡിസ് തത്വവും

വഞ്ചിഭൂപതിയുടെ പൊന്തിക്കിടക്കുന്ന പുന്ത് അഥവാ വഞ്ചി നിമഞ്ജനം ചെയ്യുന്ന മഞ്ചിയുമാണ്. അങ്ങനെ പൊന്തുന്ന കലം അഥവാ കുംഭ(കുടം)ത്തിന്റെ അർദ്ധമാണ് ജലഘടികാരനിർമ്മിതിക്ക് ഉപയോഗിക്കുന്നത്. കലം അഥ

വാ മരക്കലം കപ്പലാണ്. രാമഘടമൂഷകന്റെ മഹാനാവികന്മാരുടെ ഉപക രണം. അതുലന് ആർക്കിമിഡിസ് തത്വം അറിയാമായിരുന്നു. 8ആം സർഗ്ഗം 51ആം ശ്ലോകത്തിൽ,ഭാരമുള്ള പ്രിയതമയെ ജലക്രീഡാവേളയിൽ ജലത്തില് താഴ്ന്നുകിടക്കവെ എടുത്ത യുവാവായ നന്ദനൻ അവളുടെ ഗുരുവായ ഭാരം പെട്ടെന്ന് ലഘുവായതായി അറിയുന്നു. കപ്പലും ജലഘടികാരവും ഉപയോഗി ക്കുന്ന നാവികന്മാരുടെ നാടായ വഞ്ചിയുടെ കഥ പറയുന്ന അതുലകവി ആ നാവികന്മാരുടെ അറിവിനേയും ഉൾക്കൊണ്ടാണ് ഇത് പറയുന്നത്. കപ്പലോ ജലഘടീയന്ത്രമോ നിർമ്മിക്കണമെങ്കില് ഈ തത്വം അറിഞ്ഞിരിക്കണം. ഇത് മൂഷകചക്രവർത്തിമാരുടേയും അവരുടെ മുത്തരയന്മാരായ മഹാനാവികരു ടേയും കപ്പൽയാത്ര വർണ്ണിക്കുന്ന തോലന് സ്വാഭാവികമായിരിക്കണമല്ലോ.

പ്രാചീനകേരളത്തെ പരാമർശിക്കുന്നതും പണ്ടത്തേ കോലത്തുനാട്ടുരാജാ ക്കന്മാരുടെ വംശത്തേയും അപദാനങ്ങളേയും അനുകീർത്തനം ചെയ്യു ന്നതുമായ ഒരു സംസ്കൃതമഹാകാവ്യമാണ് മൂഷികവംശം. ഈ കാവ്യ ത്തിന്റെ പതിനഞ്ചു സർഗ്ഗങ്ങള് കണ്ടുകിട്ടീട്ടുണ്ടു്. പതിനഞ്ചാമത്തെ താണു് ഒടുവിലത്തെ സർഗ്ഗമെന്നു് അനുമാനിക്കുന്നതിനു് ന്യായങ്ങളുമുണ്ടു്. ശ്രീകണ്ഠൻ എന്ന കോലത്തിരിരാജാവിന്റെ രാജ്യഭാരവർണ്ണനമാണു് പതിനഞ്ചാം സർഗ്ഗത്തിലെ വിഷയം. ആ ശ്രീകണ്ഠൻ പ്രഥമരാജേന്ദ്രചോളന് കേരളദിഗ്വിജയത്തില് പരാജിതനാക്കിയ കന്ത(ണ്ഠ)ൻ കാരിവർമ്മനാണെന്നു് ഊഹിച്ചിട്ടാണ് ചരിത്രകാരന്മാരെല്ലാം തോലനെ 10ആം നൂറ്റാണ്ടിലെ കവി എന്ന് പറയുന്നത്. . രാജേന്ദ്രചോളന്റെ വാഴ്ചക്കാലം ക്രി.പി. 1012 മുതല് 1043 വരെയായിരുന്നതിനാല് ഏകദേശം അക്കാലത്താണു് കാരിവർമ്മന് ജീവിച്ചിരുന്നതെന്നുള്ളതിനു സംശയമില്ല. എന്നാലത് ശ്രീകണ്ഠനാണോ എന്ന് സംശയമാണ്. മൂഷികവംശത്തിന്റെ നിർമ്മാതാവു് ‘അതുലൻ’ എന്നൊരു കവിയാണെന്നുള്ളതു ഗ്രന്ഥത്തില് കാണുന്നു ‘‘അതുലകൃതൌ മൂഷികവംശ ദ്വിതീയ സർഗ്ഗഃ’’ എന്ന കുറിപ്പിൽനിന്നും വെളിപ്പെടുന്നു. അതുലനും ശ്രീക ണ്ഠനും സമകാലീനന്മാരായിരുന്നു എന്നുള്ളതും നാം മൂഷികവംശത്തിൽ നിന്നും ഗ്രഹിക്കുന്നു. ഇത്രയും പ്രസ്താവിച്ചതിൽനിന്നു മൂഷികവംശത്തിന്റെ ആവിർഭാവം ക്രി.പി. പതിനൊന്നാം ശതകത്തിന്റെ പൂർവാർദ്ധത്തിലാ ണെന്നു് തീരുമാനിക്കുന്നതാണ് ചോദ്യം ചെയ്യപ്പെടേണ്ടത്.

വിഷയം

കാർത്തവീര്യപത്നിയായ ഒരു മാഹിഷ്മതിരാജ്ഞി ഏഴിമലയില് കോല വംശത്തിന്റെ കൂടസ്ഥനായ രാമഘടനെ പ്രസവിക്കുന്നതാണു് കഥയുടെ ആരംഭം. രാമഘടൻ, നന്ദനന് മുതലായി പല കോലത്തിരിമാരുടേയും ചരിത്രം കവി വർണ്ണിക്കുന്നു. ആ കൂട്ടത്തിൽ പെരിഞ്ചെല്ലൂര് ക്ഷേത്രത്തി

ന്റെ പ്രതിഷ്ഠാപകനായ ശതസോമൻ, കേരളേശ്വരനായ ജയരാഗന്റെ പുത്രനും കോലാധിപനായ രണമാനിയുടെ മരുമകനുമായ ഗോദവർമ്മാ ഇവരെപ്പറ്റിയും പ്രസ്താവിക്കുന്നുണ്ടു്. അച്ഛനും അമ്മാവനും തമ്മിൽ ആരംഭിച്ച ഒരു യുദ്ധം ഗോദർമ്മാവു പോർക്കളത്തിന്റെ മധ്യത്തില് നിന്നു കൊണ്ടു സമാധാനത്തിൽ കലാശിപ്പിച്ചു. ജയരാഗൻ ക്രി.പി. ഉദ്ദേശം 900 മുതല് 912 വരെ കേരളം രക്ഷിച്ച വിജയരാഗദേവനാണ് എന്ന നിഗമനവും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. . പിന്നീടും പല രാജാക്കൻമാരുടെ വാഴ്ചയെപ്പറ്റി സൂചിപ്പിച്ചതിനുമേൽ വല്ലഭനെന്ന രാജാവിന്റെ ചരിത്രം വിവരിക്കുന്നു. അക്കാലത്തു ഭവനെന്നും നന്ദിയെന്നും പേരില് രണ്ടു പണ്ഡിതന്മാരായ നമ്പൂരിമാർ പെരിഞ്ചെല്ലൂരില് ജിവിച്ചിരുന്നു.വല്ലഭന്റെ പുത്രന്മാരായ ഭവനന്ദി,ശിവനന്ദിമാരെന്ന ജന്മതിലകങ്ങള് വലഭിസർവ്വകലാശാലയുടെ ശാഖയായി നളന്ദ സർവ്വകലാശാലയിലും പ്രവർത്തിച്ചവരും അതിന് രൂപം കൊടുത്തവരുമാണ്. ഗുജറാത്തിലെ വലഭിസർവ്വകലാശാലയും അഞ്ചാംനൂറ്റാണ്ടിലുണ്ട്. നളന്ദ, വലഭി സർവ്വകലാശാലകളുടെ കാലമാണ് വല്ലഭ,ശ്രീകണ്ഠകാലം. അത് 10, 11 നൂറ്റാണ്ടാവുക വയ്യ.

''യത്ര ദ്വിജന്മതിലകൌ ഭവനന്ദിസംജ്ഞാ-
വക്ഷീയമാണഗുണരത്നചയാവഭൂതാം
മോഹോപനോദകരണാർത്ഥമഹ പ്രജാനാം
ശുക്രശ്ച ശക്രസചിവശ്ച ദിവോവതീർണ്ണൌ''

എന്നാണു് കവി അവരെപ്പറ്റി പറയുന്നതു്. വളഭൻ സ്മാർത്തമതാവലംബിയായിരുന്നു എങ്കിലും കോലത്തുനാട്ടിനും കൊടുങ്ങല്ലൂരിനും ഇടയ്ക്കു സമുദ്രതീരത്തിൽ അക്കാലത്തു സ്ഥിതിചെയ്തിരുന്നതും പിന്നീട് കടലെടുത്തുപോയതുമായ ശ്രീമൂലവാസത്തിലേക്കു(വന്ദേരി) പോയി അവിടത്തെ 'അതി കാരുണികനായ സുഗതനെ' (ബുദ്ധഭഗവാനെ) അഭിവന്ദിക്കുകയും ശ്രേഷ്ഠന്മാരായ 'ജൈന' (ബൌദ്ധ) ജനങ്ങളുടെ ആശിസ്സു സ്വീകരിക്കുകയും ചെയ്തു. സകലമതങ്ങളേയും ആദരിക്കുന്ന ഈ വളഭന്റെ അനുജനാണു് കവിയുടെ പുരസ്കർത്താവായ ശ്രീകണ്ഠൻ. മൂഷികവംശത്തിനു കാവ്യമെന്നും ദേശചരിത്രമെന്നും രണ്ടു നിലകളില് അഭിനയന്ദനീയമായ സ്ഥാനമാണുള്ളതു്. സംസ്കൃതത്തിലുണ്ടായ ആദ്യചരിത്രകാവ്യവും മൂഷകവംശകാവ്യമാണ്. ഇതിന്നുശേഷമാണ് കാശ്മീരിലെ ഹർഷദേവന്റെ സദസ്യനായ കൽഹണന് രാജതരംഗിണി എഴുതിയിട്ടുള്ളത്.

കൊടുങ്ങല്ലൂരിനടുത്ത് അടൂര് കൊണ്ടൊഴിഞ്ഞാര് എന്ന സ്ഥലത്തെ ഒരു ഇല്ലത്തിലാണ് ജനിച്ചതെന്ന് ഊഹം പറയുന്നുവെങ്കിലും തോലന്റെ ജന്മസ്ഥലം

നിശ്ചയിക്കാനായിട്ടില്ല. നീലകണ്ഠനെന്നായിരുന്നു പത്താം നൂറ്റാണ്ടിലെ തോലകവിയുടെ പേരെന്നും തോലനാമം ഭാസ്കരരവിവർമ്മന് നൽകിയതാണെന്നും ചിലര് പറയുന്നു. ഈ തോലനും മൂഷകവംശകാവ്യകൃത്തായ തോലനും രണ്ടുപേരാണ്. കേരളീയകലകളായ കൂത്തിനും കൂടിയാട്ടത്തിനുമുള്ള ചിട്ടകളും വേഷങ്ങളും കൈമുദ്ര അഭിനയം ഇവയും അടങ്ങിയ ആട്ടപ്രകാരവും ക്രമദീപികയുമാണ് പത്താം നൂറ്റാണ്ടിലെ നീലകണ്ഠനെന്ന തോലന്റെ കൃതികൾ. തോലനെന്നത് സാമാന്യനാമമാണ്. തോലിലെ (സഭയിലെ)അംഗമെന്നേ അർത്ഥമുള്ളു. അതുലനെന്നാണ് കവിനാമം എന്ന് കാവ്യത്തിൽ കവിതന്നെ പറയുന്ന സ്ഥിതിക്ക് നീലകണ്ഠനാക്കേണ്ട ആവശ്യകത തന്നെ വരുന്നില്ല.

തോലന്റെ മൂഷകവംശകാവ്യവും കേരളചരിത്രവും

കാർത്തവീര്യന്റെ ഈശ്വരമന്ത്രം ഉരുവിട്ടാല് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു കിട്ടുമെന്നും ലോകത്തിലെ സകലഭോഗവും തേടിവരുമെന്നും കുട്ടിക്കാലത്ത് അമ്മ പറഞ്ഞുതന്നതിന്റെ നിരർത്ഥകത ഓർത്തുകൊണ്ട് മഹാദേവി പത്മാവതി എന്ന വിന്ധ്യാവലി നടന്നു. കല്ലും മുള്ളും പാറയും നിറഞ്ഞ വനാന്തരത്തിലൂടെ ഗുരു ദത്താത്രേയന്റെ പിന്നാലെ. ആയിരം കൈകൊണ്ട് എത്രഭോഗങ്ങളെ വാരിക്കൂട്ടി ആസ്വദിച്ചിട്ടും മതി വരാത്ത ഭർത്താവിന്റെ സർവ്വസ്വവും നഷ്ടപ്പെട്ട അവസ്ഥ കണ്ട് ദുഃഖാർത്തയായ പ്രിയപത്നി.

ശൈശവത്തിൽത്തന്നെ വിവാഹം. അതും വളരെ പ്രായമായ ഒരാളെ. വിവാഹം കഴിച്ചുചെന്നദിനം തന്നെ തനിക്കുമുമ്പ് അദ്ദേഹം വിവാഹം കഴിച്ചുകൊണ്ടുവന്ന നിരവധി രാജ്ഞിമാരും അവരുടെ മക്കളും പേരക്കുട്ടികളുമൊക്കെയായി ഒരു വലിയ കുടുംബം. വെള്ളത്തിൽനിന്ന് കരയിലേക്ക് പിടിച്ചിട്ട മത്സ്യം പോലെ തുടിച്ച ദിനങ്ങൾ. തന്നെക്കാളും പ്രായമുള്ള പേരക്കുട്ടികളുടെ കൂടെ ഇരിക്കുമ്പോളെല്ലാം അസ്കിത തോന്നും. എന്നാലും അമ്മ പറഞ്ഞപോലെ സകലസുഖ ഭോഗങ്ങളുമുള്ള രാജധാനിയിലെ സ്വർണ്ണക്കൂട്ടിലെ താമസം ദുഃഖകരമായിരുന്നില്ല. വൃദ്ധനെങ്കിലും കാമശാസ്ത്രപടുവായ കാർത്തവീര്യന്റെ ഇളയ പത്നി അവിടെ സുഖിച്ചു വാണു, ഗർഭിണിയുമായി. അപ്പോഴാണ് പുതിയ സംഭവവികാസം. ജമദഗ്നിയുടെ മകനാണ്

ഇതിനു കാരണം. അതോ സ്വന്തം ഭർത്താവോ.എല്ലാം ആവശ്യത്തിലധികമുള്ള ഈ കൊട്ടാരത്തിലേക്ക് കാമധേനു കൂടെ വേണമെന്നത് അത്യാർത്തിയല്ലേ. ആവശ്യമില്ലാതെ തപോവനത്തിലെ പശുവിനെ കട്ടതും മുനിയെ വധിച്ചതു മെല്ലാം ജമദഗ്നിപോലെ ജമദഗ്നിമുനികുമാരന്റെ രോഷം ആളിക്കത്തിച്ചതല്ലേ. നിറയെ ആളുള്ള കൊട്ടാരം ശൂന്യമാവുന്നു. അമ്മമാരും പെങ്ങന്മാരും മുറ വിളിയിടുന്നു. മക്കളും പേരക്കുട്ടികളും ശവങ്ങളായി കത്തിയെരിയുന്നു. ഒടുവിലതാ വാർത്ത വരുന്നു. യുദ്ധത്തിൽ കാർത്തവീര്യനും പരശുവിനിര യായി. ആ മഴു ചുവന്നു.സ്യമന്തപഞ്ചകതീർത്ഥവും. തന്റെ ജീവിതത്തിലും ഒരു ചുവപ്പുരേഖ വീണു. കുങ്കുമരേഖ മാഞ്ഞ നെറ്റിയിൽ ക്ഷത്രിയവംശം ഒടുക്കുന്ന ആ മഴുവിന്റെ ഛായ ഗർഭത്തിലെ ഉണ്ണിയെ കണ്ടുപിടിക്കുമോ എന്ന ഭീതിയുടെ രേഖ. എവിടെ ഒളിപ്പിച്ചാലാണ് ഈ വംശതന്തുവിനെ രക്ഷിക്കാനാവുക. നഷ്ടപ്പെട്ടതെല്ലാം തിരിച്ചുകിട്ടുമെന്ന പ്രവചനം എങ്ങനെ സത്യമാകും .ക്ഷത്രിയവംശം തന്നെയല്ലേ നഷ്ടപ്പെട്ടത് എന്ന് മനം നൊന്ത് കരയുമ്പോൾ ഉദരത്തിലെ ഉണ്ണി ഒന്നനങ്ങി, ഞാനുണ്ടമ്മേ എല്ലാം തിരിച്ചെ ടുക്കാം നമുക്ക് എന്ന് ആശ്വസിപ്പിക്കുന്നപോലെ.

യദുവംശത്തിലെ അവസാനത്തെ വധുവിന്റെ വയറ്റിലിരിക്കുന്ന ഗർഭശ്രീ മാനെ ആരു രക്ഷിക്കും. ആ മനസ്സിന്റെ മുറവിളി ദത്താത്രേയഗുരു കേട്ടു. അദ്ദേഹം തന്റെ ശിഷ്യന്റെ പത്നിയോടു പറഞ്ഞു. നീ മറ്റു സപത്നിമാ രോടൊപ്പം സതി അനുഷ്ഠിക്കരുത്. എന്റെ കൂടെ വരൂ. ദൂരെ ദൂരെ , മാഹിഷ്മതിയിൽനിന്ന് അകലെ , നർമ്മദാതീരത്തുനിന്ന് അകലെ എന്റെ ജന്മഗൃഹമുണ്ട്. നീലമാതാനദിയുടെ ഉത്ഭവസ്ഥാനത്ത്,സഹ്യനിൽ അത്രിഅന സൂയമാരുടെ തപോവനത്തിൽ ത്രിമൂർത്തികള് അമ്മ അനസൂയയെ പരീ ക്ഷിക്കാനെത്തിയ സ്ഥലത്ത്. അവിടെ വേടരാജാക്കന്മാരുണ്ട്. ഇക്ഷ്വാകു വംശത്തിലെ നിനക്ക്, ഇക്ഷ്വാകുവംശക്കാരായ ആ ദണ്ഡകപുത്രന്മാർ അഭയം തരും.

വിന്ധ്യാവലി ഗുരുവിനെ പിൻതുടർന്നു. ദക്ഷിണദിക്കിലേക്ക് മുനിയുടെ ഗുഹാഗൃഹത്തിലേക്ക്. ഏ്വലഗിരിയുടെ മടയിൽ ചെറിയ ഒരെലിയെപ്പോലെ ആ മഹാബലവാനായ ക്ഷത്രിയശിശു ഒളിച്ചു താമസിച്ചു. നാരീകവചനെന്ന പേരിൽ അമ്മയുടെ ശരീരമെന്ന കവചത്തിനകത്ത്. തന്റെ മറപ്പാട്ടിലേക്ക് ആരാണ് ഒരു ചെറിയ എലി ശത്രുവായി വന്നതെന്ന് അറിയാനായി നെല്ലി യാമ്പതിയിലെ ഭാർഗ്ഗവപക്ഷക്കാരനായ വലിയ എലി(വന്നെലി) വന്നിലച്ചേരി പാറോലി എന്ന വലിയ വേടരാജാവ് ഗുഹയിലെത്തി. മാടപ്പെരുമാളായ പാറയെലിവേടനെ കണ്ട് വിന്ധ്യാവലി ആദ്യമൊന്ന് വിറച്ചു. അദ്ദേഹത്തി ന്റെ ഭയാനകമായ രാക്ഷസവേഷം അവളെ ഞെട്ടിച്ചു. എന്നാലാ വലിയ

എലി അവളെ ഉപദ്രവിച്ചില്ല. ദത്താത്രേയമുനിയുടെ ശാപവും പതിവ്രതയായ സ്ത്രീയുടെ ശാപവും ഭയന്ന് അദ്ദേഹം അവളോട് സൌമ്യമായി പറഞ്ഞു.

പേടിക്കരുത് , ഞാനും നിന്നെപ്പോലെ ഇക്ഷ്വാകുവംശക്കാരനാണ്. ഇക്ഷ്വാകുവിന്റെ അനുജൻ ദണ്ഡകന്റെ വംശം. ദണ്ഡകൻ ശുക്രാചാര്യപുത്രി അബ്ജയുടെ സൌന്ദര്യം കണ്ട് മോഹിച്ചു. അവളുടെ സമ്മതമില്ലാതെ അവളെ കടന്നുപിടിച്ച് ബലാത്കാരമായി പ്രാപിച്ചു. മുനിശാപം കൊണ്ട് ദണ്ഡകാരണ്യമാകെ പൊടിയും ലാവയും വീണ് ഭസ്മമായി. ആ പഴയ പാപം ഞാനൊരിക്കലും ആവർത്തിക്കയില്ല. ഞങ്ങളുടെ വംശം ആദ്യമായി ഈ ഭൂമിയിലേക്ക് പ്രസ്ഥാനം ചെയ്ത കാലത്ത്, ഇവിടെ അനേകം അരുവികളിലെ ജലം കൊണ്ട് പാവനമായിരുന്നു. പാൽക്കടല് നിർമ്മിച്ച പ്ലവനമെന്ന വഞ്ചി കൌശികഗോത്രത്തിലെ അനേകം മുനിമാരുടെ തപോവനമായിരുന്നു. അവരുടെ ശാപം ഭയാനകമാണ്. അനുഗ്രഹം ഏറ്റവും മംഗലകരവും. അവരെ രക്ഷിക്കാനാണ് എന്റെ വംശം ഹിംസാകർമ്മത്തിലേർപ്പെട്ടത്. ഇനി നിന്റെ പുത്രന് ക്ഷത്രധർമ്മം നടത്തും. എനിക്ക് സ്വയം ഉദ്ധരിക്കാനും ശാപമോക്ഷത്തിനും സമയമായി. അന്നുമുതൽ വന്നിലശ്ശേരി വലിയ മൂഷകൻ അഹിംസാവ്രതമെടുത്തു.രാജധർമ്മം വാനപ്രസ്ഥവും സന്യാസവും കൊണ്ടേ സമ്പൂർണ്ണമാവുന്നുള്ളു. . ആ വേടരാജാവിന്റെ സംരക്ഷണത്തിൽ അവന്റെ മകനായി , വിന്ധ്യാവലിയുടെ പുത്രൻ സഹ്യനില് പിറന്നു വീണു. കൊട്ടാരമോ പരിചാരകരോ ഇല്ലാതെ , കാട്ടിലെ ഫലമൂലാദികൾ തിന്ന് ഒരു സാധാരണക്കാരനെപ്പോലെ വളർന്നു.

കുഞ്ഞിന്റെ ബാല്യം അമ്മയുടെ ബാല്യത്തിന്റെ ഓർമ്മകളുടെ അയവിറക്കലാണ്. താൻ ജനിച്ചുവീണ ദേശവും അവിടത്തെ ചെറുതെങ്കിലും സുന്ദരമായ കോവിലകവും അമ്മയും അച്ഛനും സഹോദരന്മാരും. അമ്മ പറഞ്ഞുതരുന്ന നിരവധി കഥകളിലെ വംശപാരമ്പര്യവും. പ്രശാന്തമായ വനഭംഗിയും മുചുകുന്ദനെന്ന ചിരഞ്ജീവി ഇന്നും വാഴുന്ന മുചുകുന്ദനദിയെന്ന മൂസിനദി കൃഷ്ണയോടു സംഗമിക്കുന്ന മനോഹരഭൂമിയും, അദ്ദേഹവും മകൻ മാന്ധാതാവും പ്രതിഷ്ഠിച്ച ആത്മലിംഗമുള്ള പടിഞ്ഞാറൻതീരത്തെ മഹാക്ഷേത്രവും. ശതകർണ്ണികളായ ബ്രഹ്മക്ഷത്രവംശത്തിന്റെ യാഗഭൂമികളും. അമ്മ തന്നെ പത്മാവതിയെന്ന പേരിട്ടുവിളിച്ചു. അച്ഛനത് വിന്ധ്യാവലിയാക്കി. വിന്ധ്യന്റെ പുത്രി. മൂഷിനദിയുടെ തീരത്തുനിന്ന് വന്നവരാണെന്നതിനാല് അച്ഛന്റെ വംശമായ മൂഷകന്മാര് വിന്ധ്യപുത്രന്മാരാണ്, സഹ്യനിലെ എലിമലയെന്ന മൂഷകവനത്തിലെ വലിയ എലികളുടെ വംശക്കാരാണ് . വളരെക്കാലം മുമ്പ് നർമ്മദാതീരത്ത് മാഹിഷ്മതിയില് 100 യജ്ഞം ചെയ്ത മഹാബലിയുടെ പത്നി വിന്ധ്യാവലിയും ഈ വംശക്കാരിയായിരു

ന്നു. ചക്രവർത്തിനി വിന്ധ്യാവലി . ജാതകപ്രകാരം താനും മാഹിഷ്മതിയിലെ മഹാബലവാനായ ചക്രവർത്തിയുടെ പത്നിയാവുമെന്നും ക്ഷത്രിയകുലത്തിന്റെ മുഴുവനും അമ്മയാവുമെന്നും അഛനും അമ്മയും വിശ്വസിച്ചിരുന്നു. എന്നിട്ടോ , ക്ഷത്രിയകുലം മുഴുവനും മുടിക്കണമെന്ന പ്രതിജ്ഞയെടുത്ത ഭാർഗ്ഗവന്റെ മഴുവിന് അവരും ഇരകളായിരിക്കണം. ചക്രവർത്തിലക്ഷണങ്ങളോടെ പിറന്ന അവരുടെ പൌത്രന്, മഹാബലി കാർത്തവീര്യന്റെ വംശതന്തുവിന് ഈ കാട്ടിലും മലയിലും ഗുഹയിലും ഒളിച്ചുകഴിയാനാണ് വിധി. ആയിരം യാഗം ചെയ്ത സഹസ്രജിത്തിന്റെ ശതകർണ്ണിഹൈഹയ വംശത്തിൽ പിറന്നവന് ഇതെന്തു വിധി. അറിയാതെ രാജ്ഞി പരാക്രമിയായ തന്റെ ഭർത്താവിന്റെ മന്ത്രം ഉരുവിട്ടുപോയി.

കാർത്തവീര്യാർജ്ജുനോ നാമ രാജാ ബാഹു സഹസ്രവാൻ,

തസ്യ നാമസ്മരണമാത്രേണ ഗതം നഷ്ടം ച ലഭ്യതേ.

യദുകുലത്തിന്റെ മുഴുവനും വംശതന്തുവായ മകന് അമ്മതന്നെ ആദ്യഗുരുവായി. അവളുടെ ബാല്യകാലത്തു പഠിച്ച കാവ്യാലങ്കാരവും വ്യാകരണവും യുദ്ധതന്ത്രവും വംശാനുചരിതവും പുരാണവുമെല്ലാം ആ കാട്ടിലെ ഗുഹയിൽ ഓരോന്നായി കഥാസരിത്സാഗരമായി ഒഴുകിയപ്പോൾ, കേൾക്കാന് വേടരാജവംശത്തിലെ എല്ലാവരും ആബാലവൃദ്ധം വന്നു. അവരെല്ലാം അറിവിന്റെ പുതിയ സാഗരം അവനോടൊപ്പം കണ്ടു. കറുത്ത വേടരാജാവിന്റെ വെളുത്ത രാജ്ഞിയും വെളുത്ത മകനും അവരെ അത്ഭുതപ്പെടുത്തുക മാത്രമല്ല , ആദരപാത്രമാക്കുകയും ചെയ്തു. ചെറിയ കുട്ടിയായ തന്റെ പുത്രനെ അവരെല്ലാം പെരുമാളാക്കിയതു കണ്ട അമ്മ അവന്റെ ചക്രവർത്തിലക്ഷണം വെറുതെയല്ലെന്ന് അറിഞ്ഞു. ദത്താത്രേയമുനി കുട്ടിയെ ഉപനയിപ്പിച്ചു, വേദവേദാന്തങ്ങളും ശാസ്ത്രങ്ങളും പഠിപ്പിച്ചു. പതിനാറു വയസ്സായപ്പോഴേക്കും കുട്ടി എല്ലാശാസ്ത്രങ്ങളിലും മികച്ച അറിവു നേടി. അവനു രാമനെന്ന് പേരിട്ടത് രാജഗുരു തന്നെയാണ്. പരശുരാമനെന്ന ശത്രുനാമം അദ്ദേഹം കുഞ്ഞിനിട്ടത് , പരശുരാമനെ ശത്രുവായല്ലാതെ , ഗുരുവായി കാണാനായിരുന്നെന്ന് പിന്നീടാണ് മനസ്സിലായത്. മൂഷകന്മാരെന്ന എലിവംശത്തിന്റെ പേരും നാമത്തോടു ചേർന്ന് രാമന് രാമന്തെലി രാമമൂഷകനെന്ന് വിളിക്കപ്പെട്ടു. കുട്ടിയുടെ അറിവും സൌന്ദര്യവും പ്രശസ്തിയും വിന്ധ്യാവലിയെ ആധി പിടിപ്പിച്ചു. ഒരു ക്ഷത്രിയബാലനാണ് ഈ ഗുഹയിലുള്ളതെന്ന് പരശുരാമനറിയുമോ എന്ന ഭയം. പര,അപര എന്ന രണ്ടു വിദ്യകളാലും ശോഭിച്ച് ദ്വിജേന്ദ്രസംസ്കാരം വേണ്ടപോലെ കഴിച്ച് കുമാരൻശോഭിക്കുന്നതു കണ്ട് അവന്റെ ഭാവിയെച്ചൊല്ലി അമ്മ വേവലാതി പൂണ്ടു.

ഒരിക്കൽ ഗുരു തീർത്ഥയാത്ര കഴിഞ്ഞുവന്നപ്പോളറിഞ്ഞു , അയോദ്ധ്യയിലും ഇതേ പ്രായത്തിലൊരു രാമനുണ്ട് വളരുന്നു എന്ന്. ക്ഷത്രിയഹീനമായ ഭാരത ഭൂമിക്കു സൂര്യക്ഷത്രിയരെ കൊടുക്കാനായി ദശരഥൻ പുത്രകാമേഷ്ടി ചെയ്തു സൃഷ്ടിച്ചവരിലൊരാൾ. അദ്ദേഹത്തെ വിശ്വാമിത്രമുനി യാഗരക്ഷക്ക് ദണ്ഡക വനത്തിലേക്ക് കൊണ്ടുവന്നിരിക്കയാണെന്നും. രണ്ടുരാമന്മാരും മൂന്നാമത്തെ രാമനായ പരശുരാമദൃഷ്ടിയില് പെടരുതേ എന്ന് മാത്രം വിന്ധ്യാവലി പ്രാർത്ഥിച്ചു.

പിന്നെ കേട്ടത് അയോദ്ധ്യയിലെ രാമൻ ശിവചാപം ഒടിച്ചതുകേട്ട് പരശു രാമൻ അദ്ദേഹത്തെ എതിരിടാന് ചെന്നതും രാമന്റെ സൌമ്യമായ പെരുമാറ്റവും പരാക്രമവും ധൈര്യവും കണ്ട് തന്റെ വൈഷ്ണവചാപവും രാമനു കൊടുത്ത് തപസ്സിന് ദക്ഷിണാപഥത്തിലെ ഗോകർണ്ണത്തുവന്നു എന്നാണ്. അദ്ദേഹം പക തീർന്ന് മഴു വലിച്ചെറിഞ്ഞപ്പോള് ഉണ്ടായ വലിയ തിരമാലകൾ പിൻവാങ്ങി പുതിയൊരു നാട് തങ്ങളിരിക്കുന്ന പർവ്വതഗുഹക്കു താഴെ രൂപം കൊണ്ടതും അത് കശ്യപനുകൊടുത്തതും കേട്ടു. സഹ്യന്റെ ഉയർന്ന ഗുഹയിലിരുന്ന് ആ ഭൂമി നോക്കിക്കണ്ടു. ആ ഭാർഗ്ഗവക്ഷേത്രത്തിന് കാവലായി വടക്ക് മൂകാംബികയും തെക്ക് ബാലാംബികയും മദ്ധ്യത്തിൽ ലോകാംബികയും കിഴക്കേ മലകളിൽ ഹേമാംബികയും പ്രതിഷ്ഠിച്ചതും കേട്ടു. നാടു ദാനം ചെയ്യാനൊരു ക്ഷത്രിയനില്ലാതെ പോയല്ലോ എന്ന് ഭാർഗ്ഗവരാമൻ വിഷാദിക്കുമ്പോളാണ് ഗുരു ദത്താത്രേയന് രാമമൂഷകനേയും കൂട്ടി അദ്ദേഹത്തെ കാണാൻ ചെന്നത്.

കോലവരാഹരൂപമെടുത്ത് എലിമലയിലെ മൂഷകൻ ഐലീഗിരിമഠപ്പാട്ടില് ഒളിച്ചു താമസിക്കുന്ന കുമാരനെ പരിചയപ്പെടുത്തി. കാലവിത്തായിരുന്നു ആ പന്നിയൂരിലെ കഴകക്കാരൻ വാൾനമ്പി. ഈ കുമാരൻ അച്ഛൻവഴി ചന്ദ്രവംശജനും അമ്മവഴി സൂര്യവംശജനും അമ്മാമനായ വളർത്തച്ഛൻഞാൻവഴി ഭാർഗ്ഗവപക്ഷക്കാരനുമാണ്. അമ്മയും അമ്മയുടെ ഗുരുക്കന്മാരും വഴി സംവർദ്ധിതനുമാണ്. നിന്നെ ഭയന്ന് എന്റെ മഠപ്പാട്ടിലാണ് താമസിച്ചിരുന്നത്. സ്വാകാരത്താൽ സൂചിതമായ വീര്യസാരം, വിനയാവനമ്രമായി വണങ്ങുന്ന ശിരസ്സ് .പ്രജാതന്ത്രമറിയുന്ന ക്ഷത്രിയനെ ഭൂഭാരമേൽപ്പിക്കാമല്ലോ എന്ന് ഭാർഗ്ഗവനും ആശ്വസിച്ചു. സർവ്വ ചക്രവർത്തിലക്ഷണവുമുള്ള വേദവിദ്യാപാരംഗതനായ ആ ബാലകനെ പരശുരാമന് വളരെ ബോധിച്ചു. കാർത്തവീര്യപുത്രനാണെന്ന് അറിഞ്ഞിട്ടും അദ്ദേഹത്തിന്റെ പഴയ പക പ്രത്യക്ഷപ്പെട്ടില്ല. അദ്ദേഹം തന്റെ ഘടത്തിലെ ജലം വീഴ്ത്തി അവനെ രാജാവാക്കിയ സ്ഥലം കടവല്ലൂരെന്ന കാടവല്ലൂരും ആ ചക്രവർത്തി രാമഘടമൂഷകനുമായി പ്രസിദ്ധനായി. ഇരാമംകുടംത്തെലി അഥവാ രാമംകുടംത് എലിരാജാവിന്റെ രാ

ജ്യം മൂഷകവനമായി അറിയപ്പെട്ടു. ആ എലിയങ്കാട്ടിൽ തന്റെ തലപ്പള്ളിയിൽ സർവ്വവിധ സുഖഭോഗത്തോടും പുതിയ രാജാവ് ജീവിച്ചു.

സപ്തകുലശൈലങ്ങളുടേയും നാഥനായി ഏഴുമലയാനായി രാമഘടനെന്ന യദുകുലചേരനെ രാമൻഅഭിഷേകം ചെയ്തു. അഗ്നിയിൽനിന്ന് ആദിത്യന് തേജസ്സെന്നപോലെ ഭൃഗുരാമനിൽനിന്ന് മൂഷകരാമന് രാജ്യം സ്വീകരിച്ചപ്പോള്, സ്ഥിതാനുരാഗയായ പ്രകൃതിക്ക് ഒരു മഹാനവോദയം ഉണ്ടായി. ആ നവ മഹോദയപുരമെന്ന അവന്റെ രാജധാനിയിലേക്ക് ഭൃഗുരാമന് കൊല്ലാതെ വിട്ട അഞ്ചു രാജവംശത്തിലെ രാജാക്കന്മാരും വന്ന് താമസമാക്കി. മാഹിഷ്മതിയിലെ മഹാനാവികനെന്ന ശ്രേഷ്ഠിയും ആ രാജധാനിയിലെത്തി അവന്റെ പ്രധാന മന്ത്രിയായി. മതിമാനും കുലീനനും ആയ ആ മാഹിഷ്മതീയനാണ് ആദ്യത്തെ ശ്രേഷ്ഠിയായി പെരുംപടകുമുത്തരയവംശസ്ഥാപകനായത്. കോലവരാഹങ്ങളുടെ പന്നിയൂരില്, തന്റെ ആദ്യത്തെ കോലം രാജധാനി തലപ്പള്ളിയിലെ നെന്മിനിദുർഗ്ഗത്തില് വടമലതെന്മലകൾക്കിടയിലായി കെട്ടി . കോലഭൂപതിയായ രാമന് സുന്ദരമായ പേരാറെന്ന നീലനദിയുടെ വഴിപറ്റി സമുദ്രതീരം വരെ അമ്മയുടെ അമ്മാമനായ പെരുംപടകുമുത്തരയനോടൊത്ത് സഞ്ചരിച്ചു തന്റെ രാജ്യത്തിന്റെ സസ്യസമൃദ്ധി കണ്ട് ആനന്ദിച്ചു. തിരമാലകൾ ആഞ്ഞടിക്കുന്ന കടലോരത്ത് നിന്ന് അമ്മയുടെ അമ്മാമൻ പറഞ്ഞു. നിനക്ക് പരശുരാമന് തന്ന കിരീടവും ആഭരണങ്ങളും അജിതമെന്ന വില്ലും ഒരിക്കലും ഐശ്വര്യം അവസാനിക്കാത്ത ഈ ഭാർഗ്ഗവ ക്ഷേത്രവുമുണ്ട്. എന്നാലും, നിന്റെ അഛനും പൂർവ്വികരും വാണ വടക്കെ മാഹിഷ്മതി മഗധയിലെ സുവർമ്മന് തന്റെ രാജ്യത്തോടു ചേർത്തതു് എനിക്ക് സഹിക്കാനാവുന്നില്ല. ഹിരണ്യകശ്യപനും പ്രഹ്ലാദനും വിരോചനനും മഹാബലിയും വാണ പുണ്യനഗരമാണത്. നർമ്മദാതീരത്തെ പുരാതന ഹേഹയതലസ്ഥാനം.

യദുകുലചേരനായ രാമകുമാരന് പുരികം വിറച്ചു. ക്രോധം പൂണ്ട് പരശുരാമദത്തമായ അജിതമെന്ന വില്ലെടുത്ത് മഗധയിലെ സുവർമ്മനെ ആക്രമിക്കാനൊരുങ്ങി. വിദ്വാനും പക്വത വന്ന രാഷ്ട്രമീമാംസകനുമായ മഹാനാവികൻ തടഞ്ഞു.മകനേ, ശരീരത്തേയും മനസ്സിനേയും ജയിക്കാതെ, വെറും ക്രോധം കൊണ്ടു മാത്രം ബാഹ്യശത്രുക്കളെ ജയിക്കാനാവില്ല. കൃത്യവർത്മത്തിൽ, കൃതാഭിയോഗത്താലും വിദ്യാവിനയാദികള് ചേർന്ന ചേതസ്സാലും ഉണർന്നവൻ കാമക്രോധലോഭാദികളെ ജയിക്കുന്നു. ദുഃഖത്തേയും പ്രമാദത്തേയും അപ്രകാരം ജയിച്ച വ്യക്തി നീതിമാർഗ്ഗം വിടാതെ നിപുണനായി ജീവിക്കുന്നു.ജന്മം,ഭൂമി,കർമ്മം ഇങ്ങനെ മൂന്നെണ്ണം കൊണ്ടാണ് ശത്രുവും മിത്രവും ഉണ്ടാവുന്നത്. ഇവയാണ് പ്രാകൃതം, സഹജം ഉഭയം എന്നു പറയുന്നത്.

ഉണർന്ന രാജാവിന് ഉറങ്ങുന്ന ബന്ധുക്കള് ശത്രുതുല്യരാണ്. ദൂരെ ഇരിക്കുന്ന ശത്രുവിനെ നമുക്ക് പിന്നീട് നേരിടാം. ആദ്യം ദക്ഷിണേന്ത്യയിലെ അയൽരാജാക്കന്മാരായ ഗോത്രവർഗ്ഗക്കാരെ സുഹൃത്തുക്കളും ബന്ധുക്കളുമാക്കണം. പിന്നീട് അവരോടൊത്ത് മഗധ ആക്രമിക്കാം. പുതിയ തലപ്പള്ളിയിലെ കണ്ടനെന്നും കാളിയെന്നും പേരുള്ള വേടരാജദമ്പതിമാരുടെ മരുമകള് നീലിയെ വിവാഹം കഴിച്ച് രാമൻ എന്നേക്കുമായി ആ വലിയ എലിയോട് സന്ധിചെയ്തു.ആന്ധ്രകചേരന്റെ മകളേയും വിവാഹം കഴിച്ചു. തെക്കേ ഇന്ത്യയിലെ എല്ലാ ഗോത്രസമൂഹങ്ങളും രാമനെ അവരുടെ ചക്രവർത്തിയായി സ്വീകരിച്ചു. വലിയ ഒരു ദക്ഷിണാപഥസൈന്യവുമായി രാമനും മഹാനാവികനായ പെരുമ്പടകു മുത്തരയനും വിന്ധ്യപർവ്വതം കടന്നു. രാമന്റെ സന്ധിവിഗ്രഹിയായി മഹാനാവികൻ തന്നെ സുവർമ്മനെ ചെന്നുകണ്ടു. പുരാതനമായി മാഹിഷ്മതി ഹൈഹയത്തിന്റെയാണ്. കാർത്തവീര്യപുത്രനായ രാമൻ തന്റെ സൈന്യവുമായി വന്നിരിക്കുന്നു. ഒന്നുകിൽ അവന്റെ രാജ്യം തിരിച്ചുകൊടുത്ത് വലിയ രക്തച്ചൊരിച്ചില് ഒഴിവാക്കുക. അല്ലെങ്കിൽ, യുദ്ധത്തിൽ വീരമൃത്യു വരിക്കുക. യുദ്ധം ഒഴിവാക്കാനാണ് താൽപ ര്യമെങ്കിൽ, താങ്കളുടെ പുത്രിയെ വിവാഹം കഴിക്കാൻ രാമനും ഒരുക്കമാണ്, അവളുടെ മകന് മാഹിഷ്മതി കിട്ടും. താങ്കളുടെ പുത്രന് മഗധയും ഭരിക്കാം.

ഈ സന്ദേശം സുവർമ്മനെ ചൊടിപ്പിച്ചു. അദ്ദേഹം യുദ്ധത്തിൽ വീരമൃത്യു വരിക്കാനാണ് ഇഷ്ടപ്പെട്ടത്. അഛന്റെ മരണശേഷം സുവർമ്മന്റെ പുത്രനെ മഗധയിലെ സിംഹാസനത്തിലിരുത്തിയ രാമൻ അവന്റെ സഹോദരിയായ മഗധയിലെ മക്തയായ ഭദ്രസേനയെ വിവാഹം കഴിച്ചു. കുറച്ചുകാലം അഛന്റെ രാജധാനിയും പഴയ രാജ്യവും കണ്ട് അവിടെ താമസിച്ചു. വിന്ധ്യാവലിയും മകന്റെ ഭാര്യയെ കാണാനും പഴയ ഓർമ്മ പുതുക്കാനുമായിഎത്തി. കൂടെ ബെട്ടരാജപുത്രി നീലിയും വന്നു. മാഹിഷ്മതിയിലെ ആ സുഖവാസ കാലത്ത് രാമന് ആദ്യം നന്ദിനിയിൽ രണ്ടുമക്കളുണ്ടായി. വടു മൂത്ത മകനായിരുന്നു. . പിന്നെ നീലിയിൽ നന്ദനനെന്ന ഇളയ മകനും. നർമ്മദാതീരം മുതൽ തെക്കെ കടലുവരെയുള്ള തന്റെ സാമ്രാജ്യത്തെ രണ്ടായി ഭാഗിച്ച് വടക്കൻ മാഹിഷ്മതിക്ക് വടുവിനെ രാജാവാക്കി. ഇളയ മകൻ നന്ദനനും അമ്മയും രണ്ടു പത്നിമാരുമൊത്ത് കർണ്ണാടകവും കേരളവും ഉൾപ്പെട്ട തെക്കന് മാഹിഷ്മതി എന്ന തന്റെ കോലത്തിലേക്ക് മടങ്ങി. ആ കോലാദ്രിയിലെ പേരാർതീരത്ത് അശ്വമേധം കഴിച്ച് ഭാരതചക്രവർത്തിയായി. ആ പുഴക്ക് അന്നുമുതൽ ഭാരതപ്പുഴയെന്ന് പേരുവന്നു. അശ്വമേധവും ഹിരണ്യഗർഭവും കഴിച്ച രാമൻ സർവ്വസ്വവും ഉപേക്ഷിച്ച് സന്യസിച്ചു. അമ്മയും പത്നിമാരും അദ്ദേഹത്തെ അനുഗമിച്ചു.സഹ്യപർവ്വതത്തിലേക്ക് ധ്യാനത്തിനു പോകുംമുമ്പ് അദ്ദേഹം നന്ദനനെ ആദ്യത്തെ കേരളചക്രവർത്തിയാക്കി.

നന്ദനൻ മാതാമഹനായ മുത്തരയന്റെ സംരക്ഷണയില് നാടുവാണു. വന്നി ലച്ചേരിയിലെ വലിയ എലി അദ്ദേഹത്തിന്റെ ഭാര്യയുടെ അമ്മാമനാകയാൽ അദ്ദേഹവും രാഷ്ട്രഭരണത്തിൽ സഹായിച്ചു. നന്ദനന് വലിയ ഒരു ദൌത്യ മാണ് അവരിരുവരും ഏൽപ്പിച്ചത്.വംശോദ്ധാരകചേരനാവുക എന്ന ദൌ ത്യം. രാജ്യം ഞങ്ങൾ നിനക്കുവേണ്ടി സംരക്ഷിക്കാം. പരശുരാമൻ ക്ഷത്രി യരഹിതമാക്കിയ ഈ രാജ്യത്തെ നീ ധാരാളം ക്ഷത്രിയപുത്രന്മാരാൽ നിറക്ക ണം. അതിനായി ഈ രാജ്യത്തെ എല്ലാ കന്യകമാരിലും നീ പുത്രന്മാരെ ജനിപ്പിക്കണം. അഛൻ നാടുവാഴുന്നകാലത്തുതന്നെ വടക്ക് പൂഴിനാട്ടിലെ യുവരാജാവായിരുന്ന നന്ദനനെ അവർ വാത്സ്യായനന്റെ കാമശാസ്ത്രം പഠിപ്പിച്ചു. എല്ലാ വിധ സുഖഭോഗങ്ങളോടും , സ്ത്രീസുഖം ആസ്വദിച്ച് , പുത്രന്മാരെ ജനിപ്പിക്കുന്നതിൽ മുത്തശ്ശനായ കാർത്തവീര്യനെപ്പോലെ അവനും ഒന്നാമനായി.നാഗഗണങ്ങളായ ഗോത്രവർഗ്ഗക്കാരിൽ, കുറുമ്പരും കുറിച്യരുമാ യ വേടന്മാരും വില്ലവരുമായ നാഗങ്ങളിലുണ്ടായ നന്ദനന്റെ സന്തതികളെ ഹിരണ്യഗർഭം കഴിച്ച് ക്ഷത്രിയരാക്കി,ശതകർണ്ണികളാക്കി, ഗുരുക്കന്മാരായ ആത്രേയന്മാർ.

നന്ദനും ശക്തനായ ചക്രവർത്തിയായിരുന്നു. രാജാവെന്ന നിലയിൽ ഭരണ കാര്യങ്ങളിലും വിദഗ്ധനായിരുന്നു. എന്നാലും അദ്ദേഹത്തിന് അക്കാര്യത്തി ലൊന്നും പ്രശസ്തി നേടാനായില്ല. പുത്രന്മാരെ ദക്ഷിണേന്ത്യയിലെ ഗോത്രവ ർഗ്ഗത്തരുണികളിലെല്ലാം ജനിപ്പിച്ച് ക്ഷത്രിയകുമാരന്മാരെ ഉണ്ടാക്കുന്നതിലായി അദ്ദേഹത്തിന്റെ ജീവിതയജ്ഞം. കാമത്താൽ വലയുന്ന യുവാവായ കാമു കന്റെ മനസ്സ് നന്നായറിയുന്ന യുവതികൾ, ക്ഷത്രിയപുത്രരുണ്ടാകാനുള്ള ആഗ്രഹത്താൽ അവനെ ഗുഹകളിലേക്കും വിജനമായ വള്ളിക്കുടിലുകളി ലേക്കും ഒറ്റക്ക് ആനയിച്ചു സുഖം കൊടുത്തു, എടുക്കയും ചെയ്തു. കാട്ടി ലും മലയിലും ഗുഹാക്ഷേത്രങ്ങളിലും നന്ദനന് തന്റെ പ്രിയവധൂജനങ്ങളു മായി രമിച്ച് കാമശാസ്ത്രത്തിലെ എല്ലാ ക്രീഡകളും പരീക്ഷിച്ചുനോക്കി. . തെക്കേ ഇന്ത്യയിലെ എല്ലാ ഗോത്രവർഗ്ഗരാജാക്കന്മാരും നന്ദനന്റെ മക്കളാണ്. നെല്ലിയാമ്പതിയിലെ വിഷ്ണുപാദം പതിഞ്ഞ ഗോവിന്ദമലക്കടുത്ത് വളരെ താഴത്തേക്ക് വീഴുന്ന വെള്ളച്ചാട്ടം ഉണ്ടാക്കിയ വറ്റാത്ത തടാകത്തിൽ നന്ദ നനും നിരവധി വധുക്കളും കൂടി ജലക്രീഢ ചെയ്ത് സുഖിച്ചു. മുങ്ങിക്കിട ക്കുന്ന, ഭാരമുള്ള വധുവിനെ എടുത്ത് ഉയർത്തുമ്പോൾ, ഭാരം കുറയുന്ന, ലഘുവാകുന്ന പ്രതിഭാസം നന്ദനൻ പരീക്ഷിച്ചുനോക്കി. പണ്ട് ദീർഘതമ സ്സെന്ന മുനി ചെയ്തതുപോലെ പ്രാപിക്കുന്ന ഓരോ യുവതിയുടെ സാമുദ്രി കശാസ്ത്രവും യോനിയളവും രേഖപ്പെടുത്തിവെച്ചു. . കാമശാസ്ത്രത്തിന് പുതിയൊരു പരീക്ഷണശാലയായി നന്ദനന്റെ ഓരോ വധൂസംഗമവും. ആന കളുടെ നീരാട്ടുപോലെ ആ രതിക്രീഢ തുടർന്നുകൊണ്ടേ ഇരുന്നു. നീലനദിയു

ടെ കയത്തില് പന്നിയൂരിലെ വരാഹയൂഥങ്ങള് യജ്ഞശാലകളിലെ അഹസ്സിന്റെ ചൂടു കൊണ്ടും സൂര്യന്റെ അഹസ്സുകൊണ്ടും തപ്തരായി, മുങ്ങിക്കൊണ്ടിരിക്കുമ്പോൾ, നന്ദനൻ മാത്രം അതിന്റെ ഉപനദിയായ വനാന്തസിന്ധുവില് തന്റെ കമനിമാരൊത്ത് നീരാടി. നീലഗിരിസാനുവിലെ കുന്ദപർവ്വതത്തിൽനിന്ന് ഒഴുകിവരുന്ന ഭവാനിയുടെ കൈവഴിയായ ശിരുവാണിയില് അട്ടപ്പാടി താഴ്വരയിലെ ചെങ്കുത്തായ പാറയിലേക്ക് 2000 അടി താഴേക്ക് വീഴുന്ന വെള്ളച്ചാട്ടം ഉണ്ടാക്കിയ മുത്തുക്കുളമെന്ന തടാകത്തിലെ അമൃതനിഷ്യന്ദിയായ ജലത്തിൽ മുങ്ങി രതിസുഖമാസ്വദിച്ച നന്ദനന് വെയിലോ യാഗാഗ്നിയുടെ ചൂടോ ഒരുകാലത്തും അനുഭവിച്ചില്ല.

പുത്രന്മാരിൽ മൂത്തവനായ ഉഗ്രനെ നന്ദനന് രാജാവാക്കി. മഹാവരാഹമൂർത്തിയിൽനിന്ന് ശേഷനാഗമെന്നപോലെ പിതാവിൽനിന്ന് ഉഗ്രന് ഭൂഭാരം ഏറ്റു വാങ്ങി.അവന്റെ ഹിരണ്യഗർഭം നാട്ടിന് പുതിയ ഒരുണർവ്വ് കൊടുത്തു. ത്യാഗശീലത്തിലും ശൌര്യത്തിലും ഉഗ്രനെ ജയിക്കാന് ആരുമുണ്ടായിരുന്നില്ല. പ്രധാനമെന്ന മൂലപ്രകൃതിയെ ആരാധിക്കുന്ന സാംഖ്യഗുരുക്കന്മാരിൽവെച്ച് പ്രധാനസ്സു തന്നെയായിരുന്നു ഉഗ്രൻ, ഗുണനാദ് അഗുണോ ഭവദ് . ഗുണനം കൊണ്ട് സർവ്വഗുണങ്ങളും വർദ്ധിക്കയാല് അഗുണനായി, ഇനിയൊരു ഗുണവും നേടാനില്ലാത്തവനായി,പൂജ്യനായി തീർന്നു. പൂജ്യമെന്ന ഗണിതശാസ്ത്രപ്രതിഭാസം അദ്ദേഹം കണ്ടുപിടിച്ചു. നയമാർഗ്ഗത്തില് ഭാർഗ്ഗവനും, വിക്രമത്തിൽ ത്രിവിക്രമനും, ഗാംഭീര്യത്തിൽ വരുണനും, ത്യാഗത്തിൽ കൽപവൃക്ഷവും ആയ ഈ ചക്രവർത്തി അജാതശത്രുവായി ഭരിച്ചു. അദ്ദേഹം യുദ്ധാഭിവാഞ്ഛ തീർത്തത് , ദേവന്മാരെ ദൈത്യഭുജബലമടക്കാൻ സഹായിച്ചിട്ടാണ്. അഗോചരരായ പൂർവ്വദേവന്മാരെയെല്ലാം കൂർത്ത വിവേകാസ്ത്രത്താലാണ് അദ്ദേഹം ജയിച്ചത്. അധരീകൃതമായ തന്റെ ഗീർവ്വാണ ത്താല് അദ്ദേഹം ജഗത്തിനെ ദേവലോകത്തേക്കാളും ഉയർത്തി. ഈ ജീവിതയാത്രയിൽതന്നെ ചിരാർജ്ജിതമായ അക്ഷയപുണ്യഫലവും സ്വർഗ്ഗവിശ്രാന്തിയും നേടി ഉഗ്രനെന്ന മഹീപതി. കേരളത്തിന്റെ രണ്ടാം പെരുമാളായ ഈ മഹാബലി, മനുമുറ നീതി നടത്തി. അദ്ദേഹം മഹാബലിയെപ്പോലെ വിശ്വജിത്ത് എന്ന യാഗം നടത്തി. അതിനു ശേഷം കോലത്തിലെ വന്നേരിഗ്രാമത്തിൽ ഇനിയൊരു യാഗം ചെയ്യേണ്ടതില്ല എന്ന് മുറവന്നു. അദ്ദേഹത്തിന്റെ കാലത്ത് മാലോകരെല്ലാരും ഒന്നുപോലെ വാണു. ജാതിമതഭേദമില്ലാതെ തന്റെ പിതാവു സൃഷ്ടിച്ച പല അമ്മമാരിലുള്ള നാഗസഹോദരങ്ങളുമൊത്ത് അദ്ദേഹം ഭൂമി വാണു. അദ്ദേഹത്തിന്റെ കാലത്ത് യുദ്ധം ഉണ്ടായില്ല. എങ്ങും ശാന്തിയും സമാധാനവും കളിയാടി. കടലോരത്തെ അഴിമുഖം മുതല് കൊങ്ങുചേരമെന്ന അകംനാടുവരെ നീലനദിയിലൂടെ ഉമണന്മാർ ഉപ്പുകച്ചവടം ചെയ്തു. കരയിലും കടലിലുമുള്ള വിപണനവസ്തുക്കളെ നദികളും ഗിരികളിലെ പാതക

ളും വഴി കച്ചവടക്കാർ പല സ്ഥലത്തുമെത്തിച്ചു. വൈയ്യകത്തിലെ ശുദ്ധജല തടാകമായ വൈയ്യകം കായലും പുറംകായലായ വെളിയംകോടും മറ്റു കായ ലുകളും വഴി തിരൂർമുതല് തിരുവനന്തപുരവും കന്യാകുമാരിയും വരെ കച്ചവടം നടന്നു. ഭാരതപ്പുഴമുതൽ കാസരക്കോട്ട് വരെ ഭരിക്കുന്ന ഇളയ താവഴിയും, ഭാരതപ്പുഴ മുതൽ കൊങ്ങുചേരം വരെയും തിരുവനന്തപുരം വരെയും ഭരിക്കുന്ന മൂത്ത താവഴിയും, മറ്റു ദക്ഷിണ, മദ്ധ്യഭാരതങ്ങളെ ഭരിക്കുന്ന സഹോദരന്മാരുടെ ശാഖകളും ഉഗ്രചക്രവർത്തിയുടെ ധർമ്മരാ ജ്യത്തിന്റെ നിയമങ്ങളെല്ലാം അനുസരിച്ചു. അദ്ദേഹത്തിന്റെ തണലിൽ സുഖമായി രാജ്യം ഭരിച്ചു. മാഹിഷ്മതിയിലെ പഴയ രാജാവ് മഹാബലി യുടെ സ്മരണക്ക് ദക്ഷിണേന്ത്യയിലും മദ്ധ്യേന്ത്യയിലും മുഴുവനും 28 ദിനം ആഘോഷം നടന്നിരുന്നു. അഭിനവമഹാബലിയായ ഉഗ്രന്റെ ആധിപത്യം അദ്ദേഹത്തിന്റെ വലിയഛനായ വടുവിന്റെ മക്കളും സന്തോഷപൂർവ്വം സ്വീകരിച്ചു. അങ്ങനെ ചേദിയും കേരളവും ഒന്നായി ഒരുമയോടെ കഴിഞ്ഞു. ഉഗ്രന്റെ കാലത്ത് മഹാനാവികൻ ഉണ്ടാക്കിയ നൃസിംഹപ്പട എന്ന കപ്പൽപ്പ ട കച്ചവടത്തിനായി ദ്വീപങ്ങളിലേക്ക് പോകാനാരംഭിച്ചു. അശ്വഹൃദയമെന്ന വിദ്യ അറിയാവുന്ന ആ നൃസിംഹപ്പട രാത്രിയിലും നക്ഷത്രം നോക്കി ദിശ യും ഗതിയും അറിഞ്ഞു.

ഉഗ്രനു ശേഷം ഉഗ്രധന്വാവായ മിത്രചന്ദ്രനെന്ന ക്ഷത്രലോകശിഖാമണി സിംഹാ സനാരൂഢനായി. സകലരുടേയും മിത്രമായതിനാൽ ആ ചന്ദ്രവംശജന് മിത്രച ന്ദ്രനെന്ന് പേരു വന്നു. അദ്ദേഹത്തിന്റെ സഞ്ചാരികളായ കപ്പൽക്കാരും അവ രുടെ മുത്തരയന്മാരായ മഹാനാവികരും കച്ചവടബന്ധങ്ങളിലൂടെ മിത്രത ഉറ പ്പാക്കി രാജ്യത്തെ സമ്പദ്സമൃദ്ധമാക്കി. മകൻ ചന്ദ്രവർമ്മന് ആ കപ്പൽപ്പട യോടൊപ്പം ലോകം ചുറ്റിക്കാണുന്നതിലായിരുന്നു താൽപര്യം തന്റെ അഛ ന്റെ നൃസിംഹപ്പടയോടൊപ്പം അദ്ദേഹം ഭോഗിയായ ഫണീശ്വരനെപ്പോലെ ലോകം മുഴുവനും ചുറ്റിക്കണ്ട് ഭൂഭാരം ശമിപ്പിച്ചു. ലോകത്തിന്റെ മുഴു വനും വിജ്ഞാനദാഹം ശമിപ്പിക്കാനുള്ള അറിവ് മുത്തശ്ശന്റെ കയ്യിൽനിന്ന് ഹൃദിസ്ഥമാക്കിയ ഈ രാജകുമാരൻ, കടലിന്റെ ബഡവാഗ്നിയില് കപ്പൽഛേ ദം വന്ന് ജലസമാധിയടഞ്ഞു. വിക്രമകേസരിയെന്നും സിംഹസേനനെന്നും നൃസിംഹപ്പടയുടെ നായകനായ ഈ ഫണീശ്വരന് പേരുണ്ടായി. കടലിലെ യാത്രക്ക് നാട്ടിലെ ഉയർന്ന ഒരു പാറമേല് അദ്ദേഹം നൃസിംഹപ്പടയുടെ നിരീക്ഷണസ്ഥാനം നിർമ്മിച്ചു. രാമന്തളിയിലെ ആ പഴയ നരയൻകണ്ണൂരിലെ നാവികസ്ഥാനം പ്രസിദ്ധമായി. ആദ്യവേദകാലത്തുതന്നെ സമുദ്രസഞ്ചാരം ചെയ്ത് ലോകം ചുറ്റിയ ഈ ഫണീശ്വരന്റെ പേരിൽ സഞ്ചാരികൾക്ക് ഫണികളെന്ന് പേരുവന്നു.ഋഗ്വേദം അവരെ പരാമർശിച്ചു. ലോകം കണ്ട ആദ്യത്തെ കപ്പൽഛേദവും ആദ്യത്തെ ജലസമാധിയും ചന്ദ്രവർമ്മന്റേതാ

യിരുന്നു. ചന്ദ്രവർമ്മന്റെ മൃത്യു അകാലത്തിലായിരുന്നു. അദ്ദേഹത്തിന്റെ രണ്ടുമക്കളില് മൂത്തവനായ ബൃഹദ്സുതന് യുദ്ധരസികനായിരുന്നു. രണരസികനായ അദ്ദേഹം രിപുകുലക്ഷയനായിരുന്നിട്ടും, യുദ്ധത്തിൽ വീരമൃത്യു പ്രാപിച്ചു. അധികകാലം ഭരിച്ചില്ല. ഉഗ്രാശ്വനെന്ന അനുജന് ബൃഹദ്സുതകാലത്ത് ഇളങ്കോവടികളായിരുന്നു. അദ്ദേഹം ആറാമത്തെ പെരുമാളായി സ്ഥാനാരോഹണം ചെയ്തു. ചെറുപ്പം മുതലേ സന്യാസിയും സഞ്ചാരിയുമായിരുന്ന യുവരാജാവിന് രാജ്യഭരണത്തിലോ യുദ്ധത്തിലോ ഒട്ടും താൽപര്യമുണ്ടായിരുന്നില്ല. എന്നാലും നാട്ടുകാരും അമാത്യസഭയും ചേർന്ന് നിർബന്ധിച്ചപ്പോൾ, ബ്രഹ്മക്ഷത്രരായ തന്റെ കുലത്തിന്റെ ധർമ്മമനുസരിച്ച് അദ്ദേഹം രാജ്യഭാരം സ്വീകരിച്ചു. തന്റെ ജ്യേഷ്ഠനെ വധിച്ച ശത്രുക്കളെ നാട്ടിൽനിന്ന് തുരത്തിയോടിച്ചും വധിച്ചും അവരുടെ പുലിക്കൊടി താഴ്ത്തിക്കെട്ടിച്ചും സമരശാർദ്ദൂലനെന്ന് നാമം നേടിയ ശേഷം നാട്ടുകാരുടെ ഭയം നീക്കിയ ഉഗ്രാശ്വന് ജ്യേഷ്ഠപുത്രനായ ബൃഹദ്സേനനെ രാജാവായി അവരോധിച്ച് വീണ്ടും കാട്ടിലേക്ക് തപസ്സിനു പോയി.

ബൃഹദ്സേനൻ നന്നെ ചെറുപ്പത്തിൽത്തന്നെ രാജാവായി. ഉഗ്രാശ്വൻ വനത്തിലേക്ക് പോയെന്നും ചെറിയ ബാലനാണ് ഭരിക്കുന്നതെന്നും വാർത്തകേട്ട് ശത്രുസൈന്യം വീണ്ടും കോലം വളഞ്ഞു. ആന്ധ്രകരാജ്യാതിർത്തിയിലെ പുലിക്കൊടിയുള്ള ചോഡഗംഗരാണ് ഇതിനു ധൈര്യം കാട്ടിയത്. അവർ ബൃഹദ്സേനനെയും സൈന്യത്തേയും വധിച്ചു കളഞ്ഞു. അനേകവട്ടം ശത്രുക്കളെ ഹനിച്ച തന്റെ കോലരാജധാനിയിൽ വംശഹത്യ നടക്കുന്നുവെന്നും ആർത്തനാദം കൊണ്ട് കോലവും കേരളനാടും മുഖരിതമായെന്നും ഉഗ്രാശ്വനും കേട്ടു.മൃത്യു പ്രവേശിച്ച തന്റെ നാട്ടിലെ ജനങ്ങളുടെ അപേക്ഷ ഉഗ്രാശ്വന് സ്വീകരിക്കേണ്ടിവന്നു. വംശനാശം തടയാനായി സന്യാസമുപേക്ഷിക്കാനും നാട്ടിലേക്ക് മടങ്ങിവരാനും വേളികഴിക്കാനും അദ്ദേഹം സമ്മതിച്ചു. ചേദിരാജവംശത്തിലെ രാജകുമാരിയെ അദ്ദേഹം വിവാഹം കഴിച്ചു. വംശവിത്തായി ചിത്രകേതനനെന്ന പുത്രനുണ്ടായി. അവന് ചക്രവർത്തീപദമലങ്കരിക്കാനുള്ള പക്വതയും പ്രായവുമാവുന്നതുവരെ അദ്ദേഹം സിംഹാസനമുപേക്ഷിച്ചില്ല. അവനെ ഒമ്പതാം പെരുമാളായി അവരോധിച്ച് ഉഗ്രാശ്വൻ തന്റെ വാർദ്ധക്യകാലത്ത് വീണ്ടും വനത്തിലേക്ക് പോയി.

പോകുന്നതിന്നു മുമ്പ് മകന്ന് പിറന്ന ആൺകുഞ്ഞിന് സോമവംശതിലകമായി വരട്ടേ എന്ന അനുഗ്രഹത്തോടെ സോമനെന്ന് പേരിട്ടു. പൂർവ്വികരെപ്പോലെ നൂറുയാഗം ചെയ്ത് ശതകർണ്ണിയാവാൻ, തപസ്വിയായ ഉഗ്രന്റെ പേരക്കുട്ടിക്കായിരുന്നു വിധി. ചിത്രകേതനൻ എന്ന പെരുമാള് അമ്മയുടെ ചേദിരാജ്യത്ത് വിന്ധ്യനിൽ മൃഗയാവിനോദത്തിന് പോയപ്പോൾ, സിംഹം വധിച്ചു.

(അന്ന് വിന്ധ്യൻമുതല് കന്യാകുമാരി വരെ സോമവംശികളാണ് ഭരിക്കുന്നത്.) 100 സോമയാഗം ചെയ്ത് ശതസോമനായ സോമന് ദക്ഷിണാപഥപതിയും അപ്രതിഹതചക്രനുമായി. ശതസോമന്റെ യാഗങ്ങൾക്കുശേഷം വടക്കേ മല ബാറിലെ തളിപ്പറമ്പും രാജരാജക്ഷേത്രവും പ്രസിദ്ധവിദ്യാസ്ഥാപനങ്ങളായി. മൂഷകവംശതലസ്ഥാനമായി.

സോമന് പുലിക്കൊടിപറിത്ത ചേരനെന്നും പേരുണ്ട്. തന്റെ വംശശത്രുക്ക ളായ ചോഢഗംഗരുടെ പുലിക്കൊടി ഉഗ്രാശ്വനെപ്പോലെ അദ്ദേഹവും നശി പ്പിച്ചു. അഗസ്ത്യോപദേശമനുസരിച്ച് ശതസോമൻ കൈലാസത്തിലേക്ക് പോയി ശിവതപസ്സ് ചെയ്തു. സോമന്റെ ഉഗ്രതപസ്സ് സോമേശ്വരന് പ്രസാ ദമുണ്ടാക്കി. മുമ്പ് മാന്ധാതാവിനും പുത്രൻ മുചുകുന്ദനും കൊടുത്ത ആത്മ ലിംഗം സോമന് ചന്ദ്രചൂഢൻ കൊടുത്തു. അവർ പ്രതിഷ്ഠിച്ച ആത്മലിംഗങ്ങ ളെല്ലാം കാലപ്പഴക്കം കൊണ്ട് മണ്ണിൽ പുതഞ്ഞുപോയിരുന്നു. അതേ സ്ഥാന ത്ത് ശതസോമന് തന്റെ ആത്മലിംഗം പ്രതിഷ്ഠിച്ചു. രാജരാ ജേശ്വരൻ ആത്മ ലിംഗമായി ഇരിക്കുന്ന ആ തളിപ്പറമ്പിനെ തന്റെ പ്രധാന തലസ്ഥാനമാക്കി. ശതസോമന്റെ സഹോദരനായ അശ്വസേനനാണ് പിന്നീട് ചക്രവർത്തിയായത്. ജ്ഞാനികൾക്കെല്ലാം സുഖഹേതുവായിരുന്നു അശ്വസേനൻ. കരയുടേയും കട ലിന്റേയും മാത്രമല്ല, വിജ്ഞാനസാഗരത്തിന്റേയും മറുകര കണ്ടു ഈ ചക്ര വർത്തി. അശ്വസേനനുശേഷം സിംഹകേതുവും പിന്നീട് യുദ്ധപ്രിയനായ മക ൻ വിശ്വപാലനും സിംഹാസനസ്ഥരായി. വിശ്വപാലന്റെ മകനായ 14ആം പെരുമാൾ ശർമ്മദത്തന് കുട്ടിക്കാലം മുതലേ മഹാമതിയും വിവേകിയുമായി രുന്നു. ബാല്യത്തിൽത്തന്നെ അദ്ദേഹം ശിവാർച്ചനയില് മുഴുകി. ശിവൻ പ്രസാദിച്ച് പ്രത്യക്ഷമായി നിന്റെ പരമ്പരയിലെ 21 തലമുറ രാജാക്കന്മാര് ഇഷ്ടായുസ്സുകളായിത്തീരുമെന്ന് വരം കൊടുത്തു. മൂഷകവംശപ്രകാരം ഇദ്ദേ ഹത്തിന് കൈലാസപ്രാപ്തിയുണ്ടായി. മെക്കൻസി മാനുസ്ക്രിപ്ടിലെ കൈലാ സമടൈന്ത ചേരന് ഇദ്ദേഹമാവാം. രുദ്രവർമ്മനും ഭദ്രചേതസ്സായ വ്യാഘ്രസേ നനും ഭദ്രചേതസ്സായ പൃഥുദ്യുമ്നനും തുടർന്നു ഭരിച്ചു. ശ്രീകൃഷ്ണപുത്രനായ പ്രദ്യുമ്നനെപ്പോലെ പൃഥുദ്യുമ്നനും കടലിനപ്പുറമുള്ള ശബരന്റെ രാജ്യം സന്ദർശിച്ച് സമുദ്രത്തിന്റെ മറുകര കണ്ടു. സഞ്ചാരപ്രിയനായതുകൊണ്ട് ഏറെക്കാലം ഭരിച്ചില്ല. ദായാദനായ വജ്രധരനെ രാജാവാക്കി അദ്ദേഹം സഞ്ചാരിയായി നാടുവിട്ടുപോയി. 18ആം പെരുമാളായ വജ്രധരൻ മായാദോ ഷഹരനായി ഏകാതപത്രനായി (ഏകഛത്രാധിപതി) ഏറെക്കാലം ധരണി ഭരിച്ചു. വജ്രധരപുത്രൻ വലാഹകനെന്ന വിഖ്യാതവിനയന് മഹാബലം കൊണ്ടും വിനയം കൊണ്ടുമാണ് വിഖ്യാതനായത്. ഒന്നാം മഹാബലിയുടെ കാലത്തെന്നപോലെ ജനങ്ങളെല്ലാം ഒരുപോലെ സന്തുഷ്ടരായി ജീവിച്ചു. ഭീമവർമ്മാവ്, മനുജരുടെ ഉപപ്ലവങ്ങളെ ധ്വംസിക്കുന്ന ബൃഹദ്സേനൻ,

ശർവ്വപരാക്രമൻ, പൃഥുലോരസ്കനായ അതുലൻ,നയവർദ്ധനൻ, കാർത്തി കേയപരാക്രമനായ മിത്രസോമൻ, അതിസുന്ദരനായ ഭദ്രനാമാവ്, വീരവർമ്മന് എന്നിങ്ങനെ രാജാക്കന്മാരുടെ ലിസ്റ്റ് നീണ്ടു. ഇവരുടെ ശേഷം 100ലധികം യാഗം നടത്തിയ അമിതക്രതു എന്ന ശതകർണ്ണി രാജാവായി. ഇദ്ദേഹത്തിന്റെ കാലത്താണ് മഹാഭാരതയുദ്ധം നടന്നത്. 18 ദിവസം 18 അക്ഷൌഹിണി സൈ ന്യത്തിനും സൌജന്യമായി അദ്ദേഹം ഭക്ഷണം കൊടുത്തു.തമിഴ്സാഹിത്യം ഇദ്ദേഹത്തെ പെരുംചോറ്റ് ഉതിയൻ(ഉദയൻ) ചേരൽ എന്ന് വിളിക്കുന്നു. അത്ര സമൃദ്ധമായിരുന്നു അദ്ദേഹത്തിന്റെ നാട്. സമകാലീനനായ ശ്രീകൃ ഷ്ണന് പ്രദ്യുമ്നനെന്നപോലെ അദ്ദേഹത്തിന് ജഗദശ്വന് അഥവാ സുരദ്യു മ്നനെന്ന പുത്രനുണ്ടായി. പൂർവ്വീകനായ ചന്ദ്രവർമ്മനേയും പൃഥുദ്യുമ്ന നേയും പോലെ അദ്ദേഹവും തന്റെ അശ്വസേനയുമായി ലോകം മുഴുവനും ചുറ്റി സമുദ്രത്തിന്റെ അക്കര കണ്ടു. 28ആമത്തെ ചക്രവർത്തിയായ ഇദ്ദേ ഹവും ശതകർണ്ണിയായിരുന്നു. ഇന്ദ്രസദൃശനായ സുരദ്യുമ്നന് ജയന്തനെന്ന പോലെ ശതകർണ്ണിയായ സുരദ്യുമ്നന് അർജ്ജുനവർമ്മനെന്ന പുത്രനുണ്ടായി. 31, 32 പെരുമാക്കന്മാരാണ് അർജ്ജുനപുത്രനായ ഉഗ്രബാഹുവും പുത്രന് ജയാദിത്യനും. 19 മുതല് 32 വരെയുള്ള പെരുമാക്കന്മാര് സഞ്ചാരം, ധനവും വിദ്യയും സമ്പാദിക്കൽ, ജ്ഞാനത്തിലൂടെ മോക്ഷസമ്പാദനം ഇവക്ക് പ്രാധാ ന്യം നൽകി. പിന്നീട് ഭരിച്ചത് ജയാദിത്യന്റെ ദായാദനായ വൃത്രസേനനും അദ്ദേഹത്തിന്റെ പുത്രൻ ബൃഹദ്ഗ്രീവനുമാണ്. ശർമ്മദത്തന് ശിവദത്തമായ വരം വൃത്രസേനകാലത്തോടെ അവസാനിച്ചു. ദക്ഷിണാപഥം മുഴുവനും ആസേതുഹിമവത്പര്യന്തവും പരിപാലിക്കുന്ന വലിയ സാമ്രാജ്യം വിഭജി ക്കേണ്ടിവന്നു. ബൃഹദ്ഗ്രീവന്റെ സഹോദരന്മാരായ ഉൽപലാക്ഷനും ദേവദ്യു മ്നനും ഉഗ്രനും വെവ്വേറെ നാട്ടുരാജ്യങ്ങളുടെ ഭരണാധികാരികളായി. ദക്ഷി ണാപഥം നാലു ഭാഗമാക്കി ബൃഹദ്ഗ്രീവനും മൂന്നു സഹോദരന്മാരും ഭരിച്ചു.

കേരളം ഭരിച്ച 35ആം പെരുമാളാണ് മനുപുത്രനായ വടുകവർമ്മൻ. ബൃഹ ദ്ഗ്രീവന്റെ പേരക്കുട്ടി. അദ്ദേഹം വടുകേശ്വരം തളി തലസ്ഥാനമാക്കി അവി ടെ ശിവപ്രതിഷ്ഠ ചെയ്തു. തളിപ്പറമ്പ് രാജരാജേശ്വരം പുനരുദ്ധരിച്ചു. പിന്ന ത്തെ പെരുമാളായ അഹീരണൻ പൃഥനയുടെ പടിഞ്ഞാറ് ശിവപാർവ്വതിമാ ർക്ക് അഹീരണേശ്വരക്ഷേത്രം നിർമ്മിച്ചു. വടേശ്വരത്ത് ശിവപ്രതിഷ്ഠ ചെയ്തു. ഇപ്പോൾ വടുകേശ്വരക്ഷേത്രം അറിയുന്നത് അരോളി (അഹിരൊളി) വടേശ്വരമെന്നാണ്. മഹീരണഭരനെന്ന പുത്രൻ സഹ്യപർവ്വതത്തില് വലിയ തോതിലുള്ള ഗജബന്ധനം ആരംഭിച്ചു. രാജ്യഭാരം പുത്രനായ ആര്യഗുപ്ത നേയും മന്ത്രിമാരേയും ഏൽപ്പിച്ച് വനത്തിലായിരുന്നു വാസം. കാട്ടിൽ വസിക്കുന്ന കാലത്ത് അവിടുള്ള കാട്ടുതരുണികളുമായി ക്രീഢിച്ചും അവ രിൽനിന്ന് രസായനവിദ്യ, വാജീകരണവിദ്യ ,കാമശാസ്ത്രം ഇവ അഭ്യസിച്ചും

അദ്ദേഹം ഈ വിഷയങ്ങളിൽ പണ്ഡിതനായി.ഗുഹകളിൽ അടച്ചിരുന്ന് തരുണികളുമായി രസായനവിദ്യ അനുഷ്ഠിച്ച് അദ്ദേഹം ജരാനരകൾ ഇല്ലാത്തവനായി. ആര്യഗുപ്തപുത്രനും മഹീരണപൌത്രനുമായ അചലൻ ഏലീശൈലത്തിനടുത്ത് അചലപത്തനമെന്ന അജന്താഗുഹകളോടുകൂടിയ നഗരം നിർമ്മിച്ചു. അചലന്റെ പുത്രനായ അശ്വസേനൻ മഹാപണ്ഡിതനായിരുന്നു. അദ്ദേഹത്തിന് ജ്ഞം,യജ്ഞം, ഗീർവ്വാണം ഇവ പോഷിപ്പിക്കുന്നതിൽമാത്രമായിരുന്നു പൂർണ്ണശ്രദ്ധ. നിഷ്കാമനായി,മുനിയെപ്പോലെ പലയിടത്തും ചുറ്റിസ്സഞ്ചരിച്ച അദ്ദേഹത്തിനു പകരം സഹോദരനായ വിക്രമസേനനാണ് രാജ്യകാര്യം നോക്കിയിരുന്നത്. വിക്രമസേനന് സഹോദരനിൽനിന്ന് രാജ്യം പിടിച്ചെടുക്കാൻ ഏറെ ബുദ്ധിമുട്ട് ഉണ്ടായില്ല. ചക്രപാണിസമനായ വിനയവർമ്മന് വിക്രമസേനപുത്രനാണ്.

അശ്വസേനനെന്ന ത്യാഗസമുദ്രചേരന്റെ പുത്രനായ രാജവർമ്മന്,തന്റെ മഹാനാവികനായ കോവലൻന്റെ സഹായത്തോടെ ചിത്രലിംഗം മാനം തൊടുന്ന പ്രാസാദത്തോടുകൂടിയ സ്വനാമത്തിലുള്ള രാജവിഹാരം (കോയിൽപ്പള്ളി) രത്നത്രയങ്ങൾക്ക് ആസ്പദമായി നിർമ്മിച്ചു . മൂന്നുകോവിൽപ്രസാദവും രാജഗോപുരവുമുള്ള പുതിയ കോയിൽപ്പള്ളി പഴയ സ്ഥാനത്ത് പുതുക്കിപ്പണിതു. അശ്വസേനപൌത്രൻ ജയമാനി ഈ കോയിൽപ്പള്ളിയുടെ കോവിലധികാരിയായി. ഈ പുതിയ സൃഷ്ടിയെ പെരുമ്പടപ്പ് അഥവാ മഹാഉദയമെന്ന് പറയുന്നു. ഇതാണ് വന്ദേരിയിലെ രണ്ടാംമൂഷകവംശശാഖ. വിനയവർമ്മനും ഈ ജ്യേഷ്ഠപുത്രപരമ്പരയോടു സഹകരിച്ച് വീണ്ടും വടക്കും തെക്കും മലബാറിലെ ശാഖകൾ ഒന്നായി പ്രവര്ത്തിക്കാനാരംഭിച്ചു. ജയമാനിപുത്രനായ ഉദയവർമ്മനെന്ന ഹിരണ്യകശ്യപനും ശതകർണ്ണിയായിരുന്നു. അദ്ദേഹത്തിന്റെ മകൻ ഉദയാദിത്യൻ. (ഉതിയ ഇരവി). ഇദ്ദേഹത്തിന്റെ പുത്രനായ വിരോചനന് മഹാരാജാ ദക്ഷിണാപഥേശ്വരനവനഗരസ്വാമി എന്ന് പേരുണ്ട്. പല്ലവരാജകുമാരിയായ ഹാരിണിയായിരുന്നു ഇദ്ദേഹത്തിന്റെ പത്നി. അവരുടെ മകനായ കാലസേനനെന്ന ദേവകുഞ്ജരൻ(ഐരാവതം) നാഗവംശപുനസ്ഥാപകനും ഭാരശിവ(ഭരദ്വാജ), പരശുരാമഗോത്രരക്ഷകനുമാണ്. ഇദ്ദേഹത്തിന്റെ പുത്രനായ വ്യാളസേനനെന്ന വീരസേനൻ വ്യാളം അഥവാ ശരഭവംശസ്ഥാപകനാണ്. വ്യാളസേനപുത്രനായ ബൃഹദ്ബാഹു ശത്രുംതപനായിരുന്നു. ത്രിസമുദ്രാധിപതിയുമായിരുന്നു. അദ്ദേഹത്തിന്റെ പുത്രനാണ് പൃഥുകീർത്തിയായ അമിത്രജിത്ത്.

അമിത്രജിത്തിന്റെ മകനാണ് ദ്വീപാനീകനെന്ന ത്രിസമുദ്രാധിപതി നിപാതവർമ്മൻ. 52ആം കേരളപ്പെരുമാളും ഗംഗാധരക്കോവിലധികാരികളും ഇദ്ദേഹമായിരുന്നു. 18 മുതല് 52ആം പെരുമാൾവരെയുള്ള കാലത്തിലത്രയും ജ്ഞാന

വും കോയിൽപ്പള്ളിവിരുത്തിയും, വിദ്യയും വിനയവുമാണ് പ്രധാനമെന്നും ഹിംസ പാപമാണെന്നുമുള്ള അറിവ് വ്യാപിച്ചു. രാജ്യം സമാധാനവും സമൃദ്ധിയും അറിഞ്ഞു. അതേ സമയം സൈന്യബലം ,വീര്യം ഇവ കുറയുകയാൽ അയൽനാട്ടുകാരുടെ പുരട്ചിപ്പോരുകൾക്ക് കീഴടങ്ങേണ്ടിവന്നു. ഈ ഘട്ടത്തിലാണ് ദ്വീപാനീകന്റെ മരണം. അദ്ദേഹത്തിന്റെ പുത്രന്മാരായിരുന്നു ശശിദത്തനും ജനവ്രതനും. അവർതമ്മില് സിംഹാസനാരോഹണത്തെ സംബന്ധിച്ച തർക്കം നടന്നു. അത് ഒത്തുതീർപ്പാക്കാനായി നിശ്ചയിച്ച വാൾയുദ്ധത്തില് ഇരുവരും പരസ്പരം വെട്ടേറ്റ് മരിച്ചു. രാജ്യത്ത് അരാജകത്വം വന്നു. ശശിദത്തപത്നി മാഗധി ഗർഭവതിയായിരുന്നു. അവളുടെ ഗർഭസ്ഥശിശുവെ രാജാവാക്കി , മഗധരാജാവിനെ പ്രതിനിധിയാക്കി സഭ ഭരണം പുനസ്ഥാപിച്ചു. ഗർഭശ്രീമാന് സേനാഖ്യനെന്ന വജ്രസാരനാണ് ആ ഗർഭസ്ഥശിശു. ഇക്കാലത്ത് മഗധനരേശനാണ് വാസ്തവത്തിൽ കേരളവും ഭരിച്ചിരുന്നത്.
ശൂരൻ,വിശാലൻ, തപനോഗ്രധാമനെന്ന പുഷ്കലൻ ഇവരാണ് തുടർന്നുവന്ന മൂഷകപ്പെരുമാക്കന്മാർ. ശാഖകളായ ആന്ധ്രകശതകർണ്ണിമാരും നാഗവംശവും മൂഷകവം ശവുമാണ് ദക്ഷിണാപഥം ഭരിച്ചിരുന്നത്. പല്ലവരാജാവിനെ തോൽപ്പിച്ച് പുത്രി ഹാരിണി അഥവാ ഹാരീതിയെ വിവാഹം ചെയ്ത വിരോചനശതകർണ്ണിക്കു ശേഷം, വന്ന വാകാടക, കദംബ,ചാലൂക്യപുലുമായി, .ശാലിവാഹനവംശങ്ങളെല്ലാം ഹാരീതിപുത്രധർമ്മമഹാരാജാ ബിരുദം സ്വീകരിക്കുന്നുണ്ട്. ഹാരിതിവംശം ഹരിശ്ചന്ദ്രപൌത്രനായ സൂര്യവംശി ഹാരീതവംശവുമാണ്.പല്ലവരും ധർമ്മമഹാരാജാക്കളാണ്. മഹാജന്റെ ഇന്ത്യൻഹിസ്റ്ററി പേജ് 241ൽ ഗംഗാധരക്കോവിലധികാരികളായ ഭരദ്വാജരും നാഗവംശവും ഒന്നാണെന്നതിന് സൂചനയുണ്ട്. മാതരീപുത്രസ്വാമിശകേശനെന്ന ഗർഭശ്രീമാനായ ജരായുജനാഗരാജാവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നുഃ- He belonged to the Bharasivas- the royal line owed its origin to the great satisfaction of Shiva that was caused by their carrying a Sivalinga placed as a load upon their shoulder and who were besprinkled on the forehead with pure waters of the Bhageerathi that had been obtained by their valour. They are credited with no less than 10 Aswamedhas. ഇവരുടെ ശാഖതന്നെയാണ് ഗുപ്തവംശവും. പുലുമായി എന്നുപറയുന്നത് നായർസ്ത്രീകളിൽ(നാഗ) ക്ഷത്രിയർക്കുണ്ടായ കുട്ടികളെയാണ്. ലോഗന്റെ കാലം വരെ വടക്കേ മലബാറിൽ പുലുമായിനായന്മാരുണ്ട്.

തപനോഗ്രധാമനുശേഷം 10 പേരുടെ ലിസ്റ്റില് പേരല്ലാതെ മറ്റു വിശദാംശങ്ങളില്ല. ബഹുകീർത്തി, സുകേതു, വികടൻ,സുധന്വാവ്,സത്യവ്രതൻ,ചതുരകേതു, ഉദാരകീർത്തി, സ്വർഭാനു എന്ന ഭവനാഗം, ഉത്തമകലൻ,സകലൻ, എന്ന പത്തുപേർക്കുശേഷം കാമപ്രദനും കവിയും കർക്കശനും നയധനനുമായ

അദ്രികേതു പെരുമാളായി. രാമഘടോത്കചനെന്ന പേരും ഉണ്ടായിരുന്നു ഇദ്ദേഹത്തിൻ. കോയിൽപ്പള്ളി, ചൈത്യവിഹാരങ്ങളിലും അഗ്രഹാരങ്ങളിലും വസിക്കുന്ന ഭിക്ഷുക്കളുടേയും ജ്ഞാനികളുടേയും നൻപുരിഅന്തണരുടേയും ശാസ്ത്രവിചാരങ്ങളാലും സംവാദങ്ങളാലും വിദ്യാലയങ്ങളാലും ഇക്കാലമത്രയും കേരളഭൂമി മുഖരിതമായിരുന്നു. . പൊളിറ്റിക്കൽശക്തിയേക്കാളും ശക്തമായ ജ്ഞാനശക്തിനേടാനായി എല്ലാ രാജ്യങ്ങളിലേയും രാജകുമാരന്മാരും ഇവിടെ വന്നു. അദ്രികേതുപുത്രനാണ് പരമയശസ്വി നിപാതവർമ്മനെന്ന പർജ്ജന്യൻ. (ഋഷഭൻ) ഈ ശതകർണ്ണിയുടെ സഭ പെരുഞ്ചെല്ലൂരിലെ ബ്രാഹ്മണരുടെ പന്തീരായിരത്തോടു അറത്തിൽപോര് എന്ന ധർമ്മയുദ്ധം (വാഗ്വാദം) നടത്തി. പുത്രൻ തീവ്രാശ്വനെന്ന കവിരാജൻ. തനിക്ക് 9 തലമുറക്ക് മുമ്പ് തന്റെ പൂർവ്വികനായ കോവലന് 42ആം പെരുമാളിന്റെ കാലത്ത് നിർമ്മിച്ച കോയിൽപ്പള്ളി കാണാനായി മാചാത്തുവാനെന്ന വണികന് ഇക്കാലത്ത് വന്നു. ആ പള്ളി പുതുക്കിപ്പണിതു. പിന്നെ സുമതി, അമിത്രഹൻ, വിചണ്ഡൻ, അക്ഷോഭ്യന് സമരസഹനെന്ന് അഞ്ചുപേർക്കുശേഷം മാക്കോതൈ അഥവാ മഹോദയനെന്ന 74ആം പെരുമാൾ സിംഹാസനസ്ഥനായി. ഇദ്ദേഹമാണ് കൊടുങ്ങല്ലൂരിലെ രണ്ടാം മഹോദയപുരം നിർമ്മിച്ചത്. പെരുമ്പടപ്പ് മഹോദയപുരത്തിന്റെ ശാഖയായി ഈ നഗരം വളർന്നുവന്നു. ഇദ്ദേഹത്തിന്റെ മകനാണ് ഈശാനവർമ്മന് 1 എന്ന ശിവചരിതഈശാനൻ. വംശപരിപാലകനായ ഈ 76ആം പെരുമാളിന്റെ മകനാണ് മംഗലകാരകനായ കാഞ്ചിവർമ്മന് (കുഞ്ചി വർമ്മൻ) . കുഞ്ചിവർമ്മന് അമലകീർത്തിയായി ഒരു പുത്രിയും ഈശാനവർമ്മന് 2 എന്ന പുത്രനും ജനിച്ചു. ഈശ്നവർമ്മന്റെ പുത്രിയാണ് കേരളേ ശ്വരൻ ജയരാഗനെന്ന കോവിലധികാരിയുടെ പത്നി. അവരുടെ പുത്രനാണ് ഗോദ(കോത). ഇക്കാലത്ത് കേരളം കേരളം,മൂഷകം എന്ന് രണ്ടായിട്ടാണ് ഭരണം നടക്കുന്നത്. ശിവധർമ്മോദ്ധാരകനും രണമാനിയുമായ ഈശാനവർമ്മന് 2 വിവാഹം കഴിച്ചത് സ്വരാജ്യം നഷ്ടപ്പെടുകയാല് ബ്രാഹ്മണവേഷത്തിൽ വന്ന് വഞ്ചിനാട്ടില് അഭയം പ്രാപിച്ച ചേദിനൃപന്റെ പുത്രി നന്ദിനിയെയാണ്. (നന്ദവംശം). ചോളൻ മണിക്കിള്ളിയാണ് മറ്റൊരു ഭാര്യ. കൂടാതെ സ്വന്തം മാതുലപുത്രിയും കേരളത്തിലെ രാജകുമാരിയുമായ പതുമൻതേവിയും ഭാര്യയാണ്. മൂഷകവംശത്തിലെ വടക്കേ താവഴിയായ വടുവിന്റെ വംശക്കാരനായ ഹൈഹയേശ്വരനാണ് ചേദിനൃപനെ തുരത്തി വഞ്ചിയിലേക്ക് ഓടിച്ചത്. ഭാര്യാപിതാവിനെ സഹായിക്കാന് ഹൈഹയേശ്വരനുമായി ഈശാനവർമ്മന് യുദ്ധത്തിനൊരുങ്ങി. ഇതുകേട്ട് ഹൈഹയേശ്വരൻ പരുഷ്ണി നദിക്കപ്പുറം കടന്നുനിന്നു. അവിടെവെച്ച് രഘുവംശത്തിലെയും ഹൈഹയത്തിലെ രണ്ടുശാഖകളിലേയും വീരന്മാർ ഏറ്റുമുട്ടി. ഈ യുദ്ധത്തില് ഈശാനവർമ്മന്റെ സഹോദരീഭർത്താവായ ജയരാഗന് ഹൈഹയേശ്വരന്റെ ഭാഗം ചേർന്ന് യുദ്ധം ചെയ്തു. തന്റെ അമ്മാമനും അഛനും തമ്മിലുള്ള യുദ്ധം

കലശ ലായപ്പോൾ ജയരാഗപുത്രനായ ഗോദ എന്ന കേരളകേതു ഇടയിൽചെ ന്നുനിന്ന് അത് തടഞ്ഞു.

ഈശാനവർമ്മന്റെ പത്നിമാരില് മണിക്കിള്ളിക്കാണ് ആദ്യം മകനുണ്ടായത്. പുത്രന്മാരില്ലാതെ ദുഃഖിച്ച നന്ദിനി യോഗനിഷ്ഠയോടെ വിന്ധ്യവാസിനിയായ ദേവിയെ സേവിച്ചു. അവൾക്ക് ദേവി പ്രത്യക്ഷയായി . ഒരു മകനും മകളും ജനിച്ചു. ഇനി മുതൽ നിന്റെ വംശം ഭരിക്കുമെന്നും മരുമക്കത്തായം നടപ്പാകുമെന്നും നന്ദിനിക്ക് ദേവി വരം കൊടുത്തു. ഈശാനവർമ്മനുശേഷം ചോള രാജകുമാരിയുടെ മകനായ നൃപരാമനെന്ന ചെങ്കുട്ടുവനാണ് ചക്രവർത്തിയായത്. നന്ദിനിയുടെ മകനായ പാലകൻ ചേദിരാജ്യത്തുപോയി അവിടത്തെ രാജാവായി. ചെങ്കുട്ടുവൻ ശക്തനായ ചക്രവർത്തിയായിരുന്നു. അദ്ദേഹമാണ് കൊടുങ്ങല്ലൂരിൽ നേരത്തെ ഉണ്ടായിരുന്ന പരശുരാമക്ഷേത്രത്തില് കണ്ണകിശില പ്രതിഷ്ഠിച്ചത്. അദ്ദേഹത്തിന് പഴവഞ്ചിയായ വന്ദേരിയിലും കൊടുങ്ങല്ലൂരിലുമായി രണ്ടു തലസ്ഥാനമുണ്ടായിരുന്നു. നൃപരാമപുത്രനായ ചന്ദ്രവർമ്മന് 2 അൽപ്പായുസ്സായി മരിച്ചു. അദ്ദേഹത്തിന്റെ പുത്രനായ ചന്ദ്രവർമ്മന്3 ശിശുവായിരിക്കെ അകാലചരമം പ്രാപിച്ചു. രാജ്യത്ത് അരാജകത്വം വരുമെന്ന് കണ്ട് സഭ പാലകനെ ചേദിയിൽനിന്ന് തിരിച്ചുവിളിച്ചു. അദ്ദേഹം ചേദിയിലെ നിരവധി സംഘാരാമങ്ങളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും സംരക്ഷകനായി മുനിവൃത്തിയോടെ കഴിയുകയായിരുന്നു. അനവധി ക്ഷേത്രങ്ങളും അദ്ദേഹം പണിതിരുന്നു. കാവ്യരചനയിലും ക്ഷേത്രസംരക്ഷണത്തിലും മുഴുകിയ മുനിതുല്യനായ പാലകനെ സഭ 12 വർഷത്തേക്ക് കേരളത്തിൽതന്നെ ഉണ്ടാവണമെന്ന നിബന്ധനയോടെ കൊണ്ടുവന്നു. അന്ന് അദ്ദേഹം വൃദ്ധനായിക്കഴിഞ്ഞിരുന്നു.എഡി 216ലാണ് അദ്ദേഹം 82ആം മൂഷകവംശപ്പെരുമാളായി കേരളത്തിലേക്ക് വരുന്നത്. പാലകനാണ് ഭരണ സൌകര്യത്തിനായി കേരളത്തെ നാലാക്കി വിഭജിച്ചത്. യുദ്ധനിപുണനല്ലാതിരുന്ന ആ മുനി യുദ്ധത്തിൽ വീരമൃത്യു വരിച്ചു.

നന്ദിനിയുടെ മകളുടെ മകനും പാലകന്റെ സഹോദരീപുത്രനുമായ വലിധരൻ (വല്ലഭ 1) പിന്നീട് രാജാവായി.മൂഷകവംശത്തിലെ പാലക(പാലിയ) വല്ലഭവംശം പിന്നീട് പ്രബലമായി. കേയപ്പെരുമാക്കന്മാരുടെ വംശമാണ് നന്ദിനിയുടെ പാലകവംശം. വലിധരന്റെ ശക്തികേന്ദ്രം വടക്കേ കേരളമായിരുന്നു. ഗാംഗേയവംശവുമായി അദ്ദേഹം പടവെട്ടി. അദ്ദേഹത്തെ തുടർന്ന് രിപുരാമനും വിക്രമോദ്ഘാതരാമനും രാജാവായി. വിക്രമോദ്ഘാതരാമന്റെ കാലത്ത് ശ്രീമൂലവാസം കടലെടുക്കാനാരംഭിച്ചു. കല്ലുകൊണ്ട് ചിറ കെട്ടി കരയെ സംരക്ഷിച്ചു. മോകൂരിലെ പഴയൻമാരനോടും കോശരോടും (കാശർകോട്ടിലെ) അദ്ദേഹം പടവെട്ടിയതായി പറയുന്നു. പിന്നീട് ജനമാനി

രാമഘടൻ രിപുരാമനെന്ന ദീർഘയാത്രാചേരനാണ് രാജാവായത്. പിന്നീടുവന്ന ശംഖവർമ്മനും ദീർഘയാത്രാചേരനെന്ന സഞ്ചാരിരാജാവാണ്. ശംഖവർമ്മനു ശേഷം ജയമാനി അച്യുതപ്രതാപനെന്ന കുലശേഖരൻ 1 രാജാവായി. ചുറ്റും ശാലാവലയിയും കിടങ്ങുമുള്ള കോട്ടകളോടും മാളികകളോടും പൃഥനാ തീരത്ത് നഗരം പണിത ഇദ്ദേഹം തകടൂർ(സേലം) ഗംഗന്മാരിൽനിന്ന് പിടിച്ചടക്കി. ദിക്കുമുഴുവനും സഞ്ചരിച്ചതോ ധനം സമ്പാദിച്ചതോ അല്ല, ഈശ്വര ഭക്തിയും ബഹുമാന്യതയുമാണ് തന്റെ നാട്ടിലെ വണിക്കുകളുടെ ധനമെന്ന് വിളംബരം ചെയ്തു.

അഖണ്ഡിതകീർത്തിപ്രതാപനായ വലഭന് 2 യുവരാജാവായി വടക്കേ ഏലിമലയിലും കുലശേഖരൻ കുടനാട്ടിലും ഒപ്പം ഭരിച്ചു. അക്കാലത്ത് ഭട്ടസ്ഥലിയിലെ രിപുരാമൻ കേരളം ആക്രമിച്ചു. ബലഭദ്രസമനായ വല്ലഭൻ ഭടസ്ഥലി ഭൂപനെ തോൽപ്പിച്ച് നാടുകടത്തി. അദ്ദേഹം പുരംവിട്ട് ഒളിച്ചുതാമസിച്ചത് കൊല്ലങ്ങോട്ട് നെന്മിനിവനദുർഗ്ഗത്തിലാണെന്ന് കരുതുന്നു. വല്ലഭൻ ബന്ധുവായ നൃപരാമനെ ഭടസ്ഥലിരാജാവാക്കി തന്റെ പ്രവിശ്യയിലേക്ക് തിരിച്ചുപോയി. മഹേന്ദ്രവർമ്മന് 1 മത്തവിലാസപ്രഹസനം രചിച്ചതും ഇക്കാലത്താണെന്ന് അഭിപ്രായം കാണുന്നു. എന്നാലത് ചെങ്കുട്ടുവകാലത്താവാം. പറവൂരിലെ ചാക്യാരെക്കൊണ്ട് ചെങ്കുട്ടുവൻ ആടിച്ചത് ഈ കാവ്യമാണെന്ന് അഭിപ്രായമുണ്ട്.

വലഭന്റെ അനുജനായ കുന്ദവർമ്മന് പിന്നീട് ഭരിച്ചു. വലഭൻ തന്റെ അനുജനുവേണ്ടി നാരായണപുരം ക്ഷേത്രം നിർമ്മിച്ചു എന്ന് മൂഷകകാവ്യം. കുന്ദവർമ്മന് മുരാരി എന്ന അനുജനാണിതെന്ന് ചരിത്രം. പാലകൻ 2 എന്ന ഭീമേശ്വരനായ ഇന്ദ്രപ്പെരുമാളിനെ തോൽപ്പിച്ച് ഭടസ്ഥലി രിപുരാമന് വീണ്ടും മൂഷകേശ്വരനായി. ഒന്നാം പാലകന്റെ കാലം മുതൽ രണ്ടാംപാലകകാലം വരെ 3 യുദ്ധം ഭടസ്ഥലിരിപുരാമനുമായി നടന്നു. പല്ലവനരസിംഹ 2ആമനും ഈ യുദ്ധത്തിൽ രിപുസ്ഥലിരിപുരാമനോട് ചേർന്ന് ആക്രമിച്ചിട്ടുണ്ട്. എന്നാ ൽ വല്ലഭൻ 2 ആത്മാഹൂതി ചെയ്തത് ഈ യുദ്ധങ്ങളിലല്ല. രാജവർമ്മനെന്ന ഭടസ്ഥലി രിപുരാമനാണ് പിന്നെ രാജാവായത്. ഇതദ്ദേഹത്തിന്റെ രണ്ടാംതവണത്തെ സിംഹാസനാരോഹണമാണ്.

പാലകന്റെ സഹോദരീപുത്രനായഗഭീരൻ പല്ലവരെ ഓടിച്ചു. അദ്ദേഹത്തിന്റെ ഒരു ദൂതന് നയതന്ത്രകാര്യപ്രാധാന്യമുള്ള സന്ദേശവുമായി ഭൂമി ചുറ്റി സഞ്ചരിക്കുമ്പോൾ, മരുപൂർവ്വപതി ഈ സന്ദേശം അപഹരിച്ചു. അതിനാൽ മൂന്നാം വലഭനെന്ന ഗഭീരൻ മരുപൂർവ്വപതിയെ ആക്രമിച്ച് അദ്ദേഹത്തിന്റെ നഗരം എരിച്ചുകളഞ്ഞു. ഗഭീരന്റെ അനുജനായ ജനമാനി ശിവപാദശേഖരൻ എന്ന ജയമാനിരാമഘടമൂഷകേശ്വരൻ അന്ന് യുവരാജാവാണ്. ഈ ജയമാനി

യുടെ മൂത്ത പുത്രനാണ് നാലാമത്തെ വല്ലഭൻ. ഹൈഹയേശ്വരനായ രാജരാജവർമ്മൻ. പാശ്ചാത്യയുഗധർമ്മം കൊണ്ട് ഭട്ടസ്ഥലിയായ തന്റെ പൂർവ്വദേശത്ത് ധർമ്മക്ഷയം വന്നതുകണ്ട് വല്ലഭന് വാസസ്ഥാനം ചേലൂരിലേക്കു മാറ്റി. യാഗവും ഷഡംഗവിചാരവും ചെയ്യാനാണ് വന്ദേരി വിട്ട് പെരുഞ്ചെല്ലൂരിലേക്ക് പോയത്. വന്ദേരിയിൽ യാഗം പതിവില്ല. അവിടെ ശതസോമൻ പണ്ട് നിർമ്മിച്ച ഗൌരീപുരത്തിലെത്തി അത് ജീർണ്ണോദ്ധാരണം ചെയ്തു. മുനിസഭയിൽ സമസ്തശാസ്ത്രചർച്ചയും പുനരാരംഭിച്ചു. അപ്പോഴാണ് ശിവപാദശേഖരനെന്ന തന്റെ ഗുരു രാമഘടേശ്വരൻ മൃത്യു പ്രാപിച്ചത് അറിഞ്ഞത്. ഉടനെ തന്റെ ഗുരുമൂലപാദദേശത്തേക്ക് തിരിച്ചു. നിത്യസുസമൃദ്ധവും വിഭവഗുരുധർമ്മവിത്തമവും ആയ സുഗതന്റെ ശുചിമൂലസ്ഥാനത്തെത്തി വന്ദിച്ചു. ഗുരുവിന്റെ മരണത്തിൽ നടുനാടായ മൂഷകദേശത്തെ രാജാവിനു പങ്കുണ്ടെന്ന് മനസ്സിലാക്കി. ഉടനെ വിക്രമോപഹതരാമപദവിരചിതാഹ്വയവും പഴയ വിഹാരദുർഗ്ഗവുമായ മൂഷകനഗരമെന്ന സ്വമന്ദിരത്തെത്തന്നെ ചെന്ന് ഉപരോധിച്ചു. മൂഷകപതിയായി അവിടെ ഇരിക്കുന്ന രാമഘടേശ്വരനെ ഓടിച്ചു. വന്നിലശ്ശേരിയിലെ വലഭൻ ആ സ്ഥാനത്ത് അഭിഷിക്തനായി. കില്ലാനദി സമുദ്രത്തിൽ ചേരുന്നിടത്ത് മാരാഹി എന്ന വല്ലഭ (വലഭി)പത്തനം സ്ഥാപിച്ചു. വടുകേശ്വരമണ്ഡപത്തിൽ ചണ്ഡേശ്വരപ്രതിഷ്ഠ നടത്തി. വലഭന്റെ സഹോദരനും രാജധർമ്മാവുമായ വിഷ്ണുഭക്തനായ ശ്രീകണ്ഠൻ സകലകാവ്യകഥാമൃതവിത്തായിരുന്നു. അദ്ദേഹം തന്റെ പൂർവ്വികനായ വടുവിന്റേയും ഈശന്റേയും നാമം വഹിക്കുന്ന ഇന്ദുമൌലിയുടെ വടുകേശ്വരക്ഷേത്രം നവീകരിച്ചു. ഖരവനത്തിലെ ആഹിരണേശ്വരപുരം ഉദ്ധരിച്ചു. വല്ലഭന് ശിവനന്ദി ഭവനന്ദി എന്ന് രണ്ട് വംശതിലകങ്ങളായ പുത്രന്മാരുണ്ടായിരുന്നു.

‘‘യത്ര ദ്വിജന്മതിലകൌ ഭവനന്ദിസംജ്ഞാ-
വക്ഷീയമാണഗുണരത്നചയാവഭൂതാം
മോഹോപനോദകരണാർത്ഥമഹ പ്രജാനാം
ശുക്രശ്ച ശക്രസചിവശ്ച ദിവോവതീർണ്ണൌ’’

വല്ലഭനും ഈ പുത്രന്മാരും കൂടി വലഭി സർവ്വകലാശാല ഗുജറാത്തിലെ പാദലിപ്തപുരത്തിനടുത്തും, കിഴക്ക് നളന്ദ എന്ന ധർമ്മസ്ഥലിയിലും സ്ഥാപിച്ചു. വിദേശാക്രമണം കൊണ്ട് നാട്ടിലെ സംസ്കാരം നശിച്ചുപോകാതിരിക്കാനാണ് വല്ലഭൻ ഇപ്രകാരം കലാശാലകളിലെ വിദ്യാസമ്പ്രദായം പോഷിപ്പിച്ചത്. വല്ലഭന്റേയും ശ്രീകണ്ഠന്റേയും തോൽ അഥവാ സഭയിലെ അംഗമായിരുന്നു തോലകവി അഥവാ അതുലകവി. അദ്ദേഹത്തിന്റെ മൂഷകവംശകാവ്യം ശ്രീകണ്ഠനോടുകൂടി അവസാനിക്കുന്നു.

‘‘പീനോന്നതസ്ഥിരതരാംസതടം പ്രലംബ-
ജ്യാഘാതലാഞ്ഛിതകഠോതരപ്രകോഷ്ഠം
കൌക്ഷേയകത്സരുകിണാങ്കതലാങ്ഗുലീകം
യദ്ബാഹുദണ്ഡമജിതം ഭജതേ ജയശ്രീഃ”
‘‘കല്പദ്രുമഃ പ്രണയിനാം, സുഹൃദാം ശശാങ്കോ,
ബന്ധുസ്സതാം, സദനമംബുജദേവതായാഃ
വർഗ്ഗസ്യ യസ്സമിതി വിദ്വിഷതാം കൃതാന്തഃ,
കാന്തജനസ്യ ഭഗവാനപി പുഷ്പകേതുഃ” എന്നാണ് ശ്രീകണ്ഠനെ കവി വിശേഷിപ്പിച്ചത്.

നാഗവംശം

ഭാരദ്വാജി (ഭാരതവാസി)കളായ ആദിമനാഗവർഗ്ഗം വാസുകി ,അനന്തൻ മുതലായവരിൽനിന്നാണ് ഉത്ഭവിച്ചത്. യദുവംശവും അങ്ങനെത്തന്നെ. വാസുകി,ശേഷനാഗമായ അനന്തൻ മുതല് ഉള്ളവരുടെ പിൻഗാമികളായി ഉണ്ടായ നാഗവംശത്തിലെ 13 രാജാക്കന്മാരെ വിദിശയിലെ നാഗപരമ്പരയിൽ ജെയ്സ്വാള് പറയുന്നു. അദ്ദേഹത്തിന്റെ കാലഗണന,

1. ശേഷനാഗം
2. ഭോഗിനാഗം
3. രാമചന്ദ്രനാഗം
4. ധർമ്മവർമ്മനാഗം
5. വംഗാരനാഗം
6. ഭൂതനന്ദി
7. ശിശുനന്ദി
8. യശനന്ദി
9. പുരുഷദത്ത
10. ഉത്തമദത്ത
11. കാമദത്ത
12. ഭവദത്ത(നന്ദി)
13. ശിവദത്ത (നന്ദി)

എന്നാണ്. പുരുഷദത്തൻ മുതലുള്ളവരുടെ ലിഖിതങ്ങള് കിട്ടിയിരിക്കയാല് അവരുടെ കാലം നിർണ്ണയിക്കാനായിട്ടുണ്ട്. കൌശാംബി,വിദിശ,പത്മാവതിയിലെ രാജാവായ നവനാഗൻ താനൊരു ഭാരശിവനാണെന്ന് പറഞ്ഞിട്ടുമുണ്ട്. ഭാരശിവനാഗങ്ങളുടെ പാരമ്പര്യമാണ് വാകാടകർക്കും ശതകർണ്ണിക

ൾക്കും ഗുപ്തന്മാർക്കും. The Bharashivas re-established Hindu soveriegnty in Aryavartha .They restored the Hindu imperial throne and the national civilization and gave a new life to their country. THEY RESTORED THE SANCTITY OF Mother Ganges , the river of Lord Shiva .

ബിസി 335ൽ അലക്സാന്ററ് ആക്രമിച്ചപ്പോള് പുഷ്കലാവതിയിലെ ആസ്തികനും അശ്വായനരും അശ്വകായനരും അദ്ദേഹത്തെ എതിർത്തു. പണ്ട് അത്തരം ആക്രമണം ഉണ്ടാവുമ്പോൾ രാജ്യത്തിന്റെ എല്ലാ ഭാഗത്തു നിന്നുമുള്ള പടയാളിസംഘം ആവശ്യമുള്ള ഭാഗത്തേക്ക് പോകുന്ന പതിവുണ്ട്. അപ്രകാരം മൂഷകവനത്തിലെ ഒരു റെജിമെന്റ് (മൂഷ്കനോസ് എന്ന് ഗ്രീക്കുകാർ) മുഷ്കിനദീതീരത്തെ മൂഷകക്കോട്ടയിൽ ഉണ്ടായിരുന്നു. ആദ്യം കിള്ളി എന്ന രാജ്ഞി (കിള്ളാ അഥവാ കില്ലാനദി വടക്കേ മലബാറിലെ തളിപ്പറമ്പിലാണ്.)30000 കാലാളും 38000 അശ്വപ്പടയും 7000 രഥവും 30 ആനയും ഉള്ള ചതുരംഗപ്പട നയിച്ച് എതിർത്തു. കിള്ളിയുടെ അശ്വകായനപ്പടയെ അലക്സാന്റർ തോൽപ്പിച്ചു. അർണ്ണോജം, ബസ്ര, ഔര,ദീർത്ത മുതലായ നഗരങ്ങൾ കീഴടങ്ങി. രവിനദിക്കപ്പുറത്തെ ശക്തരായ കാത്തോയ് എന്ന കാർത്തവീര്യവംശമായ മൂഷകപ്പടയെ നയിച്ച് അലക്സാന്ററെ എതിർത്തത് പുരുഷോത്തമനാണ്. യുദ്ധത്തിൽ തക്ഷശിലയിലെ അംബിയും അംബികുമാരനും അലക്സാന്ററരെ സഹായിക്കയും പുരുഷോത്തമനെ ചതിക്കയും ചെയ്തിട്ടും ഗ്രീക്കുപടയെ തോൽപ്പിക്കാനും സമുദ്രമാർഗ്ഗം തിരിച്ചയക്കാനും പൂരുവിന് കഴിഞ്ഞു. രവിനദിക്കപ്പുറം സിന്ധുനദീതീരം അന്നു ഭരിക്കുന്നത് ശക്തരായ മൂഷകനോസ് ആണെന്ന് ഗ്രീക്കുചരിത്രം രേഖപ്പെടുത്തുന്നു. ഈ വംശത്തിലെയാണ് കിള്ളിയും പൂരുവും. കിള്ളി ചോളവംശവും പൂരു ചേരവംശവുമാണ്. രണ്ടാളും മൂഷകവംശം. സിന്ധു സമുദ്രത്തിൽ ചേരുന്ന സ്ഥാനം മുതല് ഭൃഗുകച്ഛം, ദ്വാരക, കേരളകർണ്ണാടകമുൾപ്പെട്ട കൊങ്കണ തീരം അന്നും ഭരിക്കുന്നത് മൂഷകവംശമാണ്. ബിസി 304-299ൽ സെല്യൂക്ക സിന്റെ കാലത്ത് ആന്ധ്രകവംശത്തിലെ ആന്ധ്രഗുപ്തന്മാരാണ് (ആന്ത്രക്കോട്ടസ്) അവിടെ ഭരണം. ദക്ഷിണാപഥം മുഴുവനും അടക്കിവാഴുന്ന മൂഷക,ആന്ധ്രകശതകർണ്ണിവംശം എന്ന് സാരം. ഐതരേയ ബ്രാഹ്മണത്തിൽ ആന്ധ്രകന്മാരെ പരാമർശിക്കുന്നു. (ഭണ്ഡാർക്കര്) അശോകന്റെ 12ആം ശിലാശാസനത്തിൽ യോന,കാംബോജ,നാഭാഗ, നബിതി (നമ്പിടി) ഭോജ, പിതിങ്ക, ആന്ധ്ര,പുളിന്ദന്മാരെ പരാമർശിക്കുന്നു. ബിസി 235 മുതല് 225 എഡിവരെയുള്ള ശതകർണ്ണിഭരണം മൂഷകശതകർണ്ണിമാരുടെ ഭരണത്തുടർച്ചയാണ്.

കേരളകർണ്ണാടകആന്ധ്രതമിഴ്വംശങ്ങൾഃ-

മഹാബലി മാഹിഷ്മതി കേന്ദ്രമാക്കി ഭാരതം മുഴുവനും ഭരിച്ചിരുന്ന കാല ത്ത് അദ്ദേഹത്തിന്റെയും രാജ്ഞി വിന്ധ്യാവലിയുടേയും ആറു മക്കൾ 6 മണ്ഡലാധിപതികളായി ഭരിച്ചു. അവരാണ് അംഗൻ, വംഗൻ,കലിംഗൻ, സുഹ്മ ൻ, പുണ്ഡ്രൻ, ആന്ധ്രൻ എന്നവർ. ആന്ധ്രകന്റെ മക്കളാണ് കേരള,കർണ്ണാടക, തമിഴകമക്കൾ. ആയിരം ബിസിക്കു മുമ്പേ ആന്ധ്രകജനപദം പലതായി ഭിന്നി ച്ചു എന്നും അപ്പോളതിനെ വല്ലഭൻ ത്രിലിംഗദേശമെന്നപേരില് ഒരിമിപ്പിച്ചു നിർത്തി എന്നും ചരിത്രം.ഇദ്ദേഹത്തെ ആന്ധ്രമഹാവിഷ്ണുഅവതാരമെന്ന് പറയുന്നു. വല്ലഭന്റെ അഛന് 30000 ബ്രാഹ്മണയോദ്ധാക്കളുള്ള സൈന്യം ഉണ്ടായിരുന്നു. വല്ലഭനെന്നത് കേരളരാജാക്കന്മാരുടെ ഒരു ശാഖയാണ്. ഈ യോദ്ധാക്കളിൽ പലരും കണ്വവംശം ഭരിക്കുന്ന കാലത്ത് മഗധയിലെ സേനാ ധിപന്മാരായിരുന്നു. അവരിലൊരാളാണ് പിന്നീട് സുശർമ്മനെ വധിച്ച ശിമു ഖനെന്ന ശതവാഹനരാജാവ്. അദ്ദേഹം നാരായണന്റേയും സുശർമ്മന്റേയും സേനാപതിയായിരുന്നു. മഗധസൈന്യത്തിൽ അദ്ദേഹം സ്വന്തമായ ഒരു ആന്ധ്ര കസൈന്യത്തെ (റെജിമെന്റ്) ഉണ്ടാക്കി. വിജയവാഡ ശ്രീകാകുളത്ത്(3000 വർഷം മുമ്പത്തെ ആന്ധ്രതലസ്ഥാനം) വല്ലഭൻ തലസ്ഥാനമാക്കി. ശിവന്റെ വരം കൊണ്ട് ത്രി കോണാകൃതിയിൽ 3 ലിംഗങ്ങൾക്കിടയിലാണ് വല്ലഭന്റെ ത്രികലിംഗം. ദ്രാക്ഷാരാമം, ശ്രീശൈലം, കാലേശ്വരം ഇവക്കിടയിലായി ത്രിലിം ഗദേശം വല്ലഭൻ സ്ഥാപിച്ചു. കാശ്മീരം മുതൽ കന്യാകുമാരിവരെ ഒറ്റ രാജ്യ മായി ശതകർണ്ണിവംശം ഭരിച്ചിരുന്നു (ആന്ധ്രകരാജ്യം എന്ന ജനപദം). ഇന്ത്യ മുഴുവനും അവരുടെ വിവിധശാഖകള് പടർന്നുപന്തലിച്ചു. 127ആമത്തെ കാശ്മീരരാജാവ് സംഗ്രാമരാജൻ ലോഹരരാജപുത്രനും സാഹികുടുംബത്തി ലെ ദിദ്ദദേവിയുടെ സഹോദരപുത്രനും ശതവാഹനവംശജനുമാണ്. സിംഹസ്ഥ യായ ദേവിയാണ് ആന്ധ്രകവംശശതവാഹനരുടെ പ്രിയങ്കരമായ ചിഹ്നം. ഹാലശതകർണ്ണിയുടെ പ്രാകൃതസപ്തശതി പ്രസിദ്ധമാണ്. രാജാക്കന്മാരുടെ കൂടെ അമ്മയുടെ പേരുചേർത്തെഴുതുന്ന കേരളത്തിലെ മാതൃദായസമ്പ്രദായം ശതവാഹനർക്ക് ഉണ്ടായിരുന്നു. ഉദാഃ ഗൌതമിബാലശ്രീപുത്രനെ ഗൌതമിപു

ത്രശതകർണ്ണി, വാസിഷ്ഠിപുത്രപുലുമാവിശതകർണ്ണി, ഹാരീതിപുത്ര മുതലായവ.

മദ്ധ്യദേശത്തെ പാണ്ഡവ,കോസല,ഉത്കലരാജവംശകാലത്ത് ത്രികലിംഗ ത്തിന്റെ അതിരുകള് ദക്ഷിണേന്ത്യയിലെ ദ്രാവിഡദേശത്തേക്ക് വ്യാപിക്കു ന്നില്ല. പൂർവ്വഘട്ടം കലിംഗത്തെ രണ്ടായി ഭാഗിക്കുന്നു. (കിഴക്കും പടിഞ്ഞാ റും). മഹാനദിയും ഗോദാവരിയും പടിഞ്ഞാറൻകലിംഗത്തിന്റെ വടക്കും തെക്കും അതിർത്തികളാണ്. ഇന്ദ്രാവതിനദി പടിഞ്ഞാറൻകലിംഗത്തെ വടക്കും കിഴക്കും കലിംഗമാക്കി വിഭജിക്കുന്നു. ഇന്ദ്രക്കും മഹാനദിക്കും ഇടയിലായി വടക്കൻകലിംഗം, ഇന്ദ്രാവതിക്കും ഗോദാവരിക്കുമിടയിലായി തെക്കൻ കലിം ഗം.

തെക്കൻകലിംഗം- അതിർത്തിഃ പടിഞ്ഞാറും വടക്കുപടിഞ്ഞാറും ഇന്ദ്രാവതി, തെക്ക് ഗോദാവരി,കിഴക്ക് പൂർവ്വഘട്ടം. കോരാപുട്ടിന്റെ തെക്കുഭാഗം മുതല് ബസ്തർവരെ. വടക്കുപടിഞ്ഞാറൻ ശ്രീകാകുളം.

വടക്കൻകലിംഗം-അതിർത്തിഃ വടക്കും പടിഞ്ഞാറും മഹാനദി, തെക്കും കിഴക്കും പൂർവ്വഘട്ടം. വടക്ക് കോരാപുട്ട് തൊട്ടുള്ള തെക്കുകിഴക്കൻ കാലഹന്തി.

കിഴക്കൻകലിംഗം-അതിർത്തിഃ- പടിഞ്ഞാറ് പൂർവ്വഘട്ടം, തെക്ക് ഗോദാവരി കടലിൽചേരും വരെയുള്ള ഭാഗം മുഴുവനും, വടക്ക് മഹാനദി കടലിൽചേ രുന്ന ഭാഗം വരെ, കിഴക്ക് വംഗഉൾക്കടൽ.

ഒറീസ്സ സ്റ്റേറ്റ് മ്യൂസിയത്തിലെ ബ്രഹ്മാണ്ഡപുരാണം മാനുസ്ക്രിപ്റ്റിൽഃ-

ഋഷികുല്യാം സമാസാദ്യാ യാവദ് ജ്ഞാവതീനദീ

കലിംഗദേശപ്രഖ്യാതോ ദേശാനാഗർഹിതസ്തദാ

ജ്ഞാവതീസമാസാദ്യാ യാവദ് വേദവതീനദീ

ത്രികലിഗേതി വിഖ്യാതോ--- എന്ന് കാണാം.

ഹിരണ്യകശ്യപനും പ്രഹ്ലാദനും വിരോചനനും മഹാബലിക്കും ശേഷം , അം ഗ ,വംഗ,കലിംഗ,സുഹ്മ,പുണ്ഡ്ര,ആന്ധ്രദേശങ്ങളെല്ലാം ഒന്നിപ്പിച്ച് ഇക്ഷ്വാകു വം ശത്തിലെ മാന്ധാതാവും മുചുകുന്ദനും മാഹിഷ്മതിയില് ഭരിച്ചു. മാഹിഷ്മ തി കേന്ദ്രമാക്കി ഭരിച്ച മറ്റൊരു പ്രധാനരാജാവാണ് യദുവംശത്തിലെ കാർത്ത വീര്യാർജ്ജുനന്. അദ്ദേഹത്തിന്റെ അവസാനത്തെ രാജ്ഞി വിന്ധ്യാവലിയു ടെ പുത്രനായ രാമഘടമൂഷകനാണ് പരശുരാമനുശേഷം, അയോദ്ധ്യയിലെ

രാമന്റെ സമകാലീനനായി മദ്ധ്യേന്ത്യയും ദക്ഷിണേന്ത്യയും വിശിഷ്യ കേരളവും ഭരിച്ചത്. രാമഘടമൂഷകന്റെ രണ്ടാമത്തെ പുത്രനായ നന്ദനന്ന് ദക്ഷിണേന്ത്യയിലെ എല്ലാ ട്രൈബൽയുവതികളിലുമായി അനേകം ക്ഷത്രിയകുമാരന്മാരെ സൃഷ്ടിക്കേണ്ടിവന്നു. നന്ദനവംശം(നന്ദവംശം)അവരാണ് പിന്നീട് ദക്ഷിണേന്ത്യയും മദ്ധ്യേന്ത്യയും ഭരിച്ചത്.കണ്വാടവിയെന്ന കർണ്ണാടകദേശത്ത് വിശ്വാമിത്രപുത്രി ശകുന്തള പൂരുവംശത്തിലെ ദുഷ്യന്തനിൽനിന്ന് പ്രസവിച്ച ഭരതനും ആന്ധ്രകനും ഭാരതം മുഴുവനും ഭരിച്ചു. ഓരോ രാജവംശങ്ങളുടേയും വംശാവലി (ലീനിയാർ ഹിസ്റ്ററി) ചാംക്രികമായ (സൈക്ലിക്കൽ) ചരിത്രത്തോടൊപ്പം സൂക്ഷിക്കുന്ന രീതിയാണ് ഭാരതത്തിന്. ഇതിഹാസപുരാണങ്ങളിലെ വംശാവലികളാണ് ഇതിനു സാക്ഷ്യം. അതുപോലെയുള്ള ചില വംശാവലികളും പ്രാദേശികചരിത്രവുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

- മാഹിഷ്മതി തെക്കൻ അവന്തിയിലെ ഏറ്റവും പ്രധാനനഗരവും അനൂപദേശത്തിന്റെ തലസ്ഥാനവുമായിരുന്നു. അനൂപദേശമെന്നാൽ സമുദ്രനിരപ്പിൽനിന്ന് താഴെ കിടക്കുന്ന കടലോരദേശം. ദ്വാരകമുതലുള്ള ഇന്ത്യയുടെ കടലോരദേശം. മഹാഭാരതത്തിൽ കൃഷ്ണനെ അനൂപദേശഭൂപതി എന്നു വിളിക്കുന്നുണ്ട്.അനൂപദേശമെന്ന കടലോരദേശം പിന്നീട് ആലൂപദേശമെന്നും വിളിക്കപ്പെട്ടു. പൌരാണികകാലം മുതൽ 13ആം നൂറ്റാണ്ടുവരെ മാഹിഷ്മതിനഗരം പ്രസിദ്ധമായിരുന്നു. 1225ലെ പരമാരരാജാവ് ദേവപാലന്റെ ലിഖിതത്തില്, അദ്ദേഹം മാഹിഷ്മതിയിൽവെച്ചാണ് ബ്രാഹ്മണർക്ക് ഗ്രാമദാനം ചെയ്യുന്നത്. ഉജ്ജയിനിക്ക്തെക്കും പ്രതിഷ്ഠാനത്തിനു വടക്കുമായി ഈ രണ്ടുനഗരങ്ങളേയും ബന്ധിപ്പിക്കുന്ന ഗതാഗതമാർഗ്ഗത്തിലാണ് മാഹിഷ്മതി (സുത്തനിപാതം).പതഞ്ജലി ഉജ്ജയിനിയിൽനിന്ന് പുറപ്പെട്ട സഞ്ചാരിക്ക് മാഹിഷ്മതിയിലെ സൂര്യോദയം കാണാമെന്ന് എഴുതിയിരിക്കുന്നു. അവന്തിയെ വിന്ധ്യൻ രണ്ടായി ഭാഗിക്കുന്നു. ഉജ്ജയിനി വടക്ക്, മാഹിഷ്മതി തെക്ക്. ഹൈഹയവംശത്തിലെ മാഹിഷ്മാനാണ് മാഹിഷ്മതിനഗരം ഉണ്ടാക്കിയതെന്ന് കരുതുന്നു. രഘുവംശത്തില് മാഹിഷ്മതി ദ്വീപമാണെന്നും അത് മാന്ധാതാദ്വീപം അഥവാ ഓങ്കാരേശ്വരദ്വീപാണെന്നും എഫ്. ഇ. പ്രാജിറ്റർ. ഹരി വംശത്തിൽ മാന്ധാതാപുത്രൻ മുചുകുന്ദനാണ് നഗര സ്ഥാപകൻ. എച്ച്.ഡി സങ്കാലിയ മഹേശ്വരമാണ് പഴയ മാഹിഷ്മതി എന്ന് കരുതുമ്പോള്, പഴയ മഹിഷപുരമെന്ന മൈസൂരാണെന്നും മാണ്ഡ്ലയാണെന്നും പല അഭിപ്രായം പലരും പറയുന്നു. സഹദേവൻ കാവേരി നദി കടന്നാണ് മാഹിഷ്മതിയിലെത്തിയത് എന്ന മഹാഭാരതപരാമർശം മൈസൂരിലും മാഹിഷ്മതിയുണ്ടായിരുന്നതിന് തെളിവാണ്. മാന്ധാതാനഗരത്തിനടുത്തും ചെറിയ ഒരു അരുവി കാവേരി എന്ന നാമത്തോടെ ഒഴുകുന്നുണ്ട്.


- മഹാഭാരതം അനുശാസനപർവ്വത്തില് ഇക്ഷ്വാകുപുത്രനായ ദശാശ്വനാണ് മാഹിഷ്മതിരാജാവ്. അതേ പർവ്വത്തില് ഹൈഹയരാജാ കാർത്തവീര്യ ന്റെ തലസ്ഥാനമായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. സഭാപർവ്വപ്രകാരം മാഹിഷ്മതിയിലെ നിളനെന്ന രാജാവിനെ സഹദേവൻ തോൽപ്പിച്ചു. നിള ൻ കുരുക്ഷേത്രയുദ്ധത്തില് ഭീഷ്മനാല് രഥി എന്ന് കണക്കാക്കപ്പെട്ട രാജാ ക്കന്മാരിലൊരാളാണ്. അദ്ദേഹത്തിന്റെ ആവരണം നീലയാണ്(5.19.167)
- ഹരിവംശം(33. 1847)യദുവംശത്തിലെ സഹഞ്ജന്റെ പിൻഗാമികളിലൊ രാളായ ഹൈഹയപുത്രൻ മാഹിഷ്മാനാണ് നഗരസ്ഥാപകൻ. ഇതേ ഗ്രന്ഥ ത്തിൽ രാമന്റെ മുൻഗാമിയായ മുചുകുന്ദനാണ് നഗരം സ്ഥാപിച്ചതെന്നും അദ്ദേഹം ഋക്ഷപർവ്വതത്തില് പുരിക എന്ന നഗരവും മാഹിഷ്മതി എന്ന നഗരവും നിർമ്മിച്ചു എന്നും പറയുന്നു. (പുരിക നാഗരാജധാനിയാണ്).
- പത്മപുരാണം മഹിഷനാണ് മാഹിഷ്മതി സ്ഥാപിച്ചതെന്ന് പറയുന്നു. കാർക്കോടകനാഗത്തിന്റെ മാഹിഷ്മതി കാർത്തവീര്യാർജ്ജുനന് പിടിച്ച ടക്കിയതാണ്.
- രഘുവംശം രേവാ(നർമ്മദാ)തീരത്തെ അനൂപദേശതലസ്ഥാനമാണ് എന്നും, രാമായണം രാവണൻ മാഹിഷ്മതി ആക്രമിച്ചിട്ടുണ്ട് എന്നും പറയുന്നു.
- ദിഗ്ഗനികായം മഹാഗോവിന്ദസുത്താന്തം എന്നിവ അവന്തിതലസ്ഥാനം എന്നു കരുതുന്നു. അംഗുത്തകനികായം ഉജ്ജയിനിയാണ് അവന്തിതല സ്ഥ3നം എന്ന് കരുതുന്നു. ദീപവംശം മഹിഷരാഷ്ട്രമെന്നും മഹാവംശം മഹിഷമണ്ഡലമെന്നും ബുദ്ധഘോഷൻ രാത്തം മഹിഷം, മഹിഷകമണ്ഡലം, മാഹിഷ്മകമെന്നും പലപേരിൽ പറയുന്നു. മഹിഷമെന്ന ട്രൈബലുകളുടെ നാടാണ് ഭീഷ്മപർവ്വത്തിലെ മാഹിഷിക എന്ന് ജോണ്.എഫ്. ഫ്ലീറ്റ്. സുത്ത നിപാതത്തിലെ ബാവരിയുടെ യാത്രയിൽ പ്രതിഷ്ഠാനത്തിൽനിന്ന് ഉജ്ജയി നിയിലേക്കുള്ള വഴിയിലാണ് മാഹിഷ്മതി. സാഞ്ചിലിഖിതപ്രകാരം സാഞ്ചിസ്തൂപത്തിന് മാഹിഷ്മതിയിലെ ജനങ്ങൾ ദാനം കൊടുക്കുകയും സ്തപം കാണാൻ വരികയും ചെയ്തിട്ടുണ്ട്.
- ആര്യാവർത്തത്തില് മറ്റെവിടെയുമില്ലാത്ത ഒരു വിവാഹസമ്പ്രദായം മാഹിഷ്മതിയിലുണ്ടെന്ന് മഹാഭാരതം. ആന്ധ്രമഹാഭാരതം സഭാപ ർവ്വത്തിലും ഇതുണ്ട്.ഈ തെലുഗുരാമായണപ്രകാരം മാഹിഷ്മതി ഭരിച്ചിരുന്ന നിഷാദരാജാവ് നിളന് അതിസുന്ദരിയായ ഒരു പുത്രിയുണ്ടാ യിരുന്നു. രാജാവ് ധാരാളം യാഗം കഴിച്ചിരുന്നു. പുത്രി അഗ്നിക്കരികി ലിരുന്ന് അഗ്നി ഊതിക്കത്തിച്ച് അഗ്നിയെ ഊർജ്ജസ്വലമാക്കി. അവൾഊതി യാലേ നീലന്റെ യാഗാഗ്നി ജ്വലിച്ചിരുന്നുള്ളു. അഗ്നിദേവന് ഈ സുന്ദരി യിൽ പ്രേമമുണ്ടായി. അദ്ദേഹം ബ്രാഹ്മണരൂപത്തിൽ വന്ന് നിളയെ വശീകരിച്ചു. രാജാവ് ഇതറിഞ്ഞ് ബ്രാഹ്മണനെ ശിക്ഷിക്കാൻ കൽപ്പിച്ചു.

യജ്ഞാഗ്നി കാലാഗ്നിപോലെ ജ്വലിച്ചു. രാജാവ് അതിനുമുമ്പിൽ ശിരസ്സ് ഭൂമിയിൽതൊട്ട് നമിച്ചു. വേദത്തിനും ജ്ഞാനത്തിനും ധർമ്മത്തിനും സ്രഷ്ടാവായ അഗ്നിദേവനെ എനിക്കെങ്ങനെ ശിക്ഷിക്കാനാവും, എനിക്ക് മാപ്പുതരണമെന്ന് അപേക്ഷിച്ചു. അഗ്നി നിന്റെ രാജ്യം ഒരിക്കലും ശത്രുക്കളാൽ ആക്രമിക്കപ്പെടാതിരിക്കാൻ, നിന്റെ നാട്ടിൽ പരിശുദ്ധ പ്രേമത്തോടെയല്ലാതെ ആരും ഒരു സ്ത്രീയേയും പ്രാപിക്കില്ലെന്ന നിയമം കൊണ്ടുവരാൻ ആവശ്യപ്പെട്ടു.ഇപ്രകാരം സ്ത്രീയെ ബഹുമാനിച്ച് അഗ്നി സമക്ഷം വേൾക്കുന്ന രീതി നിളൻരെ നിഷാദരാജ്യത്താണ് ആരംഭിച്ചത്. ഡെക്കാൻ അഥവാ ദണ്ഡകാരണ്യം അഗ്നിപർവ്വതം പൊട്ടി ലാവയും പൊടിയും മൂടി നശിച്ചത് ഇക്ഷ്വാകുവിന്റെ സഹോദരനായ ദണ്ഡകൻ ഭൃഗുപുത്രി അബ്ജയെ ബലാത്കാരം ചെയ്തതുകൊണ്ടാണെന്ന് (ശാപം) വിശ്വാസം. അതിനാലാണ് അഗ്നി ബലവാനായാലും നിളയെ ബലാത്കാരമായി പ്രാപിക്കാത്തത്. നിളാരാജ്യത്തെ (നീലമാതാ) പ്രാപിക്കാൻ അഗ്നിയുടെ അനുവാദം വേണം. മഹാഭാരതത്തിൽ സഹദേവന് അഗ്നിയെ വന്ദിച്ച് അനുവാദം വാങ്ങിയ ശേഷമാണ് നിഷാദരാജ്യത്തും പിന്നീട് സൌരാഷ്ട്രത്തിലും പ്രവേശിച്ചത്.

- 6-7 നൂറ്റാണ്ടുകളില് കാലചൂരികളുടെ തലസ്ഥാനമായിരുന്നു. പല ദക്ഷിണേന്ത്യൻ രാജാക്കന്മാരും തങ്ങളുടെ ഹൈഹയവംശോൽപ്പത്തി കാണിക്കാനായി മാഹിഷ്മതീമഹാപുരേശ്വരൻ എന്ന് പേരോടു ചേർത്തിരുന്നു. ദേവപാലന്റെ കാലം വരെ മാഹിഷ്മതിയുടെ തലസ്ഥാനപദവി പോയിരുന്നില്ല.
- ആദ്യമാഹിഷ്മതി നർമ്മദാതീരത്തും, രണ്ടാമത്തേത് നിഷാദരാജ്യമായ നിളാതീരത്തും മൂന്നാമത്തേത് മൈസൂരിലും(കര്ണ്ണാടകം) ആയി കാർത്തവീര്യവംശം ചരിത്രാതീതകാലം മുതൽ പതിമൂന്നാം നൂറ്റാണ്ടുവരെ തുടർച്ചയായി രാജ്യം ഭരിച്ചു. അവരും ഇക്ഷ്വാകുക്കളും തമ്മിലുള്ള നിരവധി വൈവാഹികബന്ധങ്ങളും കാണുന്നു. കേരളത്തിലെ നിളാനദി, പെരുമ്പടപ്പു സ്വരൂപത്തിന്റെ എരുമപ്പെട്ടി എന്ന മഹിഷപുരം ഇവ ഹൈഹയകാർത്തവീര്യവംശത്തിന്റെ ശേഷിപ്പുകളായി നാട്ടുപേരുകളായി നിലനിൽക്കുന്നു. കേരള,കർണ്ണാടക,മദ്ധ്യേന്ത്യകളെ ബന്ധിപ്പിക്കുന്ന ഈ ഏകത്വത്തിന്റെ കഥയാണ് നമുക്കിനി പറയാനുള്ളത്.

  നർമ്മദ, തപതി,മാഹിനദികൾ ഇവയുടെ താഴ്വാരങ്ങളിലാണ് കുരുവംശവും യദുവംശവും തഴച്ചു വളർന്നത്. തപതിയുടേയും സംവരണന്റേയും പുത്രനായ കുരുവിന്റെ പരമ്പരയാണ് കുരുവംശം. യാദവവംശത്തിലെ ശാഖകളുടെ (ഹൈഹയ) സ്ഥാനവും ഇവിടെയാണ്. അവരുടെമുമ്പ് മഹാബലി മുതലായ അസുരവംശവും ഇവിടെയാണ് ഭരിച്ചത്. രാവണന്റെ വംശവും ഇവിടെയാണ് ജനസ്ഥാനമെന്ന് കരുതിയത്. ജനസ്ഥാനമെന്നാല്

കരുവൂർ അഥവാ ഉത്ഭവസ്ഥാനം. പുലസ്ത്യപുലഹരുടെ കരുവൂരാണ് നർമ്മദാതപതിഗോദാവരീതീരം.(ജനസ്ഥാനം.)



പുലസ്ത്യഗോത്രമാണ് രാവണൻ. പുലഹഗോത്രമാണ് നാഗങ്ങളും നിഷാദരുമെല്ലാം. പുല,ഫുല മുതലായ നാമങ്ങളെ ഇവരുടെ രാജാക്കന്മാർ പേരിനുമുമ്പിൽ ധരിച്ചിരുന്നു. പുലസ്ത്യന് ഹവിർഭൂ (അഗ്നി)യിലുണ്ടായ വിശ്രവസ്സുമഹർഷിക്ക് രണ്ടു ഭാര്യമാരിലായി യക്ഷവംശവും (കുബേര) രാക്ഷസവംശവും(രാവണ) ഉണ്ടായി. സുമാലിക്കും താടകക്കുമുണ്ടായ കൈകസി, മാരീചൻ, സുബാഹു എന്നീ കുട്ടികളാണ് രാമായണകാലത്ത് ദണ്ഡകാരണ്യവാസികൾ. കൈകസിക്ക് വിശ്രാവസ്സിലുണ്ടായ മക്കളില്, രാവണൻ കുബേരന്റെ ലങ്ക പിടിച്ചെടുത്ത് അവിടെ ചക്രവർത്തിയായി വിലസി. വിഭീഷണനും കുംഭകർണ്ണനും കൂടെത്തന്നെ കഴിഞ്ഞു.
ഖരൻ,ദൂഷണൻ,അഹീരവൻ, എന്ന് മൂന്നു സഹോദരന്മാരും കുംഭിനി, സൂപ്പണഖ എന്ന് രണ്ടു സഹോദരിമാരും തെക്കേ ഇന്ത്യയിലും മദ്ധ്യേന്ത്യയിലുമായി ജീവിച്ചു. മാരീചനും സുബാഹുവും താടകയും വസിച്ച വിന്ധ്യനിലെ ദണ്ഡകാരണ്യത്തിൽനിന്ന് രാമശരം താടകയേയും സുബാഹുവേയും വധിച്ച് മാരീചനെ ദക്ഷിണസമുദ്രക്കരയിലെ മാരീചപത്തനത്തി

ലെക്ക് ഓടിച്ചു, അവിടെ അദ്ദേഹം തപസ്വിയായി ജീവിച്ചു. നാമിപ്പോൾ എലഫന്റ ഗുഹകളെന്ന് വിളിക്കുന്നത് പഴയകാലത്തെ ഖരപുരിയാണ്. ഖരദൂഷണന്മാരുടെ സ്ഥാനം. പുരിക എന്നും പറഞ്ഞിരുന്നു. ആ ദ്വീപിന്റെ അറ്റത്ത് മോണോലിത്തിക്ക് ആനകളെകണ്ട പോർത്തുഗീസുകാരാണ് എലഫന്റെ എന്ന് പേരുമാറ്റിയത്. ഖരാസുരനെന്നും ഖരമഹർഷിയെന്നും വിളിച്ചിരുന്ന ഖരന്റെ നിരവധി ശിവപ്രതിഷ്ഠകൾ കേരളമുൾപ്പെടെ ദക്ഷിണേന്ത്യയിലുണ്ട്. അഹീരവാന്റെ അഹീരണപുരി കണ്ണൂരിലാണ്. അതിനെ പിൽക്കാലത്ത് മൂഷകവംശരാജാക്കന്മാരായ അഹീരണ,മഹീരണന്മാർ അഹീരണപുരം അഥവാ അരോളി എന്നു വിളിച്ചു പുതിയ ശിവപ്രതിഷ്ഠകൾ ചെയ്തു. ഒറ്റ കുന്നിന്മേൽ ഏറ്റവുമധികം ഗുഹാക്ഷേത്രങ്ങളുള്ള കണ്ണശാല (കൃഷ്ണഗിരി, കണ്ണഗിരി) കാൻഹേരി എന്നറിയുന്നു. ഇത് സുപാരക (ശൂർപ്പാരക)തുറമുഖത്തിനടുത്താണ്. കല്യാണിലേയും ചെമുലയിലേയും വ്യാപാരവിപണനശാലകൾ ,സുപാരകമെന്ന തുറമുഖം ഇവക്കടുത്ത് പ്രധാനമായ സ്ഥാനമാണ് കാൻഹേരിക്ക്. സുപാരകയാണ് ശൂർപ്പണഖനാമത്തിലുള്ള നഗരി. വിന്ധ്യനിലെ ദക്ഷിണാപഥപാതയിലും ദണ്ഡകാരണ്യത്തിലും ഇവരെല്ലാം സുപ്രധാനസ്ഥാനത്തിരുന്ന് രാവണനെ സഹായിച്ചിരുന്നു. കുംഭിനിനദിക്കരയിലാണ് രാവണസഹോദരി കുംഭിനിയുടെ നഗരം. ഇത് ഇപ്പോളറിയുന്നത് കുംബളേ(കുംഭഹോള) എന്നാണ്. കേരളത്തിലെ കാസർകോഡു ജില്ലയിലാണ്.
ഇപ്രകാരം പ്രിഹിസ്റ്റോറിക്ക് കാലം മുതലുള്ള ചരിത്രത്തെ അന്വേഷിക്കുന്നപക്ഷം ഫൂലാംബ്രിയിലെ പിംപലഗ്രാമമെന്ന പിപ്പലിവനവും(ചന്ദ്രഗുപ്തമൌര്യന്റെ ഗ്രാമം), പു(ഫു)ലകേശിമാരുടെ സാമ്രാജ്യവും ചേരകുലശേഖരസാമ്രാജ്യവും വാകാടക,ശതവാഹനരും പല്ലവരുമെല്ലാം ഉൾപ്പെട്ട പുതിയ ചരിത്രത്തിലെ പല ഗാപ്പുകളും ഇല്ലാതാവും.

ചില ചോദ്യങ്ങൾ നമുക്ക് ചോദിക്കാം. അതിനുത്തരവും മനസ്സിലാക്കാം. എങ്ങനെ ഒരേ സമയം സൂര്യവംശജരും ചന്ദ്രവംശജരും അഗ്നികുലവും നിഷാദകുലവും നീലനും മാഹിഷ്മതിയുടെ പാരമ്പര്യം അവകാശപ്പെടുന്നു. ചിത്രകൂടത്തിൽ വസിക്കുന്ന നാഗ(അഗ്നി)വംശമാണ് ഭരദ്വാജവംശം. ഇവരുടെ വംശത്തിലാണ് സൂര്യ,ചന്ദ്രകുലങ്ങളുടെ ഉത്ഭവം.

വിതഥഭരദ്വാജ

മന്യു

ബൃഹദ്ക്ഷത്രൻ ജയൻ മഹാവീര്യൻ നരൻ ഗർഗ്ഗൻ

ഹസ്തി ദുരിതക്ഷയൻ സംകൃതി ശിനി

ഗാർഗ്യൻ

അജമീഢ ദ്വിമീഢ പുരുമീഢ ത്രയ്യാരുണി,കവി,പുഷ്കരാരുണി ഉരു മഹാഉരു(രന്തിദേവ)

ബൃഹദിക്ഷു
ബൃഹദ്കായ
ജയദ്രഥ
വിശദ
സേനജിത്
രുചിരാശ്വ
പ്രാജ്ഞൻ
പൃഥുസേനൻ
പാരൻ
നീപൻ
ബ്രഹ്മദത്തൻ
വിഷ്വക്സേന,ഉദക്സേന,ഭല്ലാതൻ

ഋക്ഷൻ
സംവരണൻ
കുരു
സുധനു
സുഹോത്ര
ച്യവന
കൃതി
ഉപരിചരവസു
സത്യവതി മത്സ്യരാജാവ്
വ്യാസ
വിചിത്രവീര്യ,ചിത്രാംഗദ
പാണ്ഡവ,കൌരവ

ജഹ്നു
വിദൂരഥ
സാർവഭൌമ
ജയസേന
രാധികൻ
അയുത,ക്രോധ
ദേവാതിഥി
ഋഷ്യ
ദിലീപ
പ്രതീപ
ശന്തനു
ഭീഷ്മൻ

നീലൻ
ശാന്തി
സുശാന്തി
പുരാജൻ
അർക്കൻ
ദർമ്യാശ്വൻ
മുദ്ഗലബ്രാഹ്മണ(പാഞ്ചാലവംശം)
ദിവോദാസ
മിത്രേയു
ച്യവന,സുദാസ,സഹദേവ
സോമക
ജതു പൃഷദ
ദ്രുപദ
ദ്രൌപദി,ധൃഷ്ടദ്യുമ്നൻ, ശിഖണ്ഡി

അഹല്യ
ശതാനന്ദ
സത്യധൃതി
ശരദ്വാൻ
കൃപൻകൃപി
ദ്രോണൻ
അശ്വത്ഥാമാവ്

അജമീഢപുത്രന്മാരായ ബൃഹദിക്ഷു, ഋക്ഷൻ, നീലൻ എന്നിവരുടെ വംശാവലി കാണുക. ഋക്ഷന്റെ വംശമാണ് കുരുവംശം.(സംവരണൻ ഭാര്യ തപതി ഇവരുടെ മകനാണ് കുരു.) അതിലൊരാളുടെ (കുരുപുത്രനായ സുധനുവിന്റെ പരമ്പര ,ഉപരിചരവസു) പുത്രിയാണ് സത്യവതി. അവളുടെ ഇരട്ടസഹോദരനാണ് മത്സ്യരാജാവെന്ന പാണ്ഡ്യരാജാവ്. സത്യവതിയിൽ പരാശരനുണ്ടായ വ്യാസനും ശന്തനുവിനുണ്ടായ ചിത്രാംഗദ, വിചിത്രവീര്യന്മാരുമാണ് മഹാഭാരതകാലത്തെ കഥാപാത്രങ്ങൾ. ശന്തനു കുരുപുത്രന്മാരിലൊരാളായ ജഹ്നുവിന്റെ പരമ്പരയിലുള്ള ഗംഗാധരക്കോവിലധികാരികളാണ്. ഗംഗാപുത്രനാണ് ഭീഷ്മൻ. അജമീഢപുത്രനായ നീലന്റെ വംശമാണ് പാഞ്ചാലവംശം. പാഞ്ചാലവംശത്തിലെ ദിവോദാസപരമ്പരയിലാണ് പൃഷദപുത്രനായ ദ്രുപദന്റെ ജനനം. ദിവോദാസന്റെ സഹോദരി അഹല്യയുടെ പരമ്പരയിലെ കൃപർ കുരുവംശരാജകുമാരന്മാരുടെ ഗുരുവാണ്. അദ്ദേഹത്തിന്റെ സഹോദരി കൃപിയുടെ മകനാണ് ദ്രോണപുത്രനായ അശ്വത്ഥാമാവ്.

ചോദ്യം 2. ഇതിലിപ്പോൾ ചന്ദ്ര, നാഗ(അഗ്നി)വംശങ്ങളല്ലേ പറഞ്ഞുള്ളു. സൂര്യവംശത്തിന്റെ അവകാശമെന്ത്. അതിന് സൂര്യവംശത്തിന്റെ ഒരു വംശാവലി നോക്കാം.

ഇക്ഷ്വാകു,വികുക്ഷി,രാമ,കുശവംശം	യദു,ചന്ദ്ര,യയാതിവംശം
1. ഇക്ഷ്വാകു 2. വികുക്ഷി 3. ബാണൻ	1. വിഷ്ണു 2. ബ്രഹ്മാ 3. കായാഭിധ സപ്തർഷി രുദ്ര

4. കാകുസ്ഥന്	4. സ്വായംഭുവമനു,ശതരൂപ
5. അനേന(അനാരണ്യ,സുയോധന)	5. ദേവാഹൂതി,കർദ്ദമ
6. വിശ്വരന്ധ്രി	6. കപിലൻ, 9 പുത്രി
7. ആർദ്ര(ചന്ദ്ര)	7. അനസൂയ,അത്രി
8. യുവനാശ്വ1	8. സോമൻ,ദത്താത്രേയന്,ദുർവ്വാസാവ്
9. ശ്രാവസ്ത(ശശ്വന്ത്)	9. ബുധൻ,ഇള(ര)
10. ബൃഹദശ്വ	10. പുരൂരവസ്സ്(ഐലൻ),ഉര്വ്വശി
11. കുവലയാശ്വ(ദുന്ധുകാര)	11. ആയുസ് ഉൾപ്പെടെ 8 മക്കൾ.
12. ദൃഢാശ്വ,കപിലാശ്വ,ബൃഹദശ്വ, ഹര്യശ്വ	12. നഹുഷൻക്ഷത്രവൃദ്ധൻ,രജി,രംഭൻ
13. നികുംഭ	13. യതി,യയാതി,സംയാതി,കൃതി,വിയതി
14. സംഹതാശ്വ(ബര്ഹണാശ്വ)	14. യദു,തുർവ്വശു,അനു,ദ്രുഹ്യു,പൂരു
15. ഗിരിതാശ്വ	15. സഹസ്രജിത്,ക്രോഷ്ടാവ്,അനലൻ, രിപു
16. കൃശാശ്വ	16. വേണുഹയ,ഹൈഹയ,മഹാഹയ ,ധർമ്മന്
17. പ്രസേനജിത്(സൈന്യജിത്,രണാശ്വ)	17. ധർമ്മപുത്രന് നേത്രൻ.
18. യുവനാശ്വ2	18. കുന്തി
19. മാന്ധാതാവ്	19. സോഹംജിത്ത്
20. മുചുകുന്ദന്	20. മാഹിഷ്മാൻ
21. ത്രസദസ്യു	
22. സംഭൂതൻ	
23. അനാരണ്യ 2	
24. പൃഷദശ്വ	
25. സുമനസ്സ്	
26. ത്രിധന്വാ	
27. ത്ര്യയ്യാരുണി	
28. ത്രിശങ്കു (സത്യവ്രത)	
29. ഹരിശ്ചന്ദ്ര	
30. രോഹിതാശ്വ	
31. ഹരിതാശ്വ(ഹാരീതിപുത്രശാഖ)	
32. വിജയൻ	
33. ബാഹുകൻ	
34. സാഗരൻ	
35. അസമഞ്ജസൻ	
36. അംശുമാൻ	
37. ദിലീപൻ	
38. ഭഗീരഥൻ	
39. സിന്ധുദ്വീപൻ	

40. ഋതുപർണ്ണൻ.
41. സർവ്വകാമൻ.
42. സുദാസന്
43. കന്മഷപാദൻ
44. അശ്മകൻ
45. മൂലകൻ
46. വിഷ്വസാഹൻ
47. അനാരണ്യ 3
48. ഖട്വാംഗ
49. ദിലീപദീർഘബാഹു
50. രഘു
51. അജൻ
52. ദശരഥൻ
53. രാമൻ,ഭരത,ലക്ഷ്മണശത്രുഘ്ന
54. ലവകുശ
55. അതിഥി
56. നിഷാദൻ
57. നളൻ
58. നഭസ്സ്
59. പുണ്ഡരീകൻ
60. ക്ഷേമധന്വൻ
61. ദേവാനീകൻ
62. അഹിനാഗു
63. രൂപൻ
64. രുരു
65. പരിപാത്രൻ
66. ദളൻ(ബലസ്ഥലി)
67. ഛൽ(അനൽ)
68. ഉഖ്യ
69. വജ്രനാഭൻ.
70. ശംഖനാഭൻ(ഖഗൻ)
71. വ്യുഗൃതി(വ്യുഷിതാശ്വ)
72. വിശ്വസഹ
73. ഹിരണ്യനാഭ(ജൈമിനിശിഷ്യ)
74. പുഷ്യ
75. ധ്രുവസന്ധി
76. സുദർശനൻ.
77. അഗ്നിവർണ്ണൻ.
78. ശീഘ്രൻ
79. മരു
80. പ്രസുശ്രുതൻ

21. ഭദ്രസേനകൻ.
22. ധനദനും ദുർമ്മദനും
23. കൃതവീര്യൻ
24. കാർത്തവീര്യാർജ്ജുനൻ.
25. രാമഘടമൂഷകൻ
26. വടുവും നന്ദനനും
27. ഉഗ്രൻ
28. ഉഗ്രധന്വാ മിത്രചന്ദ്രൻ.
29. സിംഹസേനൻ
30. ചന്ദ്രവർമ്മൻ.
31. ബൃഹദ്സുതൻ,ഉഗ്രാശ്വൻ
32. ബൃഹദ്സേനൻ
33. ചന്ദ്രവർമ്മപുത്രൻഉഗ്രാശ്വൻ.
34. ഉഗ്രസേനപുത്രൻചിത്രകേതനൻ.
35. ശതക്രതു ശതസോമൻ
36. അശ്വസേനൻ
37. സിംഹകേതു
38. വിശ്വപാലൻരണപ്രിയന്
39. ശർമ്മദത്തൻമഹാമതി.
40. രുദ്രവർമ്മൻ.
41. വ്യാഘ്രസേന(ഭദ്രചേതസ്സ്)
42. പൃഥുദ്യുമ്നൻ
43. വജ്രധരൻ
44. വലാഹകൻ
45. ഭീമവർമ്മാവ്
46. ബൃഹത്സേനൻ
47. ശർവ്വപരാക്രമൻ(ദക്ഷതുല്യൻ)
48. അതുലൻ
49. നയവർദ്ധനൻ.

81. സുസന്ധി(സുഗന്ധി)
82. അമർഷണ, സഹസ്വാന്ത
83. മഹസ്വാൻ
84. വിശ്വസഹൻ
85. പ്രസേനജിത്ത്
86. തക്ഷകൻ
87. ബൃഹത്ബലൻ(അഭിമന്യു വധിച്ചു)
88. ബൃഹദ്ക്ഷണൻ
89. ഊർണ്യാക്ഷൻ.
90. നവത്സവ്യൂഹൻ
91. പ്രതിവ്യോമൻ
92. ദിവാകരൻ
93. സഹദേവൻ
94. ഭാനുരഥൻ
95. പ്രതിതസ്യൻ
96. സുപ്രതീകൻ
97. മരുദേവൻ
98. സുനക്ഷത്രൻ
99. കിന്നരൻ
100. അനാഥരക്ഷകൻ
101. സുപ്രാണൻ
102. അമിത്രജിത്ത്
103. ബൃഹദ്ഭജൻ
104. ധർമ്മി
105. കൃതഞ്ജയ(ധനഞ്ജയ)
106. രക്തഞ്ജയ
107. സഞ്ജയ
108. ശാക്യൻ
109. ശുദ്ധോദനന്
110. സിദ്ധാർത്ഥൻ.
111. രാഹുലൻ
112. പ്രസേനജിത്ത്
113. കഹുദ്രകൻ
114. കുന്തകൻ
115. സുരഥൻ
116. സുമിത്രൻ

(മഹാപത്മനന്ദൻ വധിച്ചു)ബിസി 3ആം നൂറ്റാണ്ടുവരെ.

50. മിത്രസോമൻ
51. ഭദ്രനാമാ(സുന്ദരൻ)
52. വീരവർമ്മൻ.
53. ശതക്രതുവായ അമിതക്രതു
54. ജഗദശ്വൻ
55. സുരദ്യുമ്നൻ
56. അർജ്ജുനവർമ്മന്.
57. ഉഗ്രബാഹു
58. ജയാദിത്യൻ,
59. വൃത്രസേനൻ
60. 4 മക്കളിലൊരാള് മനു
61. മനുപുത്രൻ വടുകവർമ്മൻ.
62. അഹീരണൻ
63. മഹീരണഭരൻ
64. ആര്യഗുപ്തൻ
65. അചലൻ
66. അശ്വസേനൻ
67. അനുജൻ വിക്രമസേനൻ.
68. വിക്രമസേനപുത്രൻവിനയവർമ്മൻ.
69. അശ്വസേനപുത്രന് രാജവർമ്മൻ.

ഇരായിരൻ(വന്ദേരി പെരുമ്പടപ്പിലെ രാജവിഹാരം.)

70. അശ്വസേനപരമ്പരയിലെ ജയമാനി1
71. രണമാനി
72. ഉദയവർമ്മൻ.
73. ഉദയാദിത്യൻ
74. മഹാബലിതുല്യൻ വിരോചനൻ.
75. കാലസേനൻ
76. വ്യാളസേനൻ
77. ബൃഹദ്ബാഹു
78. അമിത്രജിത്ത്
79. ദീപാനീകൻ
80. ശശിദത്തൻ, പ്രിയവ്രതൻ
81. ശശിദത്തപത്നി മഗധരാജകുമാരി
82. ഗർഭശ്രീമാൻവജ്രസാരൻ.
83. ശൂരൻ
84. വിശാലൻ
85. അജിതൻ,മഹസ്വാൻ
86. പുഷ്കലൻ തപനോഗ്രധാമൻ.
87. ബഹുകീർത്തി
88. സുകേതു

	89. വികടൻ 90. സുധന്വാവ് 91. സത്യവ്രതൻ 92. ചതുരകേതു 93. ഉദാരകീർത്തി 94. സ്വർഭാനു 95. ഉത്തമകലൻ 96. സകലൻ 97. അദ്രികേതു 98. പർജ്ജന്യൻസിന്ധുവാരുണന് 99. തീവ്രാശ്വൻ. 100. സുമതി 101. അമിത്രവാൻ 102. വിചണ്ഡൻ 103. അക്ഷോഭ്യൻ 104. സമരസഹൻ 105. മഹോദയൻ ബിസി 120 106. ശിവചരിതൻ 107. കാഞ്ചി(കുഞ്ചി)കുന്ദവർമ്മൻ. 108. ഈശാനവർമ്മനും ഒരു മകളും (കേരളവല്ലഭപത്നി) 109. ഈശാനവർമ്മന് 3 ഭാര്യമാരിൽ മക്കൾ. 110. അവരിൽ നൃപരാമന് ചെങ്കുട്ടുവൻ രാജാവ്. പാലകൻ ചേദിരാജാവ് 111. നൃപരാമപുത്രൻചന്ദ്രവർമ്മന് 2 112. ചന്ദ്രവർമ്മന് 3 (രണ്ടുപേരും ചെറുപ്പത്തിലേ മരിച്ചു) 113. പാലകനെ തിരിച്ചുവിളിച്ചു(എഡി 216) 114. മരുമകൻ വല്ലഭൻ.2 രിപുരാമനുമായി(കൊങ്ങുചേര)യുദ്ധം 115. രിപുരാമൻ. 116. ശംഖവർമ്മൻ. 117.. ജനമാനി 118. ജയമാനി. 119. രാമഘടജയ രാഗൻ 120. വല്ലഭൻ 3 121 സഹോദരന് കുന്ദവർമ്മന് മുരാരി 122.സ്വസ്വാപുത്രന് പാലകന് 2

	123. ഭടസ്ഥലി രിപുരാമൻ. 124.മുരാരിയുടെ മകളുടെ ഭർത്താവ് ജയമാനി ജയരാഗൻ(റാണാ രാഗ) 125.ഗഭീരൻ പാലകന്റെസ്വസ്വാപുത്രൻ. 126. ഗഭീരന്റെ അനുജൻ ജയമാനി രാമഘടൻ ജയരാഗൻ. 127. ഗഭീരന്റെ മരുമക്കളിൽ മൂത്തവൻ വല്ലഭൻ. 4 128. ഇളയവൻ ശ്രീകണ്ഠന്. വല്ലഭശ്രീകണ്ഠന്മാരുടെ കാലം 5ആം നൂറ്റാണ്ട് എഡി വരെ.

ചുവന്ന ലിപിയിലുള്ള പേരുകൾ നോക്കുക. മാന്ധാതാവ്, മുചുകുന്ദൻ, മാഹിഷ്മാൻ ഇവ 25ആം നാമങ്ങളാണ്, ഇരുവശത്തും. പിന്നീട് പലകാലം കഴിഞ്ഞ് രാമായണകാലത്ത് അയോദ്ധ്യയിലെ രാമന്റെ പരമ്പരയിലെ നിഷാദ നും നളനും മൂഷകവംശത്തിലെ രാമഘടമൂഷകനും മക്കളും മാഹിഷ്മതിക്ക് അധിപരാണ്. സൂര്യവംശത്തിലെ ബൃഹദ്ബലനും(ലവകുശവംശം) ചന്ദ്ര, മൂഷകവംശത്തിലെ അമിതക്രതുവായ ശതക്രതുവും മഹാഭാരതകാലത്താണ് ജീവിച്ചത്. ബൃഹദ്ബലവംശത്തിന്റെ ഒരു ശാഖയാണ് ബുദ്ധന്റെ വംശമായ ശാക്യവംശം. ബുദ്ധൻ ജനിക്കുന്ന കാലത്ത് ശശിദത്തപത്നിയായ മഗധരാജകു മാരിയും അവളുടെ പിതാവുമാണ് കേരളം ഭരിക്കുന്നത്. പിൽക്കാലത്തും പാലകനെന്ന കേയപ്പെരുമാളുടെ അമ്മ നന്ദിനി ചേദിമഗധരാജകുമാരി കേര ളമൂഷകവംശത്തിലേക്ക് വിവാഹം കഴിച്ചുവന്നിട്ടുണ്ട്. പാലകൻ ചേദിയിലെ രാജാവായിരുന്ന്, കേരളസഭയുടെ ആവശ്യപ്രകാരം എഡി 216ൽ കേരളത്തി ലെത്തി ഇവിടത്തെ പെരുമാളായി.

ശ്രീരാമന്റെ അനുജൻ ഭരതന് കുശധ്വജപുത്രി മാണ്ഡവിയിലുണ്ടായ തക്ഷനും പുഷ്കലനും തക്ഷശില, പുഷ്കലാവതി നഗരങ്ങളാണ് ഭരിച്ചിരുന്നത്. ലക്ഷ് മണന് ഊർമ്മിളയിലുണ്ടായ അംഗദനും ചന്ദ്രകേതുവും ശത്രുഘ്നന് ശ്രുതകീ ർത്തിയിലുണ്ടായ ഭൂപകേതുവും സുബാഹുവും രാമന് സീതയിലുണ്ടായ ലവകുശന്മാരെന്നിവരും വിവിധനഗരങ്ങളിലായി ഭരിച്ചു. മധുരയിലെ ലവ ണാസുരവധശേഷം ശത്രുഘ്നൻ മധുര(മധുവനം) ഭരിച്ചു. അദ്ദേഹത്തിന്റെ ഭരണാതിർത്തി വടക്ക് ശോർത്തുകൈ(ശത്രുഘ്ന)നഗരം വരെയായിരുന്നു. പിന്നീട് സുബാഹു മഥുരരാജാവായി. ലക്ഷ്മണന്റെ മദ്ധ്യപ്രദേശിലെ ബാന്ധ വഗൃഹം (ബാന്ദോഗാർഹ്) ലക്ഷ്മണപുത്രന്മാരുടെ കേന്ദ്രമായി. അംഗ ദൻ അംഗദീയമെന്ന ഒറീസയിലെ കരുപത്ത് തലസ്ഥാനമാക്കി. മല്ലരാജ്യത്തെ ചന്ദ്രകാന്തപുരത്തിലാണ് (മാൾവ)ചന്ദ്രകേതുതലസ്ഥാനം. കുശൻ വിന്ധ്യനടു

ത്തെ കുശാവതി(തെക്ക്)വാണു. ലവനാണ് ശ്രാവസ്തി ഉണ്ടാക്കിയത്. ഭൂപകേതു (ശത്രുഗതി) വിദിശ വാണു. സിന്ധുതീരത്തെ പാക്കിസ്ഥാനിലെ ലാഹോർ ലവനഗരമാണ്. പക്ഷേ ഇത് ഉണ്ടാക്കിയത് ശ്രീരാമപുത്രനായ ലവനല്ല. കാശ്മീരിലെ ഗോനന്ദൻ ഒന്നാമന്റെ സഹോദരനായ ദാമോദരന്റെ പത്നി യശോമതി ലവന്റെ വംശക്കാരിയായിരുന്നു. അവൾ പരീക്ഷിത്ത് കാലത്ത് വിദേഹത്തിലേക്ക് മടങ്ങിപ്പോയി. 35 തലമുറകൾക്കുശേഷം ആ വംശത്തിലെ ലവനാണ് പിന്നീട് കാശ്മീരം പിടിച്ചത്. അദ്ദേഹം കേരള മാഹിഷ്മതിയിലെ (കൊങ്കണതീരം) മൂഷകവംശക്കാരുമൊത്ത് വന്ന് തന്റെ രാജ്യം(കാശ്മീരം) തിരിച്ചുപിടിച്ചു. ലവന്റെ ഈ സൈനികനീക്കകാലത്ത് വന്ദേരി പെരുമ്പടപ്പ് (മൂഷകവംശം) സഖ്യം കൊണ്ട് ഇവിടെ വന്ന് താമസിച്ച കളരിയോദ്ധാക്കളുടേയും (ചെറായി കളരി) രാജകുമാരന്മാരുടേയും (ചുത്തുശതകർണ്ണിവംശം) പരമ്പര ഇപ്പോളുമുണ്ട്. ഇവരാണ് ചന്ദ്രവംശികളുമായി ബന്ധം സ്ഥാപിക്കയും ചാലൂക്യനാമത്തോടെ നേപ്പാളിലേക്ക് കർണ്ണാടവംശസ്ഥാപകരായി തിരിച്ചുപോകയും ചെയ്തത്. (നാന്യദേവകഥ)

സമുദ്രഗുപ്തകാലത്ത് പടിഞ്ഞാറൻഗംഗര് പ്രബലരാണ്. ഇവരും കിഴക്കൻ ഗംഗരും 1000ത്തിലധികം കൊല്ലം പ്രബലരായി രാജ്യം ഭരിച്ചു. ഈ വംശത്തിന്റെ മുഴുവനായ ലീനിയാർഹിസ്റ്ററി നമുക്ക് ലഭ്യമാണ്.

പടിഞ്ഞാറൻ ഗംഗർ.	കിഴക്കൻഗംഗര്.
1. കൊങ്കണിവർമ്മൻ.മാധവൻ 350-370 2. മാധവൻ 370-390 3. ഹരിവർമ്മൻ.390-410 4. വിഷ്ണുഗോപ 410-430 5. മാധവ3 ഭണ്ഡങ്കല 430-469 6. അവിനീത 469-529 7. ദുർവിനീത 529-579 8. മുഷ്കര 579-604 9. പോളവീര 604-629 10. ശ്രീവിക്രമ 629-654 11. ഭൂവിക്രമ 654-679 12. ശിവമാര 1 679-726 13. ശ്രീപുരുഷ 726-788 14. ശിവമാര2 788-816 15. രച്ചമല്ല 1 816-843 16. എരേഗംഗനീതിമാർഗ്ഗ843-870 17. രാച്ചമല്ല2 870-907 18. എരെഗംഗനീതിമാർഗ്ഗ2 907-921	1. ഇന്ദ്രവർമ്മന് 496-535

19. നരസിംഹ 921-933 20. രാച്ചമല്ല 3 933-938 21. ബുഡുക 938-961 22. മറുലഗംഗനീതിമാർഗ്ഗ 961-963 23. മാരസിംഹസത്യവാക്യ 963-975 24. രാച്ചമല്ല4സത്യവാക്യ 975-986 25. രാച്ചമല്ല5രാക്ഷസഗംഗ 986-999 26. നീതിമാർഗ്ഗപെരുമാനടി 999 27. കിഴക്കേ ചോഡഗംഗർ 1000 മുതൽ	2. ദേവേന്ദ്രവർമ്മന് 4. 893 3. 4. 5. 6. 7. 8. 9. 10. 11. വജ്രഹസ്തഅനിയഭീമൻ980-1015 12. രാജരാജദേവേന്ദ്രവർമ്മ 1078 13. അനന്തവർമ്മചോഡഗംഗ 1078-1150 14. അനംഗഭീമദേവ2 1178-1198 15. രാജരാജ 2 1198-1211 16. അനംഗഭീമദേവ3 1211-1238 17. നരസിംഹദേവ 1 1238-1264 18. ഭാനുദേവ 1 1264-1279 19. നരസിംഹദേവ 2 1279-1306 20. ഭാനുദേവ 2 1306-1328 21. നരസിംഹദേവ 3 1352-1378 22. നരസിംഹദേവ 4 1379-1424 23. ഭാനുദേവ 4 1424-1434



മദ്ധ്യേന്ത്യയിലെ സോമവംശി,പാണ്ഡുവംശി,ശരഭപുരീയരും ശതവാഹനരെ പ്പോലെ ചന്ദ്രവംശികളാണ്.475 മുതല് 590 വരെ ശരഭപുരിയരും, 600 മുതല് 790 വരെ കളഞ്ജരപർവ്വതത്തിലെ പാണ്ഡുവംശവും 882 മുതല് 1110വരെ സോമവംശികളും ഭരിക്കുന്നു.

ശരഭപുരി	കോസലപാണ്ഡവ(മേഖല)	സോമവംശി (കലിംഗ)
1. ശരഭട്ടാരക 475-500 2. നരേന്ദ്ര500-525 3. പ്രസന്നമാത്ര525-550 4. ജയരാജ550-60 5. സുദേവരാജാ660-70 6. മാനമാത്ര,ദുർഗരാജാ 570-80 7. സുദേവരാജാ 2 570-580 8. പ്രവരരാജാ 580-590	9. ഉദയനൻ 600-620 10. ഇന്ദ്രബല 620-40	

	11. നന്നരാജാ 840-660 12. മഹാശിവതീവര (600-689) 13. നന്ന 2. 680-700 14. ചന്ദ്രഗുപ്തഹർഷ തേവ 710-730 15. മഹാശിവഗുപ്ത ശിവഗുപ്തബാലാർജ്ജുന 730-790	16. മഹാഭവഗുപ്ത1 882-922 17. മഹാശിവഗുപ്ത 1 922-955 18. മഹാഭവഗുപ്ത 2 955-980 19. മഹാശിവഗുപ്ത 2 980-1005 20. മഹാഭവഗുപ്ത 3 1005-1021 21. മഹാശിവഗുപ്ത 3 1021-1040 22. മഹാശിവഗുപ്ത 4 1040-1060 23. മഹാശിവഗുപ്ത 4 1065-1085 24. മഹാഭവഗുപ്ത 5 1085-1110 25. മഹാശിവഗുപ്ത 5 1100-1110 26. ചോഡഗംഗവംശം

ശിശുനാഗവംശം ബിസി ആറാം നൂറ്റാണ്ടുമുതൽ

ശിശുനാഗ
കാകവർണ്ണ
ക്ഷേമധർമ്മ
ക്ഷേമജിത്ത്
ബിംബിസാരൻ(603-551 528) ഹര്യങ്കശിശുനാഗവംശം.
അജാതശത്രു
ദർശകൻ

ഉദയനൻ.	വാസവദത്തയും പത്മാവതിയും ഭാര്യമാർ	
ചന്ദ്രവർദ്ധന	നന്ദിവർദ്ധന(ശിശുനാഗ)	നരവാഹനദത്ത(നഹാപന)
പതി മൂര	പതി അവന്തിക	25 പതി ഒരാൾ പ്രസേനജിത്തിന്റെ പുത്രി
ചന്ദ്രഗുപ്തമൌര്യ	നവനന്ദ,നന്ദിനി	

ബിന്ദുസാര
അശോകവർദ്ധന

ചന്ദ്രവർദ്ധനന് ഉത്തരേന്ത്യയിലെ കുരുക്ഷേത്രത്തിലെ താനേശ്വരം അടങ്ങുന്ന പിപ്പലീവനം ഭരിച്ചു. അദ്ദേഹത്തിന് ദക്ഷിണേന്ത്യയിലെ കദംബരാജ്യത്തെ മയൂര(മൂര)യിലുണ്ടായവരാണ് മൌര്യവംശം. നന്ദിവർദ്ധനന്റെ (ശിശുനാഗ) വംശത്തിലാണ് നവനന്ദന്മാരും ചന്ദ്രഗുപ്തമൌര്യന്റെ ഭാര്യ നന്ദിനിയും ജനിച്ചത്. നരവാഹനവംശം കേരളവും മാഹിഷ്മതിയും അടങ്ങുന്ന ദക്ഷിണേന്ത്യ മുഴുവനും ഭരിച്ച വിദ്യാധരവംശം.എല്ലാവരും ഉദയനവംശം തന്നെ.


സമുദ്രഗുപ്തന്റെ സമകാലികർ:-

ഗൊന്ദ്വാനയിലെ കാടും മലകളും (മഹാകാന്താരം) ഭരിക്കുന്ന വ്യാഘ്രരാജൻ,
കരടത്തിലെ കൌരാളമന്ദരാജൻ
പിഷ്ടപുരമഹേന്ദ്രന്(ഗോദാവരിജില്ല)
കോട്ടൂര സ്വാമിദത്തൻ(ഒറീസ ഗഞ്ചാം ജില്ല)
എരന്തപ്പള്ള ദമനൻ(എരന്തപ്പള്ള ഗഞ്ചം ജില്ല)
കാഞ്ചി വിഷ്ണുഗോപൻ(കാഞ്ചീപുരം)
അവമുക്തം നളരാജൻ(ഗോദാവരീതീരം)
വെങ്കി ഹസ്തിവർമ്മന് (എല്ലൂർ)
പാലക്കഉഗ്രസേനൻ(നെല്ലൂർ)
ദേവരാഷ്ട്രം കുബേരൻ(വിശാഖപട്ടണം ജില്ല)
കുശസ്ഥലപുരം ധനഞ്ജയൻ(വടക്കേ ആർക്കോട്ട് ജില്ല)


താനേശ്വരം, കാമരൂപം, നേപ്പാൾ:-

താനേശ്വരം അഥവാ സ്ഥാനേശ്വരം കുരുക്ഷേത്രത്തിലാണ്.തപതിനദിയുടേയും ഇക്ഷ്വാകുവംശത്തിലെ സംവരണന്റേയും പുത്രനായ കുരു സ്വര്ണ്ണക്കലപ്പ കൊണ്ട് ഉഴുത് സമൃദ്ധമാക്കിയ സ്ഥലമാണ് കുരുക്ഷേത്രം. മദ്ധ്യദേശമെന്ന് വിളിക്കുന്ന സരസ്വതി,ദൃഷദ്വതിതടത്തിലാണ് ഇത്. ബ്രഹ്മാവർത്തമെന്ന് മനു വിളിക്കുന്നത് ഈ പ്രദേശത്തെയാണ്. ഭഗവദ്ഗീത ഉച്ചരിക്കപ്പെട്ട പുണ്യസ്ഥലം, പരശുരാമന് തന്റെ 21 വട്ടത്തെ ക്ഷത്രിയസംഗാരശേഷം മഴു കഴുകിയ സമന്തപഞ്ചകതീർത്ഥസ്ഥാനം മുതലായ പ്രത്യേകതകളുമുണ്ട്.)ഋഗ്വേദകാലത്തിനു മുമ്പേ കുരുവംശം ഉണ്ടെന്നതിന് ഋഗ്വേദത്തിലെ കുരുശ്രവണനെന്ന രാജാവിന്റെ നാമം സാക്ഷ്യമാണ്. നിരവധി പുരാതനക്ഷേത്രങ്ങളും തീർത്ഥങ്ങളുമുണ്ട് ഇവിടെ.ബ്രഹ്മതപസ്സ് നടന്ന ബ്രഹ്മസരോവരം, ചന്ദ്രകൂപം, പിതൃഉദകതീർത്ഥം(പെഹോവ) വിഷ്ണു ലക്ഷ്മിയെ ലഭിക്കാനായി തപം ചെയ്ത സ്ഥാനം. ത്രിപുരശിവൻ തപം ചെയ്ത് സ്ഥാണുവായ സ്ഥലം ഇവ കുരുക്ഷേത്രത്തിൽ ത്രിമൂർത്തിസാന്നിദ്ധ്യം തരുന്നു.സ്ഥാണുവേശ്വരമാണ് സ്ഥാനേശ്വരവും താനേശ്വരവുമായത്. ബുദ്ധനും ഇവിടം സന്ദർശിച്ചിട്ടുണ്ട്. താനേശ്വർ പിതൃഉദകതീർത്ഥത്തിൽനിന്ന് 32 കിമീ കിഴക്കാണ്. ഇതിനടുത്താണ് ഉമ്രി സംസ്കാരമെന്ന് പേരിട്ട സൈന്ധവസര്സ്വതീസംസ്കാരാവശിഷ്ടങ്ങളുള്ളത്. സരസ്വതീനള്ളയുടെ തീരത്താണ് താനേശ്വരവും ഉമ്രിയും പിപ്പലിഗ്രാമവും വീരപിപ്പലിയും സ്ഥിതി ചെയ്യുന്നത്.നന്ദിവർദ്ധന്റെ സഹോദരനായ ചന്ദ്രവർദ്ധനനും ഭാര്യ മയൂരകദംബദേശത്തെ മൂരയും പിപ്പലിഗ്രാമത്തിലാണ് വസിച്ചിരുന്നത്. അവിടെയാണ് ചന്ദ്രഗുപ്തമൌര്യൻ മൂരയുടെ പുത്രനായി, ശിശുനാഗവംശത്തിലെ പൂർവ്വനന്ദപരമ്പരയിലും കദംബമയൂരപരമ്പരയിലും പ്രശസ്തി അണച്ചുകൊണ്ട് പിറന്നുവീണത്. തൊട്ടടുത്ത താനേശ്വരത്തെ വർദ്ധനവംശവും ഇതിന്റെ ശാഖയാണ്.836-85 കാലത്ത് പ്രതിഹാരനായ മിഹിരഭോജന്റെ (കാനൂജ്) കീഴിലായിരുന്നു കുരുക്ഷേത്രം. 885- 910 വരെ ഭരിച്ച പ്രതിഹാരമഹേന്ദ്രപാലന്റെ കാലത്ത് പഞ്ചാബിന്റെ ഭാഗങ്ങൾ കാശ്മീരത്തിലെ ശങ്കരവർമ്മന് പിടിച്ചടക്കിയെങ്കിലും കുരുക്ഷേത്രം പരമാരന്മാരുടെ കയ്യിൽതന്നെയായിരുന്നു. ഒമ്പതാം നൂറ്റാണ്ടിൽ രാജാ ജൌലനുശേഷമുള്ള തോമര(ദാമര)വംശം ഭരിച്ചു. 12ആം നൂറ്റാണ്ടിൽ തോമരരും ചാഹമാനന്മാരുമായി(ശാകംബരിയിലെ) മത്സരമുണ്ടായി. വിശാലദേവനെന്ന വിഗ്രഹരാജ 2 തോമരരെ ഓടിച്ചു. 1011ൽ ഗസനി ആക്രമണകാലത്ത് ദില്ലിയിലെ

തോമരരാജാ വിജയപാലന്റെ കയ്യിലാണ് കുരുക്ഷേത്രം. താനേശ്വരം



ശക്തമാകുന്നത് ഹർഷന്റെ കാലത്താണ്.



പുഷ്യഭൂതിവംശത്തിലെ അശ്വമേധമഹേന്ദ്രകുമാരഗുപ്തൻ, നാഗവംശത്തിലെ അനന്തദേവിയിലുണ്ടായ പുരുഗുപ്തൻ ദേവകിയിൽ സ്കന്ദഗുപ്തൻ . നരസിംഹഗുപ്തബാലാദിത്യൻ 1 വർഷമെ ഭരിച്ചിട്ടുള്ളു ഈ വംശത്തിലാ് കൃഷ്ണഗുപ്തനെന്ന പ്രഭാകരവർദ്ധനൻ ജനിച്ചത്. അദ്ദേഹത്തിന്റെ മക്കളാണ് രാജവർദ്ധനനും ഹർദേവഗുപ്തനും രാജശ്രീയും. ഹർഷവർദ്ധനപുത്രൻ ജീവിതഗുപ്തൻ ജീവിതഗുപ്തപുത്രൻ കുമാരഗുപ്തൻ 4.

ചന്ദ്രഗുപ്ത 2 പുഷ്യഭൃതിവംശത്തിലെ ഭാര്യ
അശ്വമേധമഹേന്ദ്രകുമാരഗുപ്ത 1

സ്കന്ധഗുപ്തവിക്രമാദിത്യ
കുമാരഗുപ്ത 2
നരവർദ്ധന
രാജ്യവർദ്ധന 1
മഹാരാജാ ആദിത്യവർദ്ധന ഭാര്യ മഹാസേനഗുപ്ത
മഹാരാജാധിരാജപ്രഭാകരവർദ്ധന(കൃഷ്ണഗുപ്ത) പരമഭട്ടാരക ഭാര്യ യശോമതി
രാജ്യവർദ്ധന 2 ഹർഷവർദ്ധനശിലാദിത്യ രാജ്യശ്രീ വിഷ്ണുവർദ്ധനൻ
ജീവിതഗുപ്ത
കുമാരഗുപ്ത 4

ശിശുനാഗ,നന്ദ,മൌര്യ,വർദ്ധന,ഗുപ്തവംശങ്ങളുടെ തുടർച്ച ഇപ്രകാരം മനസ്സിലാക്കിക്കഴിഞ്ഞാൽ ഇന്ത്യയുടെ ചരിത്രപാരമ്പര്യവും ചരിത്രബോധവും കൂടി മനസ്സിലാവും.ബാണഭട്ടന്റെ ഹർഷചരിതവും അലഹാബാദ് ലിഖിതങ്ങളും ഹ്യുയാൻസാങിന്റെ സഞ്ചാരകഥയും നമുക്ക് അക്കാലത്തെക്കുറിച്ച് കൂടുതല് അറിവ് തരുന്നുമുണ്ട്.

മഹാഭാരതം,കാളികാപുരാണം, യോഗിനീതന്ത്രം ഇവയിലെല്ലാം ദാനവ,നരകാസുരവംശങ്ങളാണ് കാമരൂപം (ആസാം)ഭരിക്കുന്നത്. നാലാംനൂറ്റാണ്ടിന്റെ പകുതിയിലാണ് 300 വർഷം തുടർച്ചയായി അവിടെ വർമ്മരാജവംശം ഭരിക്കുന്നത്. ഇതിന്റെ സ്ഥാപകൻ പുഷ്യവർമ്മന് സമുദ്രഗുപ്തന്റെ സമകാലികനാണ്. അദ്ദേഹത്തിന്റെ പൌത്രനായ ബാലവർമ്മന് അശ്വമേധയജ്ഞം കഴിച്ചിട്ടുണ്ട്. സമുദ്രഗുപ്തന്റെ അലഹബദ് ലിഖിതത്തിൽ താന് തോൽപ്പിച്ച രാജാക്കന്മാരിലൊരാൾ ആര്യാവർത്തത്തിലെ ബാലവർമ്മനാണെന്ന് പറയുന്നു.

അന്നദ്ദേഹം യുവരാജാവായിരുന്നിരിക്കണം. കാമരൂപം,സമതത (തെക്കുകിഴക്കേ ബംഗാൾ)ദേവക(വടക്കേ ആസാം)നേപ്പാൾ, കർത്തിർപൂർ(കുമയൂൺ,ഗാർഹന്റ്, രോഹുൽഖണ്ഡ്) ഇവ അന്നുമുതൽ ഗുപ്തന്മാരെ ചക്രവർത്തിയായി അംഗീകരിച്ച് കപ്പം കൊടുക്കുന്നുണ്ട്. 6, 7 നൂറ്റാണ്ടിലെ ഗുപ്തന്മാരാണ് പിന്നെ രാജ്യം തിരിച്ചുപിടിക്കാൻ ശ്രമിച്ചിട്ടുള്ളത്. മഹാസേനഗുപ്തൻ (562-605) വർമ്മസാമ്രാജ്യത്തെ തുടർച്ചയായി ആക്രമിച്ച് വടക്കൻബംഗാള് തിരിച്ചുപിടിക്കാൻ ശ്രമിച്ചിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരി മഹാസേനഗുപ്തയാണ് പ്രഭാകരവർദ്ധനന്റെ അമ്മ. ഈ യുദ്ധത്തിൽ കാമരൂപത്തിലെ സുസ്ഥിതവർമ്മന് മുറിവു പറ്റി. അദ്ദേഹത്തിന് രണ്ട് മക്കളുണ്ടായിരുന്നു സുപ്രതിഷ്ഠാവർമ്മനും ഭാസ്കരവർമ്മനും. സുപ്രതിഷ്ഠാവർമ്മന് രാജാവായി. തുടർന്നുള്ള യുദ്ധത്തില് സുപ്രതിഷ്ഠാവർമ്മനും പരിക്കുപറ്റി. 600 എഡിയിൽ ഭാസ്കരവർമ്മന് രാജാവായി. ഹർഷന് 606-647 വരെ താനേശ്വര് ഭരിച്ചു. ഇവർ സമകാലീനരുംസുഹൃത്തുക്കളുമായിരുന്നു.ജാലന്ധരവും പഞ്ചാബും താനേശ്വരത്തിന്റെ കീഴിലായിരുന്നു. കാനൌജിൽ മൌകാരികളും മാൾവയില് ദേവഗുപ്തനും ഗൌഡത്തില് ശശാങ്കനുമായിരുന്നു പ്രബലര്. ചൈനീസ് രേഖകളില് കുമാരരാജാ എന്നാണ് ഭാസ്കരവർമ്മനെ വിളിക്കുന്നതെന്ന് പ്രൊ സ്വർണ്ണലത(കോംപ്രഹെൻസീവ് ഹിസ്റ്ററി ഓഫ് ആസാം) രാജ്യവർദ്ധനന്റെ സഹോദരി രാജ്ശ്രീയെ കാനൂജിലെ ഗ്രഹവർമ്മനാണ് വിവാഹം കഴിച്ചത്. ദേവഗുപ്തൻ ഗ്രഹവർമ്മനെ വധിച്ചു. രാജവർദ്ധനനെ ബംഗാളിലെ ശശാങ്കൻവധിച്ചു. അങ്ങനെ 16ആം വയസ്സിൽത്തന്നെ ഹർഷന് രാജാവായി. ഭാസ്കരവർമ്മനും ഹർഷനും അവരോട് പകരം വീട്ടാനുറച്ചു. ശശാ ങ്കൻ ഒറീസയിലേക്ക് ഓടിപ്പോയപ്പോള് കർണ്ണസുവര്ണ്ണ (മൂർഷിദാബാദ്) ഭാസ്കരവർമ്മന് കിട്ടി. ഇത് ആഘോഷിക്കുന്ന ഭാസ്കരവർമ്മന്റെ നിധാൻപൂര് ലിഖിതം കിട്ടിയിട്ടുണ്ട്. (ബ്രാഹ്മണർക്ക് നിധാൻപൂര് ദാനം ചെയ്യുന്ന താമ്രപ്ലേറ്റ്)75 ദിവസം നീണ്ടുനിന്ന ഹർഷന്റെ മഹാസഭയില് ഭാസ്കരവർമ്മനും പങ്കെടുത്തിരുന്നു. 650 എഡി വരെ ഭരിച്ച ഭാസ്കരവർമ്മന് മക്കളില്ലാത്തതുകൊണ്ട് പിന്നീട് മ്ലേഛ(പാല)വംശം ഭരിച്ചു.

കാമരൂപത്തിലെ കാലരേഖ

350 പുഷ്യവർമ്മന്റെ വർമ്മരാജവംശം ആരംഭം

374-398 സമുദ്രവർമ്മന്

422-440 കല്യാണവർമ്മന്

47–494 മഹേന്ദ്രവർമ്മന്

494-518 നാരായണവർമ്മന്

518-542 ഭൂതിവർമ്മൻ.

566-590 സ്ഥിതവർമ്മൻ(ഭൂതിവര്മ്മന്റെ പൌത്രന്)

590-600 സുസ്ഥിതവർമ്മൻ(മഹാസേനഗുപ്തന്റെ ആക്രമണം)

595-600 സുപ്രതിഷ്ഠാവർമ്മന്
600-650 ഭാസ്കരവർമ്മൻ.(വർമ്മരാജവംശം അവസാനിച്ചു)
655 ശാലസ്തംഭന്റെ മ്ലേഛരാജവംശം
890-900 വരെ ത്യാഗസിംഹൻ,മ്ലേഛവംശത്തിലെ അവസാനരാജാവ്.
900 ബ്രഹ്മപാലന്റെ പാലവംശം (ഭൌമവംശം)
1100 ജയപാലനെ നീക്കി പാലസാമ്രാജ്യത്തിലെ സാമപാലന് രാജാവായി
1185 പൃഥു കേൻവംശം കാമതരാജ്യം
1187 ബീർപാല് (ചുത്തിയരാജ്യം സ്വർണ്ണഗിരി)
1206ൽ ബക്ത്യാർഖിൽജി ആക്രമണം
1228 സുഖഫാ പ്രവേശനം
1224 രത്നധ്വജപാൽ(രണ്ടാം ചുത്തിയരാജവംശം)ഭദ്രസേന,ന്യായപാലന്മാരുടെ രാജ്യം പിടിച്ചു.
1250 കാമരൂപത്തിലെ സന്ധ്യ പടിഞ്ഞാട്ടു നീങ്ങി കാമതരാജ്യസ്ഥാപനം
1252 സുഖ്ഫാ ചാരൈദോവില് തലസ്ഥാനം
1449 ശ്രീമന്ത ശങ്കരദേവിന്റെ ജനനം (1568 മരണം)
1490 ഒന്നാം അഹോം കച്ചരിയുദ്ധം,അഹോം പരാജയം
1498 അലാവുദീന് ഹുസൈൻഷാ (ഗൌഡ)അവസാനത്തെ ക്ലെൻരാജാവിനെ കമതയിൽനിന്ന് ഓടിച്ചു
കൊച്ച് രാജവംശം. വിശ്വസിംഹൻ
1520 ചുത്തിയ ധർമ്മധ്വജപാല് അഹോമിനെ തോൽപ്പിച്ചു.
അംഗ(കിഴക്കേ ബീഹാർ),മഗധ(തെക്കേ ബീഹാർ)പുണ്ഡ്ര(വടക്കേ ബീഹാർ) വംഗ(ബംഗാൾ) ഇവ മ്ലേഛരാജ്യങ്ങളാണ്. മ്ലേഛവംശം നരകാസുരന്റെ പിൻഗാമികളാണ്. അർത്ഥശാസ്ത്രത്തില് ബ്രഹ്മപുത്രാ താഴ്വര(ലൌഹിത്യം) ആണ് കാമരൂപം. രണ്ടാം നൂറ്റാണ്ടിൽ ടോളമി അവിടെ കിരാതരാണ് ഭരിക്കുന്നതെന്ന് എഴുതുന്നു. അലഹബാദ് ലിഖിതം കാമരൂപത്തിലേയും ദവകത്തിലേയും (നാഗോൻ) പ്രത്യന്തനൃപതിമാരെ (അതിർത്തിരാജ്യത്തെ രാജാക്കന്മാ ർ)എടുത്തുപറയുന്നു.ആസാം ,ബംഗാലാദേശ് ഉൾപ്പെടെ കാമരൂപരാജാക്കന്മാരുടെ ലിഖിതങ്ങൾ കിട്ടിയിട്ടുണ്ട്. എന്നാൽ കാമരൂപമെന്നല്ല പ്രാഗ്ജ്യോതിഷപുരി എന്നാണ് ദാനപത്രങ്ങളിലെ പേർ. പ്രാഗ്ജ്യോതിഷാധിപതി എന്ന് രാജാവിനെ വിളിക്കുന്നു. പുരാണങ്ങളിലെ പ്രാഗ്ജ്യോതിഷപുരി നരകാസുരന്റെ രാജധാനിയാണ്. പടിഞ്ഞാറേ അതിർത്തി കരത്തോയ നദി, കിഴക്കേ അതിർത്തി താമ്രേശ്വരിക്ഷേത്രം. (ഇപ്പോൾ സദിയക്കടുത്ത്). പൂർവ്വേ കാമരൂപസ്യ ദേവീ ദിക്കരവാസിനി എന്ന് കാളികാപുരാണം. രണ്ടുമാസം അവിടെനിന്ന് യാത്ര ചെയ്താൽ സിച്ചുമനിലെത്തും. തെക്കേ അതിർത്തി ഇപ്പോഴത്തെ ബംഗളാദേശ്. 13ആം നൂറ്റാണ്ടിൽ കാമരൂപം കമന, ദിമസ, ചുത്തിയ എന്ന് മൂന്നു രാജ്യമായി പിരിഞ്ഞു. 606ൽ ഹർഷന്റെ സിംഹാസനാരോ

ഹണവേളയിൽ ഭാസ്കരവർമ്മനാണ് ഭരിക്കുന്നത്.(അന്ന് കാശ്മീരത്തിൽ ദുർല്ലഭവർദ്ധനനാണ് ഭരിക്കുന്നത്) ഭരണം മൂന്നു മൂപ്പിളമക്കാർക്കാണ്. ഏറ്റവും മൂത്ത ആളാണ് രാജാവ്. രണ്ടാമത്തെ ആൾ മഹാസാമന്തന്. മൂന്നാമൻ സാമന്തൻ. ഓട്ടോണമി അപ്രകാരമാണ്.

നേപ്പാളിന്റെ ചാലൂക്യബന്ധം-

വിദേഹരാജ്യവും ബുദ്ധന്റെ കപിലവസ്തുവും നേപ്പാളിനെ ഹിന്ദു, ബുദ്ധ മതക്കാർക്ക് പുണ്യസ്ഥലമാക്കുന്നു. 2000 കി മീ ദൂരെയുള്ള ചാലൂക്യരാണ് നേപ്പാളിലേക്ക് തലേജുഭവാനിയെ കൊണ്ടുവന്നത്. കാഠ്മണ്ഡുവിൽനിന്ന് 15 കിമീ മാറി ഭക്തിപൂരിലാണ് തലേജുഭവാനിക്ഷേത്രം. നേവാർജനതയുടെ പരദേവതയാണ് ഭവാനി. അവരാണ് കാഠ്മണ്ടുവിലെ ആദിവാസികൾ. ഹിന്ദു, തിബത്തൻബുദ്ധമതം ചേർന്ന മിശ്രാചാരമാണിവിടെ. 7 കിമീ കാഠ്മണ്ഡുവിനപ്പുറത്തുള്ള പത്തനാണ് മറ്റൊരു പ്രധാനനഗരം. ഭക്തപൂരിൽ 3 ഭവാനിക്ഷേത്രമുണ്ട്. മല്ലരാജാക്കന്മാരാണ് ഇവ പണിതത്. അവർ മിഥില, നേപ്പാൾഎന്നിവിടങ്ങളിലെ കർണ്ണാടകിവംശസ്ഥാപകനായ നാന്യദേവന്റെ പിൻഗാമികളാണ്.

1096ലാണ്നാന്യദേവൻ ബംഗാളിലെ സേനന്മാരുടെ സൈന്യത്തെ ബീഹാറിൽനിന്ന് പുറത്താക്കിയത്. കർണ്ണാടകി(കർണ്ണാട്)വംശം സ്ഥാപിച്ചു. സിമ്രൌൻഗദ്(തെക്കേ നേപ്പാൾ) തലസ്ഥാനമാക്കി. 1326 വരെ(229 വർഷം) ഈ വംശം ഭരിച്ചു. ഗിയാസുദീൻ തുഗ്ലക്ക് ഹരിസിംഹ് ദേവനെ നേപ്പാൾകുന്നുകളിലേക്ക് തോൽപ്പിച്ചോടിക്കുന്നതുവരെ. തന്റെ പൂർവ്വികനായ നാന്യദേവന് ദക്ഷിണദിക്കിൽനിന്ന് ഭവാനിപൂജക്ക് കൊണ്ടുവന്ന യന്ത്രം (ചക്രം) ഭക്തിപൂരിൽ പ്രതിഷ്ഠിച്ചു. വടക്കൻബീഹാറിലേയും (മിഥില) മദ്ധ്യനേപ്പാളിലേയും നെവാരികൾ പരസ്പരം സാംസ്കാരികബന്ധങ്ങളുള്ളവരാകയാൽ, അവർ ഭവാനിപൂജ വേഗം സ്വീകരിച്ചു സ്വായത്തമാക്കി. ആർ.സി .മജുംദാർ വടക്കൻബീഹാറിലെ കർണ്ണാടകിവംശവും സോമേശ്വര 1, വിക്രമാദിത്യ 6 (ചാലൂക്യർ) ഇവരുടെ 11ആം നൂറ്റാണ്ടിലെ സൈനികനീക്കങ്ങളും തമ്മിലുള്ള ബന്ധം പറയുന്നുണ്ട്. ബാദാമി(കർണ്ണാടക)ചാലൂക്യർ തമിഴ്നാടും ബംഗാളിന്റെ പടിഞ്ഞാറേ അതിർത്തിയും ഉൾപ്പെട്ട വലിയ സാമ്രാജ്യത്തിന്റെ അധിപരായിരുന്നു.കെ.പി. ജയസ്വാൾ തെക്കന് ദിക്കിലെ താമസക്കാര് ചാലൂക്യരല്ല, ചോളരാണെന്ന് കരുതുന്നു. (രാജേന്ദ്രചോളന്റെ സൈന്യം). പ്രാദേശിക ഐതിഹ്യം നാന്യദേവന് ഭവാനി രാത്രി ദർശനം നൽകി, യന്ത്രവും അതിനെ ഉത്തേജിപ്പിക്കാനുള്ള മന്ത്രവും കൊടുത്തു. ഈ യന്ത്രമാണ് ഹരിസിംഗദേവ കൂടെ കൊണ്ടുപോയത്. ചതുർഭുജയാണ് തലേജുഭവാനിവിഗ്രഹം.

നേപ്പാളിലെ രാജാക്കന്മാരുടെ ഭാഷാവംശാവലികളിൽ ഇവരുടെ ആദ്യസ്ഥാനം കൊങ്കണമാണെന്നും ചന്ദ്രഭാഗാനദീതീരത്തുനിന്നാണ് ഇവർ വടക്കോട്ടു നീങ്ങി

യതെന്നും പറയുന്നു. ചന്ദ്രഭാഗ ഷോലാപ്പൂരിലൂടെ ഒഴുകുന്നുണ്ട്. അതിന്നടുത്തായി ഒരു തുൽജാഭവാനിക്ഷേത്രമുണ്ട്. ഛത്രപതി ശിവജിയുടെ പരദേവതയാണ് തുൽജാഭവാനി. 1382ൽ ജയസ്ഥിതിമല്ലന് ഹരിസിംഹതേവന്റെ മകളെ വിവാഹം കഴിച്ച് കർണ്ണാടകിവംശവുമായി ബന്ധം സ്ഥാപിച്ചു. മല്ലനെന്ന നാമവും കർണ്ണാടകചാലൂക്യവംശത്തിന് സാധാരണയാണല്ലോ. അതുകൊണ്ട് അവരും നാന്യദേവനെത്തന്നെ തങ്ങളുടെ പൂർവ്വപ്രധാനപുരുഷനായി കണക്കാക്കുന്നു.മല്ലനെന്നത് രാജവംശനാമമല്ല, ശരീരബലം കൊണ്ടു വരുന്ന നാമമാണ്. മല്ലരാജാക്കന്മാരും ഭവാനിയെ പരദേവതയായി കരുതുന്നു. 18ആം നൂറ്റാണ്ടിലെ ഗൂർക്കരാജവംശവും ഇത് പിൻതുടർന്നു. ഗൂർക്കരാജാവ് പൃഥ്വിവിക്രംസിംഗും ഭവാനിക്കുള്ള രാഷ്ട്രത്തിന്റെ കടപ്പാട് പരിത്യജിച്ചില്ല. 3 ക്ഷേത്രമുള്ളതിൽ ഏറ്റവും പഴയത് ഭക്തപ്പൂരിലാണ്. അവിടെയാണ് ഒറിജിനൽ യന്ത്രം (ശ്രീചക്രം). 1550ൽ മഹേന്ദ്രമല്ലനാണ് അതിന് ക്ഷേത്രം പണിതത്. താന്ത്രികക്ഷേത്രമാണ്. സ്വർണ്ണവിഗ്രഹവും ശ്രീയന്ത്രവുമുണ്ട്. ഭക്തന്മാർക്കു വേണ്ടി എന്നും തുറക്കുന്ന ക്ഷേത്രം ഇതാണ്. കാഠ്മണ്ഡുവിലെ ക്ഷേത്രം വർഷത്തിലൊരിക്കലേ തുറക്കുകയുള്ളു . പത്താനിലേത് പുരോഹിതർക്കു മാത്രമാണ് തുറക്കുക.

ചാലൂക്യവംശം

ബാദാമി ചാലൂക്യവംശം വല്ലഭവംശമാണ്. പുലകേശി 2ആമന്റെ ലിഖിതത്തിൽ ജയസിംഹവല്ലഭൻസത്യശ്രേയന് പലതലമുറകഴിഞ്ഞ് പുലകേശി ജനിച്ചതായി പറയുന്നു.

ബാദാമി ചാലൂക്യ	വെങ്കിചാലൂക്യ	കല്യാണിചാലൂക്യ
1. ജയസിംഹസത്യശ്രേയ500-520 2. രണരാഗൻ.520-540 3. പുലകേശി 1 540-566 4. കീർത്തിവർമ്മൻ .1 566-597 5. മംഗളേശൻ 597-609 6. പുലകേശി 2 ഐരേയ 609-642 7. ആദിത്യവർമ്മൻ. 643-645 8. അഭിനവാദിത്യൻ 645-46	1. ജയസിംഹ1 641-673 2. ഇന്ദ്രഭട്ടാരക 673 (7 ദിനം) 3. വിഷ്ണുവർദ്ധന2	

9. ചന്ദ്രാദിത്യൻ 646-49 10. വിജയഭട്ടാരിക 650-655 11. വിക്രമാദിത്യ 1 വിജയമല്ലൻ 655-80 12. വിനയാദിത്യ 680-696 13. വിജയാദിത്യ 696-733 14. വിക്രമാദിത്യ 2 733-746 15. കീര്ത്തിവർമ്മൻ .2 746-753 (രാഷ്ട്രകൂട ദന്തിദുർഗ്ഗന് തോൽപ്പിച്ചു)	673-682 4. മംഗിയുവരാജാ 682-706 5. ജയസിംഹ 2 706-718 6. കൊക്കിലി 718-719 7. വിഷ്ണുവർദ്ധന 3. 719-755 8. വിജയാദിത്യ 1 755-772 9. വിഷ്ണുവർദ്ധന 4 772-808 10. വിജയാദിത്യ 2 808-847 11. കലിവിഷ്ണുവർദ്ധന5 847-849 12. വിജയാദിത്യ 3 849-892 13. ചാലൂക്യഭീമ 1 892-921 14. വിജയാദിത്യ 4 921 15. അമ്മ 1 921-927 16. ബെട്ടവിജയാദിത്യ 1 927 17. തല 1 927 18. വിക്രമാദിത്യ 3 927-28 19. ഭീമ 2. 928 20. യുദ്ധമല്ല 2 928-935 21. ചാലൂക്യഭീമ 2 935-47 22. അമ്മ 2 947-970 23. തല 2 970 24. ധനാർണ്ണവ 970-73 25. ജടചൂഡഭീമ(ചോള) 973-999 26. ശക്തിവർമ്മന് 1 1000-1001 27. വിമലാദിത്യൻ 1011-1018	1. വനവാസിചട്ടികദേവചാലൂക്യ 2. തൈലപ 2 957-997 3. സത്യശ്രേയ 997-1008 4. വിക്രമാദിത്യ 5 1008-1015 5. ജയസിംഹ 2 1015-1092 6. സോമേശ്വര1 1042-1068 7. സോമേശ്വര2 1068-1076 8. ജഗദേകമല്ല 2 1138-1151(വെങ്കിയും)

	28. രാജരാജനരേന്ദ്രൻ 1019-1061 29. ശക്തിവർമ്മന് 2 1062 30. വിജയാദിത്യ 6 1063-68, 1072-1075 31. രാജരാജ 2 1075-1079 32. വീരചോളവിഷ്ണു വർദ്ധനന് 9 1079-1102	9. തൈലപ 3 1151-1164 10. ജഗദേകമല്ല 3 1163-1183 11. സോമേശ്വര 4 1184-1200

എരേയനെന്ന പുലികേശി രണ്ടാമന് 2 ഭാര്യമാരുണ്ടായിരുന്നു. ഒന്ന് അലൂപ വംശത്തിലെ, മറ്റൊന്ന് തലക്കാട് പടിഞ്ഞാറൻഗംഗവംശത്തിലെ. വിക്രമാദിത്യ രണ്ടാമന്റെ കാലത്ത് ഗുജറാത്തിലെ ചാലൂക്യഗവർണ്ണരായിരുന്ന പുലകേശി ഉമയ്യദ് കാലിഫേറ്റിൽനിന്നുണ്ടായ ആക്രമണത്തെ ചെറുത്ത് തോൽപ്പിച്ചു. വെങ്കി ചാലൂക്യരുടെ (കിഴക്ക്) തലസ്ഥാനം ആദ്യം രാജമുന്ത്രിയിലെ എല്ലൂരിനടുത്തെ പെദ്ദവെങ്കിയും പിന്നീട് രാജമഹേന്ദ്രവാരവുമായിരുന്നു. പുലകേശി രണ്ടാമന്റെ സഹോദരനായ കുബ്ജവിഷ്ണുവർദ്ധനനാണ് (621-641) ഇവിടെ ആദ്യം ഭരിച്ചത്. ഇദ്ദേഹത്തിന് ശ്രീകണ്ഠനെന്നും പേരുണ്ട്. (മൂഷക വംശകാവ്യത്തിലെ ശ്രീകണ്നാണ് ഇദ്ദേഹം) പുലകേശി വംശം വല്ലഭവംശമാണ്, വിഷ്ണുവർദ്ധനലിഖിതപ്രകാരം മാണവ്യഗോത്രമാണ്. ഹാരീതിപുത്രരാണ് ,കദംബരേയും പടിഞ്ഞാറെ ചാലൂക്യരേയും പോലെ. 11ആം നൂറ്റാണ്ടുമുതലുള്ള രേഖകളില് ഇവര് ചന്ദ്രവംശം, പുരൂരവസ്സിന്റെ വംശം, പാണ്ഡവവംശം, ശതാനീകവംശം, ഉദയനവംശം എന്ന് തങ്ങളുടെ ചന്ദ്രവംശ(മൂഷക) വല്ലഭവംശത്തിന്റെ ഉത്ഭവം പറയുന്നുണ്ട്. ഉദയനന്റെ 59 പിൻഗാമികള് അയോദ്ധ്യയില് വാണതായും അവരിലെ വിജയാദിത്യന് ത്രിലോചനപല്ല വനാൽ ദക്ഷിണാപഥയാത്രയില് വധിക്കപ്പെട്ടതായും, ഗർഭിണിയായ ഭാര്യക്ക് മുടിവെമു (ജമ്മലമുഡുഗു)വിലെ വിഷ്ണുഭട്ട സോമയാജി അഭയം കൊടുത്തതായും അവളുടെ പുത്രനായി വിഷ്ണുവർദ്ധനന് ജനിച്ചതായും പറയുന്നു. നന്ദാഭഗവതിയുടെ അനുഗ്രഹത്താൽ അദ്ദേഹം ദക്ഷിണാപഥപതിയായതായും പറയുന്നു.രാഷ്ട്രകൂടഅമോഘവർഷനു ശേഷം വീണ്ടും വെങ്കി ചാലൂക്യവംശം സ്വതന്ത്രഭരണാധികാരികളായി. വിക്രമാദിത്യ 6 അഥവാ പെര്മാദിദേവ ത്രൈലോക്യമല്ലന് കൽഹണന്റെ രാജതരംഗിണിയില് പരാമർശിക്കപ്പെടുന്നു.

വനവാസിയിലെ ചട്ടികദേവചാലൂക്യരാജാവ് കദംബരുമായി വിപ്ലവമുണ്ടാക്കി. മകനായ തൈലപ 2 973ൽ ചാലൂക്യഭരണം പുനസ്ഥാപിച്ചു. കർക്ക2 എന്ന രാഷ്ട്രകൂടരാജാവിന്റെ ഭരണം അവസാനിപ്പിച്ചു. സോമേശ്വര 1

പെർമാദിദേവത്രൈലോക്യമല്ലനെന്നും അറിയുന്നു. കാവേരി മുതൽ നർമ്മദ വരെ അദ്ദേഹം ഭരിച്ചിരുന്നു. സഭയിൽ കാശ്മീരിയായ ബിൽഹണനുണ്ടാ യിരുന്നു. ചാലൂക്യവിക്രമാദിത്യകാലമാണിത്. ജഗദേകമല്ലൻ 2 കാലത്ത് വെങ്കിയുടെ അധികാരം നഷ്ടമായി. തൈലപ 3നെ കാകതീയ പ്രോല 1149ൽ തോൽപ്പിച്ചു. ഹോയ്സലനരസിംഹൻ 1 അദ്ദേഹത്തെ വധിക്കയും ചെയ്തു. 1157ൽ കല്യാണിയിലെ കാലചൂരികള് ബീജല2ന്റെ കീഴിൽ കല്യാണി പിടി ച്ച് 20 വർഷം ഭരിച്ചു. ചാലൂക്യർ തലസ്ഥാനം അന്നിഗേരിക്ക് (ദാർവാഡ്) മാറ്റി.

കദംബവനവാസി,ത്രിപർവ്വത,ചാലൂക്യവംശം

കദംബരാജവംശം ശതവാഹനരുടെ പിൻഗാമികളാണ്. ഉത്തരകർണ്ണാടകം മുത ൽ കൊങ്കൺതീരം മുഴുവനും കദംബവനവാസിവംശം ഭരിച്ചിരുന്നു. മയൂരശ ർമ്മന് കേരളത്തിന്റെയും രാജാവായിരുന്നു. എഡി 345ലാണ് മയൂരശർമ്മന് (വർമ്മൻ) രാജാവാകുന്നത്. ബ്രഹ്മക്ഷത്രവംശമായ വല്ലഭവംശം തന്നെയായ തുകൊണ്ട് വർമ്മ,ശർമ്മനാമങ്ങളുള്ള വംശമാണ്. വാകാടക,ഗുപ്ത, ശതവാ ഹനരുമായി വിവാഹബന്ധം ഇവർക്കുണ്ട്.(ഒരേ വംശത്തിന്റെ വിവിധശാ ഖ) കാഞ്ചിപല്ലവരെ കദംബർ തോൽപ്പിച്ചിട്ടുണ്ട്. പടിഞ്ഞാറൻഗംഗരുടെ സമ കാലീനരും ബന്ധുക്കളുമാണ്. പിന്നീട് ചാലൂക്യ,രാഷ്ട്രകൂടരുടെ സാമന്തരും ബന്ധുക്കളുമായിരുന്നു. ഗോവ, ഹലശി, ഹംഗൽ എന്നീ സ്ഥലങ്ങളിലെ വിവി ധശാഖകളായി പിരിഞ്ഞു. കദംബരുടെ മുൻഗാമികള് കർണ്ണാടകത്തിലും കൊ ങ്കൺതീരത്തും മൌര്യരും ശതവാഹനരുമാണ്. വനവാസി, ത്രിപർവ്വത,എ ന്ന ശാഖകളായിട്ടാണ് കദംബരുടെ ഭരണം. ത്രിപർവ്വതശാഖയിലാണ് പുലകേ ശി ഒന്നാമനെന്ന ചാലൂക്യരാജാവ് ജനിച്ചത്. അദ്ദേഹത്തിന്റെ പുത്രനായ ചന്ദ്രാദിത്യന്റെ ഭാര്യ കറുത്ത സരസ്വതി എന്ന നാമമുള്ളവളും വൈദർഭി രീതിയിൽ കാവ്യം രചിക്കുന്നവളുമായ വിജയഭട്ടാരിക (വിജ്ജിക) എന്ന വിജയാങ്ക , ഉജ്ജയിനി രാജകുമാരിയാണ്.

വനവാസിശാഖ	ത്രിപർവ്വതശാഖ
1. വീരശർമ്മൻ. 2. ബന്ധുസേനന്. 3. മയൂരശർമ്മൻ.345-365 4. കങ്ക(ഗംഗ)വർമ്മൻ.365-390 5. ഭഗീരഥൻ 390-415 6. രഘു 415-435 7. കാകുസ്ഥവർമ്മൻ.435-455 8. ശാന്തിവർമ്മൻ.455-460 9. ശിവമാന്ധാതാ 460-475	1. കൃഷ്ണവർമ്മ 1 455-475 2. വിഷ്ണുവർമ്മ 475-485 3. സിംഹവർമ്മ 485-516 4. കൃഷ്ണവർമ്മ 2 516-540

10. മൃഗേശവർമ്മൻ. 475-485 11. രവിവർമ്മ 485-519 12. ഹരിവർമ്മൻ. 519-530	5. പുലകേശി 1 (ചാലൂക്യ) 6. പ്രപുത്രന് ചന്ദ്രാദിത്യന്റെ ഭാര്യ വിജയഭട്ടാരിക (വിജ്ജിക) വൈദർഭിരീതിയില് കവിത രചിക്കുന്ന കറുത്ത സരസ്വതി

കദംബവനത്തിലാണ് മയൂരശർമ്മന്റെ ജനനം. അദ്ദേഹവും നന്ദന്മാരെപ്പോലെ, മൂരയെപ്പോലെ (മൌര്യവംശം) പീലി ധരിച്ചിരുന്നു. തലഗുണ്ടലിഖിതം അദ്ദേഹത്തെ ബ്രാഹ്മണനെന്നാണ് വിളിക്കുന്നത്. പ്രാദേശികട്രൈബുകളിൽനിന്ന് ജനിച്ച ബ്രാഹ്മണനും ക്ഷത്രിയനുമാണ് (പ്രൊഫഷനാണ് വർണ്ണം നിശ്ചയിക്കുന്നത്) ബ്രാഹ്മണനായി ജനിച്ച് ക്ഷത്രിയധർമ്മം കൈക്കൊണ്ടു. സംഘകാലത്ത് പ്രാദേശികരായ കടമ്പുവർഗ്ഗക്കാര് കടമ്പ് അഥവാ നീപവൃക്ഷത്തെ ആരാധിച്ചിരുന്നു. അതോടൊപ്പം മുരുകനേയും ആരാധിച്ചിരുന്ന ഈ ട്രൈബൽ ജനത വേദയജ്ഞങ്ങൾ അനുഷ്ഠിച്ചിരുന്നു. തലഗുണ്ട , ഗുഡ്നപ്പൂർലിഖിതങ്ങളില് ഇവരെ മാണവ്യഗോത്രം, ഹാരീതിപുത്രർ, വനവാസിയിലെ ചുത്തുശതകർണ്ണികളെന്നാണ് വിളിക്കുന്നത്.

ഗുരുവും മുത്തശ്ശനുമായ വീരശർമ്മന്റെ കൂടെ കാഞ്ചിയിലെ ഘടികയിലേക്ക് വേദം പഠിക്കാൻപോയ മയൂരശർമ്മനെ പല്ലവന്മാരുടെ കാവൽക്കാരന് അപമാനിച്ചു. അതിനുപകരമായി ശ്രീശൈലത്തുവെച്ച് പല്ലവരെ പരാജയപ്പെടുത്തി. കോലാറിലെ ബൃഹദ്ബാണരുമായി യുദ്ധം ചെയ്തു. പല്ലവൻ സ്കന്ദവർമ്മന് മലപ്രഭനദിക്കു തെക്ക് കദംബരുടെ ആധിപത്യം അംഗീകരിച്ചു. ത്രൈകൂടർ,ആഭീരർ,പാരിയാത്രകർ,ശാകസ്ഥാനികൾ,മൌഖാരികൾ,പുന്നാടിലേയും സേന്ദ്രകത്തിലേയും ജനത ഇവരെ ജയിച്ചു. മയൂരശർമ്മനുശേഷം ഉള്ള തലമുറ വർമ്മനാമമേ ഉപയോഗിച്ചിട്ടുള്ളു. കാകുസ്ഥവർമ്മന്റെ മകള് ഗംഗാവംശത്തിലെ മാധവരാജന്റെ ഭാര്യയായിരുന്നു. രണ്ടാമത്തെ മകൾ കുമാരഗുപ്തന്റെ മകൻ സ്കന്ദഗുപ്തന്റെ ഭാര്യയുമാണ്. മൂന്നാമത്തെ മകളായ അജിതഭട്ടാരിക വാകാടകനരേന്ദ്രസേനന്റെ ഭാര്യ. (പൃഥ്വീസേനന്റെ ബാലാഘട്ട് ലിഖിതം). തെക്കന് കർണ്ണാടകത്തിലെ ആലൂപവംശവും ഭണ്ഡാരി സാമന്തരുമായി വിവാഹബന്ധം ഉണ്ടായിരുന്നു. ചന്ദ്രഗുപ്തവിക്രമാദിത്യന് ഒരു കദംബരാജകുമാരിയെ വിവാഹം കഴിച്ചുകൊടുക്കാനുള്ള അഭ്യർത്ഥനയുമായി കാളിദാസൻ ചക്രവർത്തിയുടെ ദൂതനായി കദംബരുടെ സഭയിലെത്തിയതായി പറയപ്പെടുന്നു.ശാന്തിവർമ്മന് മൂന്നുകിരീടം (മുമ്മുടി) ചൂടി. (പട്ടത്രയം). അദ്ദേഹം കൃഷ്ണവർമ്മനെ തെക്കുള്ള പല്ലവരെ അടക്കാനായി (ദേവഗിരി മുതൽ ധർവാഡ്,ഹാലെബീടുവരെ) അയച്ചു, അദ്ദേഹമാണ് ത്രിപർവ്വത

ശാഖ ഉണ്ടാക്കിയത്. മൃഗേശവർമ്മന്റെ (475)ഭാര്യ പ്രഭാവതി മേഖലപാണ്ഡവരാജ്യത്തെ രാജകുമാരിയായിരുന്നു(കാലഞ്ജരപർവ്വതം) അവളുടെ മകനാണ് രവിവർമ്മ . ത്രിപർവ്വതത്തിലെ വിഷ്ണുവർമ്മനെ വധിച്ചത് വനവാസികത്തിലെ മൃഗേന്ദ്രവർമ്മന്റെ പുത്രനായ രവിവർമ്മനാണ്. പല്ലവരാജാ ചന്ദദന്ത (ശാന്തിവർമ്മൻ) ഇതേ അനുഭവമുണ്ടായി. രവിവർമ്മന്റെ രണ്ടു സഹോദരന്മാരായ ഭാനുവർമ്മനും ശിവരഥനും ഹലസിയിലും ഉച്ചംഗിയിലും (പാണ്ഡ്യരുടെ) ഭരിച്ചു.
ബന്നഹല്ലിപ്ലേറ്റ് രവിവർമ്മന്റെ പുത്രനായ ഹരിവർമ്മനെ സിംഹവർമ്മ പുത്രനായ കൃഷ്ണവർമ്മ 2 വധിച്ചതായി രേഖപ്പെടുത്തുന്നു. (530) അതിനു ശേഷം രണ്ടു ശാഖകളും വീണ്ടും പഴയപോലെ ഒന്നിച്ചു. 540ൽ കദംബരുടെ സാമന്തരായി ബദാമി ഭരിച്ചിരുന്ന ചാലൂക്യർ പുലകേശിക്കുശേഷം കദംബരെ സാമന്തരാക്കി. ഇത് മൂപ്പിളമപ്രകാരമുള്ള ഭരണവും രാജാവിന്റെ ജനസമ്മതിയും നോക്കിയുള്ള തെരഞ്ഞെടുപ്പല്ലാതെ യുദ്ധത്തിലൂടെ മാത്രമുള്ള ജയമല്ല. വിവാഹം പോലും സന്ധിയും ഭരണമാറ്റത്തിനുള്ള ആയുധവുമായിരുന്നു , ബന്ധങ്ങളാണ് ഭരണം നിശ്ചയിച്ചിരുന്നതെന്നും പറയാം. ഐഹോൾ ലിഖിതത്തിലെ വനവാസിവർണ്ണനയില് ചാലൂക്യര് വനവാസിയെ ദേവലോകം പോലെയെന്നാണ് പറയുന്നത്. ഒരു ഹംസമാല വരദാനദിയുടെ ഉയർന്ന തിരമാലകളില് കളിക്കുന്ന ആ ദേവലോകത്തിലാണ് തങ്ങളും ജനിച്ചതെന്നത് അവര് മറക്കാറില്ല. വിദേശഭരണമാറ്റവും ഇന്ത്യയിലെ ഭരണമാറ്റങ്ങളും തമ്മിലുള്ള പ്രധാനവ്യത്യാസവും ഇതുതന്നെയായിരുന്നു എന്ന് ചരിത്രം നോക്കിയാലറിയാം. ശതവാഹനരുടെ പിൻഗാമികളായ കദംബർക്ക് ധർമ്മമഹാരാജാക്കന്മാരെന്ന് ബിരുദമുണ്ടായിരുന്നു. അവരെല്ലാം പണ്ഡിതരും വേദവേദാംഗവിദ്യാവിശാരദരുമായിരുന്നു. അഞ്ചാം നൂറ്റാണ്ടിലെ ബിനൂർകോപ്പർപ്ലേറ്റ് ലിഖിതത്തില് വനവാസികം കർണ്ണാടകത്തിന്റെ അലങ്കാരമാണെന്ന് പറയുന്നു. 18 മണ്ഡപികകൾ(നികുതിപിരിവുകേന്ദ്രം) ഉള്ള പ്രധാനവ്യാപാരവ്യവസായകേന്ദ്രമാണെന്നും പറയുന്നു. വനവാസിരാജാക്കന്മാരാണ് പുരവരേശ്വരന്മാരെന്നും പറയുന്നു. ഖനനം ശതവാഹനകാലത്തും അപ്രകാരമായിരുന്നു എന്ന് കാണിക്കുന്നു.
കാസർകോട്ടെ മായിപ്പാടി കോവിലകം കദംബരാജവംശത്തിന്റെ ഹനഗല്ലു ശാഖയിൽനിന്ന് ഉണ്ടായവരാണ്. വടക്ക് കുംഭിനി(കുംബ്ല) നദി മുതൽ തെക്ക് ചന്ദ്രഗിരിപ്പുഴവരെ അവരുടേതായിരുന്നു. വിജയനഗരവും കേലടി ബെഗോർ, ഇക്കേരിനായക്കരും ഇവിടെ ഭരിച്ചിരുന്നു. നായിക്കരുടെ കോട്ടകളാണ് കുംബള, ബേയ്ക്കൽ,ചന്ദ്രഗിരി, ഹോസ്ദുർഗ്ഗ് എന്നിവ. പിന്നീട് ഈ കോട്ടകളെല്ലാം മൈസൂർസുൽത്താന്മാരുടേയും ബ്രിട്ടീഷുകാരുടേയും കയ്യിലായി.

മിഥിലയിലെ നാന്യദേവനെ ബാദാമി ചാലൂക്യരുടെ കർണ്ണകായസ്ഥഭരണാധികാരിയായിട്ടാണ് കരുതുന്നത്. ആര്.സി മജുംദാർ ബാദാമി ചാലൂക്യവംശം അയോദ്ധ്യയിലെ സൂര്യവംശമാണെന്ന് കരുതുന്നു.ആദ്ധ്രശതകർണ്ണികൾക്കു ശേഷം ഇക്ഷ്വാകുവംശത്തിലെ ഈ ശാഖകൾ ഉയർന്നുവന്നു എന്നാണദ്ദേഹം പറയുന്നത്. ഡോ. വിദ്യാലങ്കാറും ബാദാമി ചാലൂക്യര് അയോദ്ധ്യയിലെ സൂര്യവംശത്തിന്റെ പിൻഗാമികളാണെന്ന് പറയുന്നുണ്ട്. ശ്രീനിവാസാചാര്യഅയ്യങ്കാർ,ഡോ.എച്.സി റോയ് എന്നിവരുടെ ഗ്രന്ഥങ്ങൾ പഠിച്ച ഡോ ദീനനാഥ് വർമ്മ ബാദാമിചാലൂക്യരുടെ മുൻഗാമികള് അയോദ്ധ്യയിലെ സൂര്യവംശികളാണെന്നും ആദ്യം അവർ രാജസ്ഥാനിലെ നിമലിലും പിന്നീട് ബീജാപ്പൂരിനടുത്ത് ബാദാമിയിലും വന്നു എന്നും പറയുന്നു. ദുർഗ്ഗപ്രസാദ് ദീക്ഷിത്തിന്റെ പൊളിറ്റിക്കൽ ഹിസ്റ്ററി ഓഫ് ചാലൂക്യാസ് ഓഫ് ബാദാമി, വിക്രമാദിത്യ 6 ന്റെ (1076-1126) നീലഗുണ്ടലിഖിതം ഇവവെച്ച് അയോദ്ധ്യയിൽ ഇവരുടെ മുൻഗാമികള് ആയി 59 രാജാക്കന്മാർഭരിച്ചതായും പിന്നെ 16 പേര് തെക്കേ ഇന്ത്യയിൽ ഭരിച്ചതായും രേഖപ്പെടുത്തുന്നു. ഇത് ബിൽഹണനും പറയുന്നുണ്ട്. ചാലൂക്യനാമം ബ്രഹ്മാവിന്റെ കയ്യിലെ ചുലൂക(അര്ഘ്യ)ജലത്തിൽനിന്ന് ജനിച്ചതുകൊണ്ടാണെന്ന് വിക്രമാദിത്യചരിതം. ബ്രഹ്മാവിന്റെ തപസ്സുകാലത്ത് ഇന്ദ്രൻവന്ന് ഭൂമിയില് പടരുന്ന നിരീശ്വരത്വം ഒഴിവാക്കാനായി ഒരു വീരപുരുഷസൃഷ്ടി ആവശ്യപ്പെട്ടു. കയ്യിലെ ചുലുകത്തിലേക്ക് ബ്രഹ്മദൃഷ്ടി പതിഞ്ഞപ്പോൾ, ത്രിഭുവനരക്ഷകനായി ഒരു വീരയോദ്ധാവ് സൃഷ്ടിക്കപ്പെട്ടു. അദ്ദേഹത്തിൽനിന്ന് ഹരിശ്ചന്ദ്രന്റെ പേരക്കുട്ടിയായി സത്യയുഗത്തില് ഹാരീതൻ ജനിച്ചു. അവനിൽനിന്ന് മാണവ്യന് ജനിച്ചു. ഇവരെല്ലാം ജനിച്ചത് അയോദ്ധ്യയിലാണ്. ഇവരുടെ വംശമാണ് ചാലൂക്യപുലകേശിവംശം.
എഫ്.ഇ. പർജിറ്റർ, വായു,മത്സ്യ,വിഷ്ണുപുരാണങ്ങൾ ഇന്ത്യയുടെ ചരിത്രമാണെന്ന് പറയുന്നുണ്ട്. ക്ഷത്രീയസൂതന്മാരെഴുതിയ പുരാണങ്ങള് വളരെ ആധികാരികമാണെന്ന് അദ്ദേഹം പറയുന്നു. മാന്ധാതാവിന്റെ പിന്മുറക്കാരും പുരൂരവഹൈഹയരും തമ്മിലുള്ള നിരവധി യുദ്ധങ്ങൾ പുരാണത്തിലുണ്ട്. വായുപുരാണപ്രകാരം ഇക്ഷ്വാകുഹാരീതൻ, അദ്ദേഹത്തിന്റെ വംശത്തിലെ ബഹു എന്നിവരെ ഐലവംശികളായ ഹൈഹയർ തോൽപ്പിച്ച് കാടുകളിലേക്ക് ഓടിച്ചു. വായുകൂർമ്മപുരാണങ്ങളില് ഹാരീതന് ഹരിശ്ചന്ദ്രന്റെ പേരക്കുട്ടിയാണ്. പർജിറ്റർ, വൈവസ്വതമനുവിൽനിന്ന് 35ആം തലമുറ, ശ്രീരാമനിൽനിന്ന് 30 തലമുറ മുമ്പ് എന്ന് പറയുന്നു. ബാദാമി ചാലൂക്യർ തങ്ങള് അയോദ്ധ്യയിലെ ഹാരീതവംശമെന്നു പറയുന്നുണ്ട്, അവരിൽനിന്നുണ്ടായ കല്യാണിചാലൂക്യരും അപ്രകാരമാവണം (ഡോ. ആർ.എസ്. ത്രിപാഠി).
കല്യാണിവിക്രമാദിത്യ(6)ന്റെ സേനാപതിയായ നാന്യദേവൻ നേപ്പാള് ഉൾപ്പെട്ട വടക്ക് വടക്കുകിഴക്ക് ഭാഗങ്ങളിലേക്ക് സൈനികനീക്കം നടത്തി അവ കീഴടക്കി. അപ്രകാരമാണ് നേപ്പാളിലെ നാന്യദേവന്റെ സാമ്രാജ്യം

ആരംഭിച്ചത്. ദണ്ഡകനെന്ന ഇക്ഷ്വാകുസഹോദരൻ ശുക്രപുത്രി അബ്ജയെ ബലാത്കാരം ചെയ്തു. ശുക്രശാപം കൊണ്ട് ദണ്ഡന്റെ രാജ്യം ദണ്ഡകാരണ്യമായി മാറി. അബ്ജക്ക് ദണ്ഡന്റെ പുത്രൻ ജനിച്ചു. ഹാരീതനെന്ന ആ കുട്ടിയെ അയോദ്ധ്യയിൽ രാജപുത്രനായി സ്വീകരിച്ചു. (രാമായണം) മൈഥിലകർണ്ണകായസ്ഥപഞ്ചിക് സർവ്വേക്ഷണ്(ബെനോദ് ബെഹാരിവർമ്മയുടെ) 11ആം നൂറ്റാണ്ടിൽ മിഥിലയിലേക്ക് വരുമ്പോള് നാന്യദേവന് തന്റെ മന്ത്രി ശ്രീധരനേയും മറ്റ് 12 കർണ്ണകായസ്ഥരേയും കൊണ്ടുവന്നിരുന്നതായി പറയുന്നു. ഈ ശ്രീധരഥക്കർ ന്യായകന്ദലി എന്ന പുസ്തകം രചിച്ചിട്ടുണ്ട്. നാന്യദേവൻ ഭരിക്കുമ്പോള് ശ്രീധരന് തന്റെ ബന്ധുക്കളെ നാലു ഘട്ടമായി മിഥിലയിലേക്ക് കൊണ്ടുവന്നു. ആദ്യം 12 പേർ, പിന്നെ 20 പേർ, മൂന്നാമത് 30 പേർ, നാലാം ഘട്ടം എല്ലാ ബന്ധുക്കളും. ഇവരെ മിഥിലയിലെ തിർഹൂത്തിയകായസ്തന്മാരെന്നാണ് പറയുന്നത്. അക്കാലം മുതൽ ഓയിൻവാർരാജവംശകാലം വരെ ഇവർക്ക് ഥാക്കരെന്ന ബിരുദനാമമുണ്ട്. ഓയിൻവാർരാജാക്കന്മാർ അത് ബ്രാഹ്മണനാമമായതിനാല് ഉപേക്ഷിച്ച് ദാസ്, ദത്ത,ദേവ, കന്ത, നിധി,മല്ലിക്ക്, ലഭ്, ചൌധരി മുതലായ നാമങ്ങൾ സ്വീകരിച്ചു. നാന്യദേവൻ (1097-1143) ഒരുലക്ഷം രൂപ കപ്പം കൊടുത്ത് മിഥില സ്വന്തമാക്കി മിഥിലേശ്വരനെന്ന വിളിക്കപ്പെട്ടു. സ്വന്തം കൃതി സരസ്വതീഹൃദയാലങ്കാരത്തിൽ അദ്ദേഹം അപ്രകാരം സ്വയം വിശേഷിപ്പിക്കുന്നു. കൊയ്ലി നാന്ഹാപുരം (നാന്യാപുരം) ഗ്രാമം രാഘവ്പൂരിനടുത്ത് നിർമ്മിച്ചു. ശിവരാമപുരം ആയിരുന്നു തലസ്ഥാനം. 46 വർഷം ഭരണം. സുപാവോളിൽവെച്ച് വിജയ സേനനോട് പരാജയം സംഭവിച്ചു. മക്കൾ ഗംഗദേവനും മല്ലദേവനും വിജയസേനനെ തോൽപ്പിച്ച് രാജ്യം തിരിച്ചുപിടിച്ചു. മല്ലദീഹ, ഗംഗാപൂർ ഇവരുടെ പേരിലുള്ള നഗരങ്ങളാണ്.(സഹസ്രപൂർണ്ണിയ അതിർത്തിക്കടുത്ത്) സേനന്മാരെ പുറത്താക്കി. സുപാലിനടുത്ത് മൽഹഡ് ഗ്രാമം മല്ലദേവന്റെ പേരിലാണ്. നാന്യദേവന്റെ ആദ്യതലസ്ഥാനം നാന്യാപുരി (മോട്ടിഹാരി)ആയിരുന്നു പിന്നീടാണ് സിംമ്രാനിലേക്ക് മാറിയത്. മിഥില മുഴുവനും കീഴടക്കിയപ്പോൾ തലസ്ഥാനം കമലാദിത്യസ്ഥാനത്തേക്ക് മാറ്റി. മധുബനിജില്ലയിലെ ആന്ധ്രതർഹിയും കർണ്ണാടവംശതലസ്ഥാനമായിരുന്നു. അവിടെ 6 ഡസന് ചിറകള് ഒരു മാലപോലെ പണിതു. അവ പരസ്പരവും സുഗർവ്വേനദിയോടും ബന്ധിച്ച് വെള്ളപ്പൊക്കം തടയാനും ജലസേചനത്തിനും ഉപയോഗിച്ചു. .ഈ ജലസേചനപദ്ധതി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. യോദ്ധാവും സംഗീതജ്ഞനും ആയ നാന്യദേവൻ രാഗങ്ങളുടെ അനാലിസിസ് ചെയ്തു. ഹാസ്യ,ശൃംഗാരരസങ്ങൾക്ക് മദ്ധ്യലയം, കരുണത്തിന് വിളംബിതം, വീരരൌദ്ര,അത്ഭുത ഭയാനകങ്ങൾക്ക് ദ്രുതം എന്ന് അദ്ദേഹം പറയുന്നു. നാന്യദേവനുശേഷം ഗംഗദേവനും പിന്നീട് നരസിംഹദേവനും ,ശങ്കരസിംഹദേവനും , ഹരിസിംഹനാണ് ബ്രാഹ്മണർക്കും കർണ്ണകായസ്ഥർക്കും പഞ്ചിവ്യവസ്ഥ ഏർപ്പെടുത്തിയത്.

ഹരിസിംഹന്റെ രാജപുരോഹിതനായിരുന്നു കാമേ ശ്വരഥാക്കൂർ (വർണ്ണര ത്നാകരം രചിച്ചു). അദ്ദേഹം ആദ്യത്തെ ഉത്തരേന്ത്യൻഭാഷകളിലെ ആദ്യത്തെ നിഖണ്ഡു ഗദ്യത്തിൽ രചിച്ചു. അദ്ദേഹമാണ് പിന്നീട് ഒയിൻവാർരാജവംശം സ്ഥാപിച്ചത്. ആ രാജവംശത്തിനു ശേഷം 1527-1576 വരെ അരാജകത്വം വന്നു. 1577 മുതല് 1947 വരെ കന്തവാലവംശം ഭരിച്ചു. കർണ്ണാടകത്തിലെ തെക്കുപടിഞ്ഞാറൻ കൊങ്കൺതീരത്തും തുലജാപൂരിലും ഷോലാപൂരിലും (നിമഡ്,രാജസ്ഥാൻ) നാന്യദേവന്റെ വംശം താമസിച്ചിട്ടുണ്ട്. 1057ലാണ് നാന്യ ദേവന്റെ ജനനം. ഇരുപതാം വയസ്സിൽ മാതാപിതാക്കളോടും ഭാര്യയോടും ശ്രീധരനോടും കൂടി ദില്ലിയിലെത്തി. 1080ൽ ചന്ദ്രദേവന് കാനൂജ് പിടിച്ചട ക്കുമ്പോള് ചന്ദ്രദേവന്റെ സൈന്യത്തിലുണ്ടായിരുന്ന നാന്യദേവന് , തന്റെ മാതാപിതാക്കളുടേയും ഭാര്യയുടേയും മരണശേഷം അയോദ്ധ്യയിൽ ഒരു ഫക്കീറിനെപ്പോലെ 7 വർഷം അലഞ്ഞു തിരിഞ്ഞു. 1093ൽ മിഥിലയിലേക്ക് വന്നു. ചമ്പാരൻജില്ലയിലെ നാന്യാപുരം തലസ്ഥാനമാക്കി. ഇന്ദ്രപ്രസ്ഥം ഭരി ച്ചിരുന്ന ചന്ദ്രദേവ ഹെഡ്വാലിന്റെ പേരക്കുട്ടി ഗോവിന്ദചന്ദ്രന്(1114-1154) ദില്ലിയും ബീഹാറും ഭരിച്ചിരുന്നു. അദ്ദേഹത്തിന് നാന്യദേവനോടും മക്ക ളോടും സൌഹൃദമുണ്ടായിരുന്നു. കാനൂജിലെ ഗഹഡ്വാൾവംശവും നാന്യദേ വവംശവും തമ്മിൽ നല്ല ബന്ധമാണുണ്ടായിരുന്നത്. മല്ലദേവൻ കാനൂജിലെ ഗഹവാഡ് രാജാവ് ജയച ന്ദ്രന്റെ സൈന്യത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കാനൂജിലെ രാജാക്കന്മാർ കൂടുതല് സമയം കാശിയിലാണ് ചെലവഴിച്ചി രുന്നത്. താരാനന്ദ് മിശ്ര ശ്രീപ തിശ്രീധര്(സദുക്തികർണ്ണാമൃതം എഴുതി), നാന്യദേവന്റെ പുരോഹിതനും ഗോവിന്ദചന്ദ്രന്റെ സുഹൃത്തുമാണ്. കർണ്ണാ ട് വംശക്കാരുടെ ആചാര്യന്മാരും ഹഡസ്,രാത്തോഡ്, കർണ്ണകായസ്ഥരും ,ജോഷികളും എല്ലാം കൊങ്കൺ, രാജ സ്ഥാൻ,ബുന്ദേൽഖണ്ഡ്, ഹിമാലയ ൻഗാർവാല് എന്നിവിടങ്ങളില് പ്രശസ്തരും ബന്ധുക്കളുള്ളവരും ആണ്. കാലചൂരി കർണ്ണന്റെ മരണശേഷമാണ് നാന്യദേവന് മിഥിലരാജാവാകാന് കഴിഞ്ഞതെന്ന ചരിത്രപരമായ അറിവിനെക്കുറി ച്ച് ഡോ വിദ്യാലങ്കാർ പറയുന്നുണ്ട്. കാലചുരി ചേദിയിലെ കർണ്ണന് 1093ൽ മരിച്ചു. മകൻ നിരന്തരം മിഥില ആക്രമിച്ചു. കൈബ്രത്ത വിപ്ലവം എന്ന് പറയുന്ന സമരം ഇക്കാലത്താണ്. ഇത് പാലന്മാരെ ദുർബ്ബലരാക്കി. അപ്പോഴാണ് നാന്യദേവന് പ്രബലനായത്. ഹരിസിംഹദേവൻ കലകളുടേയും സാഹിത്യത്തിന്റേയും രക്ഷിതാവായിരുന്നു. ജ്യോതിരീശ്വർ ഉമാപതി മുതലായ കവികള് സഭയെ അലങ്കരിച്ചു. ശങ്കരദത്തനെന്ന വൈഷ്ണവൻ (കർണ്ണകായ സ്ഥന്) പണ്ഡിതനും കവിയുമായിരുന്നു. ബോധിദാസന്റെ (കർണ്ണകായസ്ഥകവി) പുരുഷപരീക്ഷ യിൽ ഇപ്രകാരം കാണാം.

ശകേ യുഗ്മഗുണസംവത്സരേ ഭൂപാലചൂഢാമണി
ശ്രീമശ്ച്രീഹരിസിംഹദേവവിജയീപഞ്ചിപ്രബന്ധകൃതഃ

തസ്മാത്ത് കർണ്ണബീജകലിതാൻ സുദ്വിഷാൻ, ചക്രേപുരഃ
കായസ്ഥമതിപ്രദസ്ഥഗുണിനാം ശ്രീശങ്കരദത്തഭാൻ.
മൂൽസരിബാദിലെ ശങ്കരദത്തനോട് 1310 എഡിയില് പഞ്ചിപ്രബന്ധം രചിക്കാൻ ഹരിസിംഹന് കൽപ്പിച്ചു. 1310-1314ൽ എഴുതി. തന്റെ മരുമകനായ ഗുണപതിദാസിനെ ഏൽപ്പിച്ചു. അവരുടെ വംശം പഞ്ചീകാരന്മാരെന്ന് അറിയപ്പെടുന്നു. 1326-1353 വരെ മുസ്ലീം ആക്രമണകാലമാണ് മിഥിലയിൽ. പുസ്തകങ്ങളെല്ലാം നശിപ്പിക്കപ്പെട്ടു. അരാജകത്വം നടമാടി. 1352ൽ ശ്രീശങ്കരദത്തമാലിക്കിന്റെ മകനായ ശംഭുദത്തമാലിക്കിനെ പകർത്തിയെടുക്കാനേൽപ്പിച്ചു.ശ്രീധരദാസന്റെ അന്ധരതർഹിലിഖിതം മൈഥിലിഭാഷയിലാണ്. മൈഥിലി ലിപി അക്ബറുടെ കാലത്തുണ്ട്. സാന്താൾ പർഗാനയിലെ ഗൊദ്ദയിൽനിന്നാണ് ഇത് ലഭിച്ചത്. മിഥിലയുടെ അതിർത്തികൾഃ വടക്ക് ഹിമാലയം, പടിഞ്ഞാറും കിഴക്കും തെക്കും ഗംഗാനദി, പടിഞ്ഞാറും കിഴക്കും ഗംഗ,ഗണ്ഡകി, കൌശികി, നദികൾ. ചമ്പാരനും മുസഫർപൂരും ദർബംഗയും സഹർഷയും പൂർണ്ണിയയും മോങ്കിരും നേപ്പാളും മിഥിലയില്പെടുന്നു. സീതാദേവിയും ഗൌതമബുദ്ധനും ജനിച്ചത് മിഥിലയിലാണ്.
ചാലൂക്യത്രൈലോക്യമല്ലനന്നിനോലംബരാജാവെന്നും ,നന്നിനോലംബപല്ലവനെന്ന ചാലൂക്യസാമന്തരാജാവെന്നും വിചാരിക്കാനുള്ള തെളിവുകൾ ചാലൂക്യലിഖിതങ്ങളിലുണ്ട്. ബെല്ലാരിഈശ്വരക്ഷേത്രത്തിലെ 1044ലെ ദാനം ചാലൂക്യത്രൈലോക്യമല്ല നന്നിനോലംബദേവകാലത്താണ്. അതിൽ കപ്പെക്കല്ലുമുഖ്യനായ പുലിയണ്ണനെ ബോലെക്കുണ്ടു 300ൽ അവരോധിച്ചതായും ഉദയാദിത്യദേവന്റെ സാമന്തൻ പല്ലവരശനൻ, കപ്പെക്കല്ല് ജ്യേഷ്ഠരശി ബാലരക്ക് സമ്മാനം കൊടുത്തതായും ,(8 മാത്ര ഭൂമി മഠത്തിനും 8 മാത്ര മഹാദേവനും)തോട്ടങ്ങളും എണ്ണമില്ലും കൊടുത്തതായും പറയുന്നതോടൊപ്പം ബ്രഹ്മപുരി ദേശം മുഴുവനും ശ്രീധരയ്യന് കൊടുത്തതായും പറയുന്നു. നേപ്പാളിലേക്ക് കൂടെ പോയ ശ്രീധരനാവാം ഈ ബ്രഹ്മദേയം കൊടുത്ത ശ്രീധരയ്യനെന്ന് അനുമാനിക്കണം. മൊരിഗേരി ഉദ്ദി ബസവണ്ണക്ഷേത്രലിഖിതത്തിലെ വംശവൃക്ഷത്തിൽ, ചാലൂക്യത്രൈലോക്യമല്ലആഹവമല്ലതേവൻ, നോലംബ ഘടേയാങ്കരദേവപുത്രനായ ഉദയാദിത്യദേവന്,പുത്രൻജഗദേകമല്ലനോലംബനെന്ന ഇർമ്മാദിനോലംബന്, സഹോദരൻ ത്രൈലോക്യമല്ല നന്നിനോലംബ പല്ലവപെർമാനടി എന്ന ചാലൂക്യസാമന്തനെന്നു കാണാം. അതായത് നന്നിനോലംബപല്ലവപെർമാനടി എന്ന നാന്യദേവനും ചാലൂക്യവംശംതന്നെയാണ്.
കര്ണ്ണാടകത്തിന്റെ സുവർണ്ണകാലമെന്ന് ചാലൂക്യഭരണത്തെ പറയുന്നു. കാവേരി മുതൽ നർമ്മദവരെയും, ഗുജറാത്തിലും നേപ്പാളിലും അവരുടെ ഭരണം വ്യാപിച്ചു. കിഴക്കൻ ചാലൂക്യകാലം തെലുഗുസാഹിത്യത്തിന്റെ വളർച്ച കുറിച്ചു. ചാലൂക്യരുടെ ശില്പകല അവരുടെ ശിൽപ്പികളായ ഓജസ്സ് (ഓജകുലം കൃഷ്ണന്റെ പൂർവ്വാവതാരമായ ഓജസ്സിന്റെ കുലം) പ്രസിദ്ധ

മാണ്. വാസിഷ്ഠിപുത്ര, ഹിരണ്യകഗോത്രമാണ് ആന്ധ്രഇക്ഷാകു വംശത്തിലെ രാജാക്കന്മാരെന്നും അവർ കന്തചാലിക്കി(ചാലൂക്യ) രെമ്മനാക്കനെന്ന മുഖ്യ ന്റെ സാമന്തന്മാരായിരുന്നു എന്നും പറയുന്നു. ചാലൂക്യർ ഹാരീതിപുത്ര മണവീയഗോത്രമാണ്. കദംബവനവാസിരാജാക്കന്മാരും ഈ ഗോത്രമാണ്. കിഴക്കൻ ചാലൂക്യരാജാക്കന്മാര് തെക്കുള്ള പല്ലവരെ തോൽപ്പിച്ച് പല്ലവ രാജകുമാരിയെ വിവാഹം കഴിച്ചു. അതിലുണ്ടായ വിജയാദിത്യനാണ് പുല കേശി ഒന്നാമന്റെ അഛനെന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നു. ചില ബാദാമി ലിഖിതങ്ങളിൽ ജയസിംഹൻ(മുത്തശ്ശൻ), രണരാഗൻ(അഛൻ) പുലകേശി 1 (മകന്) എന്നും കാണുന്നു അങ്ങനെയെങ്കിൽ വിജയാദിത്യനാണ് രണരാഗനെന്ന് വരും. ബാദാമിയിലെ ചാലൂക്യര് തങ്ങള് അയോദ്ധ്യയിലേതാണെന്ന് പറയു ന്നില്ല, കല്യാണി ചാലൂക്യരാണ് അങ്ങനെ അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. 12ആം നൂറ്റാണ്ടിലെ ബിൽഹണന്, ചാലൂക്യർ ശൂദ്രവംശമെന്ന് പറയുന്നു. മറ്റുള്ളവരെല്ലാം ക്ഷത്രിയവംശമെന്ന് പറയുന്നുണ്ട്. ലിഖിതത്തിൽ അരശ (ദക്ഷിണേന്ത്യൻ)നാമം, പ്രിയഗല്ലം, നൊടുട്ടഗെൽവം മുതലായ വാക്കുകള് കർണ്ണാടകവംശമെന്ന് ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രകൂട ലിഖിതത്തിൽ ബാദാമി ചാലൂക്യരെ കന്നടബലമെന്ന് പറയുന്നതും ഇതിന് ഉപോദ്ബലകമാണ്. സപ്തമാതൃകകളാലാണ് ബ്രഹ്മാവിന്റെ ചുലൂകജലത്തിലുണ്ടായ ആദ്യചാലൂ ക്യ ൻ വളർത്തപ്പെട്ടതെന്ന് ഐതിഹ്യം. ശിവനെയും വിഷ്ണുവിനേയും ചാമുണ്ഡിയേയും പാർവ്വതി,വിനായകൻ, സൂര്യൻ കുബേരനെന്നിവരേയും കാർത്തികേയനേയും സപ്തമാതൃക്കളേയും ചാലൂക്യര് ആരാധിക്കുന്നു. കർണ്ണാടകലിപിയിലും ഭാഷയിലും എഴുതപ്പെട്ട നിരവധി ലിഖിതങ്ങള് ഇവ രുടേതായി ഉണ്ട്. മംഗലേശന്റെ ബാദാമിഗുഹാലിഖിതം (578), കപ്പെ അരബ ട്ടലിഖിതം(700),പെദ്ദവെഡ്ഡുഗുന്ദലിഖിതം(പുലകേശി 2), കാഞ്ചികൈലാസനാഥ ക്ഷേത്രലിഖിതം (വിക്രമാദിത്യ 2) പട്ടാടക്കൽവിരൂപാക്ഷക്ഷേത്രലിഖിതം (വിക്രമാദിത്യ 2)ഇവ കർണ്ണാടകഭാഷയാണ്. ബാദാമി ക്ലിഫ് ലിഖിതം (പുല കേശി 1 . 543),മഹാകൂടപില്ലർലിഖിതം(മംഗലേശൻ 595), ഐഹോൾലിഖിതം (പുലകേശി 2 . 634)ഇവ സംസ്കൃതഭാഷയിൽ കന്നഡലിപിയിലെഴുതപ്പെട്ടവ യാണ്. പുലകേശി രണ്ടാമന്റെ സഭ ഹ്യുയാൻസാങ് സന്ദർശിച്ചു. അദ്ദേഹം നിരീക്ഷിച്ചത്ഃ- ഓരോരോ രാഷ്ട്രകത്തിലും 99000 ഗ്രാമം വീതം 3 മഹാരാഷ്ട്ര ക ങ്ങൾ (കർണ്ണാടകം, മഹാരാഷ്ട്രം, കൊങ്കണതീരം) അദ്ദേഹത്തിനുണ്ടെന്നാണ്. ഗുജറാത്തിലെ ചാലൂക്യസോളങ്കിവംശം ചാലൂക്യവംശമാണ്. ഇവരും വലഭി സർവ്വകലാശാലയും തമ്മിലുള്ള ബന്ധം, ചാലൂക്യവല്ലഭനെന്ന നാമം, ഇവ മൂഷകവല്ലഭവംശത്തോടുള്ള ബന്ധം കാണിക്കുന്നു. ഇപ്രകാരം ഇന്ത്യയിലെ എല്ലാ രാജവംശവും ഒന്നിനൊന്ന് ബന്ധപ്പെട്ടിരിക്കുന്നതു കാണാം.

നോലംബ,ആലൂപ,കാകതീയവംശം

കാകതീയരും മുത്തരയരും

ഇന്ന് വാറങ്കൽ എന്നു വിളിക്കുന്ന സ്ഥലത്തിന് പഴയ പേര് ഒറുഗല്ലു എന്നായിരുന്നു. ഒരുകല്ല്,ഒറ്റക്കല്ല് അഥവാ ഏകശിലാനഗരമെന്ന ഈ പ്രദേശം തലസ്ഥാനമാക്കി വാണിരുന്ന രാജവംശമാണ് ചരിത്രത്തിലെ കാകതീയരാജവംശം. ഇവരുടെ വംശവൃക്ഷം വെന്ന അഥവാ വെണ്ണ ,ഗുണ്ട്യാന,എറിയ ബെട്ടരാജാ, പ്രോല അഥവാ പറോല തുടങ്ങി തേവ എന്നവസാനിക്കുന്ന നാമങ്ങളോടുകൂടിയ നിരവധി രാജാക്കന്മാരടങ്ങുന്നതാണ്.

1. വെണ്ണ (വെന്ന)
2. ഗുണ്ട്യാന 1
3. ഗുണ്ട്യാന 2
4. ഗുണ്ട്യാന 3. കിഴക്കൻ ചാലൂക്യദാനാർണ്ണവന്റെ മംഗല്ലു ഗ്രാന്റില്(956 എഡി) പറയുന്ന കാകതീയഗുണ്ട്യാന കാകതീപുരവല്ലഭനാണ് ഇദ്ദേഹമെന്നു കാണുന്നു. ദാനാർണ്ണവകാലം 956-995.
5. എറിയ . ഗുണ്ട്യാന മൂന്നാമന്റെ പേരക്കുട്ടി. ഒറുഗപ്പുവിനടുത്തുള്ള കുറവടിയി ലാണ് ഇദ്ദേഹം താമസിച്ചിരുന്നത്.
6. ഗുണ്ട്യാന 4 എറിയയുടെ പേരക്കുട്ടി.
7. ബെട്ടരാജാ 1 (996-1051)
8. പ്രോല അഥവാ പറോല 1 (1052-1076)
9. ബെട്ടരാജാ 2 (1076-1108)
10. ദുർഗ്ഗരാജാ 1108-1116
11. പ്രോല 2 1116-1157
12. പ്രതാപരുദ്രതേവ 1158-1195
13. സഹോദരനായ മഹാതേവ 3 വർഷം ഭരിച്ചിട്ടുണ്ട്
14. ഗണപതിതേവ 1199-1262
15. രുദ്രമാതേവി 1262- 1289 ഭർത്താവ് കിഴക്കന് ചാലൂക്യവീരഭദ്രനെന്ന കശ്യപഗോത്രക്കാരൻ
16. പ്രതാപരുദ്രതേവ 2 . രുദ്രമാതേവിയുടെ പേരക്കുട്ടി. 1295-1323 .1323ൽ ഇവരുടെ ഭരണം അവസാനിച്ചു.

    കൃഷ്ണജില്ലയിലെ നുഴ്‌വീട്താലൂക്കിനെ ഗോപമന്ത്രകൂടൻ കീഴടക്കിയ ശേഷം, വേലനാടി കൂടി പിടിച്ചടക്കാനായി ശ്രമിച്ച കാലത്ത് വേലനാടി രാജകുമാരനായ ചന്ദേല തെലുഗുചോഡന് രാജേന്ദ്രചോഡന്

അദ്ദേഹത്തെ തടഞ്ഞു. ഇക്കാലത്താണ് ആദ്യമായി ഒറുഗല്ലുവിൽ കാകതീയ വംശവാഴ്ച ആരംഭിക്കുന്നത്. നുഡവോലു അഥവാ നുഴവീട് വാണിരുന്ന കിഴക്കൻചാലൂക്യശാഖയിലെ അംഗമാണ് രുദ്രമാദേവിയുടെ ഭർത്താവായ വീരഭദ്രനും. രുദ്രമാതേവിയുടെ അനുജത്തി ഗണപാംബയെ വിവാഹം ചെയ്തത് കോട (നാട്) ബെട്ടരാജാവാണ്. ഗണപതി തേവന്റെ രണ്ടുഭാര്യമാരും (നരമാംബ, പേരമാംബ)കാകതീയആനപ്പടയുടെ നായകനായ ജയപ്പസേനാനിയുടെ സഹോദരിമാരാണ്. ഗണപതി തേവന്റെ സഹോദരി മേലാംബികയുടെ ഭർത്താവ് ചാഗിബുദ്ധരാജുവിന്റെ രണ്ടാമത്തെ മകനാണ്. ഈ ബന്ധ ങ്ങളിൽനിന്ന് ഏകദേശം ഇവരുടെ ബന്ധുത്വം ഊഹിക്കാം. നാമങ്ങളാണ് മറ്റൊരു സൂചന. വെന്നി (വെന്നിലശ്ശേരി വന്നേരി)ഗുണ്ട്യാന (ഗൊന്ദ്വാന-ഗോണ്ട്- ആനക്കുണ്ടി),എറിയ (ഏറനാട്,ഏറാടി,ഏറുകുല) കാകതീപുരവല്ലഭ(വല്ലഭവംശം),ബെട്ട (വെട്ടം, വേടവംശം - മലബാർതലപ്പള്ളി ,വയനാട് രാജവംശം പോലെ), പ്രോല (പാറോലി . പാറഎലി അഥവാ വൻ എലി മൂഷകശാഖ) തേവ(മൂഷകവംശം തലപ്പള്ളിയിലെ കണ്ടൻതേവ ശങ്കരൻതേവ പോലെ. മുത്തരയന്മാരുടെ തേവർനാമം പോലെ)

കാകതീയർ സൂര്യവംശജരും ചന്ദ്രവംശജരുമുണ്ട്.പ്രധാനശാഖ സൂര്യവംശമാണ്. കാകതി അഥവാ കാകതമ്മയെ ആരാധിക്കുന്ന മീനവ വംശമാണ്. (കടലോരവംശം).മഹാരാഷ്ട്രത്തിലെ യോദ്ധാക്കളായ കോളി മീനവരും ഇവരെപ്പോലെ മുംബൈദേവിയെ ആരാധിക്കുന്നു. മാന്ധാതാവ് ,ശ്രീരാമനെന്നിവരുടെ വംശജരാണ്. കേരളത്തിലും പെരുഞ്ചെല്ലൂരിലെ ആദ്യ രാജരാജപ്രതിഷ്ഠ മാന്ധാതാവിനോടും പുത്രനായ മുചുകുന്ദനോടും ബന്ധപ്പെട്ടാണുള്ളത്.വന്നേരിയിലെ ശാഖയും അവർ ശ്രീരാമപുത്രനായ ലവന്റെ വംശജരാണെന്ന് കരുതുന്നു. മറ്റൊരു ശാഖ എറുകുല കാകതീയരാണ്. ഭീൽ-കോലി ദ്രാവിഡരുടെ ഒരു വംശമാണിത്. ഉത്തര,മദ്ധ്യേന്ത്യകളിലെ ല്ലാം ഇവരുണ്ട്. സൂര്യാരാധകരാണ്. സിന്ധ് ഗുജറാത്തിൽനിന്നു വന്ന പ്രവചനക്കാരായ കുറവന്മാരാണെന്നും (കാക്കാല)കുറവകുറത്തി കുരു വംശമായതിനാലാണ് ഏറുക്കാലർനാമമെന്നും കരുതുന്നു. കൈക്കാല, കൈക്കോള എന്നിവ കൈകതി, കാകതീയ എന്നും ഗുജറാത്തിൽ ഗെയ്ക്വാ ദ് എന്നും മാറി ഉച്ചാരണം വന്നതാണെന്നും നിഗമനമുണ്ട്. ഏറുകലവംശം വേടന്മാരുടേയും (ബെട്ട) യാദവരുടേയും ശാഖയാണ്. ഇവരെ ആദ്യമായി പരാമർശിച്ചിട്ടുള്ളത് മഹാഭാരതത്തിലാണ്. യദുവംശത്തിലെ ശ്രീകൃഷ്ണന്റെ അച്ഛൻ വസുദേവന്റെ വംശത്തിലാണ് വേടനായ എറുകല ഏകലവ്യജനനം എന്ന്

വ്യാസമഹാഭാരതം. സൌര(സൂര്യ)ആരാധകരായ സൌരാഷ്ട്രത്തിലെ ഭീലുകളും കോളികളും കൈകതീയരിൽപെടുന്നു. സൂര്യവംശം ഉണ്ടായത് ഈ ആദിവാസികളിൽനിന്നാണ്.സിന്ധുസരസ്വതിനിവാസികളാണ് ഈ ആദിവാസിസമൂഹം. മോഹഞ്ജോദാരോവിൽ (സിന്ധ്, ഗുജറാത്,രാജസ്ഥാനം)മാന്ധാതാവിന് തലസ്ഥാനമുണ്ടായിരുന്നതായി ഐതിഹ്യം. രാഷ്ട്രകൂടവംശവുമായി ഭീൽകോളികൾക്ക് അഭേദ്യ ബന്ധമുണ്ട്. പ്രത്യേകിച്ചും അവരിലെ മുദിരാജ് യോദ്ധാക്കളുമായിട്ട്. ഇവരുടെആദ്യകാലഉപജീവനമാർഗ്ഗംനായാട്ടും(ബെട്ടവംശം) മീൻപിടുത്തവും (മീനവവംശം)ആയിരുന്നു. അങ്കമ്മകൊലുപ്പ് എന്ന തോറ്റംപാട്ടിൽ മുദ് രാജ് അഥവാ മുത്തരയവംശം മഹാരാഷ്ട്രത്തിലും ദേവഗിരിയിലും നിന്ന് (പടിഞ്ഞാറേ തീരത്തുനിന്ന്)വന്ന സൂര്യവംശജരാണ്. എറുകുലത്തിന്റെ ചില പര്യായങ്ങളാ ണ് യദുകുല,കൊറമ,കൊറവൈ, കോർവ്വരെന്നത്. മുദിരാജുകൾക്ക് മന്നേ, മന്നേനു,മന്നേനുഡു,മന്നർ മുതലായ പേരുകളുണ്ട്. കൈക്കഡി ദ്രാവിഡവം ശം മദ്ധ്യേന്ത്യയിലെത്തുംമുമ്പ് തമിഴ്നാട്ടിലെ രാമനാട്ടിലും മന്നാർകുടിയിലും കേരളത്തിലും (മുത്തര യരെന്ന പേരിൽ)കർണ്ണാടകത്തിലും (മുദ് ബിദ്രേ) ഉണ്ടായിരുന്നതിന് ധാരാളം തെളിവുകളുണ്ട്. മുദിരാജുക്കളും എറുകുലക്കാരും സൂര്യാരാധകരാണ്. 575 എഡിയില് രായലസീമഭരിച്ചിരുന്ന തെലുഗു മുദിരാജു രാജാവിന്റെ പേരുതന്നെ എറിക്കല മുത്തുരാജു എന്നായിരുന്നു. കാരണം മുത്തരയന്മാരും മുദുരാജുക്കളും എറുകലക്കാരും ഒരേ വംശമാണെന്നതു തന്നെ. ഏറിക്കല മുത്തുരാജുവിനെ പല ലിഖിതങ്ങളിലും ചോളരാജാവെന്നു വിളിക്കുന്നതായി നീലകണ്ഠശാസ്ത്രിയും വെങ്കടരാമയ്യയും ചൂണ്ടിക്കാണിക്കുന്നു. പർദ്ധി ഏറുകല ട്രൈബിന്റെ 9 വംശങ്ങളില് ഒന്നു മാത്രമാണ് ചോള അഥവാ കോളിവംശമെന്ന് പറയുന്നു. അവരിൽ ചിലരാണ് പിന്നീട് റെഡ്ഡിനാമം സ്വീകരിച്ചത്.(ഉദാഃ യെറിക്കല റെഡ്ഡി).

രാഷ്ട്രകൂട-കാലചൂരി ബന്ധം-

കാലചൂരികളുടെ ഒരു ശാഖയായ കളഭ്രരിൽനിന്നാണ് മുദിരാജന്മാരുത്ഭവിച്ചതെന്നാണ് ഒരു പക്ഷം. എന്റെ അഭിപ്രായം മറിച്ച് മുത്തരയരിൽനിന്നാണ് കാലചൂരികളും അവരുടെ കളഭ്രശാഖയും ഉണ്ടായതെന്നാണ്.ആ ദ്യം കോളി,മുദിരാജന്മാര് മീനവരും നായാട്ടുകാരായ വേടരും (ബെട്ട)ആയിരുന്നു. സിന്ധുസരസ്വതിതീരത്തെ വാസികളായിരുന്നു. പരശുരാമകാലത്ത് ക്ഷത്രിയവംശം നശിച്ചപ്പോള് കാർത്തവീര്യന്റെ ഗർഭിണിയായ പത്നിയെ കേരളത്തിലേക്ക് ദത്താത്രേയഗുരു കൊണ്ടുപോന്നു. അപ്പോൾ ദേവിയുടെ സഹോദരനും

വരാനിരിക്കുന്ന രാജാവിന്റെ മാതുലനുമായ മഹാനാവികനും(മുത്തരയൻ) കൂടെപ്പോന്നു. ആ മഹാനാവികന്റെ പെരുംപടകുമുത്തരയനാമമാണ് രാജാക്കന്മാരുടെ രക്ഷിതാക്കളായ അമ്മാമന്മാർക്ക് എന്നും കേരളചരിത്രത്തിലുള്ളത്. ഇന്നും ഈ പെരുമ്പ ടപ്പുമുത്തരയനെ അത്തച്ചമയത്തിന് കൊച്ചി വന്ദേരി പെരുമ്പടപ്പു സ്വരൂപം ആദരിക്കുന്നു. ഇവരാണ് ഇന്ത്യയിലെ ചക്രവർത്തിമാരുടെ കപ്പൽപ്പടയുടെ പ്രധാനനായകർ. മാഹിഷ്മതിയിൽനിന്ന് രാമഘടമൂഷകന്റെ അമ്മയോടൊപ്പം വന്ന മുത്തരയകുടുംബം ഇന്ന് ദ്രാവിഡനാട്ടിലെ തേവർ കുടുംബനാമം വഹിക്കുന്ന വിവിധഗ്രൂപ്പുകളുടെ എല്ലാം പൂർവ്വികനാണ്. രാമനാടിലെ രാജാവും വീരപാണ്ഡ്യകട്ടബൊമ്മനുമെല്ലാം മുത്തരയ തേവർകുലമാണ്, കാട്ടുനായിക്ക,ബെട്ട,ബേട, ബെഡ്ഡ വംശവുമാണ്.നോമഡിക് ട്രൈബുകളാ യ ഇടയ,യാദവവംശമാണ് എരുകുല. കുരവ, കുറവ,കുരുവംശ,കൊരവ,കൊരച്ച(കർണ്ണാടക)കൈകാതി (മഹാരാഷ്ട്ര), പഹാരികൊറവ(കുന്റക്കുറവ)കോർവ്വ,കോർവ്വ,കോർക്ക ,കോർക്കു മാസി, മൂഷക (വേട്ടക്കാരും കള്ളരുമാണ്) ഇവ സിനോനിം. കട്ടമരം (പഴയ കപ്പൽ,വഞ്ചി)ഉപയോഗിക്കുന്നവരെ കട്ട(കട്ടബൊമ്മ)ന്നും വഞ്ചി എന്നും (വഞ്ചിവംശം കേരളത്തിലാണ്) വിളിക്കുന്നു.വിഷ്ണുവിനെ കുരവമുതൽവനെന്ന് ചിലപ്പതികാരം.

കൈക്കോളരുടെ തൊഴിലുകളെല്ലാം ഇവരും ചെയ്തിരുന്നു. എങ്കിലും ഇവരുടെ ചില പ്രധാനതൊഴിലുകള് ഇപ്രകാരം.

1. കൊട്ടനെയ്ത്ത്,പായനെയ്ത്ത്
2. കടലിലം കടൽത്തീരത്തും വിളയുന്ന ഉപ്പും നെല്ലും കടൽത്തീരത്തു നിന്ന് വഞ്ചിവഴിയും പൊതിക്കാള വഴിയും കരയിലും മറ്റു സ്ഥലങ്ങളിലും എത്തിച്ച് കച്ചവടം. കോൾകൃഷിക്കാരായ വന്ദേരിനാടിലെ രാജാക്കന്മാരും , ശതകർണ്ണിമാരും ഇതില് പ്രസിദ്ധരായിരുന്നു. ഉമണരെന്ന് ഉപ്പുകച്ചവടക്കാരായ ഉപ്പുകൊറ്റന്മാരെ വിളിച്ചിരുന്നു.
3. മീൻപിടുത്തം,ഗതാഗതനിയന്ത്രണം ,സുരക്ഷ
4. വേട്ട,നായാട്ട്,വനവിഭവശേഖരണം
5. കിണറ് കുഴിക്കുന്ന ഭീലുകളെ ബൌറി (കിണർ)കൈക്കരി എന്നാണ് രാജസ്ഥാനിൽ വിളിക്കുന്നത്. ബൌറി എന്നത് കിണറെന്നും കൊള്ള ക്കാരനെന്നും രണ്ടർത്ഥമുള്ള പദമാണ്. തെലുങ്കിൽ ബാവിസ്. ജലസം ഭരണികളുടെ നിർമ്മിതിയില് ഇവരാണ് പ്രധാനപങ്കുവഹിച്ചിരുന്ന ത്. (Expert water management with stepped wells) ഇവർരജപുത്രരാണ്.
6. പഹാഡികൊർവന്മാര് നായാട്ടുകാരാണ്(ബെട്ട)

7. തീരത്തെ കുറവന്മാർ മുത്തരയന്മാരാണ്. മാന്നാർ തീരത്തെ മുത്തു വിളയുന്ന തീരദേശത്ത് ഈ മുത്തരയവംശം സദാ ജാഗരൂകരായി കാവലിരുന്നു രാമനാട് രാജാവിന്റെവംശം. കേരളതീരത്തും പ്രബലരാ യിരുന്നു.
8. തമിഴുനാട്ടിലെ അമ്പലക്കാരരുടെ വംശം മുത്തരയ, തേവർകുലമാണ്. ഇവരുടെ ഭാഷ മുണ്ഡ(കൊർവ്വ)എന്നറിയപ്പെടുന്നു.

എഡി ഒന്നാം നൂറ്റാണ്ടിലെ ഒരു നാണ്യത്തിൽ മുന്നിലും പിന്നിലുമായി കാണുന്ന ചിത്രങ്ങളും ലിപിയും ഇവരുടെ രാജവാഴ്ചകാലത്തെ സൂചിപ്പിക്കുന്നതാണ്. പിൻഭാഗത്ത് കർക്കമ്മനന്നിവരേയും സൂചിപ്പിക്കുന്നു. (കാകതീയഏറുകുലവംശം)ട്രൈബൽആദിശൂദ്രദ്രാവിഡിയൻ വർഗ്ഗക്കാരിൽനിന്ന് തെലുങ്കാനയിലെ മുദിരാജ ക്ഷത്രിയരും കളഭ്രരും കാലചൂരികളും ഉണ്ടായി എന്ന തിയറിയോട് ഈ വസ്തുതകളും കൂടി ചേർത്തുവായിക്കണം.അപ്പോൾ എല്ലാ ഇന്ത്യൻ രാജവംശവും ജനതയും ഇവരിൽനിന്നാണ് ഉണ്ടായതെന്ന് മനസ്സിലാവും. മുദിരാജന്മാരെ വാനരന്മാരായിട്ടാണ് ചിലയിടത്ത് കാണിക്കുന്നത് (mudiraja.weably.com) മുദിരാജന്മാരും കാകതീയരും കോളി, എറുകുലവും കണ്ട പ്രശസ്തരായ വ്യക്തികളുടെ കൂട്ടത്തിലാണ് താഴെ പറയുന്നവരെല്ലാം.

1. ശ്രീകൃഷ്ണൻ
2. ഏകലവ്യൻ
3. ഭക്തശബരി
4. ഹനുമാൻ
5. കോളിവാത്മീകി (ആദികവി)
6. ബുദ്ധന്റെ അമ്മയും ഭാര്യയും
7. ചന്ദ്രഗുപ്തമൌര്യൻ
8. അശോകചക്രവർത്തി.
9. വീരപാണ്ഡ്യകട്ടബൊമ്മൻ

നോലംബർ:- **നോലംബവംശം**

തെക്കേ ഇന്ത്യയിലെ ഒരു പ്രധാനരാജവംശമാണ്. ഹേമാവതി (ഹെംജൂ രു) വിലെ നോലംബ 37, നോലംബവാടി 32000(നോലംബാലിഗേ) എന്നിവിട ങ്ങളിലാണ് അവരുടെ ഭരണം.ആന്ധ്ര,കർണ്ണാടകരാജവംശമാണ്. തമിഴ് മല യാളപ്രദേശങ്ങളിലും അവരുടെ ശക്തി പ്രകടമായിരുന്നു. ഗംഗാരാജാക്കന്മാ രുടെ സാമന്തനായ സിംഹപ്പോത്തനാണ് വംശസ്ഥാപകൻ. രാഷ്ട്രകൂടരാജാവ് കൃഷ്ണ രണ്ടാമന്റെ കാലത്ത് മഹേന്ദ്ര 1 അയ്യപ്പദേവനാണ് അവരുടെ രാജാ

വ്. അമോഘവർഷന്റെ കാലത്ത് അന്നിഗ(അന്നയ്യ) വീരനോലംബനാണ് രാജാവ്. കൃഷ്ണ 3 ന്റെ കാലത്ത് ദിലീപ ഇരിവനോലംബനാണ് ഭരണം. ഐമംഗലലിഖിതപ്രകാരം ദിലീപന്റെ മകനാണ് നന്നിനോലംബൻ.(എഡി 970) ആഹവമല്ലനെന്നും അദ്ദേഹത്തിനു പേരുണ്ട്. അദ്ദേഹത്തിനുശേഷം പോളച്ചോര 2,വീരമഹേന്ദ്ര (മഹേന്ദ്ര2)എന്ന് 2 രാജാക്കന്മാര് ഭരിച്ചതായി കോലാർജില്ലലിഖിതം. മഹേന്ദ്രന്റെ ഇളയ സഹോദരനാണ് ഘടേയാംഗകാര ഇരിവനോലംബ 2. മഹേന്ദ്ന്റെ അമ്മ ദിവബ്ബരശി(കദംബരാജകുമാരി)ആണ് മഹേന്ദ്രന്റെ മരണശേഷം ഇരിവനോലംബകാലത്ത് റീജന്റ് ആയി ഭരിച്ചത്. രാഷ്ട്രകൂടന്മാർക്കുശേഷം നോലംബരുടെ ശക്തി ക്ഷയിച്ചു. ഗംഗാരാജാവ് മാരസിംഹന് നോലംബകുലാന്തകനെന്ന പേരോടെ അവരെ നശിപ്പിച്ചു. രാജരാജചോഴൻ 1. നോലംബവാടിയുടെ തെക്കേ ഭാഗം മുഴുവനും കൈക്കലാക്കി. ത്രൈലോക്യമല്ല നന്നി നോലംബ 2 പല്ലവപെരുമാനടി ജഗദേകമല്ല ഇർമാദി നോലംബനുശേഷം 1044 ഏപ്രില് 5ന് സിംഹാസനസ്ഥനായി. ഇരിവബേടാംഗനോലംബഘടേയാങ്കകാരനെന്ന നോലംബഉദ്യോഗസ്ഥന്റെ ഭാര്യ സത്യശ്രേയ(പടിഞ്ഞാറൻചാലൂക്യ)ന്റെ മകളായ പമ്പാദേവിയായിരുന്നു. പടിഞ്ഞാറൻചാലൂക്യജയസിംഹന്റെ സാമന്തൻ ഉദയാദിത്യൻ(1018-1035)വീരനോനംബ ജഗദേകമല്ലവീരമല്ലനെന്നാണ് അറിയപ്പെട്ടത്. ജഗദേകമല്ല ഇമ്മടി നോലംബപല്ലവപെർമാനടി(ഉദയാദിത്യനുശേഷം)1037ൽ കദംബലികേ ഭരിച്ചു. 1148-1187 വരെ വീരപാണ്ഡ്യനാണ് ഉച്ചംഗയിൽനിന്ന് നോലംബവാടി ഭരിക്കുന്നത്.

നോലംബക്ഷേത്രങ്ങൾഃ-

1. അരലഗുപ്പേ ,തിപ്തൂർതാലൂക്ക് കല്ലേശ്വരം
2. ചിക്കഹുലിക്കുണ്ടേ സിര താലൂക്ക് കല്ലേശ്വരം
3. അവനി മുൽബകല് താലൂക്ക് നോലംബനാരായണേശ്വരക്ഷേത്രം
4. അതേസ്ഥലം ശങ്കരമഠം
5. നന്ദി ചിക്കബല്ലപുര താലൂക്ക് ശ്രീഭോഗനന്ദീശ്വരക്ഷേത്രം
6. തൊണ്ടനൂർ പാണ്ഡവപുരം താലൂക്ക് ശ്രീവേണുഗോപാലക്ഷേത്രം
7. അതേ സ്ഥലം ശ്രീയോഗനരസിംഹക്ഷേത്രം
8. ഹേമാവതി അനന്തപൂർജില്ല സിദ്ധേശ്വര(ഹെഞ്ചേരപ്പ)ക്ഷേത്രവും ദൊദ്ദേശ്വരക്ഷേത്രവും 9ആം നൂറ്റാണ്ടിലെ നോലംബപല്ലവര്
9. അരഗൊണ്ട, ചിറ്റൂർജില്ല. ശ്രീവീരാഞ്ജനേയസ്വാമിക്ഷേത്രം ആന്ധ്ര
10. സിദ്ധേശ്വരദുർഗ്ഗം (കോലപാല)ചല്ലക്കേരേ താലൂക്ക് ചിത്രദുർഗ്ഗ് കർണ്ണാടകം ശ്രീസിദ്ധേശ്വരക്ഷേത്രം

നോലംബവാടിയിൽ തുംകൂർ,ചിത്രദുർഗ്ഗ്,കോലാർ,ബെല്ലാരി, ബാംഗളൂർ ഉൾപ്പെട്ടിരുന്നു. പത്താം നൂറ്റാണ്ടില് സേലവും തെക്കേ ആർക്കോട്ട് ജില്ലയും കൂടി ഇതിലുണ്ടായിരുന്നു. ഹേമാവതിലിഖിതപ്രകാരം മംഗള

നാണ് നോലംബരുടെ ആദ്യരാജാവ്. മകനായ സിംഹപോത്തൻ ഗംഗാരാജാവ് ശിവമാരന്റെ സാമന്തനായിരുന്നു. രാഷ്ട്രകൂട ഗോവിന്ദ 3 ഗംഗരേയും നോലംബരേയും തോൽപ്പിച്ചു. രാഷ്ട്രകൂടരുടെ ഭരണത്തിൻകീ ഴില് നോലംബർ ശക്തരായി തുടർന്നു. നോലംബഖട്വാംഗ എന്ന് (ഖട്വാംഗ)ബിരുദം ഉപയോഗിക്കുന്നതും സമുദ്രഘോഷപദവിയും പല്ലവവംശത്തിന്റെ ശാഖയാണെന്ന് കാണിക്കുന്നു. തുടയെല്ലിന്മേൽ തലയോട് പിടിപ്പിച്ച ആയുധമാണ് ഖട്വാംഗം. ശിവന്റെ ആയുധമാണ്. സമുദ്രഘോഷം പല്ലവരുടെ ശബ്ദമായി പറയുന്ന പ്രത്യേകസംഗീതോപകരണവും . ചാലൂക്യവിജയാദിത്യനെ വധിച്ച ത്രിലോചനപല്ലവന്റെ ബന്ധുക്കളാണ്. പല്ലവനരസിംഹൻ പുലകേശിയുടെ ചാലൂക്യശക്തി നശിപ്പിച്ചശേഷം ഉണ്ടായ അരാജകകാലത്ത് (വിക്രമാദിത്യൻ വീണ്ടും ചാലൂക്യശക്തി പുനസ്ഥാപിക്കുംമുമ്പ്) പല്ലവന്മാർ നിയമിച്ച സ്വവംശത്തിലെ ഗവർണ്ണർമാരാവാം നോലംബരെന്ന് വിചാരിക്കുന്നു. അരാജകാവസ്ഥയിൽ തെലുഗുചോഡരും ബാണരും ചാലൂക്യരുമായുള്ള ബന്ധം മാറ്റി. ഇവരും വൈഡുംബരും നോലംബരും അവരുടെ സ്ഥാനം കൊണ്ട് പ്രാധാന്യം നേടി. തമിഴ്ചോള പല്ലവരാജ്യങ്ങളെ കിഴക്കൻചാലൂക്യരും രാഷ്ട്രകൂടരും പടിഞ്ഞാറൻഗംഗരുമായി വേർതിരിക്കുന്ന സ്ഥലത്താണ് നോലംബരുടെ സ്ഥാനം. സ്വർണ്ണഖനിയും ഇവരുടെ പ്രദേശത്താണ്. മാത്രമല്ല, ദ്രാവിഡകന്നഡസൈന്യങ്ങൾക്ക് കടന്നുപോകാനുള്ള വഴിയും നോലംബരാജ്യമാണ്.

നോലംബപദം എന്താണ്. അതിന്റെ ഉത്ഭവമെന്ത്.

1115ലെ ശീലഹാരഗാന്ധാരാദിത്യന്റെ കോലാപ്പൂര് പ്ലേറ്റുകൾ, തങ്ങൾ രാവണന്റെ അനുജനായ കുംഭകർണ്ണന്റെ പുത്രന് നികുംഭന്റെ സന്തതിപരമ്പരയാണെന്ന് അവകാശപ്പെടുന്നു. ബാണമാവേലിരാജാക്കന്മാരും ഇതുപോലെ മഹാബലിപുത്രനായ ബാണാസുരന്റെ പാരമ്പര്യം അവകാശപ്പെടുന്നവരാണ്. നികുംഭ(ബ)പദമാണ് നോലംബമെന്നായതെന്ന് ഐതിഹ്യം. കന്നഡഭാഷയിൽ നോല് എന്നതിന് മുന്നോട്ടുപോവുക എന്ന് അർത്ഥമുണ്ട്. ചാലൂക്യരും പല്ലവരും യുദ്ധത്തിനു മുന്നേറുന്നത് നോലംബവാടിയിലൂടെയായതുകൊണ്ട് ഈ അർത്ഥമുള്ള പേരുവന്നു എന്നാണ് മറ്റൊരു പക്ഷം. തമിഴിൽ നുലൈ(നുഴൈ)എന്നാൽ മലയാളത്തിലെന്നപോലെ നുഴഞ്ഞുകയറുക എന്നാണ് അർത്ഥം. മറ്റൊരു ദേശത്തേക്ക് നുഴഞ്ഞുകയറാനായി ഉപയോഗിച്ചിരുന്ന മാർഗ്ഗത്തിലാണ് നോലംബവാടി എന്നതിനാലാണ് ഈ പേർ. കുളൈ എന്ന തമിഴുപദം കുളമ്പ് എന്നും വരൈ എന്ന പദം വരമ്പ് എന്നുമാണ് മലയാളത്തിൽ പറയുക. അതുപോലെ നുലൈ എന്നതിനെ നുലമ്പ് നോലമ്പ് എന്ന് ഉച്ചരിച്ചതാണെന്നും പക്ഷമുണ്ട്.ഇതിന് മറ്റുള്ളവരെ ആകർഷിക്കുക, അവരെക്കൊണ്ട് അഭിനന്ദിപ്പിക്കുക എന്നും അർത്ഥമുണ്ട്. പല്ലവസാമന്തരായ ഇവർ ഗംഗരേയും

മറ്റ് വംശക്കാരേയും കൊണ്ട് തങ്ങളെ അഭിനനന്ദിപ്പിക്കയും അവരുടെ പ്രീതിപാത്രമാവുകയും ചെയ്തതിനാലാണ് നോലംബനാമമെന്ന് ഒരു പക്ഷം.

മംഗലനോലംബാധിരാജാ (735-785) കിരാതന്മാരെ തോൽപ്പിച്ചതിന് പ്രശംസ നേടി കർണ്ണാടകരാജാക്കന്മാരെ സന്തോഷിപ്പിച്ച സാമന്തനായിരുന്നു. ചാലൂക്യവിക്രമാദിത്യ 2 പല്ലവരെ ആക്രമിച്ച് നോലംബവാടിയെ ഭരിക്കാനായി ഗംഗരെ ഏൽപ്പിച്ചുകൊടുത്തു. നോലംബവാടി എന്ന പേരുതന്നെ അത് വളരെക്കാലമായി നിലനിൽക്കുന്ന സമ്പദ്സമൃദ്ധമായ സ്ഥലമാണെന്നു കാണിക്കുന്നു. മംഗലേശനുശേഷമാണ് അവിടെ ഗംഗന്മാരുടെ സാമന്തരാവുന്നത്. അതിനുമുമ്പുള്ള രാജാക്കന്മാരുടെ പേർ ലഭ്യമല്ല.

സിംഹപോത്ത കലി നോലംബരാജാ കൊല്ലിഅരശ (785-805) എന്ന പേരിലെ കൊല്ലിഅരശനെന്നത് ശ്രദ്ധേയമാണ്.കൊല്ലിമലയുടെ കാവലനായ ചേരനെ സംഘകാലസാഹിത്യം വിളിക്കുന്ന പേരാണത്. നോലംബവാടി ചേരന്മാരുടെ ശാഖയാണെന്നതിന് ഇത് തെളിവാണ്. 778ൽ ഗംഗശിവമാരൻരണ്ടാമനെ രാഷ്ട്രകൂട ധ്രുവൻമൂന്നാമന് തോൽപ്പിച്ചിരുന്നു. ശിവമാരന്റെ സഹോദരനായ ദുഗ്ഗമാര എരെയപ്പനാണ് പകരം അവിടെ രാജാവായത്. ശിവമാരന്റെ നിർദ്ദേശപ്രകാരം ദുഗ്ഗമാരനെ എതിരിടുകയായിരുന്നു സിംഹപോത്തന്റെ ആദ്യത്തെ മിലിറ്ററി നീക്കം. രാഷ്ട്രകൂടആക്രമണത്തിനു ശേഷം നോലംബവാടി അവരുടെ സാമന്തരായി. രണ്ടാമത്തെ മിലിറ്ററി നീക്കം രാഷ്ട്രകൂടരോട് വിപ്ലവം പ്രഖ്യാപിച്ച ആലൂപരാജാവ് ചിത്രവാഹന രണ്ടാമനെതിരെയാണ്. ചിത്രവാഹനൻ നിരവധി ബിരുദങ്ങളുണ്ട്. പല്ലവാന്വയ, പല്ലവകുലതിലക പൃഥ്വീവല്ലഭ, പഞ്ചമഹാശബ്ദ ഇവ അവയിൽ ചിലതാണ്. അദ്ദേഹത്തിന്റെ ഒരു മകളായ മാധവിയെ ഗംഗരാജവംശത്തിലേക്കാണ് വിവാഹം കഴിച്ചിരുന്നത്.

പരമേശ്വര പല്ലവാധിരാജാ ചാരുപൊന്നേര (805-830) രാഷ്ട്രകൂട ഗോവിന്ദ 3 മരിച്ച് ബാലനായ അമോഘവർഷന് 814ൽ സിംഹാസനസ്ഥനായപ്പോള് രാഷ്ട്രകൂടസാമന്തന്മാർക്കിടയില് വലിയ വിപ്ലവങ്ങളുണ്ടായി. ചാരുപൊന്നേരന്റെ കീഴിലുള്ള നോലംബരും രാച്ചമല്ലന്റെ കീഴിലുള്ള ഗംഗരും മഹാബലി ബാണന്റെ കീഴിലുള്ള ബാണരും സമരത്തിന് പുറപ്പെട്ടു. ചാരുപൊന്നേരന്റെ മകനായ പോലചോരന്, രാച്ചമല്ലന്റെ മകളായ ജയബ്ബേയെ വിവാഹം കഴിച്ചിരുന്നു. ഗംഗാവാടി 6000 ബാണന്മാരുടെ വലിയ ഒരു ആക്രമണത്തെ നേരിട്ടു. അതിനെ തോൽപ്പിച്ച് ഗംഗർ, പല്ലവരുടേയും ബാണരുടെയും നേരെ ആക്രമണം അഴിച്ചുവിട്ടു. ഈ യുദ്ധം നിർണ്ണായകഘട്ടത്തിലെത്തിനിൽക്കുമ്പോളാണ് ചാരുപൊന്നേര മരിച്ച് മകൻ പോലചോരന് രാജാവാകുന്നത്. അതിനുമുമ്പ് തെലുഗുചോഡരുടെ

നേരെ യുദ്ധം നയിച്ച് അവരുടെ ധാരാളം ഭൂമി ചാരുപൊന്നേര കൈവശ പ്പെടുത്തിയിരുന്നു.

പോളചോര (830-875). പോലചോര ബാണരാജാവ് അഗ്ഗലരശനെ വധിച്ച് പല്ലവരാജ്യത്തേക്ക് ആക്രമണം വ്യാപിപ്പിച്ചു. പല്ലവരാജ്യത്തിന്റെ ധാരാ ളം ഭാഗം ഗംഗാവാടിയോടു ചേർത്തു, കാഞ്ചിയെ വളഞ്ഞു. അങ്ങനെ നോളംബർക്ക് ഗംഗാവാടി 6000 കൊടുത്തത്, ബാണരെ പ്രകോപിപ്പിച്ചു. പിന്നീട് ഗംഗരുടെ സാമന്തരാവാൻ നോളംബരെ നിർബ്ബന്ധിതരാക്കിയതും ഈ ഗംഗാവാടി 6000 കിട്ടിയതാണ്. വേങ്കി ചാലൂക്യ ഗുണഗ വിജയാ ദിത്യനാണ് പോളചോരയെ വധിച്ചത്.

മഹേന്ദ്ര(875-897)ഗംഗരാച്ചമല്ലന്റെ മകൾ ജയബ്ബേക്ക് പോളചോരനിലു ണ്ടായ മകനാണ് മഹേന്ദ്രൻ. ഗംഗ എരേയപ്പ നീതിമാർഗ്ഗന്റെ സഹോദ രിയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. 878ലെ ബരഗൂർലിഖിതമാണ് അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽവെച്ച് ഏറ്റവും പഴക്കമുള്ളത്. ഈ തീയതി പ്രധാനമാണ്. ആരാണ് കിഴക്കൻ ചാലൂക്യഗുണഗ വിജയാദിത്യ നാൽ വധിക്കപ്പെട്ട നോലംബമംഗി എന്ന ചോദ്യത്തിന് ഉത്തരം തരുന്നത് ഈ ലിഖിതത്തിലെ തീയതിയാണ്. തെലുഗുചോഡരുടേയും മഹാബലി ബാണന്റേയും ശക്തിക്ക് തടയിട്ടുകൊണ്ട് മഹേന്ദ്രൻ ധർമ്മപുരി വരെ ജൈത്രയാത്ര നടത്തി.

878-883ൽ ബാണവിക്രമാദിത്യ 1 ബാണവിദ്യാധരജയമേരുഭൂപ, എരേയമ രശന്റെ കീഴിലുള്ള വൈഡുംബപ്പട, വിജയനരസിംഹവിക്രമവർമ്മൻ(ഗം ഗൻ) എന്നിവർ ചേർന്ന് സോരേമാടി, മുടിമാവു , മാണ്ഡാവു ആക്രമിച്ചു. സോരേമാഡിയിൽവെച്ച് ബാണർക്ക് നേരിട്ട പരാജയം യുദ്ധത്തിന്റെ ഗതി മാറ്റിമറിച്ചു. മഹേന്ദ്രവിക്രമന്റെ കീഴിലുള്ള തെലുഗുചോഡർ നോലംബരു ടെ പക്ഷം ചേർന്നു. മഹേന്ദ്രനോടുള്ള ഈ സന്ധി വൈഡുംബരെ തങ്ങളു ടെ ശക്തിക്ക് നോലംബരെക്കാളും വിഘാതമായി കണ്ടതുകൊണ്ടാണ്. അവർ ചോളരുടെ ഭൂമി കീഴടക്കിയിരുന്നു.

രാച്ചമല്ലന്റെയും നീതിമാർഗ്ഗന്റേയും പ്രധാനഗംഗവംശം കൂടാതെ, ശിവമാ രൻ 2 പുത്രൻ മാരസിംഹൻ1 പുതിയ ഗംഗാശാഖ ആരംഭിച്ചിരുന്നു. ഈ ശാഖ പല്ലവന്മാരുടെ രാജ്യത്തേക്ക് മാറിത്താമസിച്ചു. ഇവരും ബാണരും യുദ്ധരംഗത്ത് ബാണരുമായി വളരെ അടുപ്പം പുലർത്തി. ഈ ശാഖയിലെ പൃഥ്വീപതി 1 തന്റെ മകളായ കുന്തവയെ ബാണ ജയമേരുഭൂപന് വി വാഹം കഴിച്ചുകൊടുത്തിരുന്നു. പൃഥ്വീപതിയും വിജയനരസിംഹവിക്രമ വർമ്മനും തമ്മിലും വൈവാഹികബന്ധം ഉണ്ടായിരുന്നു.നൃപതുംഗനും അപരാജിതനും തമ്മിലുള്ള പല്ലവആഭ്യന്തരകലഹം (869-885) പല്ലവർക്കി ടയിൽ അരാജകത്വം സൃഷ്ടിച്ചിരുന്നു. ബാണരും വൈഡുംബരും പൃഥ്വീപ തിയും അപരാജിതപക്ഷക്കാരായിരുന്നു. പാണ്ഡ്യവരഗുണ 2 സഹായിച്ച

നൃപതുംഗപക്ഷം തോറ്റുപോയി. അപരാജിതൻ സിംഹാസനസ്ഥനായി, പക്ഷേ പൃഥ്വീപതിക്ക് യുദ്ധത്തിൽ ജീവന് നഷ്ടമായി. ഈ യുദ്ധം നടന്നത് ചാരുപൊന്നേരയും രാച്ചമല്ല ഒന്നാമനും ഭരിക്കുന്നകാലത്താണെന്ന് ഒരു പക്ഷമുണ്ട്. ഇവർ ഒരുവശത്തും ബാണവിക്രമാദിത്യനും പൃഥ്വീപതിയും മറുവശത്തുമായി നൂറ്റാണ്ടിന്റെ ആദ്യത്തിലാണ് 885ലല്ല യുദ്ധമുണ്ടായത്. ഈ യുദ്ധത്തിലാണ് വൈഡുംബ എരേയരശന്റെ മകനായ അല്ലഗി പെരുമാനടി മരിച്ചത്.
ശ്രീപുരമ്പിയം യുദ്ധത്തിൽ പങ്കെടുക്കാനായി പൃഥ്വീപതി സോരേമാഡിയിൽനിന്ന് തന്റെ സൈന്യത്തെ പിൻവലിച്ചതാണ് സഖ്യകക്ഷികളുടെ പരാജയകാരണമെന്നും പറയുന്നുണ്ട്. ഗംഗരേയും നോളംബരേയും ശ്രീപുരമ്പിയത്ത് എത്തിക്കാതിരിക്കാനായിരുന്നു ഈ യുദ്ധമെന്ന് വിവക്ഷിക്കുന്നു. മഹേന്ദ്രൻ ഇതിനുശേഷം ഗംഗരുടെ തലസ്ഥാനമായ തലക്കാട് ആക്രമിച്ചു. ആദ്യം ചില വാജയങ്ങളുണ്ടായെങ്കിലും, ഗംഗർ അയച്ച വൈഡുംബസൈന്യത്തെ തടയാനായി അദ്ദേഹത്തിന് കിഴക്കോട്ട് പോകേണ്ടിവന്നു. അതിനുശേഷം വീണ്ടും പടിഞ്ഞാട്ടുവന്ന് തലക്കാട് കീഴടക്കി. ഈ വിജയം താൽക്കാലികമായിരുന്നു. ഗംഗ രാച്ചമല്ല 2 , തന്റെ സഹോദരനായ ബുഡുഗന്റേയും ബുഡുഗപുത്രനായ നീതിമാർഗ്ഗന്റേയും സഹായത്തോടെ ഗംഗാവാടി വീണ്ടെടുത്തു,മഹേന്ദ്രനെ 897ൽ വദിച്ച് മഹേന്ദ്രാന്തകനെന്ന പേരു നേടി.

നന്നിഗശ്രേയ അയ്യപ്പദേവ(897-933)

ഗംഗരുടെ സൈന്യം നോലംബവാടി ആക്രമിച്ച് സുരൂർ,നന്ദഗിരി, മിഡിഗെസി, ശൂലിശൈലേന്ദ്ര, തിപ്പേരു,പഞ്ചേരു കീഴടക്കിയ സമയത്താണ് ഇദ്ദേഹം സിംഹാസനസ്ഥനാവുന്നത്. അശ്ന്തിനാടിലേക്ക് സൈന്യം നയിച്ച അയ്യപ്പദേവനെ കാണികട്ടേയിൽവെച്ച് പരാജയപ്പെടുത്തി. ഗംഗാരാച്ചമല്ല 2 യുദ്ധം അവസാനിപ്പിച്ച് അയ്യപ്പദേവനെ അശാന്തിനാടിലെ രാജാവാക്കി. അതോടെ രണ്ടുവംശവും തമ്മിലുള്ള ബന്ധുത്വം സാധാരണഗതിയിലായി. 900ത്തിൽ അയ്യപ്പദേവൻ ഗംഗരാച്ചമല്ലന്റെ സാമന്തനാണ്. രാച്ചമല്ലന്റെ മകളായ പൊല്ലബ്ബരശിയെ അയ്യപ്പദേവൻ വിവാഹം കഴിച്ചു. ഈ വിവാഹം ഒരു സന്ധിയായിരുന്നു. ഭീമന്റെ കീഴിലെ കിഴക്കൻചാലൂക്യരും, പരാന്തകന്റെ കീഴിലെ ചോളരും കൃഷ്ണ രണ്ടാമന്റെ രാഷ്ട്രകൂടരും ആക്രമിക്കാനായി തക്കം പാർത്ത് പ്രബലശക്തികളായി വരുന്നസമയമായിരുന്നു. തലക്കാടിലേക്കുള്ള വഴിയിലെ കാവൽക്കാരായ നോലംബരെ ബന്ധുക്കളാക്കുന്നതാണ് ബുദ്ധി എന്ന് രാച്ചമല്ലൻ കണക്കാക്കി. എന്നാൽ 903ൽ ഗംഗാരാജ്യം രാഷ്ട്രകൂടന്മാരാൽ കീഴടക്കപ്പെട്ടു. പടിഞ്ഞാറൻഗംഗരുടെ പുരാതനതലസ്ഥാനമായ മന്നേയിലിരുന്ന് ഭരിക്കുന്ന രാഷ്ട്രകൂടസേനാപതി ദമപയ്യനാണ് ഗംഗരേയും നോലംബരേയും കീഴടക്കിയത്. പിന്നെ 20 വർഷത്തേക്ക്

അയ്യപ്പന്റെ പേര് കേൾക്കുന്നില്ല. 919ൽ രാഷ്ട്രകൂടര് പിൻവാങ്ങിയശേഷം അയ്യപ്പന്റെ ലിഖിതങ്ങൾ കാണുന്നു. ഇന്ദ്ര മൂന്നാമന്റെ കാലത്ത് അയ്യ്പ്പ ന്റെ പുത്രനായ അന്നിഗൻ പഡുഗൽഉൾപ്പെടെ രാഷ്ട്രകൂടസാമ്രാജ്യത്തെ പല ദേശവും ആക്രമിച്ചു. ഗോവിന്ദ നാലാമന്റെ കാലത്ത് നോലംബർ കൊഗലി 500, മസേയവാടി 140 മാത്രമാണ് ഭരിക്കുന്നത്. വിജയാദിത്യ 2 രാജാവായതോടെ കിഴക്കൻചാലൂക്യരുമായുള്ള യുദ്ധം അധികരിച്ചു. ചാലൂക്യഭീമന്റെ മരണത്തെത്തുടർന്നുണ്ടായ കിഴക്കന് ചാലൂക്യദേശത്തെ ആഭ്യന്തരകലഹങ്ങളിൽ തദപനെ പിൻതുണച്ചുകൊണ്ട് അയ്യപ്പദേവന് ഇട പെട്ടു. അ യ്യപ്പന്റെ ധർമ്മപുരി ലിഖിതപ്രകാരം അദ്ദേഹം അമ്മ 1 എന്ന ചാലൂക്യനെ തോൽപ്പിച്ചു. രാഷ്ട്രകൂടസൈന്യത്തോടൊപ്പം നിന്ന അയ്യപ്പനെ ഭീമ 2 തുംബേപ്പാടിയിൽവെച്ച് വധിച്ചു. ഭീമൻ പിന്നീട് മുന്നേറാതെ വെങ്കിയിലേക്ക് മടങ്ങി. അയ്യപ്പനെന്ന നാമം ഈ ഒരൊറ്റ രാജാവിനേ കാണുന്നുള്ളു. കേരളത്തിലെ പ്രസിദ്ധമായ ഒരു നാമമാണിത് .

അന്നിഗ വീരനോലംബ ((934-940)

അയ്യപ്പദേവന്റെയും ഗംഗാരാജകുമാരി പൊള്ളബ്ബരശിയുടേയും മകനാണ് ഇദ്ദേഹം. 920ൽ അഛന്റെ കീഴില് യുവരാജാവായി ഭരണം തുടങ്ങി. ഗംഗാവാടിയിൽ നീതിമാർഗ്ഗ 2 മരിച്ചതിനെതുടർന്ന് ബുട്ടുംഗ 2,രാച്ചമല്ല 3 എന്നിവർ തമ്മില് ആഭ്യന്തരകലഹം തുടങ്ങി. അന്നിഗനും പൃഥ്വീപതി രണ്ടാമന്റെ മകനും പൃഥ്വീപതി 1 ന്റെ പൌത്രനുമായ നന്നിഗംഗനും കൂടി ഇതിലിടപെട്ടു. രാച്ചനമല്ല 3 ഹെഗ്ഗഡദേവനക്കോട്ടക്കടുത്തുള്ള കോത്തമംഗലത്തുവെച്ച് അദ്ദേഹത്തെ തോൽപ്പിച്ചു. ഗംഗന്മാർ നോലംബരെ മാപ്പുകൊടുത്ത് വിട്ടയച്ചു. സ്വതന്ത്രരാജാവായി തുടരാനനുവദിച്ചു. പക്ഷേ 936ൽ ബുട്ടുംഗന്റെ ഭാര്യാപിതാവ് രാഷ്ട്രകൂട കൃഷ്ണ 3 രാച്ചമല്ലനേയും അന്നിഗനേയും ആക്രമിച്ചു. 937ൽ രണ്ടുപേരേയും തോൽപ്പിച്ചു. നോലംബ വാടിയുടെ ഒരു ഭാഗം രാഷ്ട്രകൂടസാമ്രാജ്യത്തോട് ചേർത്തു. അന്നിഗയുടെ പുത്രനായ ഇരുളചോരൻ രാജാവായില്ല. അദ്ദേഹം അഛനേക്കാൾ മുമ്പ് മരിച്ചതാണെന്നും അതല്ല, രാഷ്ട്രകൂടരുമായ അടുപ്പം കൊണ്ട് അന്നിഗന്റെ അനുജനായ ഇരൈവനോലംബദിലീപനെ തെരഞ്ഞെടുത്തതാണെന്നും രണ്ടു പക്ഷമുണ്ട്.

ഇരൈവനോലംബദിലീപ(941-968)

ദിലീപന്റെ കാലമാകുമ്പോഴേക്കും ബാണരെ അവരുടെ രാജ്യത്തുനിന്ന് ചോളർ പുറംതള്ളിയിരുന്നു. അതിനാൽ ചോളരാണ് നോലംബരുമായി അതിർത്തി പങ്കിട്ടിരുന്നത്. നോലംബർ ദിലീപന്റെ കാലത്ത് ധർമ്മപുരി നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. തക്കോലത്ത് ചോളരാജകുമാരനായ രാജാദിത്യനെ വധിച്ച രാഷ്ട്രകൂടസേനയുടെ ഭാഗമായിരുന്നു നോലംബരും ബാണരും. അവർ തഞ്ചാവൂര് പിടിച്ച് രാമേശ്വരത്ത് വിജയസ്തംഭം നാട്ടി. ഇതിനു

ശേഷം ഗംഗാവാടി 6000 ബാണർക്ക് കൃഷ്ണ 3 കൊടുത്തു.വൈഡുംബരെ ചിറ്റൂരിലേക്ക് മാറ്റി.

കട്ടനെമല്ല ഛലദാങ്കകാര നന്നി നോലംബ (969-975)

കൃഷ്ണ 3നു ശേഷം രാഷ്ട്രകൂടസാമ്രാജ്യം തകർച്ചയുടെ വക്കിലായിരുന്നു. നോലംബർ സ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ള ശ്രമത്തിലായിരുന്നു. ഗംഗ മാര സിംഹൻ2 അവരെ തകർത്തു. നന്നി നോലംബൻ തൈല 2 വിനോട് ഈ യുദ്ധത്തിൽ ചേർന്നു. 970ൽ നോലംബരുടെ തകർച്ച പൂർണ്ണമായി. മാര സിംഹന് നോലംബകുലാന്തകനാമം കിട്ടി. ശ്രാവണബലഗോളയിലെ മാര സിംഹന്റെ മരണവേളയിലെ ഓർമ്മലിഖിതം നോലംബരെ അവരുടെ രാജ്യത്തുനിന്ന് എന്നേക്കുമായി ഓടിച്ചതായി കാണുന്നു. ചാലൂക്യരാജാദി ത്യന്റെ മരണത്തോടെ ഉച്ചംഗിയും വീണു. നോലംബനാമം പിന്നെയും നിലനിന്നുവെങ്കിലും അവരെ ഒരു ശക്തിയായി ആരും കണക്കാക്കാതായി.

വീരമഹേന്ദ്രനോലംബരാജാ(975-981)

നന്നിനോലംബന്റെ പേരക്കുട്ടി പിന്നീട് രാജാവായി. മാരസിംഹനുശേഷം ഗംഗാസിംഹാസനത്തിലിരുന്ന പാഞ്ചാലദേവനെ 977ൽ തൈല 2 വധിച്ച ശേഷം എല്ലാം മാറിമറിഞ്ഞു. മാരസിംഹനുമായുള്ള യുദ്ധത്തില് അഛന് പോളചോരനും മുത്തഛൻ നന്നിനോലംബനും മരിച്ചു. ചാലൂക്യരുടെ സഹായത്തോടെ നോലംബർ നോലംബവാടി തിരിച്ചുപിടിക്കാന് വടക്കു നിന്ന് ആക്രമിച്ചു. ഗംഗരാജ്യത്തിലൂടെ തന്റെ രാജാവ് തൈല 2 വിന്റെ കൂടെ ചോളരാജ്യത്തിലേക്ക് പ്രവേശിച്ചു. ആ യുദ്ധത്തിൽ വളരെ ചെറുപ്പ ത്തിൽ തന്നെ വീരമഹേന്ദ്രന് മരിച്ചു. കദംബരാജകുമാരി ദിവബ്ബരശിയുടെ റീജന്റ് ഭരണത്തിൽ, രണ്ടാമത്തെ മകൻ(വീരമഹേന്ദ്രന്റെ അനുജൻ) ഇരൈവ നോലംബ 2 ഘടേയാങ്കകാര രാജാവായി.

ഇരൈവനോലംബ 2 ഘടേയാങ്കകാര(981-1024)

990 ഓടുകൂടി ചോളന്മാര് നോലംബ രാജ്യത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞി രുന്നു. 1002ൽ നോലംബവാടിയുടെ തെക്കേ ഭാഗം ചോളസാമ്രാജ്യത്തിന്റെ ഭാഗമായി. വടക്കുഭാഗത്തെ നോലംബർ ചാലൂക്യരുടെ സാമന്തരായി തുടർന്നു. തെക്കുള്ളവർ ചോളരുമായി ബന്ധം പുലർത്തി അവരുടെ സാമന്തരായി. 1010ലെയാണ് ഇരൈവന്റെ ആദ്യലിഖിതം. ചാലൂക്യസിം ഹാസനത്തോട് നോലംബരുടേയും കദംബരുടേയും കൂറ് ഉറപ്പിക്കാനായി ചാലൂക്യസത്യശ്രേയ തന്റെ മകളായ മഹാദേവിയെ ഇറൈവന് വിവാ ഹം കഴിച്ചുകൊടുത്തു. ചോളന്മാരെ നേരിടാനുള്ള ചാലൂക്യസൈന്യ ത്തിന്റെ ഒരു ഭാഗമായിരുന്നു ഇരൈവൻ.

ജഗദേകമല്ലനോലംബപല്ലവ പെരുമാനടി ഉദയാദിത്യദേവ (1024-1036)

നോലംബവാടിയും ഗംഗാവാടിയും ഭരിച്ചു. ഇക്കാലത്ത് ധീരനായ ജയസിം ഹ 2 ന്റെ സഹായത്തോടെ നോലംബരും ചാലൂക്യരും നഷ്ടപ്പെട്ട ചില

ഭാഗങ്ങളെല്ലാം തിരിച്ചുപിടിച്ചു. ജയസിംഹൻ ജഗദേകമല്ലന്റെ അനിയത്തി രേവലാദേവിയെ വിവാഹം കഴിച്ചിരുന്നു.

ജഗദേകമല്ല ഇർമ്മദിനോലംബപല്ലവപെർമാനടി (1037-1044)

അദ്ദേഹത്തിന്റെ അനുജനായ

ത്രൈലോക്യമല്ല നന്നി നോലംബപല്ലവപെർമാനടി (1044- 1054)

ആഹവമല്ല സോമേശ്വര 1 ന്റെ ശക്തനായ സേനാപതിയായിരുന്നു. ചോള രാജാധിരാജൻ നോലംബരാജ്യം മുഴുവനും കീഴടക്കി, അവരുടെ തലസ്ഥാനമായ കാംപിലിനഗരം തകർത്തു. ഹെംജൂരു(ഹേമാവതി)യിലെ മടക്കശിര എന്ന പുരാതനതലസ്ഥാനത്തുനിന്ന് ഇവിടേക്ക് അവർ നീങ്ങിയിരുന്നു. ചോള അതിർത്തിയിലായിരുന്ന ഹേമാവതി ചോളരുടെ കയ്യിലായശേഷമാണ് ഈ നീക്കം നടന്നത്. രാജേന്ദ്രചോളന്റെ മണിമംഗലം ലിഖിത പ്രകാരം നന്നിനോലംബൻ ഈ യുദ്ധത്തില് മൃത്യു വരിച്ചു. അദ്ദേഹത്തിനു ശേഷം നോലംബരാജവംശം ഇല്ലാതായി. കുടുംബാംഗങ്ങൾ ചാലൂക്യരുടെ ഗവർണ്ണർമാരായി തുടർന്നിരുന്നു. ചാലൂക്യരും നോലംബനാമം സ്വീകരിച്ചിരുന്നതായി കാണുന്നു. നോലംബവംശം ചരിത്രത്തിൽ നാമമാത്രമായി അവശേഷിക്കുന്നു. സോമേശ്വര 1 ന്റെ മകന് ത്രൈലോക്യമല്ലനോലംബപല്ലവപെരുമാനടി ജയസിംഹതേവനെന്നാണ് അറിയപ്പെടുന്നത്. ചാലൂക്യർ നോലംബവാടി വെങ്കിചാലൂക്യവിജയാദിത്യന് കൊടുത്തു. വെങ്കിയിലല്ലാത്തപ്പോള് അദ്ദേഹം നോലംബവാടിയിലിരുന്നാണ് ഭരിച്ചിരുന്നത്. 1062ൽ അദ്ദേഹമാണ് നോലംബവാടി ഭരിക്കുന്നത്. 1022ൽത്തന്നെ നോലംബവംശം നോലംബവാടി വിട്ട് വടക്കോട്ട് നീങ്ങിക്കഴിഞ്ഞിരുന്നു.

ആലൂപവംശം(ആളുവവംശം)

രണ്ടാം നൂറ്റാണ്ടുമുതൽ 15ആം നൂറ്റാണ്ടുവരെ ആളുവവംശം പ്രബലമായി നിലനിന്നു. അവരുടെ സാമ്രാജ്യത്തിന് ആൾവഖേദ ആരുഷശിര എന്നായിരുന്നു നാമം. കർണ്ണാടകസമുദ്രതീരവും തുളുനാടുമാണ് ഇത്. കദംബ,വനവാസികളുടെ ബന്ധുക്കളും സാമന്തരുമായിരുന്നു. പിന്നീട് ചാലൂക്യ,രാഷ്ട്രകൂടരുടെ ,ഹോയ്സലരുടെ സാമന്തരായി. 1000 വർഷത്തിലധികം തീരദേശത്ത് ശക്തരായിരുന്നു. അളിയസന്താനപരമ്പരക്കാണ് കേരളത്തിലെ പോലെ രാജ്യാധികാരം. സോയിതേവരാജാവിന്റെ മരുമകനായ കുലശേഖര ബംഗി തേവന്റെ അമ്മ അമ്മ ആലൂപരാജകുമാരി കൃഷ്ണായിത്തായിയും അച്ഛൻ ഹോയ്സലവീരവല്ലല 3 യും ആണ്. (വല്ലഭവംശം, യാദവവംശം, അളിയസന്താനപരമ്പര).ഇപ്രകാരം മരുമക്കത്തായസമ്പ്രദായം ആദ്യം ഭൂതപാണ്ഡ്യആലൂപനാണ്. (കേരളത്തിലും ഭൂതപാണ്ഡ്യൻ ഭരിച്ചിട്ടുണ്ട്). അവസാനആലൂപരാജാവിന്റെ പേരും കുലശേഖരതേവനെന്നാണ്.

മുദ്ബിദ്രി ജൈനബസതിയിൽ, ആലൂപേന്ദ്രതേവന്റെ 1444ലെ ലിഖിതം കാണുന്നു. ആലൂപ,ആലുവ, ആൾവാർ, ആളൂക, ആലപ ഇവ സിനോണിം

ആയി ഉപയോഗിക്കുന്നുണ്ട്. രണ്ടാം നൂറ്റാണ്ടിലെ ടോളമി ആൾവഖെയ്ദ യെ അഥവാ തുളുനാടിനെ ഓളോക്കോയ്റ എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്.ആലൂകനെന്നത് ശേഷനാഗത്തിന്റെ പേരാണ്. (ബി. എ). സാലിട്ടോർ). ചാലൂക്യസൈന്യത്തിലെ നാഗഗണങ്ങളാണ് ആലൂകരെന്ന് ഫ്ലീറ്റ്. അദ്ദേഹം ഗൊല്ലാരഗണപതിക്ഷേത്രത്തിലെ (മാംഗളൂർ) ലിഖിതത്തിൽ പത്തിവിടർത്തിയ നാഗചിഹ്നം കണ്ടെത്തി. നാഗചിഹ്നവും ശൈവരീതിക ളും നാഗ(യ)ന്മാരുടെ ജീവിതശൈലിയും അദ്ദേഹം തന്റെ നിഗമനത്തിന് തെളിവായി നിരത്തുന്നു. ആളു എന്നാൽ തമിഴുലും മലയാളത്തിലും ഭരിക്കുക എന്നാണ്. ആളുവ(ആഴ്വാർ)ദ്രാവിഡിയൻ ഭാഷയില് ഭരണ വ്ർഗ്ഗമാണ്. കുലശേഖരനാമവും കേരളത്തിലെ കുലശേഖരചക്രവർത്തി മാരുടെ വംശമെന്ന് കാണിക്കുന്നു മുദ്ബിദ്രേ പെരുമാൾവിഭജനകാലം വരെ പെരുമാക്കന്മാരുടെ വിശ്വസ്തസേവകരായിരുന്നു. പി.ഗുരുരാജഭട്ട് ബുന്ദു-നടവജാതികളായിരുന്നു എന്നും 10ആം നൂറ്റാണ്ടിൽ ഇവര് ജൈന മതം സ്വീകരിച്ചു എന്നും പറയുന്നു. ഉത്തരകർണ്ണാടകത്തിലെ വനവാസിക ചുത്തുശതകർണ്ണിമാരുടേതു തന്നെയായിരുന്നു. കദംബർക്കുമുമ്പ് ശതകർണ്ണി കളാണ് ഇവിടെ ഭരിച്ചത്.450ലെ ഹാൽമിഡിലിഖിതമാണ് ഇവരെക്കുറിച്ച് ആദ്യമായി വിവരം തരുന്നത്. കദംബകാലത്തെ ഈ ലിഖിതം ആലൂപഗ ണത്തിന്റെ പശുപതിയെ കാണിക്കുന്നു. രണ്ടുമത്സ്യമുള്ള (പാണ്ഡ്യ, സോമ വംശി,സൈന്ധവസംസ്കൃതിചിഹ്നം,) നാണ്യത്തിൽ ശ്രീപാണ്ഡ്യധനഞ്ജയ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.രണ്ടുചന്ദ്രക്കലയും ഛത്രവും രണ്ടുമത്സ്യവു മാണ് രാജചിഹ്നം.



തുളുനാടാണ് കേന്ദ്രസ്ഥാനം.ദക്ഷിണകന്നഡ(മംഗലാപുരം,ഉഡുപ്പി)ത്തിന്റെ പഴയ പേരാണ് ആൾവക്കേദ. ഉത്തരകേരളവും വടക്കൻ കർണ്ണാടകത്തി ലെ ഷിമോഗയും ആൾവഖേദയുടെ ഭാഗമായിരുന്നു. ഉത്തരകർണാടക ത്തിലെ അംഗോളവരെയും വനവാസി മുഴുവനും ഉൾപ്പെട്ടിരുന്നു. ഹംച (ഷിമോഗ)തൊട്ട് കാസർകോട് പയസ്വിനിപ്പുഴവരെ വ്യാപിച്ചിരുന്നു .വിജ യനഗരകാലത്ത് അൽഖേദനാമം ലിഖിതങ്ങളില് ഇല്ലാതായി. അക്കാലത്ത്

ബാരക്കുരുവും മംഗലാപുരവും വിജയനഗരത്തിലെ ഗവർണർമാരാണ് ഭരിക്കുന്നത്.അവർ ആലൂപരുടെ സ്വാതന്ത്ര്യത്തില് കൈകടത്തിയിരുന്നില്ല. ആലൂപനഗരങ്ങളായ മംഗലാപുരത്തുകൂടി നേത്രാവതിയും ബാരക്കുരുവിലൂടെ സീതാനദിയും ഒഴുകുന്നു. കർക്കാലയിലും മുൽക്കിയിലുമായി സുവർണ്ണനദിയും ശാംഭവിയും ഒഴുകുന്നു. കിഴക്കുനിന്ന് പടിഞ്ഞാട്ട് ഗുരുപുരുപാവനി, നന്ദിനി ഇവ ഒഴുകുന്നുണ്ട്. പുത്തൂർ,ബുള്ളില, ബെൽത്തങ്ങാടി ഇവ കൂടാതെ മംഗലാപുരം(മംഗലാവരം) ഉഡുപ്പി (ഉദയാവരം) കുന്ദാപുരം മുതലായ തീരദേശനഗരങ്ങളിലെ സമുദ്രസഞ്ചാരവും പ്രസിദ്ധമായിരുന്നു. പുത്തൂരും കർക്കാലയും അടങ്ങുന്ന മലനാട് കൃഷികളാൽ സമൃദ്ധമായിരുന്നു. 1075ലെ രാമന്തളിലിഖിതം (മലയാളം) കുന്ദ ആലൂപനെന്ന രാജാവിനെ പറയുന്നുണ്ട്. ഐഹോൾ,മഹാകൂട ലിഖിതങ്ങളിൽ ആലൂപര് ചാലൂക്യരുടെ സാമന്തരാണ്. മംഗലാവരവും ഉദയാവരവും പിന്നീട് ബർക്കൂരും തലസ്ഥാനമായിരുന്നു. ഏഴാം നൂറ്റാണ്ടിലെ വഡ്ഡരശേലിഖിതപ്രകാരം (ഇത് അവരുടെ പൂർണ്ണലിഖിതമാണ്) നൂറ്റാണ്ടുകളായി അവർ ചക്രവർത്തിമാരുമായേ വിവാഹബന്ധം നടത്താറുള്ളു എന്ന് പറയുന്നു. ക്രിസ്തുവർഷാരംഭത്തിനു മുമ്പേ അവരുണ്ടെങ്കിലും അഞ്ചാം നൂറ്റാണ്ടിലാണ് ഹാൽമിഡിലിഖിതം അവരുടെ ഭരണത്തിന് തെളിവ് തരുന്നത്. വേണുപുരം(മുദ്ബിദ്രേ)ലിഖിതത്തിൽ അവസാനരാജാവ് പതിനാലാം നൂറ്റാണ്ടിലാണെന്ന് പറയുന്നു.200 ശിലാലിഖിതങ്ങള് ഇവരുടേതായി ഇതുവരെ കണ്ടെടുത്തിട്ടുണ്ട്. 120 എണ്ണമെ ഇതുവരെ വായിച്ചിട്ടുള്ളു. 7ആം നൂറ്റാണ്ടിലെ ബെൽമണ്ണ കോപ്പർപ്ലേറ്റ് ലിഖിതം കന്നഡലിപിയുടെ ആദ്യത്തെ ഏറ്റവും നല്ല ഉദാഹരണമാണ്. 2007ൽ 5 പുതിയ താമ്രപത്രലിഖിതങ്ങളും കൂടി കിട്ടി. 8-14 നൂറ്റാണ്ടുവരെയുള്ള നാണ്യങ്ങളില് ഛത്രത്തിനു താഴെ വിടർന്ന താമരയും രണ്ട് മത്സ്യവുമുണ്ട്. 180 നാണ്യം കിട്ടിയതിൽ 175 എണ്ണം പ്രഭു ആന്റ് പൈ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബെലമണ്ണു പ്ലേറ്റുകൾ എട്ടാം നൂറ്റാണ്ടിലെ ആളുവരശ രണ്ടാമന്റെയാണ്. (ഗുരുരാജ്ഭട്ട്). കർക്കാല താലൂക്കിലും ഉദയാവരത്തും ആലൂപേന്ദ്രബിരുദമാണ് ഇവർക്ക്. പടിഞ്ഞാറന്ചാലൂക്യവിനയാദിത്യന്റെ എപ്പിഗ്രാഫില് (സാഗർതാലൂക്ക്) ചിത്രവാഹനആലൂപേന്ദ്രനാണ് കദംബമണ്ഡലം ഭരിക്കുന്നതെന്ന് കാണുന്നു.വനവാസിമണ്ഡലം ഭരിക്കുന്ന ഇവർ അക്കാലത്ത് ചാലൂക്യസാമന്തരാണ്.

1. പശുപതി 450 എഡി
2. പേരില്ല 500- 7ആം നൂറ്റാണ്ട്
3. ആളുവരശ 1 പുലകേശിരണ്ടാമന്റെ ഭാര്യാപിതാവ്
4. ഗുണസാഗര 660-630

5. ചിത്രവാഹന 663-730 ചാലൂക്യറാണി കുങ്കുമമഹാദേവി ഭാര്യ. ചാലൂക്യവിജയാദിത്യന്റെ സഹോദരീഭർത്താവ്.
6. ആളുവരശ 2 ചാലൂക്യരുമായി തെറ്റി
7. ചിത്രവാഹന 2.
8. രണസാഗര
9. പൃഥ്വീസാഗര
10. മരമ
11. വിമലാദിത്യ
12. ആൾവരണഞ്ജയ
13. ദത്താലൂപ
14. കുന്ദവർമ്മന് 960-980
15. ജയസിംഹൻ 980-1010 (968ലെ കുന്ദവർമ്മലിഖിതം)
16. ബങ്കിദേവആലൂപേന്ദ്ര (1075 രാമന്തലിലിഖിതം കുന്ദആലൂപ)
17. പട്ടിയോതേവ
18. പാണ്ഡ്യപട്ടിയോതേവ 1080-1110
19. കവി ആലൂപേന്ദ്ര
20. പട്ടിയോതേവ കുലശേഖര ആലൂപേന്ദ്ര 1160-1220
21. കുന്ദനൻ 1220-1230
22. വല്ലഭതേവ ദത്താലൂപ
23. വീരപാണ്ഡ്യ 1250-1275
24. ഭല്ലഭമഹാതേവിയും നാഗദേവരശനും 1275-1285
25. ബങ്കിതേവ 2
26. സോയിദേവ
27. കുലശേഖര 1335-1346(ഹോയ്സല വീരവല്ലഭനാണ് അഛൻ. ആലൂപറാണി ചിക്കായിത്തായി അമ്മ)
28. ബംഗിതേവ 3
29. കുലശേഖര 3 1355- 1390
30. വീരപാണ്ഡ്യ 2

ക്ഷേത്രങ്ങൾഃ-ബർക്കൂരിലെ പഞ്ചലിംഗേശ്വരക്ഷേത്രം, ബ്രഹ്മാവരത്തെ ബ്രഹ്മലിംഗേശ്വരക്ഷേത്രം, കോടീശ്വരക്ഷേത്രം, സുരത്കാലിലെ സദാശി വക്ഷേത്രം. മംഗലാപുരത്തെ പൊലാലി രാജരാജേശ്വരിക്ഷേത്ര ത്തിൽ 8ആം നൂറ്റാണ്ടിലെ കന്നഡലിഖിതം അലൂപരാജാക്കന്മാർ ഈ ക്ഷേത്ര ത്തിന് നിരന്തരം ദാനം കൊടുത്തിരുന്നതായി കാണിക്കുന്നു. കദ്രി മഞ്ജുനാഥേശ്വരക്ഷേത്രം കുന്ദവർമ്മന് പ്രതിഷ്ഠിച്ച നിരവധി താമ്രവി ഗ്രഹങ്ങളുണ്ട്. 968ലെ കുന്ദവർമ്മന്റെ ലിഖിതവുമുണ്ട്. ലോകേശ്വരവി

ഗ്രഹലിഖിതത്തിൽ കുന്ദവർമ്മന് അർജ്ജുനസമനെന്ന് പറയുന്നു. നീലാവരം മഹിഷമർദ്ദിനി(ബാരക്കുർ) നിരവധി ആലൂപലിഖിതങ്ങളുള്ള താണ്. വിട്ടല പഞ്ചലിംഗേശ്വരക്ഷേത്രം ഏഴാം നൂറ്റാണ്ടിലെയാണ്. ശൈലി അനന്തേശ്വരക്ഷേത്രത്തിന്റേതാണ്. ആലൂപക്ഷേത്രങ്ങളിൽവെച്ച് പഴയത് ഇതാണെന്ന് കരുതുന്നു. ഉത്തരകർണ്ണാടകത്തിലെ ഹവ്യകബ്രാഹ്മണർക്ക് ദാനമായി ക്ഷേത്രവും അഗ്രഹാരവും കൊടുത്തത് ബ്രാഹ്മണർ ആൽവഖേദയിലെ ജനങ്ങളെയെല്ലാം സൌജന്യമായി വേദം പഠിപ്പിക്കുന്നതിനാണ്. 100 ക്ഷേത്രം, ഓരോന്നിലും ഓരോ ദിവസം ഉത്സവം എന്ന് നിശ്ചയിച്ചത് വ്യാപാരവ്യവസായത്തിനു വേണ്ടിയാണ്. പിൽക്കാലത്ത് ഈ ക്ഷേത്രങ്ങളെ ഹെഗ്ഡേ രാജവംശം പുനരുദ്ധരിച്ചു. ആനപ്പള്ളമര്യാദയുള്ള ക്ഷേത്രങ്ങളാണ്. ഉദയാവരത്തെ അനന്തേശ്വരക്ഷേത്രം ശ്രീകൃഷ്ണമഠത്തിനെതിർവശത്ത് ചന്ദ്രമൌലീശ്വരക്ഷേത്രത്തിനടുത്താണ്. പ്രധാനപ്രതിഷ്ഠ ലിംഗമാണ്. ഒരു ചെറിയ ജനലിലൂടെ(ഇടത്ത്) മാധ്വാചാര്യർ അപ്രത്യക്ഷമായ സ്ഥലം കാണാം.ഐഹോൾദുർഗ്ഗാക്ഷേത്രത്തിനും ഇതേ വാസതുശൈലിയാണ്.

നാണ്യങ്ങൾ കന്നഡലിപി കൊത്തിയവ മാംഗളൂരിലും നാഗരിലിപി കൊത്തിയവ ഉഡുപ്പിയിലുമാണ് അടിച്ചിരുന്നത്. ഹാലേകന്നഡ(പഴയ കന്നഡ)യിലും നാഗരിയിലും ശ്രീപാണ്ഡ്യധനഞ്ജയ എന്നെഴുതിയ നാണ്യങ്ങളുണ്ട്. നീലാവരം ഉഡുപ്പി ക്ഷേത്രലിഖിതം ഗദ്യാനത്തിലുള്ള ദാനമാണ്. വീരപാണ്ഡ്യതേവൻ നീരുവറ (നീലാവരം) നീരുവറ ഗ്രാമസഭക്ക് (നീലാവരം 300) കൊടുത്ത ശാസനമാണ്. 100 ഗദ്യാനം കൊട്ടാരത്തിനും 30 ഗദ്യാനം അധികാരിക്കും ബാക്കി 30 ഗദ്യാനം ഗ്രാമസഭയുടെ ചെലവിനുമാണ് ഉപയോഗിക്കേണ്ടത്. വീരപാണ്ഡ്യദേവന്റെ പത്നി ബല്ലലമഹാദേവിയുടെ ലിഖിതം സമസ്തപ്രധാനർ, ദേശിപുരുഷർ, ബഹത്തരനിയോഗികൾ, ഋഷിപുരോഹിതരെന്നിവരുടെ പിൻതുണയോടെ ഭരിക്കുന്ന രാജ്ഞി തിരുവറ ഭഗവതിക്ക് ദാനം ചെയ്യുന്ന രേഖയാണ്. 100 ഹൊന്ന്(പൊന്ന്) കൊട്ടാരത്തിനുള്ളതാണ്. ഇത് കേശവ സേനഭോവനാണ് എഴുതിയിരിക്കുന്നത്. എട്ടാം നൂറ്റാണ്ടിൽത്തന്നെ ആലൂപർ സ്വർണ്ണനാണ്യം അടിച്ചിരുന്നു. കോലാർഖനിയുടെ സാമീപ്യം ഇതിനു കാരണമായിരുന്നിരിക്കാം. ആലൂപരും ഗംഗരുമാണ് തെക്കേ ഇന്ത്യയിൽ സ്വർണ്ണനാണ്യം അടിച്ചിരുന്നത്.

മുദ്ബിദ്രേ അഥവാ ഭദ്രദേശം എന്ന വേണുപുരം ദക്ഷിണകർണ്ണാടകത്തിലെ താലൂക്കാണ്. മൂദു എന്നത് കർണ്ണാടകത്തിൽനിന്ന് കിഴക്ക് എന്ന അർത്ഥമാണ്. മുദു അഥവാ മുത്ത് (മുത്തരയ എന്നതിലെപ്പോലെ) എന്നും പഴയ എന്നും (മുതു) പറയാവുന്നതുമാണ്. ബിദുരു അഥവാ മുള (വേണു) ധാരാളം മുളങ്കൂട്ടമുള്ളതുകൊണ്ട് വന്നപേർ. കർക്കാല

നിന്ന് 18 കിമീ ദൂരം. വേണൂർ, ബെൽത്തങ്ങാടി,കുദ്രേമുഖ്, ആഗംബേ, പുത്തൂർ,മിജർ ഇവക്ക് സമീപമാണ്. കേരളത്തിലെ പെരുമാൾ വിഭ ജനകാലത്ത് പെരുമാളുടെ അനുജനായ കവിസിംഹവേരുവിന് കർണ്ണാടകദേശം കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ സഹായത്തിനായി മുദ്ബിദ്രേയിലെ സാമന്തരേയും മുൽക്കിസാമന്തരേയും കൊടുത്തതായി രേഖകളുണ്ട്. ഇത് പെരുമാൾഭരണകാലത്തെല്ലാം കർണ്ണാടകതുളുദേശം കേരളപ്പെരുമാളുടെ കീഴിലായിരുന്നു എന്നതിന് തെളിവാണ്.ഒറ്റ സാമ്രാജ്യമായിട്ടാണ് ഈ കോൺഫെഡറസി ഭരിച്ചിരുന്നത് എന്നതിനും തെളിവാണ്.

സൌരാഷ്ട്രത്തിലെ വലഭിപുരവും മൈത്രകവംശവും

ചാക്ഷുഷനദീതീരത്തെ ബാക്ട്രിയയിലെ ഇന്തോഗ്രീക്കുകാർ, മൌര്യകാലത്തിനു ശേഷം സിന്ധിലും ഭൃഗുകച്ഛത്തിലും കിഴക്കേ പഞ്ചാബിലും സ്ഥാനം നേടി. സെലൂക്കസിന്റെ പുത്രിയുമായുള്ള മൌര്യവംശത്തിലെ വിവാഹം ഇതിനു സഹായകമായി. 50 വർഷത്തിനകം അവരെ സത്രപനായ മാവൂസ്(മൂഷക) ശകരാജാവ് ആട്ടിയോടിച്ചു. കപിശത്തിലെ കുശാനരാജാവും യൂഴി ട്രൈബുകളും ഇതിന് അവരെ സഹായിച്ചിരുന്നു. ഇവർ മൂന്നു ഭരണസ്ഥാനങ്ങളാണ് കപിശത്തിൽ (കാബൂൾ) ബാക്ട്രിയ, സിയസ്ത്താനം, കിഴക്കേ പേഴ്സ്യ, അഫ്ഘാനിസ്ഥാനം , മഥുര,പാടലീപുത്രം ഇവ നിയന്ത്രിക്കാനായി കണ്ടെത്തിയത്. വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ സിഥിയൻ,സിന്ധുഭാർത്തീയവംശവും സ്വാത്,പാക്കിസ്ഥാൻ,അഫ്ഘാനിസ്ഥാൻ ഉൾപ്പെട്ട സിയസ്ഥാന്,ആരിയഗാന്ധാരവും ഇവരുടെയായിരുന്നു. ഇവർക്ക് സംസ്കൃതവും പ്രാകൃതവും ഭാഷകളായിരുന്നു. മഹാഭാരതകാലത്തെ ശക,പല്ലവ,യവന,കാംബോജ,പരംകാംബോജ, ഗുർജ്ജരന്മാരെല്ലാം തന്നെ ഈ പഴയ വർഗ്ഗക്കാരില് പെട്ട മൂഷക (മാവൂസ്)വംശമാണ്. മൂഷകവംശത്തിലെ ഒരു പ്രധാനശാഖയാണ് വല്ലഭവംശം. ഇപ്പോഴത്തെ ഗുജറാത്തിവംശം തങ്ങളുടെ ഉത്ഭവം രാജാ മൈത്രകകനകസേനനിൽനിന്നാണെന്നും പടിഞ്ഞാറേ ഇന്ത്യയിലെ ജൈനരെല്ലാം അദ്ദേഹത്തിന്റെ വംശമാണെന്നും കരുതുന്നു.

വിക്രമാദിത്യമൈത്രകരുടെ ശകസത്രപഐതിഹ്യം.

സൌരാഷ്ട്രത്തിലെ ഇപ്പോഴത്തെ ജമുനാനഗറിന്റെ പടിഞ്ഞാറുള്ള ധുംലിബർദ പ്രദേശത്ത് ശകന്മാരുടെ വരവിനെ ജൈനഗ്രന്ഥങ്ങൾ പറയുന്നുണ്ട്. ഭൃഗുകച്ഛത്തിലൂടെ കടൽമാർഗ്ഗമായും ബോളന് ചുരത്തിലൂടെ കരമാർഗ്ഗമായും അവ

രെത്തി. അലക്സാന്ററുടെ ആക്രമണകാലത്ത് 2-3 നൂറ്റാണ്ട് ബിസിയിലാണ് വന്നത്. അന്ന് ധാരാളം പുലിയും സിംഹവും ആദിവാസികളുമുള്ള സ്ഥലമായിരുന്നു സൌരാഷ്ട്രമെന്നും പറയുന്നു. 75-80 ശതമാനം ഗിർവനഭൂമി കഴിഞ്ഞുള്ള സ്ഥലത്താണ് മനുഷ്യവാസമുണ്ടായിരുന്നത്. അതായത് കടലോരത്താണ് ജനവാസം. ഇവിടെയുള്ള ആദിവാസികളെല്ലാം തന്നെ സമുദ്രപാലയോഗികളെന്നുകൂടി വിളിക്കുന്ന ശതവാഹനശതകർണ്ണികളുടെ വംശമാണ്. പ്രാകൃതഭാഷ സംസാരിക്കുന്നവരുമാണ്. സിന്ധുതീരത്തെ തുറമുഖമായ മിന്നഗരം (പെരിപ്ലസ്) ഇപ്പോഴത്തെ സ്വാത് വാലിയിലെ മിൻഗോരയാണ്. അവിടുത്തെ മീനവസമുദായമാണ് ജനത. പെരിപ്ലസിന്റെ കാലത്ത് ആ പ്രദേശം മുഴുവനും ശകസത്രപന്മാരുടെ കയ്യിലാണ്. 100 എഡിയിലാണ് പെരിപ്ലസിന്റെ സഞ്ചാരം.ഇത് ആദ്യത്തെ ശകവിക്രമാദിത്യകാലത്തിനു ശേഷമാണ്. ശിവാലിക് നിരകളിൽനിന്ന് ഉത്ഭവിക്കുന്ന സരസ്വതി വറ്റുകയും 2000 ബിസിയിലെ കാലാവസ്താപരിണാമഫലമായി സമുദ്രനിരപ്പില് മാറ്റം വരികയും ചെയ്തതിനാൽ സൌരാഷ്ട്രവും ഭൃഗുകഛവും ദ്വീപുകളായിരുന്നു അന്ന്. ഗഗ്ഗർഃഹക്രകകളോടു ചേരുന്ന സരസ്വതി രാജസ്ഥാനിലെ താര് മരുഭൂമിയിലൂടെയാണ് ഒഴുകിയിരുന്നത്. ഭീമസാഗരത്തിനടുത്ത് കഛിൽ സമുദ്രത്തോടു ചേർന്നിരുന്നു. സൌരാഷ്ട്രഉൾക്കടലെന്ന നൾനര അന്ന് നിലനിന്നിരുന്നു. (രാജതരംഗിണി കാണുക) .കാംബോജന്മാരുടെ ഒരു തുറമുഖം കുതിരകളേയും കുതിരകളെ പരിശീലിപ്പിക്കുന്നവരുടേയും കടൽവഴിയുള്ള വ്യാപാരത്തിനായി അവിടെ ഉണ്ടായിരുന്നു. ഈ തുറമുഖത്തിന്റെ പേർ സൌരാഷ്ട്രമൈത്രകകാലത്ത് വലഭിപുരമെന്നായിരുന്നു. (പിന്നീട് അത് ഗസനിതുറമുഖമെന്ന് വിളിക്കപ്പെട്ടു) ഏറ്റവും പഴയ ലിഖിതമായി ശകസത്രപന്മാരുടേതായി പറയുന്ന ഗിരിനഗറിലെ (ഗിർനാർ)ലിഖിതം രുദ്രദാമന്റേതാണ്. അദ്ദേഹം സുദർശനതടാകം പുനരുദ്ധരിച്ചതായി പറയുന്നുണ്ട്. നാണ്യവും അതിലുള്ള ലിഖിതവും കിട്ടിയിട്ടുണ്ട്. കൽക്കാചാര്യസൂരിയെന്ന ജൈനസന്യാസി ശകസത്രപന്മാരുടെ വരവോടെയാണ് ജൈനമതം സൌരാഷ്ട്രത്തിൽ വ്യാപിച്ചതെന്നും രുദ്രദാമന്റെ മുൻഗാമിയായ നഹാപനന് രണ്ടാം നൂറ്റാണ്ട് ബിസിയിലാണ് സൌരാഷ്ട്രത്തിൽ തന്റെ ഭരണം ആരംഭിച്ചതെന്നും പറയുന്നു. നഹാപനനാമം പ്രാകൃതത്തിലും നരവാഹനനാമം സംസ്കൃതത്തിലുമായി വരരുചികഥയിലുള്ള കാലഞ്ജരത്തിലെ ഉദയനവാസവദത്തമാരുടെ പുത്രനായ ഗന്ധർവ്വ വിദ്യാധരചക്രവർത്തിയുടേതാണ്. വിക്രമസംവത് ആരംഭിച്ച വിക്രമാദിത്യനും ഈ വംശമാണ്. കൽക്കാചാര്യന് ശകയവനന്മാരെ തുരത്തിയോടിച്ച വിക്രമാദിത്യനെ ശകയവനനായിട്ടല്ല പറഞ്ഞിരിക്കുന്നത്. മാൾവരാജാവ് ഗർദഭില്ലന്റെ മകനായിട്ടാണ്. വിക്രമാദിത്യശകാരംഭമായ 150 എഡി ഉജ്ജയിനിക്കാര് അവരുടെ കൃതയുഗാരംഭമായി കരുതുന്നു. വിക്രമശാലിയായ ആദിത്യൻ അഥവാ ഇരവി(രവി) എന്ന നാമം ചന്ദ്രഗുപ്ത 2 എടുത്തു. അദ്ദേഹം ശകസത്രപനായ

രുദ്രദാമനെ(3) തോൽപ്പിച്ചാണ് ഈ നാമം എടുത്തത്. എഡി 380-413-14 വരെ അദ്ദേഹത്തിന്റെ കാലമാണ്.

ഗുഹിലോട്ട്,ശിശോദിയരാജപുത്രന്മാരുടെ പൂർവ്വീകരാണ് മൈത്രകന്മാർ. ബപ്പ റാവലിന്റെ അഛനായ ഗുഹൻ മൈത്രകരാജകുമാരനായിരുന്നു. എല്ലാ മൈത്രകരാജാക്കന്മാരും ശിലാദിത്യനാമം ഉപയോഗിച്ചിരുന്നു. അഗ്നിയെയും സൂര്യനേയും ആരാധിച്ചിരുന്നു. നാഗബ്രാഹ്മണസമുദായക്കാരായിരുന്നു. ഇതു വെച്ചാണ് പലരും ഇവരെ കാംബോജത്തിലെ വിദേശികളെന്ന് പറയുന്നത്. വലഭിപുരത്തിന്റെ പഴയ നാമം ഗജനി (ഗജസിംഹനാമമുള്ള രാജാവ്) എന്നായിരുന്നുവെന്നും അവർ പറയുന്നു. എന്നാൽ വലഭിപുരം അഥവാ വളഭിപട്ടണമെന്ന വിദ്യാസ്ഥാനങ്ങളുള്ള മറ്റൊരു പ്രധാനരാജവംശം തെക്കേ ഇന്ത്യയിലെ മൂഷകവംശമാണെന്ന് എല്ലാവരും സൌകര്യപൂർവ്വം മറക്കുന്നു. അതിനാൽതന്നെ ഗജനിപുരം,അഫ്ഘാനിസ്ഥാനം, സ്വാത്,കാശ്മീരം, കാംഗ്ര, അർബുദരാജ്യമെന്ന പ്രയാണപാത നേരെ തിരിച്ച് കേരളതീരത്തുനിന്ന് വട ക്കോട്ടാവാമെന്ന് ആലോചിക്കുന്നതേഇല്ല. പ്രത്യേകിച്ചും ഉജ്ജയിനിക്കടുത്ത മാഹിഷ്മതിയും മൂഷകവംശത്തിന്റെ തലസ്ഥാനമായിരുന്നു എന്ന് മറന്നു കൂടാ. മൈത്രാവരുണിവംശം കടലോരത്തുനിന്നാണ് കടലേ ഇല്ലാത്ത ഗസനി യിൽനിന്നല്ല ഉത്ഭവിച്ചതെന്ന് വേദം മുതലുള്ള എല്ലാ ഇന്ത്യന് സാഹിത്യവും നമ്മെ ബോധിപ്പിക്കുന്നു. വടനഗരത്തിലും സൌരാഷ്ട്രത്തിലും ധാരാളം നാഗ ബ്രാഹ്മണരെ കാണാം. അവരുടെ സേവനത്തിന് മൈത്രകരാജാക്കന്മാർ ധാരാ ളം ദാനം കൊടുത്തതും കാണുന്നു. നാലാംനൂറ്റാണ്ടിലെ ഹ്യുയാൻസാങ് വടന ഗരവും വല്ലഭിപുരവും സന്ദർശിച്ചിട്ടുണ്ട്.ശിശോദിയരുടെ കവിതവെച്ച് കോസലത്തിലെ പ്രസേനജിത്തിന്റെ സൂര്യാരാധകരായ കോസലവംശമാണെ ന്നും ഇക്ഷ്വാകുവംശമാണെന്നും വിലയിരുത്തുന്നവരുമുണ്ട്. കേണൽ ടോഡ് ഇപ്രകാരം എഴുതുന്നുഃ- ഇക്ഷ്വാകുവംശത്തിലെ സുമതിയെ നന്ദരാജാവ് പരാജയപ്പെടുത്തുംവരെ കോസലം സ്വതന്ത്രരാജ്യമായിരുന്നു. അതിനുശേഷം മഗധയോടു ചേർത്തു. പാടലീപുത്രം മഗധയുടെ തലസ്ഥാനമായിരുന്നു. സുമതി യുടെ മൂന്നാമത്തെ മകനായ വജ്രനാഭമൈത്രകൻ മഗധയിലെ പാടലീപുത്ര ത്തിൽ താമസമാക്കി. സുംഗരാജാവിന്റെ കാലത്ത് സൈന്യത്തലവനായി. പിൽക്കാലത്ത് അദ്ദേഹത്തിന്റെ വംശത്തിലെ കനകസേനൻ, ലേക്കോട്ട് (ലാഹോർ) എന്ന മഗധയുടെ വടക്കേ അതിർത്തി കാക്കാനായി നിയമിതനാ യി. പിന്നീട് ആനനർത്തദേശം, അവന്തി (ഗുജറാത്തും മാൾവയും) അദ്ദേഹ ത്തിന്റെ ഭരണത്തിൽ ആയി. ടോഡ് ആനർത്തത്തെ അനാര്യദേശമെന്ന് തെറ്റി ദ്ധരിക്കുന്നു. മഹാഭാരതകാലത്ത് കടലോരനഗരങ്ങളെയാണ് ആനർത്തദേശ മെന്ന് പറയുന്നത്. തെക്കേ ഗുജറാത്തിലെ പർവ്വതദേശം ലാടമെന്ന് അറി യപ്പെടുന്നു,ദക്ഷിണാപഥത്തിന്റെ ഭാഗമായിരുന്നു ഇത്. ബ്രിട്ടീഷുകാരാണ്

അതിനെ പേരുമാറ്റി ഡക്കാനാക്കിയത്. കനകസേനന്റെ 12ആം തലമുറ വജ്രനാഭൻ 2 പരമാരസാമന്തനെ ആനർത്തത്തില് തോൽപ്പിച്ച് വടനഗരമെന്ന ആനന്ദനഗരം ഉണ്ടാക്കി. ഇവിടെ പണ്ട് രേവതകമെന്ന പേരിലാണ് അറിഞ്ഞിരുന്നത്. പാടലീപുത്രത്തിലും ഉജ്ജയിനിയിലും തലസ്ഥാനങ്ങളുണ്ടായിരുന്നവർ പിന്നീട് അത് കന്യാകുബ്ജത്തിലും സ്ഥാനേശ്വരത്തും കൂടി ആക്കി.കനകസേനന്റെ 15ആം തലമുറ വിജയസേനഭട്ടാരകൻ സ്കന്ധഗുപ്തന്റെ സേനാപതിയായിരുന്നു. മാൾവയും ഗുജറാത്തും സൌരാഷ്ട്രവും ഭൃഗുകച്ഛവും അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു.സ്കന്ധഗുപ്തനുശേഷം വലഭി സ്വതന്ത്ര രാജ്യമായി. (468-80)

ഭട്ടാരകനാമം ഒരു ആത്മീയസംഘത്തിന്റെയോ ഭരണസംഘത്തിനറേയോ മുഖ്യനായ ഭരണാധികാരിക്കുമാത്രമുള്ളതാണ്. ദിഗംബരജൈനരും അവരുടെ മുഖ്യനെ ഭട്ടാരകനെന്നു വിളിക്കും. മിത്രനാമം സൂര്യനാമമാണ്. അബുൾഫൈസി (ഐനി അക്ബാരി) മേവാറിലെ റാണയെക്കുറിച്ച് പറയുന്നുഃ-അദ്ദേഹത്തെ മുമ്പ് റാവത്ത് എന്നാണ് വിളിച്ചിരുന്നത്. ഇപ്പോൾ റാണനാമം വന്നിട്ട് ഏറെ കാലമായി. നരനള്ള അഥവാ വളഭിയുടെ മുഖ്യഭരണാധികാരിയായ അദ്ദേഹം നർശീർഷ്വാനില് നിന്ന് ഉത്ഭവിച്ചവരെന്ന് പറയുന്ന ജെലോട്ട് വംശജനാണ്. ഭീലുകളാണ് അവരുടെ സുഹൃത്തുക്കൾ (ആദിവാസി). 15-18 നൂറ്റാണ്ടുകളിലെ മാസിരു-ഇൽ-ഉമര, ബിഷതു-ഇൽ-ഘനിം എന്നീ പേഴ്സ്യൻ ബുക്കുകളിൽ മേവാർരാജാവ് ഇന്ത്യയിലെ ഏറ്റവും ഉന്നതനായ രാജാവാണ്, നഷീർവാനിൽനിന്ന് ഉത്ഭവിച്ച ഇവര് രക്തതിലകമാണ് നെറ്റിയിലണിയുന്നത്.

വലഭിപുരത്തിലെ രാജാക്കന്മാരെ വല്ലഭ അഥവാ ബൽഹര എന്ന് വിളിക്കുന്നതായി ചരിത്രം. ഇതിന് രാജാരാജൻ അഥവാ രാജാക്കന്മാരുടെ രാജാവെന്നാണ് അർത്ഥമെന്നും മാസുഡി പറയുന്നുണ്ട്. വലഭിപുരത്തെ അറബിയിൽ ബൽബിപുരം, ബല്ലംഭ, ഭല്ലംബ്ര എന്നെല്ലാം ഉച്ചരിക്കുന്നു. ഇംഗ്ലീഷുകാരതിനെ ബൽഹരയാക്കി. തെക്കേ ഇന്ത്യയിലെ ചരിത്രം ഇവരെ ശതവാഹനസാമ്രാജ്യവുമായി ബന്ധിപ്പിക്കുന്നു. പ്രതിഷ്ഠാനത്തിലിരുന്ന് ആനനർത്തദേശം മുഴുവനും മാളവവും അവരാണ് ഭരിച്ചിരുന്നത്. സുലൈമാനെന്ന സഞ്ചാരിയും അദ്ദേഹത്തിന്റെ ഭാഷ്യകാരൻ അബു സൈദു ഹസ്സനും പറയുന്നത്ഃ-വല്ലഭനാമം ഈ വംശത്തിലെ എല്ലാവർക്കുമുള്ള സാമാന്യനാമമാണ്, പേഴ്സ്യയിലെ ഖുസ്രുപോലെ. അതൊരു വ്യക്തിനാമമല്ല. കൊങ്കണതീരത്തെ കടലോരത്താണ് വംശം ഉത്ഭവിച്ചത്. അതിന്റെ നാവ് ചൈനവരെ നീളുന്നുണ്ട്. ഗുജറാത്തിലെ രാജാവാണ് അറബികളുടെ ഏറ്റവും വലിയ ശത്രു.അദ്ദേഹത്തിന് വലിയ സൈന്യമുണ്ട്. ധാരാളം കുതിരകളും ഒട്ടകങ്ങളും സ്വത്തും ഉണ്ട് . സ്വർണ്ണം വെള്ളി ഇവയുടെ ഖനികളുള്ള ഇദ്ദേഹത്തിന്റെ നാണ്യം ഈ

ലോഹങ്ങളെക്കൊണ്ടാണ്. ഇവരുടെ ദേശം കള്ളന്മാരിൽനിന്ന് സുരക്ഷിതമാണ്. (ഇത് 6ആം നൂറ്റാണ്ടിലെ ഇസ്ലാംവരവിനു ശേഷമുള്ള വിവരണമാണ്) റാവു, റാവൽ റാവുത്തര്, മുതലായ നാമങ്ങളും ആദ്യകാലത്തുണ്ടായിരുന്ന ഇവർ ഹിന്ദുദൈവങ്ങളേയും സൂര്യനേയും ആരാധിക്കുന്നു. സോമനാഥക്ഷേത്രം മൈത്രകരാണ് സംരക്ഷിച്ചിരുന്നത്. ഭൃഗുകഛവും വലഭിപുരവും അവരുടെ കീഴിലുള്ള തുറമുഖനഗരങ്ങളാണ്. ഏഴാംനൂറ്റാണ്ടിലാണ് ഗുജറാത്തിലെ വലഭിപുരം ക്ഷയിക്കാനാരംഭിച്ചത്. എട്ടാംനൂറ്റാണ്ടോടെ നാഗഭട്ടഗുർജരപ്രതി ഹാരരും ബപ്പറാവലും കൂടി സന്ധിച്ച ഹിന്ദുസൈന്യം അറബികളെ എതി ർക്കാനാരംഭിച്ചു. അഞ്ചാം നൂറ്റാണ്ടിലാണ് വലഭിപുരം ആദ്യമായി നശിപ്പി ക്കപ്പെട്ടതെന്ന് കേണൽ ടോഡ് . ശിശോദിയരുടെ അഭിപ്രായപ്രകാരം അത് 524 എഡിയിലാണുണ്ടായത്. അദില് നഷിർവാന്റെ നാവികപ്പടയാണ് ഇതിനു മുൻകൈ എടുത്തത്. വല്ലഭപുരത്തെ രാജകുമാരന്മാർ കിഴക്കോട്ട് പലായനം ചെയ്ത് ചിറ്റോറിൽ താമസമാക്കിയവരാണ് പിന്നീട് ശിശോദിയവംശമായി അറിയുന്നത്. അന്ന് ഗർഭത്തിലിരുന്ന ഗുഹനാണ് ഗുഹിലോട്ട്, ശിശോദിയവം ശസ്ഥാപകൻ. സൌരാഷ്ട്രത്തിലെ ഭവനഗറിന് 20 കി മീ പടിഞ്ഞാറാണ് വല ഭിപുരത്തിന്റെ അവശിഷ്ടങ്ങളുള്ളത്.

ജൈനബുദ്ധമതത്തിനും ഒരുപോലെ വല്ലഭിപുരം യൂണിവേഴ്സിറ്റിയിൽ സ്ഥാ നം ഉണ്ടായിരുന്നു. മൈത്രകവല്ലഭവംശം എല്ലാവരേയും സമന്വയിച്ചിരുന്നു. ധർമ്മാദിത്യന് ജൈനമതം സ്വീകരിച്ചു. ധാരാളം ഗുഹകളുള്ള പ്രദേശത്ത് വിദ്യാലയങ്ങളുണ്ടായിരുന്നു ദേവർദ്ധിനിക്ഷമൻരെ നേതൃത്വത്തിലുള്ള വലഭി വിദ്യാസഭ (കൌൺസിൽ) അവർ നടത്തി. ജൈനന്മാർക്ക് അവസാനപരീക്ഷ കഴിഞ്ഞ് ഗുരുസ്ഥാനം ലഭിക്കണമെങ്കിൽ വളഭിവിദ്യാപീഠത്തിന്റെ പരീക്ഷ ജയിക്കണമായിരുന്നു. ശത്രുഞ്ജയപർവ്വതത്തില് ധാരാളം ബ്രഹ്മചാരികളും സന്യാസികളും ഉണ്ടായിരുന്നു. കാട്ടിലും ഗുഹകളിലുമായി ധ്യാനിച്ച് അവർ പഠനം നടത്തി. വലഭിപുരം വലിയ വ്യവസായവാണിജ്യകേന്ദ്രമായിരുന്നു. അടുത്ത് പാലിത്താനം അഥവാ പാദലിപ്തനഗരം (ശത്രുഞ്ജയപർവ്വതം), ജുന ഗഢ് (ഗിർമാർ) ഇവ ഉള്ളതുകൊണ്ട് വലിയ സാംസ്കാരികകേന്ദ്രവുമായിരു ന്നു. ഇവ മുമ്പുതന്നെ ശതവാഹനരുടെ (ചന്ദ്രവംശി,മൂഷകവംശി) പ്രധാനസ്ഥാ നങ്ങളായിരുന്നു. അതിനാൽ അവരുടെ തുടർച്ചയായ വല്ലഭരാജാക്കന്മാർക്കും അത് പ്രധാനമായി. ഹ്യുയാൻസാങ് (629-645) ഇങ്ങനെ എഴുതിഃ ഫലപി (വലഭി) കന്യാകുബ്ജത്തിലെ ചക്രവർത്തിയുടെ കീഴിലുള്ള ക്ഷത്രിയരാജാവ് ധ്രുവഭട്ടനാണ് ഭരിക്കുന്നത്. അദ്ദേഹം കന്യാകുബ്ജചക്രവർത്തിയുടെ പുത്രീഭ ർത്താവാണ്.കന്യാകുബ്ജചക്രവർത്തി ഹർഷവർദ്ധനനാണ്. ശിലാദിത്യനാണ് മാൾവയും ഗുജറാത്തും അന്ന് ഭരിക്കുന്നത്. വലഭിസംവത്തും ഗുപ്തസംവ ത്തും ഒപ്പം ആരംഭിക്കുന്നത് പല ചരിത്രകാരന്മാരേയും പ്രശ്നത്തിലാക്കിയി

ട്ടുണ്ട്. ജൈനരുടെ മഹാവീരസംവത് (വീരസംവത്), വിക്രമസംവത്, ശകസംവത് ഇങ്ങനെ പലരും പലകാലം ഉപയോഗിക്കുന്നതും കൺഫ്യൂഷനിലെത്തിച്ചിട്ടുണ്ട്. അറബുകൾ ഹിജ്ര ഉപയോഗിച്ച് അത് കൂട്ടി.

പടിഞ്ഞാറൻ മാളവത്തിലും ഗുജറാത്തിലും വല്ലഭരാജ്യത്തെ സര്വ്വകലാശാല തുടങ്ങുന്നത് 468 മുതല് 768 വരെയുണ്ട്.സരസ്വതിയുടെ പോഷകനദീതീരത്താണ് സ്ഥാനം.

വിജയസേനനും മകൻ ധാരാസേന 2 വും ഭട്ടാരകനാമമുള്ളവരും ഗുപ്തന്മാരുടെ സേനാധിപരുമായിരുന്നു. പിന്നെ വന്ന 5 രാജാക്കന്മാര് ദ്രോണസിംഹ, ധ്രുവസേന 1, ധാരാപട്ട, ഗുഹസേന,ധാരാസേന 2. മഹാരാജനാമമുള്ള സ്വതന്ത്രരാജാക്കന്മാരാണ്. ഗുഹസേനൻ ചിത്തോറിലെ ചിരാംഘ് മൌരിയുടെ മകളെ (പരമാരരാജാവ്) വിവാഹം കഴിച്ചിരുന്നു. ഗുഹസേനൻ കുതിരപ്പുറത്തിരുന്ന് യുദ്ധം ചെയ്യുമ്പോളാണ് മരിച്ചത്. ഗർഭത്തിലിരിക്കുന്ന പുത്രന് മൌരി (അമ്മ) ഗുഹനെന്നുതന്നെ പേരിട്ടു. (ശില കല്ല്, ആദിത്യ, സൂര്യ) കല്ലിലെ സൂര്യനെ അഗ്നിയേയും, ആരാധിക്കുന്നവരായിരുന്നു.

569-599 വരെയുള്ള ധാരാസേന 1 ഗുഹസേനകാലത്താണ് ആദ്യമായി വലഭി ആക്രമിക്കപ്പെടുന്നത്. അദ്ദേഹത്തിന് 2 മക്കള് ധ്രുവസേന 2 (569-599) ജനിക്കാനിരിക്കുന്ന ഗുഹൻ . 599ൽ ധ്രുവസേനന്റെ മരണശേഷം ശിലാദിത്യന് രാജാവായി. മൌരീപുത്രനായ ഗുഹൻ അപ്പോള് ജനിച്ചിരുന്നില്ല. മൌരി ചിറ്റോറിലേക്ക് പോയി. അർബുദഗുഹയിലാണ് റാണി പ്രസവിച്ചത്. അദ്ദേഹത്തിന്റെ പിൻഗാമി ബപ്പറാവല് ഇന്ത്യാചരിത്രത്തിലെ പ്രസിദ്ധരാജാവായി. വലഭി ആദ്യമായി ആക്രമിക്കപ്പെടുമ്പോൾ മൂഷകവംശകാവ്യത്തിലെ കേരള രാജാവ് വല്ലഭൻ 4ആമനാണ് തന്റെ രണ്ട് വംശതിലകങ്ങളായ മക്കളും സഹോദരനുമൊത്ത് വിദേശാക്രമണം കൊണ്ട് തന്റെ സംസ്കാരം നശിക്കാതിരിക്കാനായി ധാരാളം പുനരുദ്ധാരണപ്രവർത്തനം ചെയ്യുന്നത്. (അതായത് ഗുജറാത്തിലും കേരളത്തിലുമുള്ള വല്ലഭരാജാക്കന്മാരുടെ പരസ്പരബന്ധം വളരെ വ്യക്തമാണ്.

വലഭി യൂണിവേഴ്സിറ്റിയിലെ ഗുണമതി,സ്ഥിരമതി എന്ന ഗുരുക്കന്മാർ 7ആം നൂറ്റാണ്ടിലാണ് ജീവിച്ചത്. നളന്ദ മഹായാനബുദ്ധിസത്തിന്റെ കേന്ദ്രമായിരുന്നുവെങ്കിൽ വലഭി ഹീനയാനബുദ്ധിസത്തിന്റെ കേന്ദ്രമായിരുന്നു. വലഭിപുരം ഹ്യുയാൻസാങ് സന്ദർശിച്ചു. കൈര ജില്ല(ഗുജറാത്ത്) കോപ്പർപ്ലേറ്റ് ലിഖിതങ്ങൾ:- വേടകആഹരമണ്ഡലത്തിലെ ദാനങ്ങള് വലഭിരാജാവ് ധാരാസേന 1(480) ധ്രുവസേന 2 (631) ശിലാദിത്യ 3 (660) എല്ലാം നാഗബ്രാഹ്മണർക്ക് (ആനാർത്ത അഥവാ ആനന്ദപുരത്തെ, രേവതകത്തിലെ, വടനഗരത്തി

ലെ) കൊടുത്തവ. ഗിരിനഗറിലെ (ജുനഗഡ്) ബ്രാഹ്മണർക്ക് . സൌരാഷ്ട്രം മാത്രമല്ല, ഗുജറാത്തും (കംബാട്ട് അഥവാ ഭൃഗുകച്ഛം മുതൽ വടനഗരം വരേയും അവിടുന്നങ്ങോട്ടും വലഭിയുടെ കീഴിലാണെന്ന് കാണിക്കുന്നു.

ചിറ്റൂരിൽ വളർന്ന ഗുഹന് തന്റെ ബന്ധുവായ മൌരിപരമാരനെ തോൽപ്പിച്ച് ചിറ്റോറിലെ രാജാവായശേഷം സിന്ധിലെ അറബികളേയും അവരുടെ കൂട്ടുകാരായ ഗുർജ്ജരപ്രതിഹാരരേയും ഓടിച്ചു. അദ്ദേഹം ഉണ്ടാക്കിയ ഗുഹിലോട്ട് ശിശോദിയവംശം ഇന്ത്യയിലെ പല സ്വാതന്ത്ര്യസമരസേനാനികൾക്കും ജന്മം കൊടുത്തു. ബാലാദിത്യ(ധ്രുവസേന2) ഹർഷവർദ്ധനന്റെ മകളെ വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ സാമ്രാജ്യം വളരെ വലുതായിരുന്നു, അദ്ദേഹത്തെ വിക്രമാദിത്യനെന്ന് വിളിക്കുന്നു. ധാരാസേന3 യുടെ സഹോദരനായ ധ്രുവസേന 2 വളരെ പെട്ടെന്ന് കോപം വരുന്നവനായിരുന്നു. 641 എഡി വരെ ഭരിച്ചു. വളരെ ആത്മീയവിഷയങ്ങളിൽ തൽപരനാകയാല് പല ബുദ്ധമതജൈനമതകൌൺസിലുകളിലും പങ്കെടുത്തു. വംശത്തിലെ പലരും ശിലാദിത്യനാമം വഹിച്ചിരുന്നു. ശിലാദിത്യ 3, ശിലാദിത്യ 4, ശിലാദിത്യ 5,ശിലാദിത്യ 6 ശിലാദിത്യ 7 . വിക്രമസംവത് 845ൽ എഡി 790ൽ ശിലാദിത്യ 7നെ ഗസനിയിലെ ഹമീർ വധിച്ചു. 760,776,790 എന്ന് മൂന്നു പ്രാവശ്യം അറബികൾ വരദ (വലഭി)ആക്രമിച്ചു. വലഭിരാജാവിന്റെ ശത്രുക്കളും അതിനവരെ സഹായിച്ചതായി പേഴ്സ്യന് രേഖ.

പ്രതിഹാരവംശത്തിലെ രാജാവ് കാനൂജിലെ പ്രതിഹാരരാജാവിന്റെ സാമന്തനായിരുന്നു. അദ്ദേഹം (ദദ്ദ 3 യുടെ പുത്രൻ ജയഭട്ടൻ) വലഭിയെ സഹായിക്കാനെത്തിയതായി 2 കോപ്പർപ്ലേറ്റ് ലിഖിതം. (736ലെ ഭാരൂച്ച് ജില്ലയിലെ) ബൂഹ്ലർ ഇതിനെ ഇങ്ങനെ വായിച്ചുഃ- തജ്ജികന്മാര് (അറബി) വലഭി ആക്രമിച്ചപ്പോൾ ജയഭട്ടന് വലഭി രക്ഷിക്കാനെത്തി. അവരെ തോൽപ്പിച്ചു. ഇത് 725-735 എഡിയിലായിരിക്കാം. അറബികൾ ജുനൈഡിന്റെ കീഴില് സാമ്രാജ്യം വ്യാപിപ്പിക്കാനാരംഭിച്ച കാലമാണത്. അൽ ബിലദുരിയുടെ പുസ്തകം ഫുത്തു അൽ ബുൽദാന് സിന്ധിലെ ധീറിലെ ജൈഷിയാസണെ തോൽപ്പിച്ച ശേഷം കുച്ച(കിരൈ) ആക്രമിച്ച് ജുനൈഡ് തന്റെ സൈന്യത്തെ ഒക്ക മണ്ഡലിലേക്കും ധനജ് മണ്ഡലിലേക്കും (കാനൂജ്) സർമ്മദ്മണ്ഡലിലേക്കും (ഷേക്കാവതി മർമദ്) ബാരുസി ലേക്കും (ഭൃഗുകച്ഛം) അയച്ചു. സൈന്യത്തെ ഉജ്ജയിനിയിലേക്കും മാളവത്തിലേക്കും (മലിബ)ബഹരിമദ് (ബഹ്മണാബാദ്, സിന്ധ്) അയച്ചു. ബൈലമനും (ഭിന്മൽ) ജുർസും (ഗുജറാത്ത്) പിടിച്ചടക്കി. ഇക്കാലത്ത്, മൌര്യകാലം മുതലുള്ള എല്ലാ വിഗ്രഹങ്ങളും എടുത്ത് ജൈനന്മാരും ബ്രാഹ്മണരും ഓടിപ്പോയി. 6 വർഷത്തിനുശേഷം ശിലാദിത്യ 7ന്റെ മക്കൾ ധാരാ സേന ശിലാദിത്യ 8 തിരിച്ചുവന്ന് വന്തളിയില് വീണ്ടും വലഭി വിദ്യാപീഠം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പിൻഗാമി വീരസിംഹന് നാഗന്മാരുടെ മകളെ (സാമവംശം) വിവാഹം ചെയ്തു. അവരുടെ വംശം ചുദ്ദസാമ

എന്നപേരിൽ ഗിരിനഗറിലേക്ക് (ജുനഗഡ്) മാറി. പിൽക്കാലത്ത് ബപ്പ റാവല് തന്റെ പൂർവ്വജന്മഭൂമി സന്ദർശിച്ച് അവിടെ ഉണ്ടായിരുന്ന വിദേശികളെ ഓടിച്ചു. വലഭിയിൽ മൂന്നുതവണ ആക്രമണം നടന്നിട്ടുണ്ട്. മൈത്രകവംശത്തിലെ ബാലാദിത്യൻ രാജതരംഗിണിയില് സ്വയം വിക്രമാദിത്യനെന്ന് വിശേഷിപ്പിച്ചിരുന്ന ദേഹമാണ് . അദ്ദേഹത്തിന്റെ നാണ്യങ്ങളും ലിഖിതങ്ങളും കിട്ടിയിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളും ചരിത്രക്കുറിപ്പുകളും ബ്രാഹ്മണന്മാർ ക്ഷേത്രങ്ങളില് സൂക്ഷിച്ചിരുന്നത് അറബ് ആക്രമണകാലത്ത് നശിപ്പിക്കപ്പെട്ടു. ഗുപ്ത, വലഭികാലത്തിനുശേഷം നിരവധി പ്രദേശങ്ങളിൽനിന്ന് വലഭിയിലേക്ക് ജനങ്ങൾ വന്നു താമസിച്ചിട്ടുണ്ട്. എട്ടാം നൂറ്റാണ്ടുമുതൽ ആരംഭിച്ച ഈ കുടിയേറ്റം 11ആം നൂറ്റാണ്ടിൽ പുതിയ ഒരു ക്ഷത്രിയസമുദായമായി 15ആം നൂറ്റാണ്ടുവരെ നിലനിന്നു. പടിഞ്ഞാറെ രാജസ്ഥാനിലും സമാനമായ മാറ്റങ്ങൾ ഉണ്ടായി. ഒരുപക്ഷേ സൌരാഷ്ട്രത്തിലെ മാറ്റങ്ങൾക്ക് ഒന്നോ രണ്ടോ നൂറ്റാണ്ടുമുമ്പുതന്നെ. എങ്കിലും സംസ്കാരമോ ഭാഷയോ മതമോ മാറുകയുണ്ടായില്ല. പുതിയ ക്ഷത്രിയവംശം, കുടിയേറിയ വിദേശിട്രൈബുകൾ, ഇന്ത്യയിലെത്തന്നെ ട്രൈബുകൾ, ഇവരെല്ലാം സങ്കരവംശമായി രജപുത്രന്മാരെന്ന പേരിലറിയപ്പെടാനാരംഭിച്ചു. കാംബോജികൾ വൈദികബ്രാഹ്മണന്മാരാണ്. അവരാണ് ഗജസിംഹനാമത്തിൽ അഫ്ഘാനിസ്ഥാനിലും സൌരാഷ്ട്രയിലും ഗജനി (പിന്നീട് വലഭിപുരം) ഉണ്ടാക്കിയത്. ഇന്ത്യ, ഇറാൻ അഫ്ഘാനിസ്ഥാനിലെ അതിർത്തി കാത്തിരുന്നത് ഇവരായിരുന്നു. (പാരസീകദേശം) സംസ്കൃതം സംസാരിച്ചിരുന്ന ഇവരിൽനിന്നാണ് അവസ്ത ഉണ്ടായത്.(പേഴ്സ്യൻ)കുതിരവളർത്തലും സമുദ്ര വ്യാപാരവുമായിരുന്നു ഇവരുടെ പ്രധാനതൊഴിൽ. സൌരാഷ്ട്രത്തിലെ കാംബോജം കാംബത്ത്(കാംബേ)തുറമുഖം ഭരിച്ചിരുന്നു. പല്ലവരും ഇവരുടെ സഹായികളായിരുന്നു. തെക്കേ ഇന്ത്യ,ലങ്ക, കാംബോജിയ(കാംബോഡിയ) ഇവിടങ്ങളുമായി വല്ലഭന്മാർക്ക് ബന്ധമുണ്ടായിരുന്നു. വേദകാലത്തെ രാജാവ് രഘു കാംബോജരെ ജയിച്ചതായി പുരാണം പറയുന്നു. അതായത് കാംബോജം ഇന്ത്യയിലെ തന്നെ വംശമാണ്. സോമനാഥക്ഷേത്രം പണിതത് മൈത്രകവലഭിരാജാക്കന്മാരാണെന്നത് ശ്രദ്ധേയമാണ്. ഈ ക്ഷേത്രത്തിന്റെ സ്വത്താണ് അറബിമുസ്ലീംകളെ ഇങ്ങോട്ട് ആകർഷിച്ചത്. കേരളം മുതൽ ഗുജറാത്ത് വരെയുള്ള സമുദ്രതീരവ്യാപാരം മൂഷകവല്ലഭവംശവും, യാദവവംശവും ശ്രീകൃഷ്ണകാലത്തിനുമുമ്പേ ആരംഭിച്ച ഒന്നാണ്. എന്നും ഇവരുടെ സമ്പത്താണ് വിദേശികളെ ഇവിടേക്ക് ആകർഷിച്ചത്. യഹൂദരും അറബികളും ക്രൈസ്തവരും ഇവിടെ വന്നത് ഈ സമ്പത്തിന്റെ മോഹവുമായാണ്.

വലഭിയിലെ നഗരവാസ്തു കേരളത്തിലേതുപോലെയായിരുന്നു. തട്ടാന്മാരെല്ലാം ഒരു തെരുവിലാണ് താമസിക്കുക (സാവേരി ബസാര്) അതുപോലെ ഓരോ

വസ്തുവിനും ഓരോ ചന്തയുണ്ട്. കുശവന്മാരുടെ ചട്ടിയും മറ്റും വിൽക്കാന് പ്രത്യേകം ചന്തയുണ്ട്. ഇവരുടെ കുലസംഘത്തലവൻ രാജാവിന് ഇക്കോണമി അപ്പപ്പോൾ റിപ്പോർട്ട് ചെയ്യണം.

ആര്യദ്രാവിഡരും സൈന്ധവസംസ്കൃതിയും.

ചെറിയ ഒരു ഗ്രൂപ്പ് ആര്യന്മാര് വലിയ ഒരു രാജ്യമായ ഇന്ത്യയിലേക്ക് വന്ന് ഇവിടത്തെ മുഴുവൻ ജനതയേയും ഭാഷയും സംസ്കാരവും വേദവും പഠിപ്പിച്ചു എന്നതിലെ അവിശ്വസനീയത ഐരാവതം മഹാദേവനും ആസ്കോ പർപ്പോലയും കണ്ടില്ല. എന്തുകൊണ്ട്. നേരത്തെ പറഞ്ഞുപഠിപ്പിച്ച യൂറോപ്യൻകെട്ടുകഥ മനസ്സില് ഉറച്ചുപോയതുകൊണ്ട്.

40 വർഷത്തെ ഐരാവതം മഹാദേവന്റെ റിസർച്ചിനെ ചെന്നൈ ഐ.ഐ.ടിയിലവതരിപ്പിച്ച ഡിസംബർ 23, 2017ലെ പ്രബന്ധത്തിൽ ജയശ്രീ സാരനാഥന് തള്ളിപ്പറയുന്നതിങ്ങനെ.ദ്രാവിഡിയന്മാർ ആര്യന്മാരുടെ വരവുകാലത്തുതന്നെ വടക്കുപടിഞ്ഞാറെ ഇന്ത്യയിലുണ്ടായിരുന്നു എന്നും അതിനു തെളിവ് ബ്രാഹൂയിയാണെന്നുമുള്ള വാദത്തിലൂന്നിയാണ് ഐരാവതം മഹാദേവന്റെ സൈന്ധവലിപിപഠനം. ഋഗ്വേദത്തിലെ ദ്രാവിഡപദങ്ങളും ഇതിനു തെളിവാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. എന്നാൽ 2015ൽ കുപ്പം യൂണിവേഴ്സിറ്റിയിലെ ഒരു പ്രഭാഷണത്തിൽ അദ്ദേഹം ഇതിലൊന്ന് മാറ്റിപ്പറഞ്ഞു:-"*I had earlier considered Brahui, a Dravidian language still spoken in Baluchistan as evidence for the Dravidian character of the Indus civilisation. I have revised my opinion as experts in Dravidian linguistics now hold that Brahui was originally a North-eastern Dravidian language with many shared features with Kurux and Malto and that it moved to its present location in later times.*"

ചരിത്രത്തിൽ പലപ്പോഴും ഇപ്രകാരം മാറ്റിപ്പറയേണ്ടിവരും.കാരണം ചരിത്രം ശാസ്ത്രമാണ്. "multiple-interpretations of the seals are possible and nothing is final in the decipherment" (Vedaprakash 2010) എന്ന് മഹാദേവൻതന്നെ 28.ജൂൺ 2010ന് ഇൻഡ സ് റിസർച്ച് സെന്ററിലെ പ്രഭാഷണത്തില് പറഞ്ഞിട്ടുമുണ്ട്.

ബ്രാഹൂയി വടക്കുകിഴക്കേ ഇന്ത്യയിലെ ദ്രാവിഡഭാഷയാണെന്ന് പറയാനുള്ള കാരണമെന്ത്. അങ്ങനെയെങ്കിൽ അത് എപ്പോഴാണ് വടക്കുപടിഞ്ഞാറേക്ക് നീങ്ങിയത്. എന്തുകൊണ്ട് ഒരു കാലത്ത് ഇന്ത്യ മുഴുവനും സംസാരിച്ചിരുന്ന ഭാഷ ഒന്നായിരുന്നു എന്ന് വന്നുകൂടാ. കന്യാകുമാരി മുതൽ കാശ്മീരം വരെ ദ്രാവിഡഭാഷ ഇന്ത്യക്കാരെല്ലാം സംസാരിച്ചിരുന്നുവെന്ന് എന്തുകൊണ്ട് വിചാരിച്ചുകൂടാ. ആര്യദ്രാവിഡരെന്ന വിഭജനം തന്നെ ഇല്ലാതിരുന്ന ഒരു കാലത്ത് വിവിധപ്രദേശങ്ങളിലെ പ്രാകൃതഭാഷകളും അവയിൽനിന്ന് പ്രാദേശികഭേദം കൊണ്ട് വന്ന അപഭ്രംശങ്ങളും, ഇവയെല്ലാം സമന്വയിച്ച ഔദ്യോഗിക,വിദ്യാഭ്യാസഭാഷയായ സംസ്കൃതവും ഉണ്ടായി എന്ന് കരുതണം. അങ്ങനെയിരിക്കെ എല്ലാവർക്കും മനസ്സിലാവുന്ന സൈന്ധവലിപി ആ വിദ്യാഭ്യാസഭാഷയുടെ ആദിമലിപിരൂപമാവാം.വേദത്തിലെ പല കഥകളും ഇതിലുള്ളതുകൊണ്ട് ഇന്ത്യയിലാണ് വേദമുണ്ടായതെന്നും വരുന്നു.

സോമം ആര്യന്മാരെന്ന വർഗ്ഗം വേദത്തോടൊപ്പം ഇന്ത്യക്കു പുറത്തുനിന്ന് കൊണ്ടുവന്നതാണെന്ന വിചാരമാണ് അത്തരമൊരു ചിന്തക്ക് ഇടം കൊടുക്കാത്തത്.ആര്യനെന്ന പദം തന്നെ ഇന്ത്യയിലെ വർഗ്ഗങ്ങളുടെ പദമാണ്. ആര്യനെന്നത് ഒരു വിദേശപദമല്ല, ദ്രാവിഡ-മുണ്ടജനത തന്നെയാണ് വൈദികആര്യജനത എന്നും അവർ ചുരുങ്ങിയത് 6000 ബിസി മുതല് ഹരപ്പയിലുണ്ടെന്നും പുരാവസ്തു ഖനനം കാണിക്കുന്നു. നമുക്ക് വായിക്കാനറിയാത്ത ഒരു ലിപി , നമ്മുടെ രാജ്യത്തെ മിത്തുകളേയും ചരിത്രത്തേയും കുറിച്ച് സംസാരിക്കുന്നുവെങ്കിൽ അത് ഉണ്ടാക്കിയ ജനതയും നമ്മുടെ രാജ്യത്തെ ജനതയാണെന്നതിന് വേറെ തെളിവാവശ്യമില്ല. ഈജിപ്തിലെ ലിപി അങ്ങനെയാണ് അവരുടെ ഭാഷയും ചരിത്രവുമായത്. സുമേർ,അക്കഡ്,ഏലാംലിപികളും അങ്ങനെത്തന്നെ. ഇന്ത്യയിലെ ലിപിമാത്രം എന്തിന് മറ്റൊരു പ്രദേശത്തിന്റെ ലിപിയും ചരിത്രവുമാണെന്ന് വിചാരിക്കണം.രവി,കോട്ട്ദിജിപ്രദേശത്തെ ആദ്യകാലഹരപ്പൻലിപി പിൽക്കാലത്തെ മച്വർഹരപ്പൻലിപിയാണ്. അതായത് ഇവർ ഒരേ ജനതയുടെ രണ്ടുഘട്ടം മാത്രമാണ്. ബിസി 1500ൽ വേദവുമായി ആര്യന്മാർവന്നു (മാക്സ് മുള്ളർ) .എന്ന ഊഹത്തിന് ഇതുമാത്രം മതി അറുതിവരുത്താൻ. പാഞ്ചാലരും ഭരതന്മാരും ബിസി 3000ത്തിനു മുമ്പേ ഉണ്ടെന്ന് രവി-കോട്ട്ദിജി ഖനനം തെളിവു തരുന്നു. വേദത്തിൽ കുതിരക്ക് 34 വാരിയെല്ലുണ്ടെന്ന് പറയുന്നതായും ഇപ്പോഴത്തെ കുതിരക്ക് 36 ഉള്ളതായും ചില പണ്ഡിതർ പറയുന്നു, മറ്റു ചിലർ കുതിരയെ വേദത്തിനറിയാം, ഇന്ത്യയിൽ കുതിരയേ ഇല്ല,അതിനാൽ വേദം ഇന്ത്യയിലല്ല ഉണ്ടായതെന്ന് പറയുന്നു. വേദം ആര്യന്മാർ കൊണ്ടുവന്നതെന്ന് ഇവര് പറയുന്ന ബിസി 1500ന് എത്രയോ കാലം മുമ്പ് വിന്ധ്യനിലെ ബിംബേക്ത ഗുഹകളിലുള്ള കുതിരച്ചിത്രങ്ങളെക്കുറിച്ച് എന്താണ് ആരും പറയാത്തത്.


വേദത്തിലെ ഇന്ദ്രധ്വജം വരാഹമിഹിരന്റെ ബൃഹദ്സംഹിതയിലെ വിവരണപ്രകാരം ഒരു മുളക്കമ്പിന്മേൽ അർദ്ധചന്ദ്രാകൃതിയിലുള്ള രത്നം പതിച്ച് അലങ്കരിച്ചതാണ്. പിന്നീട് മുളക്ക് പകരം 5 മരങ്ങളിലൊന്ന് ഉപയോഗിക്കാനാരംഭിച്ചതായും ബൃഹദ്സംഹിത പറയുന്നു(അർജ്ജുനം, അശ്വകർണ്ണം, പ്രിയകം,ധവളം, ഉദുംബരം) ഈ വിവരണമാണ് ഹരപ്പൻസീലുകളിലെ ഇന്ദ്രധ്വജത്തിന്. മുള ഇന്ത്യ ഉൾപ്പെടെ ഉള്ള സ്ഥലങ്ങളിലാണ് വളരുന്നത്. അതിനാൽ ഇന്ദ്രധ്വജവും ഇവിടെ ഉണ്ടായതാണ്. പുറത്തുനിന്ന് ഇറാനിൽനിന്ന് മുള വരാനുള്ള സാധ്യതയില്ല. മഹാഭാരതത്തിൽ ജയദ്രഥന്റെ ചിഹ്നമാണ് ഒറ്റക്കൊമ്പുള്ള വരാഹം. ഹരപ്പയിലെ ഒറ്റക്കൊമ്പനും ചാലൂക്യരുടെ വരാഹവും കരൂരിലെ ചേരന്മാരുടെ സീലിലെ ചിഹ്നവും തുടർച്ച കാണിക്കുന്നു. അതുപോലെ പൂഞ്ഞക്കാള അശ്വത്ഥാമാവിന്റെ അമ്മാമനും കുലഗുരുവുമായ കൃപാചാര്യരുടേതാണ്. ആന സാല്വനും ദുര്യോധനനും, സിംഹം ഭീമ,സാത്യകി, ഉത്തരന്മാർക്ക്, മകരം പ്രദ്യുമ്നന്, അരയന്നം സഹദേവന് എന്ന് കൊടിയടാളം പറയുന്നു മഹാഭാരതം. ഈ മൃഗങ്ങളെല്ലാം ഹരപ്പൻലിപി,സീലുകളിലുണ്ട്. തോറ്റ ക്ഷത്രിയർ വ്രാത്യരായി വൈശ്യവൃത്തി സ്വീകരിച്ച് ജീവിക്കുന്നതിനാലാണ് ഈ തോറ്റവരുടെ ചിഹ്നങ്ങള് ഇപ്രകാരം കൂടുതലായി കാണുന്നത്. പല്ലവരുടെ സീലുകളിലും പൂഞ്ഞക്കാളയുള്ളതു് ശ്രദ്ധിക്കണം.(കൃപാചാര്യ, അശ്വത്ഥാമാ ബന്ധം) കാസക്കുടി,വേലൂർപാളയം, ഉദയേന്തിരം കോപ്പർപ്ലേറ്റുകളിൽ അവര് അശ്വത്ഥാമാ വംശമാണെന്ന് പറഞ്ഞിട്ടുമുണ്ട്. .പല്ലവരെ പുറത്തുനിന്ന് വന്നവിദേശികളെന്ന് മുദ്രകുത്താനുള്ള ശ്രമത്തിൽ ഇത്



ആധുനികചരിത്രകാരന്മാരാരും കണ്ടിട്ടില്ല.

ഉപരിചരവസുവിന് ഇന്ദ്രധ്വജം കിട്ടിയ നാൾമുതല് ഇന്ത്യയിലെ രാജാക്കന്മാര് അത് ഉപയോഗിക്കുന്നു. ഇപ്പോഴും ക്ഷേത്രങ്ങളിലെ ധ്വജംനാട്ടലിൽ ആ

ഓർമ്മ പുതുക്കപ്പെടുന്നു.



ചിത്രം- മുള വളരുന്ന പ്രദേശം.

ആര്യന്മാരുടെ വേദത്തിൽ തെക്കെ ഇന്ത്യയിലെ നദികളില്ല എന്ന് പറയുന്ന പോലെത്തന്നെ പ്രധാനമല്ലേ പിംഗലനിഖണ്ഡുവിലോ ചൂഡാമണിനിഖണ്ഡു വിലോ സിന്ധുനദിയില്ല എന്നത്. അപ്പോൾ ആര്യദ്രാവിഡരെന്ന വ്യത്യാസ മെവിടെ. മൽഹോത്ര(2011. 459) പറയുന്നത് തമിഴിന്റെയും ദ്രാവിഡരുടേ യും വിഘടനാവാദം മനസ്സില് കൊണ്ടുനടക്കുന്നവർക്ക് മഹാദേവന്റെ വാദം കാതിനു സംഗീതമായതുകൊണ്ടാണ് ആരും ഈ നിഗമനം ചോദ്യം ചെയ്യാത്ത തെന്നാണ്. Farmer et al(2004) “The Collapse of the Indus Script Thesis: The Myth of a Literate Harappan Civilization”, അതിനെ ചോദ്യം ചെയ്തു. 2007ലെ ഇന്ഡസ് റിസർച്ച് സെന്ററിന്റെ ഉദ്ഘാടനവേളയിലെ പ്രഭാഷണത്തില് അതിനെക്കുറിച്ച് മഹാ ദേവൻ പറഞ്ഞത് “defeatist, born out of frustration reflecting the lack of success of the decipherment efforts”. എന്നാണ്. അത് ശാസ്ത്രയുക്തിയല്ല. ഹരപ്പന്മാർക്ക് വേദമറിയില്ല എന്നും അതുകൊണ്ട് അവർ ദ്രാവിഡരാണെന്നും സ്ഥാപിക്കാനുള്ള ശ്രമം ദയനീയമായി പരാജയ പ്പെട്ടിട്ടും ആര്യൻഅധിനിവേശസിദ്ധാന്തവും മുറുക്കെപ്പിടിച്ചിരിക്കുന്നത് ശാസ്ത്രീയമല്ല.മറിച്ച് ദ്രാവിഡരുൾപ്പെടെയുള്ള ഇന്ത്യന് ജനതയുടേതാണ് വേദവും ഹരപ്പസംസ്കാരവുമെന്ന് സമ്മതിക്കുന്നതാകട്ടെ ശാസ്ത്രീയമായ കാഴ്ചപ്പാടാണ്. ബാക്ട്രിയയിലേക്ക് പോയ ഇന്ത്യക്കാരുടെ വംശം ആരാണ് എന്നാണ് മറിച്ചല്ല തിരയേണ്ടത്.

ബൌധായനശ്രൌതസൂത്രം അമാവസു ഗാന്ധാരത്തിൽനിന്നും പടിഞ്ഞാട്ടുള്ള ദേശങ്ങളിലേക്ക് പോയതായി പറയുന്നു.ഗാന്ധാര, പാര്ശ്വ,ആരട്ടകദേശങ്ങ ളിലേക്കാണ് അദ്ദേഹം പോയത്. ആയു കിഴക്കോട്ടാണ് പോയത്. അമാവസു വും ആയുവും വിശ്വാമിത്രന്റെ പൂർവ്വികരാണ്.മനുപുത്രിയായഇളയുടെ 6

മക്കളിലാണ് അമാവസുവും ആയുവും പെടുന്നത്.നഹുഷനും യദുവും യയാതിയുമെല്ലാം ആയുവിന്റെ വംശമാണ്. നഹുഷപുരമാണ് ഇപ്പോള് നാമറിയുന്ന നൌഷാര എന്ന ഹരപ്പസംസ്കൃതിസ്ഥാനം. അമാവസുവിന്റെ നാലാം തലമുറയാണ് ജഹ്നുമുനി. ഗംഗ അദ്ദേഹത്തിന്റെ പുത്രി(ജാഹ്നവി) എന്ന് അറിയുന്നു. ജഹ്നുപുത്രനായ സുമന്തുവിന് സിന്ധുദ്വീപനെന്നു പേരുണ്ട്. സിന്ധുദ്വീപം ഭരിച്ചതുകൊണ്ട് ലഭിച്ച പേരാണത്. അതുപോലെ അംഗ,വംഗ, കലിംഗ,പുണ്ഡ്രരാജാക്കന്മാർക്കും ഇതേ നാമം ഉണ്ട്. അതായത് സിന്ധുദ്വീപനെന്ന പൂർവ്വികന്റെ നാമം അവരെല്ലാവരും ഉപയോഗിക്കുന്നു. അമാവസുവിന്റെ 14ആം തലമുറയായ വിശ്വാമിത്രനും പൂർവ്വികർക്കും കോശിനദിയുടെ തീരം ഭരിക്കുന്നതിനാൽ, കൌശികനാമം വന്നു.സഹോദരി കൌശികി അഥവാ സത്യവതിയെ തുടർന്ന് ജമദഗ്നി വസിക്കുന്ന പടിഞ്ഞാറൻതീരത്തേക്ക് അമാവസുവിനെ പോലെ, പിന്നെ വന്നത് വിശ്വാമിത്രനാണ്. മറ്റു കുടുംബാംഗങ്ങളെല്ലാം കിഴക്ക് ഗംഗാതീരത്തുതന്നെ വാണു. ആയുവാണ് മൂത്ത പുത്രൻ. അമാവസുവല്ല. അമാ എന്നത് മൂത്ത രാജാവിന്റെ കൂടെ മറ്റൊരു ദേശം ഭരിക്കുന്ന ഇളയ താവഴിയാകയാലാണ്. എന്തിനാണ് അമാവസു സിന്ധുദ്വീപത്തിലേക്ക് പോയത്. അവിടെ ഏറ്റവും നല്ല കുതിരകളെ വളർത്തുന്ന ദേശമാണ്. കന്മഷ, തിത്തിരി, മണ്ഡൂക മുതലായ മുന്തിയ ഇനം കുതിരകളെ ഗാന്ധാരം, കാംബോജം, ആരട്ടകം എന്നിവിടങ്ങളിൽ ലഭിക്കുമെന്ന് മഹാഭാരതം.(2.27 , 2.50, 6.91) അവ നീണ്ട യാത്രകള്ക്ക് ഉപയോഗിക്കാം .(3.71) അമാവസു ഇവയെ ലഭിക്കാനും കച്ചവടം ചെയ്യാനും സിന്ധുദ്വീപത്തിലെത്തി. ബാഹ്ലീക,കേകയ,പ്രദേശങ്ങളെല്ലാം അന്ന് വൈദികഭാരതത്തിന്റെ ഭാഗങ്ങളായിരുന്നു. വൈദികജീവിതം നയിക്കുന്ന കേകയത്തിലെ അശ്വപതിയിൽനിന്ന് വേദം പഠിക്കാനാണ് ഛാന്ദോഗ്യഉപനിഷത്തിലെ 6 മുനിമാര് പോകുന്നത്. കുതിരകളെ മാത്രമല്ല, വലിയ ബലശാലികളായ നായകളേയും പ്രത്യേകം ഭക്ഷണം കൊടുത്ത് കേകയത്തിൽ വളർത്തിയിരുന്നു (വാത്മീകിരാമായണം 2. 70.23)മഹാഭാരതകാലത്ത് നായ്ക്കളെ വളർത്തലുണ്ടെങ്കിലും ബാഹ്ലീകദേശത്ത് വൈദികജീവിതം ഇല്ലാതായിരിക്കുന്നു. (മഹാ. 8.44) അവർ നായ്ക്കളെ സ്വന്തം പാത്രത്തിൽനിന്ന് തിന്നാനനുവദിക്കയും ബന്ധുക്കളുടെ ശവശരീരം അവയെക്കൊണ്ട് തീറ്റിക്കയും ചെയ്യുന്നവരായി മാറിയിരുന്നു. പഴയ ബാക്ട്രിയയിലെ ജീവിതത്തെക്കുറിച്ച് ഇതേ കാര്യം റോലിൻസണ് (1912.11.12) സ്ട്രാബോയെ ഉദ്ധരിച്ച് എഴുതുന്നു. ബാക്ട്രിയയിലെ തെരുവുകൾ നിറയെ എല്ലുകളാണെന്നും അവ നായ്ക്കൾ മനുഷ്യശവം തിന്ന് ഇട്ടവയാണെന്നും സ്ട്രാബോ എഴുതിയിട്ടുണ്ട്. വയസ്സായി ഉപയോഗശൂന്യമായ മനുഷ്യരെ മരിക്കും മുമ്പുതന്നെ നായ്ക്കൾക്ക് ബാഹ്ലീകര് തിന്നാനിട്ടുകൊടുത്തിരുന്നു. മഹാഭാരതകാലത്തിനു മുമ്പേ ഈ സ്വഭാവം അവർക്ക് ഉണ്ട്. അഥർവ്വവേദത്തില് ബാഹ്ലീകർക്ക് ജ്വരം ബാധിക്കണമെന്ന് കാണുന്നു. മഹാഭാരതം ഭൂമിക്ക് കളങ്ക

മായി ബാഹ്ലീകരെ പറയുന്നു. (മഹാ 12.328) ഇപ്രകാരം ആദ്യം ഇന്ത്യയിൽത്തന്നെ ഉണ്ടായിരുന്ന ഒരു ജനത പിന്നീട് ഏറെക്കാലത്തെ പ്രവാസശേഷം വൈദികജീവിതം ഉപേക്ഷിച്ചതാണ് രാമായണവും ഭാരതവും മറ്റും പറയുന്നത്. അവിടെനിന്ന് ഇങ്ങോട്ടല്ല വേദം വന്നതെന്നതിന് ഇതെല്ലാം സാക്ഷ്യമാണ്. ഇതൊന്നുംതന്നെ മഹാദേവൻ പറയുന്നില്ല,അഥവാ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഓക്സസ് നദീതീരത്തുകിട്ടിയ 180 ബിസിയിലെ ഒരു നാണ്യത്തിൽ, ബലരാമനും വാസുദേവകൃഷ്ണനുമുണ്ട്.(അഗത്തോക്ലിസ് നാണ്യം) 2000-1500 ബിസിയിലെ വൃത്താകൃതിയിലുള്ള സീല് വടക്കേ അഫ്ഘാനിസ്ഥാനിൽനിന്ന് കിട്ടി. ഗരുഡൻ നാഗങ്ങളെ പിടിച്ചുനിൽക്കുന്നതാണ് ചിത്രം.മയമതത്തിലെ താർക്ഷ്യചിത്രമാണത്. ഉരുണ്ട കണ്ണും രണ്ടു കയ്യും ഒന്നുകിൽ നമസ്കാരമുദ്രയാല് ചേർത്തുപിടിച്ചോ അല്ലെങ്കില് തുടമേല് ഊരുഹസ്തമായി വെച്ചോ ആവണം. മാറത്ത് കവചം, കൂർത്തചുണ്ട്, ചുരുണ്ട കേശം കിരീടംപോലെ, നാഗാഭരണം ,കറുത്ത മൂക്ക് ഇതാണ് മയമതത്തിലെ ഗരുഡരൂപം. കൃഷ്ണന് ഗരുഡധ്വജമുണ്ട്. 2000 ബിസിയിൽത്തന്നെ ഈ കഥ ബാക്ട്രിയയിലുണ്ട്. അഥവാ ഇന്ത്യയിലെ കഥ അന്നേ ബാഹ്ലീകദേശത്തെത്തി. കൃഷ്ണൻ ജീവിച്ചകാലം കഴിഞ്ഞാണിത്. ഇതെല്ലാം വേദവും സൈന്ധവസംസ്കൃതിയും ഇന്ത്യയിൽനിന്ന് പുറത്തേക്കാണ് പോയതെന്നതിന് തെളിവാണ്. വേദത്തിലെ ഗരുത്മാനെന്ന പക്ഷി ഗരുഡനാണ്. ഏകം സദ് വിപ്രാ ബദുങാ വദന്തി എന്ന പ്രസിദ്ധവേദമന്ത്രത്തില് ഏക ദൈവത്തിന്റെ മറ്റൊരു നാമമാണ് ഗരുത്മാൻ. ഇന്ദ്ര,മിത്ര, വരുണ, അഗ്നി, ഗരുത്മാൻ,യമ, മാതരിശ്വ ഇവയെല്ലാം ഏകത്തിന്റെ പല നാമം മാത്രം. ഇത്തരമൊരു അദ്വൈതചിന്ത ഇന്ത്യയിലല്ലാതെ മറ്റൊരു ദേശത്തും ഇന്നുവരെ ഉണ്ടായിട്ടില്ല. നെല്ല് കൃഷിയും ഇന്ത്യയിലാണ് ഉള്ളത്. സിന്ധുദേശത്തേക്ക് നെല്ലുകൃഷി വ്യാപിച്ചത് ഇന്ത്യയിലെ തമിഴ്നാട് (കേരളം ഉൾപ്പെടെ) വിന്ധ്യ, ഗംഗാസമതലം എന്നിവിടങ്ങളിൽനിന്നാണ്. ഇറാനിൽനിന്ന് നെൽകൃഷി ഇന്ത്യയിലെത്തി എന്ന കണ്ടുപിടുത്തം വേദത്തിന്റെ കാര്യത്തിലെന്ന പോലെ ഇതിലും ബാലിശവും യുക്തിക്കു നിരക്കാത്തതുമാണ്. ധാരാളം ജലമുള്ള തീരദേശത്താണ് നെല്ല് സമൃദ്ധമായി വളരുക.



Vijayanagar copper 16th Cen CE | Mohenjo-daro silver | Badami Chalukya Gold, 5-8th cen CE

ഒറ്റക്കൊമ്പനായ വരാഹത്തെ മോഹഞ്ജോദാരോ മുതൽ ചാലൂക്യ,വിജയ നഗരകാലം വരെ നാണ്യമായി ഉപയോഗിച്ചിരുന്നതും കാണുക.

ദ്രാവിഡഭാഷയാണ് ഹരപ്പക്കാരുപയോഗിച്ചിരുന്നതെന്ന് ആസ്കോ പർപ്പോള യും യൂറി കൊറോസോവും പറയുന്നുണ്ട്. എന്നാലിത് എങ്ങനെ വന്നു. ദ്രാവിഡരാജാവായ സത്യവ്രതമനു പ്രളയകാലത്ത് ദ്രാവിഡദേശത്തെ ജീവവം ശങ്ങളുമായി നാവാബന്ധനം ചെയ്തത് കൈലാസത്തിലാണെന്നു പറഞ്ഞ സ്ഥിതിക്ക് അന്നുള്ള വംശബന്ധമാണത്.കൈലാസംവരെ പ്രളയജലത്തിൽ മുങ്ങിക്കിടക്കയായിരുന്നു അന്ന്. ഈ അധിനിവേശം ബിസി 1500ന് ശേഷമല്ല. മോഹഞ്ജോദാരോ മരിച്ചവരുടെ മൌണ്ട് അല്ല, മോഹന(കൃഷ്ണ ൻ)ന്റെ മൌണ്ട് ആണെന്ന് ഒരഭിപ്രായമുണ്ട്. പാലിയിൽ മോഹനസ എന്നാല് മോഹനന്റെ. ഇത് മോഹഞ്ജോ എന്ന് ഉച്ചരിച്ചു മോഹഞ്ജോദാരോവാ യി എന്ന് ഒരു കൂട്ടരുടെ അഭിപ്രായം. ഇമസ്യ ഇദമസ്യ ഷഷ്ഠിവിഭക്തി .അസ്യ പാലിപ്രാകൃതത്തിൽ അസ്സ ആകുന്നു. മോഹനസ്യ മോഹനസ്സയും മോഹഞ്ജയും മോഹഞ്ജോയുമായി മാറുന്നു ഉച്ചാരണഭേദം കൊണ്ട്.കോഴി യുടെ നഗരമാണെന്നും മൂഷകനഗരമായ മുചിരിയാണെന്നും കണ്ടെത്തിയിട്ടു ണ്ട്.


ദാരോ ദേരി ദേര എന്നവസാനിക്കുന്ന 13 സൈന്ധവസ്ഥാനങ്ങളുണ്ട്. ഗുജറാ ത്തിലെ ഗോളോദോരോ മാത്രമാണ് ദോരോ എന്നവസാനിക്കുന്നത്. ദേരി,ദേര ഇവ ഗുജറാത്തിൽ ക്ഷേത്രനാമമാണ്. വലിയ ക്ഷേത്രം ദേര, ചെറിയത് ദേരി. ദേവീക്ഷേത്രങ്ങളും ദേരിയാണ്. ദേരുവും ക്ഷേത്രമാണ് ഗുജറാത്തിയിൽ. ദേര എന്ന് പട്ടാളക്യാമ്പുകളേയും പറയാറുണ്ട്. ഗുജറാത്തിനു പുറത്ത് ക്യാമ്പ് എന്നർത്ഥത്തിലുള്ള നാമം ദേറാഡൂണാണ്. കൃഷ്ണൻ ദ്വാരകാനഗരി ഉണ്ടാ ക്കുന്നതിനു മുമ്പ് 9 ക്യാമ്പുകളില് വസിച്ചിരുന്നതായും അവയെല്ലാം ദ്വാരക (ദേര)എന്ന് വിളിക്കപ്പെടുന്നതായും കാണുന്നു. ശിൽപ്പികളുടെ താൽക്കാലിക ക്യാമ്പുകളേയും ദേരിയെന്ന് വിളിച്ചിരുന്നു. പാലി വ്യാവഹാരികഭാഷയായി രുന്നത് വൈദികഋഷിമാർക്കാണ്. സംസ്കൃതം അവരുടെ സാഹിത്യഭാഷയും വിദ്യാഭ്യാസഭാഷയുമായിരുന്നു. അനുനാസികം ഏറ്റവും അധികമുള്ള തമി ഴും മലയാളവും , വെറും .2 ശതമാനം മാത്രമുള്ള ഇറാനിയൻ,ബ്രാഹൂയിഭാ ഷകളുമായി താരതമ്യപ്പെടുത്താവതല്ല.

മീനടയാളമുള്ള സൈന്ധവലിപിയിലെ മത്സ്യത്തെ വിഷ്ണുവെന്ന് പറയുന്ന മഹാദേവൻ, ഋഗ്വേദത്തിലെ ദ്രാവിഡപദങ്ങളും അന്വേഷിച്ചുചെല്ലുന്നു. എന്നാ ൽ തമിഴകത്ത് വേദം ഉണ്ടായിരുന്നു എന്ന് അദ്ദേഹത്തിന് സമ്മതിക്കാനാ വുന്നില്ല, കാരണം അത് ആര്യന്മാരുടെ സംഭാവനയെന്ന് മുൻവിധിയോടെയാ ണ് അദ്ദേഹത്തിന്റെ അന്വേഷണം. അതുകൊണ്ടുതന്നെ ഒരു അമ്പും മൂന്നുരേ

ഖയുമുള്ള സൈന്ധവലിപിയെ അദ്ദേഹം ജ്യേഷ്ഠാഭഗവതിയെന്നു വിളിക്കയും ഇതായിരുന്നു ദ്രാവിഡദൈവമെന്നും ഇതിനെ വേദവും സംസ്കൃതവും പുറത്താക്കി എന്ന് വാദിക്കയും ചെയ്യുന്നു. ആര്യൻഅധിനിവേശം ശരിയാക്കാനാണ് തമിഴന് വേദം അറിയില്ലെന്ന് അഥവാ വേദം സംസ്കൃതഭാഷയോടൊപ്പം ആര്യന്മാർ പുറത്തുനിന്ന് കൊണ്ടുവന്നതാണെന്ന് ശഠിക്കുന്നത്. ജ്യേഷ്ഠാഭഗവതിയും പാലാഴിയിൽനിന്ന് മഥനവേളയില് പൊന്തിവന്നതാണ്. അവളെ ഗൃഹദേവതയായി മാത്രമേ കാണാറുള്ളു. ബൌധായനഗൃഹ്യസൂത്രത്തിൽ ജ്യേഷ്ഠാദേവിയെ ആരാധിക്കാനുള്ള മാർഗ്ഗം പറയുന്നുണ്ട്. സ്ത്രീധർമ്മപദ്ധതിയില് സ്ത്രീ താന് ഭക്ഷണം കഴിക്കുംമുമ്പ് ജ്യേഷ്ഠക്ക് ഒരു ഉരുള ഭക്ഷണം നേദിക്കണമെന്ന് പറയുന്നു. സന്തതിക്കും സമ്പത്തിനും ജ്യേഷ്ഠയെ ഇപ്രകാരം പ്രസാദിപ്പിക്കണമെന്ന് മനുവും പറയുന്നു. അതായത് ജ്യേഷ്ഠ തമിഴകത്തിന്റെ മാത്രമല്ല, അവളെ സംസ്കൃതമോ ആര്യന്മാരോ(ഇല്ലാത്ത ഒരു അധിനിവേശകഥയിലെ) മാറ്റിനിർത്തി അവഗണിച്ചിട്ടുമില്ല.

ജ്യേഷ്ഠയുടെ രൂപം തടിച്ച ചുണ്ടും കവിളും മുലയും തുടയും വയറും ഉള്ളതാണ്. തടിച്ചുകൊഴുത്ത സ്ത്രീരൂപം. ഇരുന്നുകൊണ്ട് , കാലുകൾ അകത്തിവെച്ച്, ഏതാണ്ട് ലജ്ജാഗൌരിരൂപത്തിലാണ് അവളുടെ രൂപം. വാഹനം പല ഗ്രന്ഥത്തിലും പലതാണ്. ബൌധായനഗൃഹ്യസൂത്രത്തിൽ സിംഹം വലിക്കുന്ന രഥമാണ് വാഹനം. 6000 ബിസിയിലെ തുർക്കിയിലെ ഒരു വിഗ്രഹം ഇതിനു തുല്യമാണ്. പെരുങ്ങയൂരിലെ ജ്യോഷ്ഠാദേവീവിഗ്രഹം താരതമ്യപ്പെടുത്താം.





തുർക്കിയിലെ വിഗ്രഹം ഇരുവശവും സിംഹങ്ങള് വലിക്കുന്ന രീതിയിലാണെന്നതും അത് കിട്ടിയത് ഒരു ധാന്യപ്പെട്ടിയിലാണെന്നതും ബൌധായനധർമ്മസൂത്രപ്രകാരമുള്ള ആരാധന തുർക്കിയിലും എത്തിയിരുന്നതായി കാണിക്കുന്നു. അപ്പോൾപിന്നെ അവരാണ് ആര്യവർഗ്ഗമായി ഇന്ത്യയിലേക്കു വന്നതെങ്കിൽ അവരെന്തിന് ജ്യേഷ്ഠാദേവിയെ നിരാകരിക്കണം. ജ്യേഷ്ഠ വേദത്തിലില്ലാത്തതോ, തമിഴകത്തിന്റെ മാത്രമോ അല്ല എന്ന് ഇത് കാണിക്കുന്നു. അതേ

സമയം ലക്ഷ്മിയെപ്പോലെ ജ്യേഷ്ഠയേയും സംബന്ധിച്ച കഥകൾ ഇന്ത്യയിലല്ലാതെ മറ്റൊരിടത്തും ഇല്ല എന്നതും പ്രാധാന്യമർഹിക്കുന്നു. ഇന്ത്യയുടെ ഭാഗമായിരുന്ന കേകയഗാന്ധാരങ്ങളിൽനിന്ന് പുറത്തെ രാജ്യങ്ങളിലേക്ക് വ്യാപിച്ചതാണ് സൈന്ധവസംസ്കൃതി എന്നതിന് ഇതെല്ലാം തെളിവാണ്. 74000 വർഷം മുമ്പുതന്നെ ഇന്ത്യയിൽ മനുഷ്യവാസമുണ്ടെന്ന് തെളിയിക്കപ്പെട്ടതാണ്.

മഹാദേവൻ കണ്ട ദ്രാവിഡർ:

വേളിർ എന്ന പുരോഹിതവർഗ്ഗം. (ചേര), ചോള എന്ന മദ്ധ്യവർഗ്ഗം,പാണ്ഡ്യരെന്ന താഴ്ന്ന വർഗ്ഗം. (1970:82-91) കുരുവംശം ചേരരും പാണ്ഡ്യവംശം താഴ്ന്ന വരുമാണെന്നും പറയുന്നു. ഭരിക്കുന്നവരും തൊഴിലാളികളും കൂടിയുള്ള അഭ്യന്തരവിപ്ലവമാണ് മഹാഭാരതയുദ്ധം. (1970:84) അതു കൊണ്ടാണ് ആര്യന്മാർക്ക് കടന്നുവരാനുള്ള വഴി ഒരുങ്ങിയതെന്ന് അഭിപ്രായപ്പെടുന്നു. കുരുപാ ണ്ഡവന്മാർ ദ്രാവിഡരാണെന്നും പറയുന്നു. ആര്യരാജാക്കന്മാരായ ജരാസന്ധനും ശിശുപാലനും മഥുരയിൽനിന്ന് ഓടിക്കുന്നതുവരെ പുരോഹിത ഭരണാധികാരികളായ യാദവര് മഥുര ഭരിച്ചു എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. യാദവരുടെ അഭ്യന്തരകലഹകാലത്ത് അവരിലൊരു ഭാഗമായ വേളിർ അഗസ്ത്യമുനിയുടെ കൂടെ തെക്കോട്ടുനീങ്ങി എന്നാണദ്ദേഹത്തിന്റെ നിഗമനം. അവരാണ് ദ്രാവിഡചരിത്രം സൃഷ്ടിച്ചവരെന്നും 1970:87).മെലൂഹരും അഗസ്ത്യനും എന്ന പ്രബന്ധത്തില് ആന്ധ്ര,ഡെക്കാൻ,ചേര,ചോള, പാണ്ഡ്യ രാജ്യങ്ങളെല്ലാം ഇവരാണ് സൃഷ്ടിച്ചത്. (2009b:108) ഇതെല്ലാം അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമെന്നല്ലാതെ യാതൊരു തെളിവും കൂടാതെയാണ് പറഞ്ഞിരിക്കുന്നത്. എം ടി വാസുദേവൻനായരും മറ്റും രചിക്കുന്ന നോവൽപോലെ വായിച്ചുപോകാന് രസമാണ്. പക്ഷേ അത് ചരിത്രമാവുകയില്ല. ജരാസന്ധൻ കംസന്റെ ഭാര്യാപിതാവും, ശിശുപാലന് കൃഷ്ണന്റെ കസിൻസഹോദരനുമായിരിക്കെ അവര് ആര്യരാജാക്കന്മാരും കൃഷ്ണാദികള് വേളിർസമുദായവും ആവുന്നതിന്ന് യുക്തിയെന്താണ്. തൊൽക്കാപ്പിയപ്രകാരം 7 തട്ടുകളാണ് സമൂഹത്തിന്. നാലു വർണ്ണം, ജ്യോതിഷികള്, മുനിമാർ, കവികൾ. മഹാദേവനാകട്ടെ ഇത് ഒഴിവാക്കി മാർക്സിയന് തത്വചിന്തപ്രകാരമുള്ള രണ്ടു തട്ടിനെ മാത്രം കാണുന്നു. തൊൽക്കാപ്പിയപ്രകാരം വേളിർമാര് സാമന്തന്മാരാണ്. ചേരചോളപാണ്ഡ്യന്മാരാകട്ടെ രാജാക്കന്മാരും ചക്രവർത്തിമാരുമാണ്. അതിനാൽ വേളിർമാരല്ല മൂന്നു (ചേരചോള പാണ്ഡ്യ)സാമ്രാജ്യ നിർമ്മാതാക്കള്. വേളിർമാരുടെ മക്കളെ വിവാഹം കഴിച്ച് അവരേയും തങ്ങളുടെ കൂട്ടത്തിലേക്ക് ചേർത്തു എന്ന് കാണാം. പ്രത്യേകിച്ചും മൂഷക വംശരാജാക്കന്മാരായ ചേരരാജാക്കന്മാരും വേളിർപെൺകുട്ടികളും തമ്മിലുള്ള വിവാഹം പതിറ്റുപ്പത്തിലുണ്ട്. എന്നാൽ രാജാക്കന്മാരുടെ പെൺകുട്ടി

കൾ വേളിർമാരെ വിവാഹം ചെയ്യുന്നത് കാണുന്നില്ല. മുഖ്യന്മാരും സേനാപതിമാരും സാമന്തരും ജന്മിമാരുമായി വേളിര് സസുഖം വാണു. ത്രുവിലങ്ങാട് കോപ്പർപ്ലേറ്റ് ചോളന്മാര് സൂര്യവംശ,ഇക്ഷ്വാകുവംശ, മാന്ധാതാവംശമാണെന്ന് പറയുന്നുണ്ട്. വാത്മീകി രാമായണത്തിൽ മാന്ധാതാവിന്റെ രാജ്യം സുസന്ധിയാണ് പിന്നെ ഭരിച്ചത്. ചോളവംശത്തിലും ചേരവംശത്തിലും മാന്ധാതാവിനുശേഷം മുചുകുന്തനാണ് ഭരണം.ഇവരുടെ ശാഖയിൽ വല്ലഭൻ, പൃഥുലാക്ഷൻ തുടങ്ങി ഭരതൻവരെ വരുന്നുണ്ട്. ഭരതന്റെ പുത്രന്മാരിലൊരാളായ ചോളവർമ്മനാണ് ചോളവംശ സ്ഥാപകൻ.പാണ്ഡ്യരുടെ ചിന്നമാനൂർലിഖിതത്തിൽ ഉഗ്രകുമാരപാണ്ഡ്യനാണ് സമുദ്രം ഉയർന്നപ്പോള് അതിനെ നിയന്ത്രിക്കാനായി കുന്തം എറിഞ്ഞത് (തിരുവിളയാടൽപുരാണം)ഉഗ്രകുമാരന്റെ മറ്റൊരു പേരാണ് മുരുകൻ. വാനവർ അന്പന് എന്ന നാമം ദേവന്മാരുടെ പ്രിയനെന്നാണെന്നും ഇത് ഇന്ദ്രപദമുള്ള ചേരന്മാരുടെ ബിരുദമാണെന്നും കാണുന്നു. ചേരരാജാക്കന്മാരുടെ പുത്രന്മാർക്ക് ജയന്തനെന്ന് (ചേന്ദമംഗലം) പേരുമുണ്ട്. ചേദികളെന്ന പദം ചേരപദമായതാണെന്നും പറയാവുന്നതാണ്, കാരണം മൂഷകവംശം ചേദിയുമായി ജനിതകബന്ധമുള്ള വംശമാണ്. കേരളത്തിലെ മൂഷകവംശകാവ്യമാണ് ഈ സംശയങ്ങളെയെല്ലാം നിവർത്തിക്കുന്ന ഗ്രന്ഥം. നിർഭാഗ്യവശാല് ഈ ഗ്രന്ഥം മലയാളികളാരും ശ്രദ്ധിക്കയോ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത് ലോകത്തിലെ ചരിത്രാന്വേഷികളുടെ മുന്നിലവതരിപ്പിക്കയോ ചെയ്തില്ല.

അഗസ്ത്യന്റെ ദക്ഷിണാപഥയാത്രക്കുമുമ്പ് അദ്ദേഹം തുവരികൈക്കോമാനായ നെടുമുടിഅണ്ണലിനെ (വിഷ്ണു) സന്ദർശിക്കയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം 18 രാജാക്കന്മാരോടും 18 വേളിർമാരോടും അറിവാളരോടും കൂടി തെക്കോട്ട് നീങ്ങുകയും ചെയ്തു. അവർ കാടുവെട്ടിത്തെളിച്ച് കൃഷി തുടങ്ങി. അഗസ്ത്യമുനി പൊതികൈമലയിലാണ് താമസിച്ചത്. അഗസ്ത്യൻ ആര്യവംശജനായിരുന്നില്ല.((2009b:107) ആര്യസംസ്കാരം തമിഴകത്ത് അഗസ്ത്യന് കൊണ്ടുവന്നു എന്ന് പറയുന്നപക്ഷം ആര്യൻഅധിനിവേശതിയറി ഇല്ലാതാവും എന്നതുകൊണ്ടുമാത്രമാണ് അഗസ്ത്യനെ ആര്യനല്ലാതാക്കിയത്. അതേ സമയം രാമനോടും കൃഷ്ണനോടും സംബന്ധപ്പെട്ട അഗസ്ത്യനെ അനാര്യനാക്കാനെങ്ങനെ കഴിയുമെന്ന ചോദ്യം ആരും ചോദിച്ചതുമില്ല.വേളിർവരലാറു എന്ന 1907ലെ എം രാഘവഅയ്യങ്കാരുടെ കൃതിയാണ് മഹാദേവന്റെ ഉദ്ധരണികളെല്ലാം ആധാരമാക്കിയിരിക്കുന്നത്. നാച്ചിനാർക്കിനിയാരുടെ തൊൽക്കാപ്പിയഭാഷ്യവും അദ്ദേഹം ആധാരമാക്കുന്നുണ്ട്.

നാച്ചിനാർക്കിനിയാര് പറയുന്ന കൃഷ്ണവംശജരായ 18 രാജാക്കന്മാരെ മഹാഭാരതത്തിലും കാണാം. (2.13.34, 54) 18 യാദവവംശവും 18വേളിർമാരും

എന്നു പറയുമ്പോൾത്തന്നെ വേളിരും രാജാക്കന്മാരും ഒന്നല്ല. മഹാഭാരതം വേളിർമാരെ പറയുന്നില്ല. ജരാസന്ധനെ ഭയന്ന് ദ്വാരകയിലേക്ക് നീങ്ങിയ വംശങ്ങളാണ് രാജവംശം. സംഘംകൃതികളിൽ വേളിര് മണ്പാത്രനിർമ്മാണം നെയ്ത്ത് ലോഹപ്പണി മുതലായി പലതിലും സമർത്ഥരാണ്. അവരെ മഹാ ദേവൻ പുരോഹിതവർഗ്ഗമെന്നാണ് പറയുന്നത്. തിരുവലങ്ങാട്ടെ താമ്രപത്ര ലിഖിതമെഴുതിയവരെ ഓവിയരെന്ന് അവർതന്നെ വിശേഷിപ്പിക്കുന്നു. ഇതേ ഓവിയർകുലസംഘത്തിൽപെട്ട ഒരു രാജാവിനെ ശിരുപ്പാണാറ്റുപ്പടൈ പരാ മർശിക്കുന്നു. അദ്ദേഹത്തിന്റെ പേർ നല്ലിയക്കോടന് അഥവാ നെല്ലിയക്കോ ടനെന്നാണ്. പലരും ഇതിന് നല്ലവനായ കോടനെന്ന് അര്ത്ഥം പറയുന്നു. പക്ഷേ നെല്ലി അഥവാ ആമലകിനാട്ടിലെ കോടനെന്നും(കോത) ഇതിനർത്ഥം പറയാം. അദ്ദേഹത്തിന്റെ കൊട്ടാരത്തിലെ അടുക്കളക്കാരൻ അർജ്ജുന ജ്യേഷ്ഠനായ ഭീമന്റെ പാചകപുസ്തകത്തിലുള്ള വിഭവങ്ങളാണ് പാചകം ചെയ്തിരുന്നതെന്നും പറയുന്നു. തമിഴകത്തിന് പണ്ട് ഉത്തരേന്ത്യയോടോ സംസ്കൃതത്തോടോ വിരോധമുണ്ടായിരുന്നില്ല എന്നല്ലേ ഇത് കാണിക്കുന്നത്. കല്ലടിക്കോടൻമല, കോഴിക്കോടൻ ഭക്ഷണം, നെല്ലിക്കോടന്, മുതലായ പദങ്ങളും പാളേങ്ങോടൻമുതല് ചങ്ങഴിക്കോടൻവരെ പഴങ്ങളും പരിചി തമായ കേരളത്തിലെ രാജാവാവാം നല്ലിയക്കോടനെന്ന് എനിക്ക് തോന്നുന്നു.

പൊരുന്തലിൽനിന്നു കിട്ടിയപാത്രക്കഷ്ണത്തില് ബ്രാഹ്മിയിലെഴുതിയ വാക്ക് വയിര എന്ന് വായിക്കുന്ന മഹാദേവൻ വജ്രമെന്ന് അർത്ഥം പറഞ്ഞിട്ടുണ്ട്. അനിരുദ്ധപുത്രനായ വജ്രൻ ദ്വാരക മുങ്ങിയ ശേഷം കുറെ യാദവരോടുകൂടി വടക്കോട്ടു പോയതായി മഹാഭാരതം. മഹാഭാരതം (16.7)അദ്ദേഹത്തെ ഇന്ദ്ര പ്രസ്ഥത്തിലെ രാജാവാക്കിയതായും വിഷ്ണുപുരാണം (5.38) മഥുരരാജാവാ ക്കിയതായും പറയുന്നു. വടക്കേ ഇന്ത്യയിലെ യാദവരുടെ രാജാവായിരുന്നു ഇദ്ദേഹം. ഇതല്ല, തെക്കേ ഇന്ത്യയിലേക്കുള്ള യാദവപലായനം. അതിനു മുമ്പു ള്ളതാണ്. അഗസ്ത്യമുനി രാമായണകാലത്തുമുണ്ടല്ലോ. പുറനാനൂറിലെ (201 ഐയ്യർ 1950)വേൾരാജാവ് ഇരുക്കുവേലിന്റെ പൂർവ്വീകരാണ് ദ്വാരക വാണിരുന്നതെന്ന് പറയുന്നുണ്ട്.ഇതിനെ ആസ്പദമാക്കി ഐയ്യങ്കാർ (2016:13) ഇത് ബിസി 1000ത്തിലാണെന്ന് കണക്കാക്കുന്നു. പളനിക്കടുത്ത് വേൾആവി ക്കോനെന്ന രാജാവ് തന്റെ മൺപാത്രനിർമ്മാതാക്കളോടുകൂടി വന്നതാവാം. (പളനിയുടെ പഴയ പേർ ആവിനാൻകുടി) അഗം സ്ഥാസ്യതി ഇതി അഗ സ്ത്യ എന്നാണ് അഗസ്ത്യപദത്തിനർത്ഥം. പർവ്വതം ഉറപ്പിച്ചുനിർത്തിയവൻ. നാച്ചിനാർക്കിനിയര് പറയുന്ന കഥയില് രാവണനെ തന്റെ സംഗീതം കൊണ്ട് മുഗ്ദ്ധനാക്കി നിർത്തി നിശാചരരെ ഓടിക്കുന്നുണ്ട്. മധുരൈക്കാഞ്ചിയിലും ഇത് നാച്ചിനാർക്കിനിയര് ആവർത്തിച്ചുപറയുന്നു. നാച്ചിനാർക്കിനിയാരെ മുഴുവനായി വിശ്വസിക്കുന്ന മഹാദേവൻ യാദവരുടെ കുടിയേറ്റം മാത്രം

എടുത്ത് രാവണകാലം ഉപേക്ഷിച്ചതെന്ത്. പരിപാടലിൽ മഴ പ്രവചിച്ചു കൊണ്ട് തെക്ക് ഉദിക്കുന്ന താരമാണ് അഗസ്ത്യൻ. അഗസ്ത്യനും വസിഷ്ഠ നും കുംഭം അഥവാ കുടത്തിൽനിന്ന് (കുടനാട്) ഉദിച്ച മൈത്രാവരുണികളാണ്. ഒരാൾ വടക്ക് സപ്തർഷിസമൂഹത്തിലും (അയോദ്ധ്യയിലും) മറ്റേആൾ തെക്ക് അഗസ്ത്യതാരമായും (തെക്കേഇന്ത്യ) പറയപ്പെടുന്ന കോസ്മിക്ക് , ചരിത്രപു രുഷദ്വയമാണ്. പടിഞ്ഞാറൻകടലോരത്തെ മൈത്രാവരുണികള് വടക്കോട്ടും തെക്കോട്ടും യാത്ര പോയവരാണ്. ഈ യാത്ര കോസ്മിക് യാത്രയും ചരിത്ര ത്തിലെ മാനവവംശയാത്രയുമാണ്. ട്രോപ്പിക്കൽ സമുദ്രതാരത്തെ മനുഷ്യരുടെ യാത്രകളാണ്. ശാസ്ത്രപരമായി നോക്കിയാല് സൂര്യന്റെ വടക്കേ സീമയായി കർക്കിടകരേഖയെ കാണുന്ന രീതിയിലാണ് ഈ നിരീക്ഷണം ഉണ്ടായിട്ടുള്ളത്. ഇത് സമുദ്രസഞ്ചാരികളാണ് ചെയ്തിരിക്കുക. മൂഷകവംശകാവ്യത്തിലാണ് ഇത്തരം സമുദ്രസഞ്ചാരം ആദ്യമായി പറയപ്പെട്ടിട്ടുള്ളത്. മൂഷകവംശം കൃഷ്ണന്റേയും പൂർവ്വികരായ യാദവവംശമാണ്. അതായത് കൃഷ്ണനും എത്രയോ മുമ്പ് നടന്നതാണ് അഗസ്ത്യകഥ. കാർത്തവീര്യനും രാവണകാല ത്തുണ്ട്. അതായത് മൂഷകവംശാരംഭത്തിലാണ് അഗസ്ത്യയാത്ര.




Figure 1. Visibility of Agastya (Canopus).

5200 ബിസി മുതല് വിന്ധ്യപർവ്വതത്തിലുള്ളവർക്ക് അഗസ്ത്യദർശനം സാദ്ധ്യ മായെന്ന് മാപ്പ് കാണിക്കുന്നു. രാമൻ പഞ്ചവടിയില് താമസമാക്കുന്നതും അഗ സ്ത്യനിൽനിന്ന് അസ്ത്രം(ബ്രഹ്മശിര) സ്വീകരിക്കുന്നതും കൂടാതെ രാവണ വധത്തിന് ആദിത്യഹൃദയം സ്വീകരിക്കുന്നുമുണ്ട്. പാണ്ഡ്യരാജാവിന്റെ ഗുരു വായ അഗസ്ത്യനാണ് രാമന് ഉപദേശം കൊടുക്കുന്നത്. ഇതെല്ലാം ആര്യൻഅ

ധിനിവേശസിദ്ധാന്തത്തിനു കടകവിരുദ്ധമായ വസ്തുതകളാണ്. ബൃഹദ്സം ഹിതയിൽ ഒരു അദ്ധ്യായം തന്നെ അഗസ്ത്യസഞ്ചാരസംബന്ധിയാണ്. വേളി ർസംഘങ്ങളും തങ്ങളുടെ കുലസംഘത്തലവനായി അഗസ്ത്യതാരത്തെസ്വീക രിച്ചു എന്നല്ലാതെ രാമായണകാലത്താണ് വേളിർസംഘം വന്നതെന്നതിന്





തെളിവില്ല.

ദ്വാരകയിലെ രുഗ്മിണിമാതാക്ഷേത്രത്തിലെ അഗസ്ത്യബിംബം ദ്വാരകയിലെ നാവികരും അഗസ്ത്യതാരത്തെ നോക്കിയാണ് സമുദ്രസഞ്ചാരം നടത്തിയിരു ന്നതെന്ന് കാണിക്കുന്നു. താടി,കുമ്പ,ശിരസ്സിലെ ചുരുണ്ട മുടി ഉയരക്കുറവ് ഇവയാണ് അഗസ്ത്യവിഗ്രഹത്തിന്റെ സ്വഭാവം. ഇത്തരം വിഗ്രഹം കേരള ത്തിൽ പലയിടത്തുമുണ്ട്. അഗസ്ത്യമുനിയുടെ ജീവിതത്തില് ദ്രാവിഡആര്യ വിഭജനമോ അത്തരം സങ്കുചിതചിന്തകളോ കാണുന്നില്ല. അഗസ്ത്യനുമുമ്പു തന്നെ പാണ്ഡ്യ(സോമവംശം)ന്മാരുണ്ട്(മനുഷ്യവംശം) തെക്കേഇന്ത്യയിലെന്നേ അർത്ഥമാക്കുന്നുള്ളു . അവർ ദ്രാവിഡരെന്നോ ആര്യരെന്നോ ഇല്ല.മഹാഭാര തം (2.13.20) കൃഷ്ണന്റെ വാക്കുകളിൽ തന്റെ ബന്ധുക്കളായ ഭോജന്മാര് പാണ്ഡ്യരെ വിദ്വത്തത്തിൽ വിജയിച്ചവരാണെന്ന് പറയുന്നു.

ചതുര്യ്യു സ മഹാരാജാ ഭോജ ഇന്ദ്രസഖോ ബലി വിദ്യാബലാദ്യോ
വൈജയത് പാണ്ഡ്യക്രഥകകൈശികാൻ


തമിഴ് അഗസ്ത്യന്റെ സംഭാവനയാണെങ്കിൽ ഇതിനർത്ഥം അഗസ്ത്യതാരസം ബന്ധിയായ അറിവും അക്കാലത്തിനുമുമ്പേ തമിഴകത്ത് ഉണ്ടായിരുന്നിരിക്ക ണമെന്നാണ്. സമുദ്രസഞ്ചാരത്തിന് അത് ആവശ്യവുമാണല്ലോ.

പാലി അഥവാ പഴയ ഭാഷ (പ്രാകൃതം) സംസ്കൃതത്തോട് ഏറെ സാമ്യമുള്ള താണ്. Muir (1871:66) quotes from the introduction to *Kachchāyana*'s Grammar by James D'Alwis that "Pali and Sanskrit are, at least, two dialects of high antiquity, contemporaneously derived from a source of which few, if any, traces can be discovered at the present day". Quoting Professor Aufrecht, Muir (1871:72) shows that there is a *Pāli* word "*imasya*'[1] present in Rig Veda (8.13.21)

കാളീക്ഷേത്രവും കാളീബംഗനും മൂഷകവംശവും

മുചിരി എന്നറിയുന്ന കൊടുങ്ങല്ലൂർ കാളിദേവിയുടെ തട്ടകമാണ്. മൂഷകവം ശത്തിന്റെ കേരളത്തിലെ മൂന്നാമത്തെ തലസ്ഥാനവുമാണ്. കുറുംബ അഥവാ കുഡുംബ എന്നത് കേരളത്തിലെ ആദിമട്രൈബലുകളുടെ പേരും വംശത്തി ന്റെ യൂണിറ്റായ കുഡുംബത്തെ സൂചിപ്പിക്കുന്നതുമാണ്. കാള (ഋഷഭം) ഭദ്രം എന്ന പര്യായമുള്ളതാണ്. അതിന്റെ സ്ത്രീലിംഗം കാളി. ഭദ്രകാളി കാളയും കാളിയും കൂടിയ അർദ്ധനാരീശ്വരനാണ്. (വിജയഭാരതി). ലോകാംബികയായി കൊടുങ്ങല്ലൂരിലെ പ്രതിഷ്ഠ ചെയ്തത് പരശുരാമനാണ്. മൂഷകവംശാരംഭ കാലത്ത് തന്നെ ഈ പ്രതിഷ്ഠ നടന്നിട്ടുണ്ട്. ഈ നാമം സൈന്ധവസംസ്കൃതി കാലത്തുണ്ടോ എന്ന് അന്വേഷിക്കാം.

കുക്കുടാരാമം, ഗുപ്താരാമം ,ബൃഹദാരാമം എന്ന് മുമ്പുണ്ടായി നശിച്ചു പോയ ഗ്രാമനഗരാദികളെ പറയുന്നതായി പാണിനി. അർമ്മകമെന്നാല് നശിച്ചുപോയത്, പുരാതനഅവശിഷ്ടം എന്ന് ഋഗ്വേദം (1.133.3) അർമ്മകമാണ് ആരാമമായത്. ഈജിപ്തിലെയും ഇന്ത്യയിലേയും പുരാതനലിപികളില് താരതമ്യം.

S.No.	Egyptian		Indus		Broad Interpretations
	Sign No.	Sign	Sign No.	Sign (nearest variant with text No.)	
1	O.49		284	 2522	'city, town', 'city of Four Quarters', 'planned city'
2	O.6		267	 8106	'fortified house', 'citadel', 'inner city'
3	N.12		293	 2314	'crescent moon' Ta. *pir̲ai* > *pir̲a* 'other'

സൈന്ധവലിപിവായന

No.	Indus Signs	Broad Interpretations	Old Tamil Equivalents	Dr. Etyma (DEDR)
1.		'City of Four Quarters', 'Planned City'	*pāl̲i*	4112 & 4113
2.		'The Inner City', 'Citadel'	*akam*	7
3.		'The Outer City', 'The Others' < 'crescent moon'	*pur̲am*, *pir̲a* *pir̲ai*	4333 4422


കോട്ടനഗരം,രണ്ടുകോഴികളുടെ ചിത്രം, പൂഞ്ഞക്കാള, ധ്വജസ്ത്ംഭം ഉള്ള ക്ഷേത്രം.


ഇന്ദ്രധ്വജം, കയലുംമീനും കോഴിയും ഉള്ള ക്ഷേത്രം.

കുക്കുടാരാമവും കോഴിയമ്പലങ്ങളും കോയിപ്പള്ളികളും കോയിത്തമ്പുരാക്കന്മാരുമുള്ളത് കേരളത്തിലാണ്. ആദിപെരുവനം പൂരം നടന്നത് ബിസി രണ്ടാം സഹസ്രാബ്ദത്തിലുമാണ്. (പേരാർപെരിയാർസംസ്കൃതി ഭാഗം 1 കാണുക) വരാഹം, മുചിരി, മൂഷക എന്നീ നാമങ്ങളെ സൈന്ധവലിപിയിലും കാണാം. കേരളപ്പഴമക്ക് ഇതെല്ലാമാണ് തെളിവ്. തമിഴകമെന്നത് കേരളം കൂടിയായിരുന്നു, ഇന്നത്തെ തമിഴ്നാടുമാത്രമല്ല എന്നു കൂടി നാം ഓർത്തിരിക്കണം.

References:

- Possehl, Greory L (2002). *The Indus Civilization: A Contemporary Perspective*. Rowman Altamira. Maryland. pp 237-238

- Mahadevan, Iravatham** (1970). “Dravidian Parallels in Proto-Indian script”. *Journal of Tamil studies.* II(1). pp 1-120.

- Mahadevan, Iravatham (1972). “Study of the Indus script through bi-lingual parallels”. *The Second All India Conference of Dravidian Linguists.* Sri Venkateswara University, Tirupati.

- Mahadevan, Iravatham (2015). “Interpreting the Indus Script: The Dravidian Solution”, *Convocation Address* delivered at the Dravidian University, Kuppam, 26 February 2015.

- The Decoded Indus Script-**11** Migration Of The Harappan **-**From Kalibangan To Kodungallur Vijayabharathi
- Electronic Journal of Vedic Studies: Vol 8 (2002), Issue 1(March 8)- Introduction by Witzel Sacred seven rivers are *Gaṅga, Yamuna, Narmada, Sarasvatī, Kāveri, Kumari* and *Godāvari*

സ്ത്രീകളുടെ വേദാധികാരം -നാഗനിക (നായനിക)

(ഓം നമോ പ്രജാപതി) നോ ധമ്മസ നമോ ഇദസ സംകസനവാസുദേവാനാം ചന്ദസൂതാനാം മഹിമാവതാനം ചതുമ്നം ചം ലോകപാലാനം യമകുബേരവരുണവാസവാനാം നമോ കുമാരവരസ വേദശിരിസ രാണോ എന്നാരംഭിക്കുന്ന ലിഖിതത്തിന്റെ സാമാന്യമായ അർത്ഥം താഴെഃ-

1. സിദ്ധം. ധർമ്മം,ഇന്ദ്ര,സങ്കർഷണ, വാസുദേവന്മാർക്ക് വന്ദനം. ചന്ദ്രവംശത്തിലെ രാജാക്കന്മാർക്കും യമ,വരുണ,കുബേര,വാസവരെന്ന ലോകപാലർക്കും നമസ്കാരം. രാജകുമാരന്മാരിൽ ഏറ്റവും മികച്ച വേദിശ്രീക്ക് പ്രശസ്തി.
2. ദക്ഷിണാപഥത്തിലെ അപ്രതിഹതനായ ഭരണാധികാരിയും ധീരനുമായ
3. അംഗീയവംശവർദ്ധനനും സമുദ്രത്താലും മലകളാലും ചുറ്റപ്പെട്ട ലോക ത്തിലെ പ്രഥമധീരനായ മഹാരഥിയുടെ പുത്രി
4. മക്കളും സ്വത്തും അനുഗ്രഹവും സർവ്വകാമവും തരുന്ന ......ശ്രീയുടെ പത്നി, വേദിശ്രീയുടേയും പ്രശസ്തനായ ശക്തി.....അമ്മ
5. ഏറ്റവും ശ്രേഷ്ഠയായ നാഗവരദായിനീയ, ഒരു മാസം ഉപവസിച്ച്, സന്യാസിനിയെപ്പോലെ ജീവിക്കുന്ന പരിശുദ്ധ,ദീക്ഷ,വ്രതം,ദക്ഷിണ ഇവയെ അറിയുന്നവൾ, യജ്ഞങ്ങളെ ചെയ്യുന്നവളും യജ്ഞധൂപസു ഗന്ധം ഉള്ളവളും,

6. യജ്ഞം ചെയ്തു. അഗ്ന്യാധേയയജ്ഞം ചെയ്ത് 12 പശു, ഒരു കുതിര ദക്ഷിണ കൊടുത്തു. അന്വാരംഭണീയയജ്ഞം ചെയ്ത് കറക്കുന്ന പശുക്കളെ കൊടുത്തു.
7. 1700 പശുക്കളും 10 ആനയും ദക്ഷിണ ...
8. ....289....17 .... വെള്ളിജലപാത്രം
9. ..ഋകയജ്ഞം, 11000 പശുവും 1000 കുതിരയും ദക്ഷിണ..
10. 12.... ഒരു ശ്രേഷ്ഠഗ്രാമം, 24400 കാർഷാപണം ദക്ഷിണ, കാണികൾക്കും ഭൃത്യർക്കും 6001 കാർഷാപണം വീതം. രാജാവ്....രഥം.....

വലത്തേ ചുമരിൽ:-

1. ഒരു ഭാരം ധാന്യം കൊണ്ടുപോകാനുള്ളത്, (രഥത്തിന്റെ വിശേഷണം), നല്ല വസ്ത്രം, 1 കുതിര, കുതിരവലിക്കുന്ന ഒരു രഥം, 100 ...രണ്ടാമത്തെ അശ്വമേധം നടത്തി. വെള്ളിക്കടിഞ്ഞാണിട്ട കുതിര, 12 സ്വർണ്ണ.......,14000 കാര്ഷാപണം, ഗ്രാമം, ആന ദക്ഷിണ
2. പശുക്കൾ, ഒരുഭാരം ധാന്യം വഹിക്കുന്ന വണ്ടി, ...ഓവായയജ്ഞം...17 കറക്കുന്നപശുക്കൾ,
3. 17......കാണികൾക്ക് സമ്മാനം കൊടുത്തു. 12.....1 വെള്ളിആഭരണം ദക്ഷിണ. 12000 കാർഷാപണം.
4. 20000 കാർഷാപണം. ബഗളദാശരാത്രയജ്ഞം .10001 പശു, ഗാർഗ്ഗാത്രിരാത്രയജ്ഞം, കാണികൾക്കും ഭൃത്യർക്കും 301 വസ്ത്രം.
5. ഗവമയനയജ്ഞം, 11ദ1 പശുദ്ദാനം, ...യജ്ഞം, 1100 പശു ദാനം, കാർഷാപണം,100 വസ്ത്രം, ഗാവാമയനയജ്ഞം ,ദക്ഷിണ 1101 പശു,സതാതിരാതയജ്ഞം, ...100.....യജ്ഞം 1100 പശു ദക്ഷിണ, അംഗിരസത്രിരാത്രംദക്ഷിണ പശു
6. 1102, ഛാന്ദോപമവമനത്രിരാത്ര ദക്ഷിണ......യജ്ഞ.....1001 പശു
7. ദക്ഷിണ ...പശു..അംഗിരസമയന..6 വർഷത്തേക്ക് നടത്തി. 1000 പശുദ്ദാനം. 1001 പശു 13 ..
8. ത്രയോക്ലാശരാത്രം പശു ദക്ഷിണ......ദാശരാത്രം ...ദക്ഷിണ പശു1001

പിന്നിലെ ചുമരിലെ വിഗ്രഹങ്ങളും നാമങ്ങളും

1. രായ ശിമുഖ ശതവാഹനോ ശിരിമതോ
2. ദേവി നായനികായാ രാണോ ച ശിരി ശതകണിനോ
3. കുമാരോ ഭായ
4. ....

5. മഹാരഥി ത്രാണകയിരോ
6. കുമാരോ ഹക്കുശിരി
7. കുമാരോ ശതവാഹനോ

സഹ്യപർവ്വത്തിലെ ചുരങ്ങളില് കടലോരനഗരങ്ങള് ഉൾനാടുനഗരങ്ങളോടും കേരളകര്ണ്ണാടകതീരത്തെ മഹാരാഷ്ട്രമദ്ധ്യപ്രദേശിനോടും ബന്ധിക്കുന്ന പ്രധാനചുരമായ നാണേഘട്ടിലാണ് (നാണയ) നാഗനിക അഥവാ നായനിക എന്ന ശതവാഹനരാജ്ഞിയുടെ പ്രസിദ്ധലിഖിതം കാണുന്നത്. സ്ത്രീകൾക്ക് വൈദികയജ്ഞം നടത്താനുള്ള അധികാരം വേദകാലം മുതലേ ഉണ്ടെന്ന് വൈദിക ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടെങ്കിലും അതിന് എപ്പിഗ്രാഫിക്കലായ തെളിവ് തരുന്നത് ഈ ലിഖിതമാണ്. നായനിക നായർ അഥവാ നാഗവിഭാഗക്കാരിയായതിനാൽ അവളുടെ ശൂദ്രസ്ഥിതി അതിന് വിഘാതമായില്ല എന്നും പ്രാകൃതലിപി എഴുതുന്നവർക്കും പ്രാകൃതഭാഷ സംസാരിക്കുന്നവർക്കും വേദം പഠിക്കാനും യജ്ഞം നടത്താനും സംവിധാനമുണ്ടായിരുന്നു എന്നും കാണിക്കുന്ന ലിഖിതവുമാണ് ഇത്. അതായത് ഇന്ന് പല ബുദ്ധിജീവിചരിത്രകാരന്മാരും പറയുന്നപോലെ ബ്രാഹ്മണിസം ഇന്ത്യയിലെ ശതവാഹനകാലത്തുപോലും ഉണ്ടായിരുന്നില്ല. അവർണ്ണസവർണ്ണവ്യത്യാസം ചരിത്രകാരന്മാരുടെ ഫാൻസി മാത്രമാണ് എന്ന് സത്യം. ഗ്രന്ഥങ്ങളും പുരാവസ്തുഗവേഷണവും തമ്മിലുള്ള പരസ്പരബന്ധത്തെ പലരും പഠിച്ചിട്ടുണ്ട്. 1861ലെ ആർക്കിയോളജിക്കല് സർവ്വേ ഓഫ് ഇന്ത്യ ഗ്രന്ഥങ്ങളിലെ സത്യം തെളിയിക്കാനാണ് പുരാവസ്തുഗവേഷണം ആരംഭിച്ചതെന്ന് പറയുന്നു. അതുകൊണ്ടുതന്നെ ആദ്യകാലആർക്കിയോളജിസ്റ്റുകൾക്ക് സ്ത്രീക്ക് വേദാധികാരമില്ല എന്ന വിശ്വാസം കാരണം നായനിക ഒരു കടങ്കഥയായി മാറി. മദ്ധ്യകാലത്തുണ്ടായ സ്ത്രീവിഭാഗീയതയും സ്ത്രീവിരുദ്ധമായ നിലപാടുകളും വെച്ചാണ് അവർക്ക് നാഗനിക കടംകഥയായത്.

നാഗനിക ഒന്നാമത്തേയോ രണ്ടാമത്തേയോ ശതകർണ്ണിയുടെ ഭാര്യയാണ്. ഓലറ്റ് ശതകർണ്ണിയെ ബിസി ഒന്നാം നൂറ്റാണ്ടിലെന്ന് കരുതുന്നു. നായനികയുടെ വേദയജ്ഞങ്ങളും അതിന് കൊടുത്ത ദക്ഷിണയുമാണ് ലിഖിതത്തിലെ വിഷയം. ലിഖിതത്തിൽകൂടാതെ നായനികയുടെ നാമം നാണ്യങ്ങളിലും കണ്ടെടുത്തിട്ടുണ്ട്. വേദശ്രീ എന്ന പുത്രൻ ചെറിയ കുട്ടിയായിരിക്കെ റീജന്റ് റാണിയായി ഭരിക്കുന്ന വിധവയായ നായനിക ഇത്രയും യജ്ഞങ്ങൾ നടത്തി എന്നാൽ വിധവയായ സ്ത്രീക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു യജ്ഞം നടത്താനെന്ന് അർത്ഥം. ഗൃഹതാപസിയും ചരിതബ്രഹ്മചാരിയയുമെന്ന് രാജ്ഞിയെ വാഴ്ത്തുന്നതും വിധവയാകയാലാണ്. കാശ്മീരിലെ 10ആം നൂറ്റാണ്ടിലെ ദിദ്ദ രാജ്ഞി (രാജതരംഗിണി) ഇതുപോലെ സ്വതന്ത്രമായി ഭരിച്ചിരുന്നതായി

ബ്യൂലർ ചൂണ്ടിക്കാട്ടുന്നു. (എന്നാൽ ദിദ്ദ ഗൃഹതാപസിയോ ചരിത്രബ്രഹ്മ ചരീയയോ ആയിരുന്നില്ല. അവൾ യജ്ഞം ചെയ്തിരുന്നില്ല) ചാലൂക്യരാജ്ഞി വിജയഭട്ടാരികയും ഇപ്രകാരം ചെയ്തിരുന്നതായി അദ്ദേഹം എഴുതുന്നു. .

ദിനേഷ് ചന്ദ്രസിർക്കാര് ബ്യൂളരുടെ നാനാഘട്ട് ലിഖിതവായന പൂർണ്ണമായി നിരസിച്ചു. വേദത്തിൽ സ്ത്രീക്ക് യജ്ഞം അനുശാസിക്കുന്നില്ലെന്ന ന്യായമാണ് അദ്ദേഹത്തിന്റേത്. മകനായ വേദിശ്രീയെ മുന്നിലിരുത്തി റീജന്റ് ആയിട്ടാവണം നാഗംനിക യജ്ഞകർമ്മം അനുഷ്ഠിച്ചതെന്ന് അദ്ദേഹം പറയുന്നു. അല്ലെങ്കിൽ രാജാ ശ്രീശതകർണ്ണീനസഹാ എന്നു കൂടി ഉണ്ടാവണമെന്ന് അനുമാനിക്കുന്നു. വാസുദേവ് വിഷ്ണുമിറാസി മറ്റൊരുവിധമാണ് വായിക്കുന്നത്. വേദിശ്രീയുടെ ഭരണകാലത്താണ് ലിഖിതമെന്നും അന്ന് രാജ്ഞി വളരെ വൃദ്ധയാണെന്നും അവരാവില്ല, വേദശ്രീതന്നെയായിരിക്കണം യജ്ഞകർത്താവെന്നും അദ്ദേഹം. രാജമാതാവ് യജ്ഞത്തിന്റെ ചെലവ് സ്വയം വഹിച്ചിരിക്കാമെന്ന് അദ്ദേഹം കരുതുന്നു. എസ് ശങ്കരനാരായണൻ ഇവരുടെ പ്രശ്നംഅനലൈസ് ചെയ്യുന്നു. സ്ത്രീക്കോ പുരുഷനെ ഒറ്റക്ക് ചെയ്യാവുന്നതല്ല യജ്ഞമെന്നും യാഗേ ദമ്പത്യോ സഹാധികാര എന്നതനുസരിച്ച് നാഗനികയും പതിയും കൂടി ചെയ്ത അശ്വമേധാദിയജ്ഞസംബന്ധമാണെന്നും ചൂണ്ടിക്കാണിക്കുന്നു. സിർക്കാരിന്റെഅഭിപ്രായം ഖണ്ഡിച്ച് അദ്ദേഹം ശതകര്ണ്ണിനാമം 100 യജ്ഞം കൊണ്ടുമാത്രം ലഭിക്കുന്നതല്ലെന്നും ശക്തനായ സാമ്രാട്ട് 100 യാഗം കഴിക്കുമ്പോൾമാത്രമാണ് ലഭിക്കുന്നതെന്നും പറയുന്നു. മീമാംസാസൂത്രത്തിൽ (ജൈമിനി, ശബരസ്വാമിഭാഷ്യം) സ്ത്രീകൾക്ക് യജ്ഞാധികാരം വിധിച്ചിട്ടുണ്ട് എന്ന് അദ്ദേഹം ഉദ്ധരിച്ചുകാണിക്കുന്നു. ബാദരായണൻ സ്ത്രീക്ക് സ്വതന്ത്രമായ യജ്ഞാധികാരം വിധിക്കുന്നുണ്ട്. ബാദരായണൻ വ്യാകരണപരമായും സ്വത്തുവിഷയമായും ഇതിന് സ്ത്രീക്കുള്ള സ്വാതന്ത്ര്യം എടുത്തുപറയുന്നു. ബാദരായണന്റെ അനുജ്ഞപ്രകാരമുള്ള യജ്ഞാധികാരമാണ് നാനെഘട്ട് ലിഖിതം കാണിക്കുന്നതെന്ന് ശങ്കരനാരായണൻ വാദിക്കുന്നു. നാഗനികയുടെ വേദജ്ഞാനവും മീമാംസാജ്ഞാനവും കൂടി ഇത് എടുത്തുകാട്ടുന്നു. സ്ത്രീവിദ്യാഭ്യാസം അന്ന് നല്ലനിലയിലായിരുന്നു എന്നും കാണിക്കുന്നു. ബ്യൂളരും ശങ്കരനാരായണനും സ്ത്രീക്ക് സ്വയം യജ്ഞം ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നതിന് വ്യത്യസ്തമായ വാദഗതികളാണ് ഉന്നയിക്കുന്നത്. മറ്റു രണ്ടുപേരും വേദാദികാരമില്ല എന്ന ഒറ്റ വാക്യത്തിൽ പിടിച്ച് നിരസിക്കുക മാത്രമാണ് ചെയ്യുന്നത്. അവർതമ്മിലുള്ള വ്യത്യാസം മിറാഷി നാഗനിക വല്ല ചെറിയ യാഗവും ചെയ്തിരിക്കാമെന്ന് ഒരു സൌജന്യം കൊടുത്തു എന്നതു മാത്രമാണ്.

ദക്ഷിണാപഥത്തിലെ കടലോരത്തെ സമുദ്രഗതാഗതം കൊണ്ടു ലഭിക്കുന്ന ധനം ഉത്തരാപഥവുമായി കൈമാറുന്ന പ്രധാന ഗതാഗതമാർഗ്ഗങ്ങളിലൊന്നാണ് നാണേഘട്ട്. ശതവാഹനരായ ശതകർണ്ണികളുടെ പ്രധാനഗതാഗതമാർഗ്ഗവുമാണ്. വ്യാപാരവ്യവസായരംഗത്തും കൃഷിരംഗത്തും ഗ്രാമനഗരവികസനത്തിലും ഇന്ത്യയെ സഹായിച്ചത് സമുദ്രസഞ്ചാരമാണ്. കരഗതാഗതം കൂടാതെ സമുദ്ര വ്യാപാരം സാധിക്കില്ല, പരസ്പരം വസ്തുക്കൈമാറ്റം രണ്ടുവിധത്തിലും നടക്കണം. അതുകൊണ്ട് മൂഷകവംശത്തിന്റെ ശതകർണ്ണിമാരുടെ അധീനതയി ലുള്ള കേരളകർണ്ണാടകകൊങ്കൺതീരവുമായി ഉൾനാടുകളെ ബന്ധിപ്പിക്കുന്ന നാണേഘട്ട്ചുരം പാലക്കാട്ട് ചുരം എന്നിവ ചരിത്രപ്രധാനമാണ്. പടിഞ്ഞാറു നിന്നും കിഴക്കുനിന്നും നാനേഘട്ടിലെ ഗുഹകളിലേക്ക് എത്തിച്ചേരാനുള്ള വഴി വളരെ ഭംഗിയായി കല്ലുപാകി ഉണ്ടാക്കിയിട്ടുണ്ട്. നാസിക്കിലെ ഒരു ലിഖിതത്തിൽ തെങ്ങിൻതോപ്പു ദാനം ചെയ്യുന്നത് കേരളകർണ്ണാടകബന്ധം കാണിക്കുന്നു.പെരിപ്ലസ് കാലത്ത് ഭാരുകച്ചം (ഭൃഗുകഛം) പ്രധാനതുറ മുഖമാണ്. ഇപ്പോഴത്തെ മുംബേക്ക് വടക്കുള്ള സോപാരയും കല്യാണയും മറ്റു 2 തുറമുഖനഗരങ്ങളാണ്. ഇവ നാനേഘട്ട് വഴി സഞ്ചാരികളേയും വ്യാപാരികളേയും ജുന്നാരിലേക്കും ശതവാഹനരുടെ തലസ്ഥാനമായ പ്രതി ഷ്ഠാനത്തിലേക്കും നയിക്കുന്നു. ഇത് പ്രധാനമായ ട്രേഡ്റൂട്ട് ആയിരുന്നു. എല്ലാ തുറമുഖങ്ങളുടേയും അധികാരം ഉള്ളവരാണ് ഇന്ത്യയിലെ സമ്രാട്ടു കളായിരുന്നത്. ശതകർണ്ണികളായ മൂഷകയാദവവംശവും ദ്വാരാപതിയായ ശ്രീകൃഷ്ണനും ഇവിടത്തെ വ്യാപാരശൃംഖല നിയന്ത്രിച്ചിരുന്നു. പടിഞ്ഞാറെ ക്ഷത്രപരാജാക്കന്മാരും ശതകർണ്ണിമാരുമായി ഉള്ള ബന്ധം നഹാപനന്റെ നാണ്യം ശതവാഹനന്മാരുടെ സീലോടുകൂടി കാണുന്നതും (ഭണ്ഡാരെ 2011) ഗൌതമിപുത്രശതകർണ്ണിയുടെ പ്രശസ്തിയുള്ള നാസിക് ലിഖിതവുമാണെന്ന് (നീലിസ് 2011) കാണുന്നു. നഹാപനൻ നരവാഹനനാണ് കഥാസരിത്സാഗര ത്തിൽ .

നാഗനികയുമായി ബന്ധമുള്ളവരെ മാത്രമാണ് ഗാലറിയിൽ കാണുന്നതെന്നത് നാഗനികയാണ് പ്രധാനി എന്നതിന് തെളിവാണ്. നാഗനികയുടെ പിതാവ്, ഭർത്താവ്, വേദിശ്രീ, സതി(ശക്തി അഥവാ ഹക്കു) എന്ന് രണ്ടു മക്കൾ ശിമു ഖശതവാഹനന്റെ സ്നുഷയാണ്നാഗനിക. ശതകർണ്ണിമാർക്ക് സ്ത്രീഗോത്രം പ്രധാനമാണ്. അതിനാലാണ് നാഗനികയുടെ പിതാവിനും സ്ഥാനം ലഭിക്കു ന്നത്. (മരുമക്കത്തായം) പിൽക്കാലത്ത് ശാന്തശ്രീയെ (ഇക്ഷ്വാകുവംശം) വിവാഹം കഴിച്ച രാജാവിനും അവളുടെ ബന്ധുക്കൾക്കും അവളുടെ ദക്ഷിണകൾക്കും പ്രാധാന്യമുള്ള ലിഖിതങ്ങളും കിട്ടിയിട്ടുണ്ട്.

ശാസ്ത്രി പ്രതിമാഗൃഹം അഥവാ ദേവകുലമായ ഗാലറി നാഗനികയുടെ കാലശേഷം അവളുടെ പിൻഗാമികള് പിതൃസ്മരണക്ക് രേഖപ്പെടുത്തിയ താവാമെന്ന് അഭിപ്രായപ്പെടുന്നു. കുശാനന്മാരുടെ എഡി രണ്ടാം നൂറ്റാണ്ടിലെ ദേവകുലം ഇത്തരത്തിലുള്ളതാണ്. അത് നാഗനികാദേവകുലമാതൃകയിലാവാം ഉണ്ടാക്കിയത്. നാഗനികയും ഭർത്താവും ചേർന്നുചെയ്ത അശ്വമേധത്തെ ഓർമ്മിക്കാനുള്ള നാണ്യങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. അശ്വമേധനാണ്യത്തിൽ ഇന്ത്യയിലാദ്യമായി പ്രത്യക്ഷപ്പെടുന്ന രാജ്ഞി നാഗനികയാണ്. പിന്നീട് ഗുപ്ത രാജ്ഞിമാരും വന്നിട്ടുണ്ട്. പക്ഷേ അവ അശ്വമേധനാണ്യങ്ങളല്ല.

ഹാരീതധർമ്മസൂത്രമാണ് ഏറ്റവും പഴയ ധർമ്മസൂത്രം. പിന്നീടുവന്ന ധർമ്മ സൂത്രങ്ങളെല്ലാം ഈ കൃതിയെ ഉദ്ധരിക്കുന്നുണ്ട്. ഹാരീതൻ സ്ത്രീകളെ രണ്ടു വിധമായി തിരിക്കുന്നു. ബ്രഹ്മവാദിനികളും സദ്യോവധുക്കളും. ബ്രഹ്മവാദിനി ഉപനയനവും 12 വർഷം വേദപഠനവും പൂർത്തിയാക്കുന്നു. അഗ്നി സൂക്ഷി ക്കുന്നു, സ്വന്തം വീട്ടിൽനിന്ന്ഭിക്ഷ യാചിച്ചാണ് ഭക്ഷണം. സദ്യോവധുക്കളും ഉപനയനം ചെയ്യണം , പക്ഷേ വേദാധ്യയനമില്ല. യാജ്ഞവൽക്ക്യകാലത്ത് മൈത്രേയി ബ്രഹ്മവാദിനിയും കാർത്ത്യായനി സദ്യോവധുവുമാണ്. അശ്വമേ ധയജ്ഞത്തിൽ കുതിര നഷ്ടമായാല് വേറെ കുതിര വെക്കാം. ഭാര്യ സ്ഥല ത്തില്ലാതിരുന്നാൽ, വിഗ്രഹമോ പ്രതീകമോ വെക്കാം. അവളിരിക്കേണ്ട സ്ഥാന ത്ത് വെള്ളം തളിച്ച് ദേവപത്നിമാർക്ക് ഞാനിതാ അമൃതു തളിക്കുന്നു എന്ന് പറഞ്ഞാൽമതിയെന്ന് ആപസ്തംബശ്രൌതസൂത്രം. രാമായണത്തിലെ രാമൻ കാഞ്ചനസീതയെ വെച്ചത് ഈ നിയമമനുസരിച്ചാണ്.

കറുത്ത സരസ്വതി- യുഗസന്ധ്യയിലെ ഉരുക്കുവനിത ശ്യാമദ്രൌപദി.

വൈദർഭിരീതിയില് കവിത എഴുതുന്ന കറുത്ത സരസ്വതി എന്ന് കദംബവംശ ത്തിലെ ത്രിപർവ്വതശാഖയിലെ പുലകേശി ഒന്നാമന്റെ പുത്രനായ ചന്ദ്രാദിത്യ ന്റെ പത്നി വിജയഭട്ടാരിക(വിജ്ജിക)അഥവാ വിജയാങ്ക എന്ന ഉജ്ജയിനി രാജകുമാരിയെ വിളിച്ചിരുന്നു. ശ്യാമള എന്നും നീലസരസ്വതി എന്നും പേരു ണ്ട് സരസ്വതിക്ക് (ശ്യാമളാദണ്ഡകം,നീലസരസ്വതിസ്തവം) .ചമ്മന്തിട്ടയിലെ

കറുത്ത സരസ്വതിയുടെ മ്യൂറൽ ചിത്രം വെളുത്ത ശിഷ്യനെ തോഴിയോടൊപ്പം ഇരുന്ന് വിദ്യ അഭ്യസിപ്പിക്കുന്ന ഗുരുരൂപിണിയായി വ്യാഖ്യാനമുദ്രയോടു കൂടിയതാണ്.



മഹാഭാരതകാലത്തെ ശ്യാമസരസ്വതിമാരും ശ്യാമന്മാരും ആരെല്ലാമായിരുന്നു. എന്ന് അന്വേഷണമാണ് ഈ ലേഖനം. അതിന്നുമുമ്പ് വ്യാസകൂടം അഥവാ വ്യാസഗ്രന്ഥി എന്താണെന്ന് നോക്കണം. മഹാഭാരതത്തിലെ മനസ്സിലാക്കാൻ വിഷമമുള്ള ശ്ലോകങ്ങളിലാണ് വ്യാസകൂടം വരുന്നത്. കൂടം അഥവാ കെട്ട് ഗ്രന്ഥഗ്രന്ഥി എന്ന പേരിലാണ് അറിയപ്പെടുന്നത്. ആ കെട്ടഴിക്കാൻ സാക്ഷാൽഗണപതിക്കു പോലും സാധിക്കാത്ത വിധം ദുർഗ്രഹമായിരുന്നു അവ. ഗ്രന്ഥഗ്രന്ഥിം തഥാചക്രേ മുനിർഗൂഢം കുതൂഹലാത് . എന്നാണ് മഹാഭാരതം പറയുന്നത്. ഐതരേയആരണ്യകത്തിൽ വാക്ക് പ്രാണന്റെ ഗ്രന്ഥിയാണ്. നാമങ്ങൾ അവയുടെ കെട്ടും. വ്യാസന്റെ ഗ്രന്ഥികളെല്ലാം അനുഷ്ഠുപ്പ് ഛന്ദസ്സിലുള്ള ശ്ലോകങ്ങളിലാണുള്ളത്. കുതൂഹലം കൊണ്ടാണ് കവി അവ രചിച്ചത്. വ്യാസനെപ്പോലെ നാരദനും സർവ്വജ്ഞാ സർവ്വദർശീ ച സർവ്വത്ര ച കുതൂഹലി ആണ്. സംഗീതത്തിനും സാഹിത്യത്തിനും ആ കുതൂഹലമുണ്ട്. വ്യാസനും കർണ്ണനും ഘടോത്കചനും കാനീനപുത്രരായതിനാല് ഗൂഢന്മാരാണ്. കുതൂഹലം കൊണ്ടാണ് കുന്തി കന്യാപുത്രനെ ജനിപ്പിച്ചത്. സ്ത്രീക്ക് കുതൂഹലമുണ്ടെന്ന് മഹാഭാരതം പലസ്ഥലത്തും പറയുന്നു. കുതൂഹലം കൊണ്ട് പുത്രസൃഷ്ടി മാത്രമല്ല, സാഹിത്യസംഗീതസൃഷ്ടിയും നടക്കുന്നു. ഇതിന്റെ സിംബലാണ് സരസ്വതി. ഗ്രന്ഥരചന അനന്യമായ ബുദ്ധിലക്ഷണമാണ്. വ്യാസ

ന്റെ ബുദ്ധിയോളം ബുദ്ധി ഉണ്ടെങ്കിലേ ഗണപതിക്ക് കെട്ടഴിക്കാനാവു. കൂട മെന്നത് ഏറ്റവും ശ്രേഷ്ഠമായ വിവേകവും, അതേപോലെ ഏറ്റവും കപട മായ ബുദ്ധിയും മാത്രമല്ല, ശക്തമായ ഇരുമ്പുമാണ്. ചാണക്യനെ കൌടലീയ നെന്നു വിളിച്ചത് ഇക്കാരണങ്ങളാലാണല്ലോ. കൂടത്തിലിരിക്കുന്നവൻ അഥവാ കൂടല്ലൂരുകാരനുമാണ് കൌടല്യൻ. കർണ്ണനെ ശ്യാമദ്രൌപദി നിരസിക്കുന്നു, ശ്യാമോ അർജ്ജുനഃ ശിരഛേദം ചെയ്യുന്നു , ശ്യാമോ അഥവാ ഇരുമ്പു കൊ ണ്ടുണ്ടാക്കിയതാണ് അതിനുള്ള ആയുധം. ഇങ്ങനെ വാക്കുകളുടെ കൂടരചന. ഈ വിധത്തിൽ ശ്യാമമെന്ന് വിശേഷണമുള്ള ആരൊക്കെയാണ് മഹാഭാരത ത്തിലുള്ളത്.

വ്യാസൻ ദ്രൌപദിയേയും വാത്മീകി സീതയേയും ശ്യാമയെന്ന് വിളിക്കുന്നു ണ്ട്. മഹാഭാരതത്തിലെ മാർക്കണ്ഡേയരാമായണത്തിലെ സീത വ്യാസന് ഒരു സാംസ്കാരികസ്മൃതിയാണ്. അതിനു തുല്യമായ ഒരു ആർക്കിട്ടൈപ്പൽസാ ന്നിദ്ധ്യമാണ് അദ്ദേഹത്തിന്റെ ദ്രൌപദി. ദ്രൌപദിയെ ശ്യാമ എന്ന് പല പ്രാ വശ്യം മഹാഭാരതം വിളിക്കുന്നു.കുന്തി നാലു പ്രാവശ്യവും യുധിഷ്ഠിരനും സുദേഷ്ണയും ഓരോ പ്രാവശ്യവും ഈ പദം ഉപയോഗിച്ചാണ് ദ്രൌപദിയെ വർണ്ണിക്കുന്നത്.

1. ബൃഹതി ശ്യാമാ.സ്ത്രീധർമ്മിണീ ക്ഷത്രധർമ്മരതാ സദാ 2.ബൃഹതി ശ്യാമാ ശ്രീമതി 3.. ശ്യാമാ യോഷിതാം ശ്രേഷ്ഠാ 4.ബൃഹതി ശ്യാമാ ബുദ്ധിസത്വ ഗുണാന്വിതാ യോഷിതാംശ്രേഷ്ഠാ 5.സുകേശീ സുസ്തനീ ശ്യാമാ പീനശ്രോണീ പയോധരാ

ശ്യാമാ എന്നതിന്റെ കൂടെ പല പ്പോഴും ബൃഹതി എന്ന പദവും വരു ന്നു എന്നതും ശ്രദ്ധിക്കണം. ധർമ്മം ,ക്ഷത്രധർമ്മം, ബുദ്ധിസത്വഗുണം ഇവ യാണ് പ്രധാനമായി പറയുന്ന വിശേഷണം. സ്ത്രീയായ സുദേഷ്ണ മാത്ര മാണ് ശരീരസൌന്ദര്യത്തോടു ചേർത്ത് ശ്യാമപദം ഉപയോഗിച്ചത്. ബൃഹ തി എന്നത് സരസ്വതി, ഉഷസ്സ് ഇവയുടെ പര്യായമാണ്, ഛന്ദരൂപത്തിൽ വാക്ക് ആയിട്ടാണ് അവള് പ്രത്യക്ഷീഭവിക്കുന്നത്. ആ വാക്കിന് ധർമ്മ വും ബുദ്ധിയും സത്വഗുണവും സൌന്ദര്യവും വേണം .അപ്പോഴാണ് അത് സാരസ്വതം അഥവാ കാവ്യമാകുന്നത്. ഈ അർത്ഥങ്ങളെല്ലാം ദ്രൌപദിയു ടെ നാമത്തിൽ അടങ്ങിയിരിക്കുന്നു. ഈ ധ്വനികളെല്ലാം ശ്യാമപദം സൃഷ്ടി ക്കുന്നുവെന്ന് ധ്വന്യാലോകപ്രകാരം (ആനന്ദവർദ്ധനൻ) മനസ്സിലാക്കണം. വൈശമ്പായനൻ ഇതിന് ഒരു മെത്തേഡ് മഹാഭാരതത്തിൽതന്നെ പറഞ്ഞി ട്ടുമുണ്ട്. വ്യാസശിഷ്യനും ജനമേജയന്ന് കഥ പറഞ്ഞുകൊടുക്കുന്നവനുമാ യ അദ്ദേഹം മഹാഭാരതകഥ മനസ്സിലാക്കാൻ നിരുക്തം സഹായിക്കുമെന്ന് പറയുന്നു. ഉഗ്രശ്രവശ്രൌതി ഇത് ആവർത്തിക്കുന്നു. നിരുക്തം വേദവിദു


ഷോ യേ ച ശബ്ദാർത്ഥചിന്തകഃ എന്ന് ശ്രീകൃഷ്ണനും മഹാഭാരതത്തില് പറയുന്നുണ്ട്.ശബ്ദാർത്ഥചിന്തകരായ വേദവിദുഷന്മാർക്ക് നിരുക്തജ്ഞാനം വേണമെന്ന് ഇതെല്ലാം കാണിക്കുന്നു. വെറും സാമാന്യഅർത്ഥം പോരാ, അതിന്റെ ഗാഢതലങ്ങളും ശബ്ദത്തിന്റെ ഉത്ഭവസ്ഥാനത്തെ ,വാക്കിന്റെ എല്ലാ തലങ്ങളേയും സ്പർശിക്കുന്ന അറിവുവേണം. ഇപ്രകാരം ശ്യാമ എന്ന പദത്തെ പരിശോധിക്കണം.സരസ്വതി ഗൂഢഗുൽഫയും ഗൂഢസിരയും മാത്രമല്ല, ഗൂഢാർത്ഥരൂപിണിയുമാണ്. വാക്ക്,ശ്രീ,കാലം, ദണ്ഡം ഇവയോട് ശ്യാമക്ക് ഉള്ള ബന്ധം കാണണം. ഗ്രന്ഥി അഴിക്കാന് ബുദ്ധി ,ഗൂഢാർത്ഥ മുള്ള വാക്ക് അറിയാനുള്ള ഉപായം ഇവ ഗണപതിക്ക് ഉള്ളതുകൊണ്ടാ ണ് വ്യാസകൂടം അദ്ദേഹത്തിന് വഴങ്ങിയത്.ഗണേശന് ശ്ലോകം മനസ്സിലാ ക്കാൻ സമയമെടുത്തത് അത് ബുദ്ധിമുട്ടുള്ള ശ്ലോകമായതു കൊണ്ടല്ല, അതിലെ ഓരോ വാക്കിന്റേയും ഗൂഢാർത്ഥം തേടേണ്ടി വന്നതുകൊണ്ടാ ണ്. ബുദ്ധി സ്ത്രീയാണ്. അതിന്റെ ഫലമായി വ്യാസൻ സൃഷ്ടിച്ച ഗ്രന്ഥി യും സ്ത്രൈണമാണ്. പാർവ്വതിയുടെ കുതൂഹലമായ മലത്തിൽനിന്ന് ജനി ച്ച ഗണേശൻ വ്യാസന്റെ കുതൂഹലവും സ്ത്രൈണവും ആയ കാവ്യരച നയിലെ കൂടം അറിയാനും സമർത്ഥനാണ്.

മഹാഭാരതത്തിലെ ശ്യാമന്മാരും ശ്യാമകളും

ബൃഹതി ശ്യാമ എന്ന് വേറെയും മൂന്നു സ്ത്രീകഥാപാത്രങ്ങളെ വ്യാസ ൻ മഹാഭാരതത്തില് വിളിക്കുന്നു. അംബിക.അംബാലിക , ഇവരെ തേ ചാപി ബൃഹതീ ശ്യാമേ നീലകുഞ്ചിതമൂർദ്ധജേ എന്നും ഹിഡിംബി യെ കേയം ച ബൃഹതീ ശ്യാമാ സുകുമാരി തവാനഘാ എന്നും. ആദ്യ ത്തെ രണ്ടുപേർ വ്യാസന്റെ നിയോഗഭാര്യമാരും ഹിഡിംബി ഭീമന്റെ ഭാര്യയായ രാക്ഷസിയുമാണ്. ഇവർക്കും ദ്രൌപതിക്കും എന്താണ് സമാനത.

കാമശാസ്ത്രപ്രകാരം ശ്യാമ പ്രഥമസ്ത്രൈണചിഹ്നങ്ങൾ തെളിഞ്ഞു കാണാനാരംഭിക്കുക മാത്രം ചെയ്തിട്ടുള്ള ,സുന്ദരിയാണ്. അവൾ കന്യകയും മെലിഞ്ഞവളും ആണ്. അല്ലെങ്കിൽ യൌവനാരംഭത്തിലുള്ള സ്ത്രീ , കന്യക, എന്ന് പറയാം. മക്കളെ പ്രസവിച്ചിട്ടില്ല. രാത്രി, ഛാ യ, പശു എന്നും ശ്യാമപദത്തിന് അർത്ഥമുണ്ട്. അതിസുന്ദരിഎന്ന അർത്ഥം ദ്രൌപതിക്ക് ചേരും. അംബികയും അംബാലികയും മക്കളെ പ്രസവിക്കാതെ യൌവനത്തിലേ വിധവകളായവരാണ്. ബൃഹതി ഒരു പുഷ്പമാണെന്നും ശ്യാമ അതിന്റെ നിറമാണെന്നും ചില നിരൂപകര് പറയുന്നുണ്ട്. നിറം മാത്രമാവാം അംബാലിക,അംബികമാരുടെ കാര്യ ത്തിലെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. ബൃഹതി വാക്-സരസ്വതി ആർക്കി ടൈപ്പിനേയും, സൌന്ദര്യം ശ്രീആർക്കിടൈപ്പിനേയും കാണിക്കുന്നു

എന്ന് കരുതണം. കൃഷ്ണ എന്ന പേരും ശ്യാമയായ ദ്രൌപതിക്ക് ഉള്ളത് നിറം കൊണ്ടാണ്. ആ പേര് ഹിഡിംബിക്കോ അംബ,അംബാലികമാർക്കോ ഇല്ല. വാസുദേവകൃഷ്ണനും ദ്രൌപദിയെപ്പോലെ ശ്യാമനാണ്. കൃഷ്ണദ്വൈപായനവ്യാസനും കൃഷ്ണനാണ്, പക്ഷേ ശ്യാമനെന്ന് അദ്ദേഹത്തെ മഹാഭാരതം വിളിക്കുന്നില്ല. അർജ്ജുനന് കൃഷ്ണനാമവും ശ്യാമനാമവുമുണ്ട്. ഭീമനെ ശ്യാമോ യുവ എന്നും നകുലനെ ശ്യാമനെന്നും വ്യാസൻ വിളിക്കുന്നു . അവർക്ക് കൃഷ്ണനാമമില്ല. സത്യവതിയുടെ വിവാഹമില്ലായിരുന്നുവെങ്കിൽ, മഹാഭാരതകഥ ഉണ്ടാവുമായിരുന്നില്ല. വ്യാസൻ മീനവവംശത്തിലെ സത്യവതിക്ക് പരാശരമുനിയിലുണ്ടായ പുത്രനാണ്. അവൾക്ക് ക്ഷത്രിയവംശത്തിലെ ശന്തനുവിലുണ്ടായ പുത്രന്മാർക്ക് രാജ്യം കൊടുക്കാമെന്ന് സമ്മതിച്ചിട്ടാണ് ദാശന് അവളെ കൊടുത്തത്. അപ്രകാരമൊരു ഭരണമാറ്റം സംഭവിക്കാതെ അംബികഅംബാലികമാർക്ക് കുട്ടികളില്ലാതെ വിധവകളാകേണ്ടിവന്നു. അപ്പോഴാണ്, ബ്രഹ്മണ,മീനവസംയോഗത്തിലെ വ്യാസനെക്കൊണ്ട് സത്യവതി അരാജകത്വം തടയാനായി പുത്രവധുക്കളെ ഇണ ചേർക്കുന്നത്. അത്രകാലവും ഭരദ്വാജഗോത്രത്തിലെ രാജാക്കന്മാരുടെ സന്തതിയാണ് കുരുവംശം ഭരിച്ചിരുന്നത്. (ഭരദ്വാജാത് ഭുമന്യും നാമ ഭാരത) വ്യാസപുതന്മാരായ ധൃതരാഷ്ട്ര,പാണ്ഡുമാരുടെ ജനനത്തോടെ വാസിഷ്ഠപുത്രന്മാരുടെ പരമ്പരയായി അത്. ഭരദ്വാജ-അംഗിരസന്മാരുടെ വംശരേഖ (ജനിതകം)മാറി പരാശരവാസിഷ്ഠവ്യാസപരമ്പരയായി.



ഇത് വംശജനിതകത്തിന്റെ മാത്രമല്ല, രാഷ്ട്രീയമാറ്റം കൂടിയാണ്. അംബാലികയും അംബികയും കുരുവംശത്തിന്റെ മാത്രമല്ല, വ്യാസജനിത

കത്തിന്റേയും അദ്ദേഹത്തിന്റെ ബൃഹതീവാക്കായ മഹാഭാരതഇതി ഹാസത്തിന്റേയും കൂടി ജനയിതാക്കളും രക്ഷകരുമായിത്തീരുന്നു. ശാരീരികവും കാവ്യപരവുമായ വ്യാസന്റെ സൃഷ്ടി അവരിൽനിന്ന് ആരംഭിച്ചു. അതിനാലവരും സാരസ്വതത്തിന്റെ ഭാഗഭാക്കുകളായി. സത്യവതി നിയോഗത്തിന് പുത്രവധുക്കളെ നിർബന്ധിക്കുന്നത് അരാജ കേഷു രാഷ്ട്രേഷു , ഒരു രാജാവുണ്ടാകാനാണ്. അരാജകരാഷ്ട്രം മത്സ്യ ന്യായം അഴിച്ചുവിടുന്നു. മത്സ്യന്യായത്തിന്റെ ഒരു താക്കോൽ സത്യവ തിയുടെ അഛനായ നിഷാദമീനവനാണ് . അദ്ദേഹവും ശ്യാമനും ചുവ പ്പും കറുപ്പും കലർന്ന നിറമുള്ളവനുമാണ്. അഞ്ചാം വേദമായ മഹാ ഭാരതം പഞ്ചമവർണ്ണത്തിലെ അമ്മക്കു ജനിച്ച വ്യാസനിലാരംഭിക്കുന്നു. ഹിഡിംബിയോ. വ്യക്തിത്വവും സ്വാതന്ത്ര്യബോധവും സ്വന്തമായ ലൈം ഗികേഛ പ്രകടിപ്പിക്കാനുള്ള കൂസലില്ലായ്മയും ഉള്ളവളാണ്. സ്വന്തം രാക്ഷസവംശത്തോടു കലഹിക്കാനും മറ്റൊരു വംശത്തിലേക്ക് വധുവാ കാനുമുള്ള ധീരതയും അവളെ ശ്രദ്ധേയയാക്കുന്നു. കാട്ടിലെ മത്സ്യന്യാ യമനുസരിച്ച് ശക്തരായ രാക്ഷസർക്ക് (വലിയ മത്സ്യം) ചെറുതിനെ (പാണ്ഡവരെ) വിഴുങ്ങാം, നശിപ്പിക്കാം. അവൾ ആ മത്സ്യന്യായത്തെ വിപരീതമായ ക്രിയ കൊണ്ട് മാറ്റിയെടുത്തു. ഭീമസ്യ പാദൌ കൃത്വാ തു സ്വാ ഉത്സംഗേ തതോ ബലാത് എന്നതിനാൽ താന് ആ ചെറിയ മത്സ്യവംശത്തിനെ സേവിക്കാനുള്ള സന്നദ്ധത കാട്ടി എന്ന് കാണുക. ഹിഡിംബാം അഗ്രതാ കൃത്വാ - ഹിഡിംബയെ മുന്നില് നടത്തിയാണ് കുന്തിയും മക്കളും ഏകചക്രയിലേക്ക് പോകുന്നത്. ഭീമൻ ഉൾപ്പെടെ എല്ലാവരും അവളുടെ പാദം പിൻതുടർന്നാണ് നടക്കുന്നത്. അവൾ കാട്ടിലും നാട്ടിലും അവരുടെ രക്ഷകയായി ദേവീതുല്യയായി. ഭീമനു മായുള്ള വൈവാഹികബന്ധത്തില് അവള് മാത്രമല്ല, ഭീമനും യുധിഷ്ഠി രനും കുന്തിയും കൂടി ധർമ്മശാസ്ത്രം അനുശാസിച്ച പല നിയമങ്ങളും ഭേദിക്കുന്നുണ്ട്. വൈദികവിവാഹച്ചടങ്ങുകളില്ലാതെ , ഇളയ പുത്രൻ വിവാഹം കഴിച്ച് ആദ്യപുത്രനെ , (ആദ്യത്തെ പേരക്കുട്ടിയെ) ജനിപ്പി ക്കുക എന്നത് അക്കാലത്ത് വലിയ നിയമലംഘനമാണ്. ഘടോത്കചനെ കുന്തി തന്റെ ആദ്യത്തെ പേരക്കുട്ടിയായി അംഗീകരിക്കുന്നുമുണ്ട്. ഘ ടോത്കചനും വ്യാസനേയും കർണ്ണനേയും പോലെ കാനീനപുത്രനാണ് മഹാഭാരതത്തിൽ. പാണ്ഡവരുടെ ധർമ്മവ്യതിക്രമിവിവാഹം ആരംഭി ച്ചത് ദ്രൌപതീവിവാഹത്തിലല്ല, ഭീമന്റെ ഹിഡിംബിയുമായുള്ള വേ ഴ്ചയിലാണ്. . അംബിക, അംബാലിക, ഹിഡിം ബിമാർ അക്കാലത്തെ രാഷ്ട്രീയ,ധാർമ്മികരംഗങ്ങളിലെല്ലാം വിപ്ലവകരമായ മാറ്റം വരുത്തിയ വരുമാണ് എന്നതിനാലാവാം ഇവരും ബൃഹതിശ്യാമമാരായത്. രക്ഷ കരും മത്സ്യന്യായത്തെ തടഞ്ഞവരുമാണ് ഇവർ. ദ്രൌപദിയുടെ കാര്യ

ത്തിലും സ്ത്രീധർമ്മവും ക്ഷത്രധർമ്മവും പാലിക്കുന്നവളാണ് അവള്. സർവ്വധർമ്മവിശേഷേ സജ്ഞാം എന്ന വ്യാസവാക്യത്തില് ദ്രൌപദി മാത്രമാണ് സർവ്വധർമ്മജ്ഞാനം പറയപ്പെട്ട സ്ത്രീ. ശ്യാമാ യോഷിതാം ശ്രേഷ്ഠാ എന്ന് കുന്തി പറയുന്നതും ഇതിനാലാണ്. യുധിഷ്ഠിരന്റെ ബുദ്ധിസത്വഗുണാന്വിതാ എന്ന വാക്കും കൂടി ചേരു മ്പോള് സൌന്ദര്യ മോ നിറമോ മാത്രമല്ല, വിവക്ഷിതമെന്ന് വ്യക്തം. പറയാതെത്തന്നെ ധ്വനിയിലൂടെ ദ്രൌപതിയുടെ മഹത്വം മനസ്സിലാവുന്ന വിധമാണ് വാക്കുകളുടെ ഉപയോഗം. സാരസ്വതമാണ് അവളിലെ ഏറ്റവും മനോഹരമായ വിശേഷം. മനസ്വിനി, ധർമ്മാർത്ഥകുശലാ ധർമ്മ ചാരിണി(വിദുരന്) ധർമ്മചാരിണീം (സഞ്ജ യൻ) സർവ്വധർമ്മ ജ്ഞാം പരിഭൂയ യശസ്വിനീം (ധൃതരാഷ്ട്ര) പ്രിയാ ച ദർശനീയാ ച പണ്ഡിതാ ച പതിവ്രതാ , തേജ ഇവ തു കേവലം (ധൃതരാഷ്ട്രൻ) സർവ്വധർമ്മോ പചായിനി (കുന്തി)രാജ്ഞാ ധർമ്മജ്ഞാ ധർമ്മദർശിനി ഇങ്ങനെ അനേ കമാണ് അവളുടെ വൈശിഷ്ഠ്യം. വാക്കിലും മനസ്സിലും ശരീരത്തിലും ശുചിയും ക്ഷമയും സത്യവും ധൃതിയും സ്മൃതിയുമുള്ളവളാണ് സർവ്വ ധർമ്മവുമറിയുന്ന ദ്രൌപതി. ധർമ്മം പുരുഷാർത്ഥം ഇവയുമായി ബ ന്ധപ്പെട്ടാണ് അവളുടെ സ്ഥാനം. ധര്മ്മശാസ്ത്രം, അർത്ഥശാസ്ത്രം, ഇവ യിലെന്നപോലെ കാമശാസ്ത്രത്തിലും അവളുടെ വൈദഗ്ദ്ധ്യം സർവ്വധ ർമ്മമെന്ന വാക്കുകൊണ്ട് പറയാതെ പറയുന്നു. ധർമ്മവും വിദ്യയും ബുദ്ധിയും പ്രജ്ഞയും   ഓർമ്മയുമാണ് അവളുടെ കീർത്തി. ഇതെ ല്ലാം അവളുടെ വാക്, സരസ്വതീഗുണങ്ങളാണ്.

വേദത്തിലെ ശ്യാമസന്ധ്യ, രാപ്പകലുകളുടെ ആവർത്തനം,ഇരുമ്പ്:-

ഋഗ്വേദത്തിലെ ശ്യാവാ(ശ്യാമ) നാനാചക്രതേ യംയാ വപൂംഷിതയോർ അന്യാർരോചതേ കൃഷ്ണാം അന്യാത്. ശ്യാവീതി ച യദ് ആരൂഷി ച സ്വരാശൌ മഹദ് ദേവാനാം അസുരത്വം ഏകം. ശ്യാമയും കൃഷ്ണയു മായി രണ്ട് ഇരട്ടപെറ്റ സഹോദരിമാർ, ശ്യാവി, ആരുഷി എന്ന നാമ ത്തോടെ ചക്രം ചവിട്ടുന്നു, ആവർത്തിക്കുന്നു. ഒരുവള് ഇരുട്ട് കൊണ്ടു വരുന്നു, മറ്റൊരുവൾ പ്രകാശവും. ആരുഷി ഉഷസ്സും .ശ്യാമാ സായം സന്ധ്യയുമാണ്. സന്ധ്യാകാലാമനശ്യാമാ ധ്രുവാം ഏഷ്യതി ജാനകി എന്ന് രാമായണത്തിലെ സീത. ഇവിടെ ദ്വാപരയുഗാന്ത്യത്തിലെ സായംസന്ധ്യ യാണ് വ്യാസകൂടത്തിലെ ശ്യാമ. വിഷ്ണു,കൃഷ്ണന്റെ കാലചക്രം തിരിയുന്നതാണ് ആരുഷി,ശ്യാമമാരുടെ ആവർത്തനചക്രം. ചക്രതേ എന്ന കാലചക്രഭ്രമണം കലിയുഗത്തിന്റെ ഉഷസ്സും, ദ്വാപരത്തിന്റെ അസ്തമനവും കാണിക്കുന്ന വേദസന്ധ്യയിലെ കൃഷ്ണ,ശ്യാമമാർക്ക് പ്രത്യേകം അഴകിയറ്റുന്നു. അർജ്ജുനന് വെളുപ്പ് എന്നർത്ഥമുണ്ടെങ്കിലും കഥയിൽ അദ്ദേഹവും ശ്യാമകൃഷ്ണനാണ്. അഹശ്ച കൃഷ്ണമഹാ

ർജ്ജുനം ച വിവർത്തതേ രജസി വേദ്യാഭി(ഋഗ്വേദം) കൃഷ്ണരൂപാ ന്യാർജ്ജുനാ വിവോ മദേ വിശ്വാ അധിശ്രിയോ ധീ ശേവിവാക്ശശേ (ഋഗ്വേദം) വർത്തതേ അഹാനി ചക്രീയേവ(ഋഗ്വേദം)

ശ്യാമകൃഷ്ണയും ശ്യാമകൃഷ്ണനും (നാരായണനായ കൃഷ്ണനും, നരനായ അർജ്ജുനനും) ഈ യുഗസന്ധ്യയിലെ ജന്മം പുതിയ ഒരു യുഗാരംഭവും പഴയതിന്റെ എല്ലാം അവസാനവുമാണ്. നരനാരായണന്മാർക്കിടയിലെ സന്ധ്യയാണ് ദ്രൌപതി. അർജ്ജുനന്റെ സവ്യസാചിത്വവും ബൃഹന്നലാ വേഷവും , കൃഷ്ണന്റെയും കൃഷ്ണദ്വൈപായനന്റേയും കൂടബുദ്ധി യും, ദ്രൌപതിയുടെ രാജ്ഞീദാസീവേഷങ്ങളും സന്ധ്യാസൂചകമാണ്. കാലം മൃത്യുവാണ്, ദിനരാത്രങ്ങളിലൂടെ ജീവികളുടെ ആയുസ്സ് ക്ഷയി പ്പിക്കുന്നവനാണ്. കാലം യജ്ഞവുമാണ്. യജ്ഞപുരുഷനായ കൃഷ്ണ നും യാജ്ഞസേനിയായ കൃഷ്ണനും അവരവരുടെ ദൌത്യം നിർവ്വഹി ക്ക മാത്രമാണ്. കാലമാണ് കൃഷ്ണനെങ്കിൽ കാളിയാണ് ദ്രൌപതി. കാലത്തിന്റെ പർവ്വങ്ങളെപ്പോലെ മഹാഭാരതത്തിനും പർവ്വങ്ങളുണ്ട്. ശ്യാമകൃഷ്ണയായ ദ്രൌപതി വ്യാസന്റെ കറുത്ത സരസ്വതിയാണ്. അഥർവ്വവേദത്തിലെ ശ്യാമ ഇരുമ്പെന്ന അർത്ഥം കൂടി ഉള്ളതാണ്. സകലസൃഷ്ടിക്കും മുമ്പ് എല്ലാം തമസ്സിലാണ്ടുകിടന്ന മഹാപ്രലയസൂച കമായ ഇരുട്ടിനും ശ്യാമകൃഷ്ണനിറമാണ്. തമ ആസീത് തമസാ ഗൂല മാർഗ്ഗേ (ഋഗ്വേദം)അസുരരാജാവായ മഹാബലി പറഞ്ഞത് കാലം ശ്യാമമാണെന്നാണ്. അയംശ പുരുഷാ ശ്യാമോ ലോകസ്യ ദുരതിക്രമ ബദ്ധ്വാ തിഷ്ഠതി മാം രൌദ്ര പശും രസനയാ തഥാ യമധർമ്മനും (കാലപുരുഷ) ശ്യാമനും ജീവികളെ ഇരുമ്പുകൊണ്ട് കെട്ടിവലിക്കുന്ന വനുമാണ്. കരാളോ വികടോ മുണ്ഡ പുരുഷ കൃഷ്ണപിംഗലാ എന്ന് മൃത്യുവിനെ പറയുന്നു. നാരായണനാണ് കൃഷ്ണൻ നാരായണന്റെ ക്രോധത്തിൽനിന്നാണ് രുദ്രജനനം. കാല സ ഏ്വ കഥിതാ ക്രോധജേതി മയാതവ. പഴയ ഇന്ദ്രന്മാരും ഇപ്പോഴത്തെ ഇന്ദ്രനുമാണ് പാണ്ഡവ രായി ജന്മമെടുത്തത്. ശിവനാണ് അവരേയും അവരുടെ ശ്രീയായി ദ്രൌപതിയേയും സൃഷ്ടിച്ചതെന്ന് മഹാഭാരതം. ശ്രിയം ഭാര്യാം വ്യാത ഥാൻ മാനുഷേഷു . സ്വർഗ്ഗാരോഹണപർവ്വത്തില് ഇത് വീണ്ടും ഉറപ്പി ച്ച് പറയുന്നു. ശ്രീർഏ്ഷ ദ്രൌപതീരൂപ ത്വദർത്ഥേ മാനുഷം ഗതാ. ദ്രൌപതിക്ക് വാക്സരസ്വതീരൂപത്തിൽ ശാണ്ഡില്യഉപനിഷത്തിലെ സ്വരൂപമാണ്. ഓങ്കാരത്തിലെ മകാരം സരസ്വതിയാണെന്നും അവള് വൃദ്ധയായി ശ്യാമയായി കൃഷ്ണയായി, വൃഷഭവാഹനയായി (ശിവ രൂപം) ത്രിശൂലധാരിണിയായി സരസ്വതിയായി കാണപ്പെടുന്നു . മകാര മൂർത്തി കൃഷ്ണാംഗീ വൃഷഭവാഹിനീ വൃദ്ധാത്രിശൂലധാരിണീ സരസ്വ തീ ഭവതി. മഹാഭാരതകാലത്തെ വൃദ്ധയായ സരസ്വതിയാണ് ദ്രൌപതി.

യുദ്ധത്തിനൊരുങ്ങിയ അവളെ തടുക്കാനാർക്കും കഴിയില്ല. വൃദ്ധമെന്നത് കാലത്തിന്റെ പൂർണ്ണതയുമാണ്. വാർദ്ധക്യം മരണത്തിലേക്ക് കലാശിക്കുന്നു. പ്രവൃദ്ധമായ കാലം യുഗാന്ത്യത്തിലേക്കും. ബുദ്ധിയും പ്രജ്ഞയും പ്രവൃദ്ധമാനമായ സാരസ്വതം സരസ്വാന്റെ പുരുഷരൂപമാണ്. അർദ്ധനാരീശ്വരരൂപമാണതിന്. പാണ്ഡവന്മാരുടെ ആയുധത്തിലും മനസ്സിലും അവളാണ് ഇരിക്കുന്നത്,അവളുടെ സഖാവായ കൃ്ണശ്യാമനാണ് അവരെ നയിക്കുന്നതും. ശിവരൂപമാർന്ന് സംഹാരരുദ്രനായി കാലം തന്നെ ഇവിടെ നടമാടുന്നു. സൌന്ദര്യമല്ല ഇപ്പോളത് സംഹാരരൂപമാണ്. വാസുദേവസ്യാ കൃഷ്ണവർണ്ണേന , മഹാഭാരതത്തിലെ കൃഷ്ണനെപ്പോലെ കൃഷ്ണയും അവതാരരൂപിണിയാണ്. അവരാണ് അർദ്ധനാരീശ്വരഭാവമാർന്ന് പാണ്ഡവരെ ജയത്തിലേക്കും ദ്വാപരയുഗത്തെ കലിയിലേക്കും സംക്രമിപ്പിക്കുന്നത്. ശ്രീ ഒന്നിൽനിന്ന് ഒന്നിലേക്ക് ചലിക്കുന്നു. പശുവും ഒരു നീർത്തടം വിട്ട് മറ്റൊന്നിലേക്ക് സഞ്ചരിക്കുന്നു. കാലവും അതുപോലെയാണ്. സഞ്ചരിച്ചുകൊണ്ടേ ഇരിക്കും. വാക്കും(പ്രജ്ഞസ്യ പുരുഷസ്യേഹ) ശ്രീയും കാലവും പശുവും ഒന്നുവിട്ട് മറ്റൊന്നിലേക്ക് സഞ്ചരിക്കുന്നു . ഇവയുടെയെല്ലാം ആർക്കിടൈപ്പായിട്ടാണ് അഞ്ചുപുരുഷന്മാരിലേക്ക്(പഞ്ചഭൂതം) സഞ്ചരിക്കയും സംഹാരത്തിന് പ്രേരിപ്പിക്കയും ചെയ്യുന്ന ദ്രൌപതിയെ(ജീവാത്മാ) വ്യാസകൂടം അവതരിപ്പിക്കുന്നത്.

ഇരുമ്പും വജ്രവും ഉരുക്കുവനിതയും

ശ്യാമം സന്ധ്യയുടെ മാത്രമല്ല ഇരുമ്പിന്റെയും നിറവും പര്യായവുമാണ്. ദ്രൌപതി മഹാഭാരതത്തിലെ ഉരുക്കുവനിതയാണ്. അവളിലെ ക്ഷത്രിയഗുണം ശക്തിയായി ഉള്ളിലിരിക്കുന്നതിനാലാണ് ഇത്. കൂടോന്മുക്തമായ മുസലം കൃഷ്ണന്റെ കണ്മുന്നില് വെച്ച് ബഭ്രുവിനെ കൊന്നത് വ്യാസൻ പറയുന്നുണ്ട്. അതുപോലെയാണ് ഇരുമ്പുകൊണ്ടോ ഉരുക്കുകൊണ്ടോ ഉള്ള ദ്രൌപതീഹൃദയത്തിൽനിന്ന് വന്ന വാക്ക്(സരസ്വതി) പാണ്ഡവരുടെ , പ്രത്യേകിച്ചും യുധിഷ്ഠിരന്റെ ,അഹിംസാവാസനയെ നശിപ്പിക്കുന്നത്. അഥർവ്വവേദത്തിലെ ഇരുമ്പിന്റെ പര്യായമായ കാർഷ്ണായസം മഹാഭാരതത്തില് പലയിടത്തും വ്യാസമുനി ഉപയോഗിക്കുന്നുണ്ട്. വാസുദേവകൃഷ്ണന്റെ ചക്രം (കാലചക്രം) ഇരുമ്പുകൊണ്ടാണ്. മഹാഭാരതകാലത്തെ നാലു കൃഷ്ണ,കൃഷ്ണന്മാർ (വാസുദേവ, വ്യാസ, അർജ്ജുന, ദ്രൌപതി) എന്ന നാലു പേരിലും കാലസൂചിയായ ചക്രത്തിന്റെ പ്രവർത്തനമുണ്ട്. നിഷാദദാശന്റെ മത്സ്യന്യായം വ്യാസനിലും പ്രവർത്തിക്കുന്നുണ്ട്. കാലത്തിലും യുഗധർമ്മത്തിലുമുണ്ട്. ആയസം അഥവാ വജ്രം സ്ത്രീലിംഗമാണ്. പാവിരവീ തന്യതുരേക പാദജോ എന്ന് വേദം. പാവിരവി അഥവാ ഭൈരവി എന്ന പദം ര

ണ്ടുപ്രാവശ്യം മിന്നലിന്റെ പുത്രിയായ സരസ്വതിയോട് ബന്ധപ്പെടുത്തി ഋഗ്വേദം ഉപയോഗിക്കുന്നു. വജ്രത്തെ ഇന്ദ്രൻ പ്രയോഗിക്കുമ്പോഴാണ് മിന്നലിൽനിന്ന് പാവിരവി ഉണ്ടാവുന്നത്. വാക്കെന്ന വജ്രത്തെ വിവേകപൂർവ്വം ഉപയോഗിക്കലാണ് സാരസ്വതം. അർജ്ജുനനാണ് ഇന്ദ്രപുത്രൻ. ഇന്ദ്രോ ഹര്യന്തമാർജ്ജുനം വജ്രം (ശതപഥബ്രാഹ്മണം). അർജ്ജുനന്റെ ഗാണ്ഡീവം (ഗ്രന്ഥി. വജ്രം) ഇവ രണ്ടും ചേർന്നതാണ്. കൃഷ്ണന്റെ ചക്രവും അങ്ങനെയാണ്. വജ്രനാഭം അയസ്മയം) കൃഷ്ണനേയും അർജ്ജുനനേയും വജ്രം പോലെ ഇണക്കുന്ന ദ്രൌപതി കൃഷ്ണദ്വൈപായനവ്യാസന്റെ വജ്രകൂടവും ശ്യാമസന്ധ്യയും കൂടിയാണ്. കൃഷ്ണന്റെ കംസവധം (കംസം വെളുത്ത ചെമ്പ്, താമ്രം,) ഇരുമ്പ് യുഗത്തിലേക്ക് താമ്രയുഗത്തിൽനിന്നുണ്ടായ മാറ്റവുമാണ്. വാക്ക് വജ്രവുമായി ബന്ധിപ്പിച്ചാണ് ഋഗ്വേദം പറയുന്നത്. സരസ്വതിയായ ദ്രൌപതിയുടെ വാക്ക് വജ്രം പോലെയാണ്. വ്യാസന്റെ വാക്കും അങ്ങനെത്തന്നെ. ഗാണ്ഡീവത്തിനും സുദർശനചക്രത്തിനുമുള്ള അതേ ശക്തി ദ്രൌപതിയുടെയും വ്യാസന്റേയും വാക്കുകൾക്കും കൊടുക്കുന്നു. സഖേ വിഷ്ണോ വിതരം വിക്രമസ്വ ദ്യൌർദേഹി ലോകം വജ്രായ വിഷ്കഭേ (ഋഗ്വേദം) വിഷ്ണുവും ദ്യൌവും കൂടി വൃത്രനെ വധിച്ച് നദികളെ ഒഴുക്കി. ഇവിടെ വിഷ്ണുവോടൊപ്പം ഇന്ദ്രപുത്രനായ അർജ്ജുനനാണ്. വിഷ്ണുനിന്റെ ജിഹ്വയാണ് സരസ്വതി. നാരായണ പുരുഷന്റെ ജിഹ്വ വിദ്യുജ്ജിഹ്വാ ച നിർമ്മിതാ എന്ന് വാക്കും വജ്രവും ചേർത്തതാണ് ദ്രൌപതിയിലെ സാരസ്വതം. ജിഹ്വയിൽ സാഹിത്യവും വരും ശാപവും വരും. മേനക പറയുന്നപോലെ വിശ്വാമിത്രന്റേത് കാലജിഹ്വയാണ്. (കാലന്റെ ജിഹ്വ). വാക്കിനെ ക്കൊണ്ട് ദണ്ഡം പോലെ പ്രഹരിക്കാനാവും .ഉരുക്കുവനിതയായ ദ്രൌപദി തന്റെ വാക്ദണ്ഡം കൊണ്ട് പാണ്ഡവരെ നിരന്തരം പ്രഹരിച്ച് അവരെ യുദ്ധസന്നദ്ധരാക്കി, കാലദണ്ഡത്തിനു സമമായി പ്രവർത്തിച്ചു. കുരുവംശത്തിന്റെ സന്ധ്യയിലാണ് അവളുടെ അവതാരം. ദ്വാപരയുഗത്തിന്റെ അന്ത്യത്തിലെ കൃഷ്ണാവതാരം പോലെ. തെക്കൻ പാഞ്ചാലവും മഗധകാശിദേശവും വത്സദേശവും ഇരുമ്പായുധമുണ്ടാക്കുന്ന ദേശങ്ങളായിരുന്നു. ദ്രൌപദിയുടെ രാജ്യവും ജരാസന്ധന്റെ രാജ്യവും വത്സ(ഗോപ)രാജ്യവും ഇതിലുണ്ടെന്നത് യാദൃച്ഛികമാവില്ല. ജരാസന്ധനെ തോൽപ്പിച്ചതോടെ മൂന്നു ഭാഗവും പാണ്ഡവ, യാദവനിയന്ത്രണത്തിലായി. അന്തരേ ചൈവ സംപ്രാപ്തേ കലിദ്വാപരയോർ അഭൂത് സമന്തപഞ്ചകേ യുദ്ധം കുരുപാണ്ഡവസേനയോ എന്നതിൽ ഈ ഇരുമ്പുഖനികളുടെ അവകാശത്തിനുള്ള ത്വരയും കൂടി കുരുക്കൾക്ക് ഉണ്ടായിരുന്നിരിക്കണം. ദുര്യോധനനെ കലിയുടെ അവതാരമെന്ന് മഹാഭാരതം വിളിക്കുന്നു. (കലേർഅം

ശാത് തു സംജാജ്ഞേ ഭുവി ദുര്യോധനോ നൃപാ. അദ്ദേഹത്തിന്റെ തുടകളെയാണ് വജ്രസമമെന്ന് പറയുന്നത്. (വജ്രപ്രതിമഗൌരവം). വ്യാസന്റെ മുൻഗാമിയായ വസിഷ്ഠമുനി (മിത്രാവാരുണി) പുരുഷന്മാരുടെ പ്രതിരോധം ഇരുമ്പുകോട്ടയായ സരസ്വതീനദിയാണെന്ന് പറയുന്നു(ഏഷാ സരസ്വതീ ദാരുണ മയാസി പും) ദ്രൌപതി പാണ്ഡവപുത്രരുടെ ഇരുമ്പുകോട്ടയായ സരസ്വതിയാണ് വ്യാസനെ സംബന്ധിച്ചേടത്തോളം.. രഥാ ഇവ ബൃഹതീ വിഭ്വനേ കൃതോ (ഋഗ്വേദം) സരസ്വതി ബൃഹതിയെ ജയത്തിനുവേണ്ടി രഥം പോലെ നിർമ്മിച്ചു. ബൃഹതീശ്യാമയായ ദ്രൌപതിയും ഇപ്രകാരം സൃഷ്ടിക്കപ്പെട്ടു. പാണ്ഡവവിജയരഥമാണ് അവൾ. പഞ്ചവിംശബ്രാഹ്മണം ബൃഹതിയെ വജ്രവും ദണ്ഡവുമായി കാണുന്നു. ഇന്ദ്രൻ വൃത്രനെ വജ്രം കൊണ്ട് എറിഞ്ഞു. ബൃഹതാ വാ ഇന്ദ്രോ വൃത്രായ വജ്രം പ്രാഹരത്. പാണ്ഡവരുടെ വജ്രമാണ് ദ്രൌപതി. മുദ്ഗലബ്രാഹ്മണന്റെ പത്നി മുദ്ഗലാനി പുനർജനിച്ചതാണ് ദ്രൌപതി. രഥവും ദണ്ഡും അസ്ത്രവും വജ്രവുമായി അവളാണ് പാണ്ഡവരിലെ അഗ്നി കെടാതെ കാത്തത്. വ്യാസന്റെ കൂടം അഥവാ ഗ്രന്ഥിയും ദ്രൌപദിയാണ്. ശ്യാമകൃഷ്ണനെ അറിയുന്നപോലെ പ്രയാസമാണ് ശ്യാമകൃഷ്ണയെ അറിയാനും. ലക്ഷ്മി വിഷ്ണുലലാടത്തിലെ സുവർണ്ണകമലത്തിൽനിന്ന് ജനിച്ചു. (വിഷ്ണോർ ലലാടാത് കമലം സൌവർണ്ണം അഭവാത് തദാ. മനുഷ്യന്റെ പ്രവർത്തിയിലും ചാണകത്തിലും നിന്ന് വിഷ്ണുപാദത്തിലെ തീർത്ഥജലമായി ഭൂമി ശ്യാമളയായി ജനിച്ചു. ബുദ്ധി ലലാടവും കർമ്മം ഭൂമിയും. രണ്ടും വേണം വാക്കിനും സമ്പത്തിനും. സഞ്ചാരത്തിന് വജ്രതുല്യമായ തുട വേണം, ക്ഷത്രധർമ്മമായ യുദ്ധത്തിന് ബാഹുബലവും. ഇതാണ് നാലു വർണ്ണധർമ്മം. കൃഷ്ണക്കും കൃഷ്ണനും ഇവ നാലുമുണ്ടെന്ന് ശ്രദ്ധിക്കണം. ഗോ വാക്ക്, സരസ്വതി, പശു. ഗോഗ്രന്ഥി ഉണക്കിയ ചാണകം(വളം) അർത്ഥമുള്ള സാഹിത്യഗൂഢവാക്ക്. കാവ്യം ഗോവിന്റെ പാലാണ്. (സരസ്വതീ സ്തനത്തിലെ പാലെന്നും) അത് ഭൂമിയിലെ നദിയും വാക്കും കാവ്യവുമായി എല്ലാവരേയും ആനന്ദിപ്പിക്കുന്ന ജീവജലമാണ്. നമുചിയുമായുള്ള യുദ്ധത്തിൽ ഇന്ദ്രന്റെ പോളിസിമേക്കറായി പ്രവർത്തിക്കുന്നത് സരസ്വതി(വാക്ക്)ആണ്. ഉഷസ്സും സന്ധ്യയും കാലവും ബൃഹതിയുമായി സദാ യുവതിയും പുനർഭുവയുമായി, ഓരോ ദിനവും തനിക്ക് നിശ്ചയിക്കപ്പെട്ട സമയത്ത് നിശ്ചയിക്കപ്പെട്ട സ്ഥലത്ത് ഉദിക്കയും അസ്തമിക്കയും ചെയ്യുന്നവളായി അവളുടെ ജീവിതം വേദംപോലെ പവിത്രമാണ്. കന്യേവ തന്വാ ,കന്യകയെപ്പോലെ അവളെന്നും തന്റെ കാമുകനിലേക്ക് ചരിക്കുന്നു എന്ന് ഉഷസ്സിനെപ്പറ്റി വേദം. ഉഷസ്സിനെപ്പോലെയാണ് ദ്രൌപതിയുടെ അഞ്ചു പുരുഷന്മാരിലേക്കുള്ള ഗമനം.

അവളാണ് സകലഐശ്വര്യത്തിനും കാരണം. ഇതസ്യ രശ്മിമനുയച്ച മാനാ ഭദ്രം ഭദ്രം ക്രതുമസ്മാസി ദേഹി എന്ന് വേദഋഷിയെപ്പോലെ യാണ് പാണ്ഡവരും അവളെ സ്തുതിക്കുന്നത്. ഉഷസ്സ് അശ്വാവതീ ർഗോം അതീർവ്വിശ്വവാരാ യതമാനാ രശ്മിഭീ സൂര്യസ്യ എന്ന് സകല ശ്രീയും പ്രതീക്ഷയും കൊണ്ട് വീണ്ടും വീണ്ടും ഉദിക്കുന്നു. അതുപോ ലെയാണ് ദ്രൌപതിയുടെ ഓരോ ഉദയവും പാണ്ഡവരിലും ശ്രീയും പ്രതീക്ഷയും നിറക്കുന്നത്. ഋതസ്യ രശ്മിമനുയച്ഛമാനാ ഭദ്രം ഭദ്രംക്രതു മസ്മാസു ദേഹി എന്ന് വേദഋഷിയെപ്പോലെ അവരും അവളോട് പ്രാർത്ഥിക്കുന്നു. പാണ്ഡവർ പഞ്ചേന്ദ്രിയങ്ങളുള്ള ശരീരവും ദ്രൌപതി അതിന്റെ ആത്മാവുമാണ്. ഉഷസ്സ് കന്യയും ബൃഹതിയുമാണ്, എന്നെ ന്നും പുനർജ്ജീവനത്തിന്റെ സന്ദേശവുമായി ഉദിക്കുന്നവളാണ്. എന ർജ്ജികേന്ദ്രമാണ്. സദാ ചരിക്കുന്നവളാണ്. ധർമ്മചാരിണിയായ ദ്രൌപ തിക്കും ഈ വിശേഷണങ്ങളുണ്ട്. ഉഷസ്സ് ദ്രൌപതിയുടെ സരസ്വതീ സാത്വികപ്രതീകവും ശ്യാവീശ്യാമാസന്ധ്യ അവളുടെ കാളീരൂപവുമാണ്. രണ്ടും ശ്രീരൂപമായ ദ്രൌപതിയിലുണ്ട്. അഥവാ ത്രിശക്തികളാണ് അവ ളുടെ രൂപം. വാക്കും രാഷ്ട്രിയായരാജ്ഞിയും സൈരന്ധ്രിയായ ദാസി യും ആയ അവൾ പാണ്ഡവർക്ക് ദ്രൌപദ്യാ പദവീം ചരണ് (ദ്രൌപദി യുടെ പാദം പിൻതുടർന്ന് ജീവിതചര്യ) ആണ്. കുന്തിയാണ് അർജ്ജുന നോട് ദ്രൌപതിയുടെ പാദം തുടർന്ന് ചരിക്കാനുള്ള ഉപദേശം കൊടു ക്കുന്നത്.

ദണ്ഡം നീലോത്പലദളശ്യാമമാണ്. വാക്സരസ്വതിരൂപത്തിൽ അവള് അവരെ ദണ്ഡിക്കുന്ന ദണ്ഡനീതിയാണ്. ദണ്ഡ ഏ്വവ ഹി സർവ്വാത്മാ ലോകേ ചരതി മൂർത്തിമാൻ. ലോകത്തിൽ അപ്രകാരം സഞ്ചരിക്കുന്ന കാലാത്മാവിന്റെ പാദമാണ് ദ്രൌപതിയുടെ പാദം. ദ്രുപദ എന്ന വാക്കിലുണ്ട് ആ പദചലനത്തിന്റെ നാദം. ധർമ്മാർത്ഥകുശലാ ധർമ്മ ചാരിണീ എന്ന് വിളിക്കുമ്പോൾ അതിലെ കാലധർമ്മവും കാണാതെ പോകരുത്. പാണ്ഡവരുടെ ദ്രൌപദീപാദം തുടർന്നുള്ള യാത്ര കാലധ ർമ്മം തുടരുന്ന മനുഷ്യാത്മാക്കളുടെയെല്ലാം യാത്രയാണ്. സരസ്വതി (വാക്ക്) ആകാശചാരിണിയെങ്കിൽ, പാദം ഭൂലോകചാരിണിയാണ്. ദ്രൌ പതി ഇത് രണ്ടുമാണ്. നകുലൻ താന് ദ്രൌപതിയുടെ പാദം തുടർന്നേ നടക്കാറുള്ളു എന്ന് പറയുന്നുണ്ട്. സഹദേവനാകട്ടെ, ദ്രൌപതിയുടെ പാദം തലോടി അവളെ യാത്രാക്ഷീണമറിയാതെ കാക്കുന്നു. ഋഗ്വേദഋ ഷി വാക്കിന്റെ പാദം തുടർന്ന് യജ്ഞേന വാച പദവീയമായന് സഞ്ച രിക്കുന്നതുപോലെയാണ് യാജ്ഞസേനിയുടെ പാദം പിൻതുടരുന്ന പാ ണ്ഡവഗതി.

ദ്രൗപതിയുടെ ദണ്ഡനീതി ബ്രഹ്മദണ്ഡം, കാലദണ്ഡം ഇവയുമായി ബന്ധപ്പെട്ടതാണ്. വാക്ദണ്ഡം അതിന്റെ ചെറിയ ഒരു പ്രതീകം മാത്രമാണ്. ദണ്ഡത്തിന്റെ മറ്റു നാമങ്ങളിൽ ധർമ്മം, ശ്രീ. വിജയം,ശിവങ്കരം, രുദ്രാത്മാ ഇവയുണ്ട്. നാലു കൃഷ്ണസ്വരൂപികളും പാണ്ഡവരും ഈ നാമങ്ങളും നീതിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. യുധിഷ്ഠിരൻ ധർമ്മവും അർജ്ജുനന് വിജയനും ഭീമന് രുദ്രാത്മാവും നകുലസഹദേവന്മാർ ശ്രീ,ശിവങ്കരങ്ങളുമാണ്. ഇവരുടെ ഏകീഭാവമാണ് ദ്രൗപതി. ദണ്ഡനീതി ഇല്ലാതാവുമ്പോൾ വരുന്ന മത്സ്യന്യായവും അരാജകത്വവും നീക്കാനാണ് ഇവരുടെ കർമ്മം. രാജധർമ്മം അഥവാ ക്ഷത്രിയധർമ്മമാണത്. രാജധർമ്മം ദണ്ഡധർമ്മവുമാണ്. ഭീമന്റെ അഭിപ്രായത്തിൽ രാജധർമ്മം ദണ്ഡധരന്മാരായ രാജാക്കന്മാരെ ആശ്രയിച്ചിരിക്കുന്നു. (ദണ്ഡ ക്ഷത്രിയതാം ഗത) പ്രജകളെ ഉണർത്തി പ്രതിഷ്ഠിതരാക്കി ഇരുത്തുന്നത് ദണ്ഡമാണ്. തസ്മാത് പ്രജാ പ്രതിഷ്ഠന്തേ ദണ്ഡോ ജാഗർത്തിതാസു ച. ഉണർന്നിരിക്കുന്ന ദണ്ഡധരനായ രാജാവ് മത്സ്യന്യായത്തെ അവസാനിപ്പിക്കുന്നു. അതന്ദ്രിയസ്തു പ്രായേണ ദുർബ്ബലോ ബലിനാം രിപു. ദണ്ഡം പ്രവർത്തിപ്പിക്കുന്നതിലാണ് രാഷ്ട്രത്തിന്റെ അർത്ഥവും (ഫിനാൻസ്) രാഷ്ട്രഭരണവും വിദേശകാര്യവും നീതിയുമെല്ലാം സമർത്ഥനായ രാജാവ് സംരക്ഷിക്കുന്നത്. ക്ഷത്രധർമ്മരതയായ പാഞ്ചാലി പാണ്ഡവരുടെ ചെങ്കോലാണ്, ദണ്ഡമാണ്, അവളാണ് അവരെ നയിക്കുന്നതും വിജയിപ്പിക്കുന്നതും. ഏകാഹം വേദ്മി കോശം വൈ പതീനാം ധർമ്മചാരിണാം. ഇന്ദ്രപ്രസ്ഥത്തിലെ ഐശ്വര്യഭണ്ഡാര സംരക്ഷണത്തിന് അവൾ രാവും പകലും ജോലി ചെയ്തു. എല്ലാ സുഖവും പതിമാർക്കു വേണ്ടി പരിത്യജിച്ചു. സുഖം സർവ്വം പരിത്യജ്യ രാത്ര്യഹാനി ഗതാമി വൈ. ദണ്ഡധരനായ രാജാവിന് പ്രജാസുഖമാണ് ലക്ഷ്യമെന്നു വരികിൽ മാത്രമേ അവന് ക്ഷത്രിയനെപ്പോലെ പ്രകാശിക്കു എന്ന് ദ്രൗപതി പറയുന്നുണ്ട്. ധർമ്മദണ്ഡം ആണ് രാജദണ്ഡം. ദുശ്ശാസനന്റെ സ്ത്രീയോടുള്ള പെരുമാറ്റം കൌരവരുടെ രാജധർമ്മം പിഴച്ചതിന്റെ അടയാളമായി കാണുന്നു. ചെങ്കോലു പിഴക്കുക എന്ന അധർമ്മം കുരുവംശത്തെ ബാധിക്കുന്നു. ദണ്ഡം തേജസ്സ്,വാക്ക്, ബുദ്ധി ഇവയുടെ ലക്ഷണമാണ്. (ഭീഷ്മൻ) ലോകത്തിൽ തേജസ്സും കർമ്മവും പാണ്ഡിത്യവും വാക്ശക്തിയും തത്വബുദ്ധിയും ആയി പലരൂപത്തിലാണ് ദണ്ഡം പ്രവർത്തിക്കുന്നതെന്ന് ഭീഷ്മവാക്യം. ഇതെല്ലാം ചേർന്നവളായി ദ്രൗപതിയെ വരച്ചുകാട്ടുന്നതും വ്യാസകവിയുടെ കൂടശക്തി തന്നെ. ബുദ്ധിർലജ്ജാമതിശ്ചൈവ പത്ന്യോ ധർമ്മസ്യ താ ദശാ (ഗീത) ധർമ്മരാജപത്നിയായ ദ്രൗപതിയും ഈ ഗുണങ്ങളുള്ളവളാണ്. ഇതെല്ലാം സ്ത്രീണഗുണങ്ങളാണ് മഹാഭാരതത്തിന്റെ ഒരു ഭാഗമായ. ഭഗവത്ഗീതയിൽ. തേജ

സ്സും യശസ്സും ഉപായവുമായി ദ്രൌപതി പാണ്ഡവരുടെ കൂടെ നി ൽക്കുന്നതാണ് അവരുടെ ജയരഹസ്യം. ഭൃഗു ജനകനോട് തേജസാ ശക്യ തേ പ്രാപ്തും ഉപായലഹചാരിണാ എന്ന് പറയുന്നത് നോക്കുക. കൃഷ്ണദ്വൈപായനന്റെ ഇതിഹാസപുരാണസൃഷ്ടിയിലെ തേജസ്സ് ശ്യാമ കൃഷ്ണനും ശ്യാമകൃഷ്ണയുമാണ്. അവരിരുവരും രണ്ടല്ല, ഒന്നാണ്. യാജ്ഞസേനി തേജസ്സു തന്നെയാണെന്ന് ധൃതരാഷ്ട്രർ പറയുന്നുണ്ട്. (യാജ്ഞസേനസ്യ ദുഹിതാ തേജ ഏവ തു കേവലം) സരസ്വതി വേദ ങ്ങളെയെന്നപോലെ അവൾ ധർമ്മത്തേയും പതിമാരേയും സംരക്ഷിക്കു ന്നതിൽ ശ്രീകൃഷ്ണനു തുല്യയായി ജാഗരൂകയായി പ്രവർത്തിച്ചു. ലലി തവിസ്തരത്തിലെ കവി സംരക്ഷകരെ സ്മരിക്കുമ്പോൾ സീതയേയും ദ്രൌപതിയേയും ഒന്നിച്ച് സ്മരിക്കുന്നതും ഇതിനാലാണ്.

നിരൃതിയും ചൂതുകളിയും

ഭൂമിയുടെ നിറമാണ് ശുകശ്യാമളം. ഓരോ വിളവെടുപ്പ് കഴിഞ്ഞാലും ഭൂമി വീണ്ടും കന്യകാത്വം വീണ്ടെടുക്കുന്നപോലെ പാഞ്ചാലിയും ഓ രോ ഭർത്താവിനു കൂടെ കഴിഞ്ഞ് , തന്റെ കന്യകാത്വം വീണ്ടെടുക്കു ന്നു. ബഭൂവ കന്യൈവ ഗതേ ഗതേ അഹനി.സത്യവതിയും കുന്തിയും(പരാശരനും സൂര്യനും ശേഷം) ഇപ്രകാരം കന്യകാത്വം വീണ്ടെടുക്കു ന്നുണ്ട്. ഭൂമിയുടെ അമ്മരൂപം പാണ്ഡവരും പാഞ്ചാലിയിൽ കാണുന്നു ണ്ട്. മാതേവ പരിപാല്യാ ച പൂജ്യാ ജ്യേഷ്ഠേവ ച സ്വസാ എന്ന് യുധിഷ്ഠിരവാക്യം. യജ്ഞാഗ്നിയിലുള്ള ജനനം തന്നെ അവളെ അഗ്നിപോലെ പരിശുദ്ധയാക്കുന്നു.

നിരൃതിക്കും ഭൂമിയുടെ നിറവും പരിശുദ്ധിയും ആരോപിതമാണ്. നിരുക്തപ്രകാരം നിരൃതി മൃത്യുവിനും തിന്മക്കും ഉദാഹരണമാണ്. ഋതമില്ലായ്മ എന്നാണ് ആ വാക്കിന് അർത്ഥം. നിർ, ഋതി എന്നാണ് ആ വാക്കിന്റെ പിരിവ്. ഋഗ്വേദം നിരൃതിയെ വാക്കായി കാണുന്നു. ബലത്തിന്റേയും ദണ്ഡനീതിയുടേയും ഭാഷ സംസാരിക്കുന്ന വാക്ക് പലപ്പോഴും അപ്രിയമാവാം. ഇന്ദ്രനെന്ന രാജപുരുഷനെ വേത്താ ഹി നിരൃതീനാം (നിരൃതിയെ അറിയുന്നവൻ) എന്ന് പറയുന്നു. ഇന്ത്യയുടെ നിരൃതികോണിലാണ് ദക്ഷിണഭാരതത്തിലെ (ദണ്ഡകരനായ യമധർമ്മ ന്റെ ദിശ) കേരളഭാഗം. ഇവിടത്തെ ഭാഷ പലപ്പോഴും അപ്രിയഭാഷ യായി കലാശിക്കുന്നതും അതുകൊണ്ടാവാം.മുള്ളുപോലെ കുത്തുന്ന വാക്ക് എന്ന് അർത്ഥം. കർണ്ണം (ചെവി) വാക്ക് ഇവതമ്മിലുള്ള ആ നെഗറ്റീവ് ബന്ധമാണ് കർണ്ണനും പാഞ്ചാലിയും തമ്മിലുള്ളത് (അംഗദേ ശം നിരൃതികോണിന് വിപരീതദിശയിലാണ്).വായിൽ നിരൃതിയുള്ളവ നെന്ന് അലക്ഷ്മി പിടിച്ച വാക്കുച്ചരിക്കുന്നവനെ പറയാറുണ്ട്. വിദുര ന്റെ അഭിപ്രായം അലക്ഷ്മിയും നൈരൃതിയും വാക്കിന് , സരസ്വതി

ക്ക് വിപരീതമാണെന്നാണ്. മറ്റുള്ളവർക്ക് ദ്രോഹം വരുത്തുന്ന അല ക്ഷ്മികരമായ വാക്കുച്ചരിക്കുന്നവരാണ് നിരൃതി മുഖത്തിലുള്ളവ ർ. തൃഷ്ണയുള്ളവരിലാണ് നൈരൃതി കൊലയാളിയെപ്പോലെ മുഖത്ത് വസിക്കുന്നതെന്ന് ഋഗ്വേദഋഷി. തൃഷ്ണയുള്ള ദുര്യോധന,ദുശ്ശാസന, കർണ്ണന്മാരുടെ മുഖത്ത് അലക്ഷ്മിയായ വാക്ക് ഉദിച്ചതോടെ അവരെ കൊല്ലുന്ന വാക്ക് കൃഷ്ണയായ ദ്രൌപദിയുടെ മുഖത്തും ഉദിച്ചു. വേദ കാലത്ത് വസ്തുതർക്കമുള്ള സഹോദരന്മാരുടെ തർക്കം പരിഹരിക്കാ നായി ചൂതുകളി ഉണ്ടായിരുന്നു. രാഷ്ട്രത്തിലെ തർക്കത്തില് ഈ ചൂതു കളിക്കും നിരൃതിക്കും പങ്കുണ്ടായിരുന്നു. ചൂതുപടം ഉണ്ടാവുന്നതിനു മുമ്പ് പാറയിൽ കുഴികളുണ്ടാക്കി അധിദേവന,ദേവന,ഇരീന എന്നീ ചൂതുകൾ അതിലാണ് എറിഞ്ഞിരുന്നത്. അക്ഷം അഥവാ ചൂത് സമു ദായത്തിലെ (ട്രൈബ്) അംഗങ്ങൾക്കിടയില് സമമായി വിഭജനം നടത്താ നുള്ള നറുക്കുകളായിരുന്നു. ഇതിനാലാണ് യുധിഷ്ഠിരൻ ചൂതുകളിയി ൽ പങ്കെടുക്കുന്നത്. വ്യക്തിപരമായ ലക്ഷ്യവും ഉണ്ടായിരുന്നിരിക്കാ മെങ്കിലും , രാഷ്ട്രനിയമം വേദകാലത്തെന്നപോലെ പരിപാലിക്കാനുള്ള ത്വരയും അതിലുണ്ട്. തോറ്റവർ ജയിച്ചവരുടെ ദാസരായി രാഷ്ട്രത്തെ സേവിക്കാമെന്ന നിബന്ധന സിംബോളിക്ക് ആയി ഒരു എലക്ഷനാണ്. സിംബോളിക്ക് ആയ രാഷ്ട്രസേവനത്തെ ശരിക്കും ദാസരാക്കുക എന്ന നയം കൊണ്ട് ദുര്യോധനൻ കുളം കോരുമെന്ന് അദ്ദേഹം വിചാരിച്ചിരു ന്നില്ല. അഥവാ മനുഷ്യന്റെ നന്മയിലുള്ള വിശ്വാസം അദ്ദേഹം അപ്പോ ളും കൈവിട്ടിരുന്നില്ല, ദുര്യോധനനിലും കൂടി ഒരിത്തിരി നന്മ അവശേ ഷിച്ചിരിക്കാമെന്ന് സ്വപ്നം കണ്ടു അദ്ദേഹം. രാജ്സഭയിലേക്ക് ഏകവ സ്ത്രാ അധോനീവി രോദമാനാ രജസ്വലാ ആയി വലിച്ചിഴക്കപ്പെട്ട് കൊണ്ടുവന്ന അതിസുന്ദരിയായ ശ്യാമദ്രൌപതിയുടെ രൂപം തീർച്ചയാ യും ദുര്യോദനാദികളെ വല്ലാതെ ആകർഷിച്ചിരിക്കാം. എന്നാലാ ആക ർഷണവും അതിന്നുശേഷമുള്ള അവരുടെ വാക്കുകളും രക്തരൂഷിത മായ യുദ്ധത്തിലേക്കും അവരുടെ മൃത്യുവിലേക്കും നയിച്ചത് കാലദ ണ്ഡിന്റെ ശിക്ഷയായിരുന്നു. സ്ത്രീയോട് അതിക്രമം കാട്ടുന്ന ഒരു രാഷ്ട്രത്തിന്റെ അവസാനം എങ്ങനെയായിരിക്കുമെന്ന് വ്യാസമുനി സംവദിക്കുകമാത്രമാണത്. ഇന്നും പ്രസക്തമായ ആ ചോദ്യത്തെ, ആ സംവേദനത്തെ കണ്ടില്ലെന്ന് നടിക്കുന്നത് മഹാപരാധമായിരിക്കും.

രസതത്വം, വർണ്ണാശ്രമം

ശിവനും നാരായണനും ഭൂഭാരഹരണം എന്ന പ്രൊജക്ട് നടത്താനായി ഭൂമിയിലേക്ക് വരുമ്പോൾ ആ നാടകം അഭിനയിക്കാനായി കൂടെ വന്ന വതരിച്ച നടന്മാരും നടികളുമായ ദേവാസുരഗണങ്ങളായിട്ടാണ് മഹാഭാ രതം എല്ലാ കഥാപാത്രങ്ങളേയും കാണുന്നത്. നാട്യശാസ്ത്രത്തിലെ അഭി

നേതാക്കളാണ് അവരെല്ലാം. നാട്യശാസ്ത്രത്തിൽ ശ്യാമവർണ്ണം ശൃംഗാര രസമാണ്. വ്യാസൻ ശ്യാമദ്രൌപദിയെ അനവദ്യാംഗി എന്നു വിളിക്കുന്നത് അതുകൊണ്ടുകൂടിയാണ്. ശകുന്തള,ദേവയാനി, കുന്തി, സൂര്യപുത്രി തപതി,വാസുകിസഹോദരി നാഗിനി ജരത്കാരു, മുദ്ഗലപത്നി നളായണി , ദമയന്തി, സുലഭാമൈത്രേയി ഇവരേയും അനവദ്യാംഗി എന്ന് വിളിക്കുന്നുണ്ട്. ഏതൊരു സ്ത്രീക്ക് അവളുടെ ശരീരസാന്നിദ്ധ്യം ഒന്നുകൊണ്ടുമാത്രം ഏതു പുരുഷന്റെ ഉള്ളിലും കാമവും ശൃംഗാരവും ജനിപ്പിക്കാനാവുമോ അവളെന്ന് ആ വാക്കിനർത്ഥമുണ്ട്. ആനന്ദവർദ്ധനന് ധ്വന്യാലോകത്തില് ചില രസങ്ങള് ബാദ്ധ്യബാധകഭാവത്തിലാണെന്ന് പറയുന്നുണ്ട്. അതായത് ഒരു രസം മറ്റൊന്നിനെ ഹനിക്കുന്നത്. ശൃംഗാരത്തിന് ഭീബത്സത്തോടും ശാന്തത്തോടും ഈ ബന്ധമാണുള്ളത്. ശൃംഗാരം വീരം,രൌദ്രം,ഹാസ്യം,അത്ഭുതമെന്നിവയുടെ അംഗാംഗിഭാവമാണ്. ശ്യാമശൃംഗാരരൂപിണി ദ്രൌപതി ദുര്യോധന,ജയദ്രഥ,കീചക, ദുശ്ശാസനന്മാരുടെ ഭീബത്സഭാവത്തെ (അവരെത്തന്നെ) ഹനിക്കുന്നു. അവരുടെ കാമം അവരെ അശാന്തരാക്കി, അവരുടെ തന്നെ പതനത്തിനു കാരണമായിത്തീരുന്നു. ഭീബത്സഭാവത്തിന് മഹാകാലനുമായി നാട്യശാസ്ത്രം ബന്ധം പറയുന്നു. ദ്രൌപതിയുടേയും കൃഷ്ണന്റേയും കൃഷ്ണ കാല,നീലനിറം അവരുടെ ശ്യാമവർണ്ണവുമായി ഒരേ സമയം ചേരുന്നതും വിപരീതവുമാണ്. അര്ജുനന് ബീഭത്സു എന്നാണ് പേര് തന്നെ. ബീഭത്സരസമില്ലാത്ത ബീഭത്സുവായ അർജ്ജുനനെയാണ് പഞ്ചപാണ്ഡവരിൽ ദ്രൌപതി ഏറ്റവുമധികം സ്നേഹിക്കുന്നത്. സുദേഷ്ണ ദ്രൌപതിയുടെ സൌന്ദര്യം കണ്ടാൽ ആരും കണ്ടമാത്രയിൽത്തന്നെ കൊതിച്ചുപോകുമെന്ന് പറയുന്നുണ്ട്.(പ്രശസ്തംഅഭിവീക്ഷേതാത് സ കാമവശഗോ ഭവേത്.)യഥാ കർക്കടകീഗർഭം ആധത്തേ മൃത്യും ആത്മനാ (ഞണ്ടിന്റെ ഗർഭം അതിന്റെ തന്നെ മൃത്യുവിന് കാരണമാകുന്നതുപോലെ) അവരുടെ കാമം അവരെ നശിപ്പിക്കുന്നു എന്നും ആ രാജ്ഞി പറയുന്നു. ജയദ്രഥനും കീചകനും ഇതാണ് സംഭവിച്ചത്. ആധാസ്യസേ കർക്കടകീവ ഗർഭം എന്ന് ദ്രൌപതിതന്നെ ജയദ്രഥനോട് പറയുന്നുണ്ട്. പാഞ്ചാലിയുടെ ശൃംഗാരരസം വീരവും രൌദ്രവും പാണ്ഡവരിലുണ്ടാക്കി അവരെക്കൊണ്ട് അത്ഭുതരസം ഉണ്ടാക്കുന്ന കർമ്മങ്ങള് ചെയ്യിക്കുന്നു. നാരായണനും നരനും നാഗങ്ങളും ദാനവരും ദൈത്യരും രാക്ഷസരും പിശാചരും ഇന്ത്യയിലെ ആദിവാസികളെല്ലാവരും ശ്യാമവർണ്ണരാണ്. ഇത് ഇന്ത്യയിലെ ആദിവാസികളുടെ നിറമാണ്. മഹാഭാരതത്തിലെ കഥാപാത്രങ്ങളിൽ മുഖ്യരെല്ലാം ഇന്ത്യയിലെ ആദിമജനസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നവരാണെന്നത് ശ്രദ്ധേയമാണ്, കവി വ്യാസ നടക്കം. അവരെല്ലാം ശൂദ്രവർണ്ണത്തെ പ്രതിനിധാനം ചെയ്യുന്നു. ദ്രൌപ

തീസുതന്മാരെല്ലാം വിശ്വേദേവന്മാരാണ്, വൈശ്യവർണ്ണമാണ്. അവളിൽ ക്ഷാത്രം,വൈശ്യം, ശൂദ്രം എന്ന് മൂന്നു വർണ്ണവുമുണ്ട്. വിദ്യാവതിയാക യാൽ ബ്രാഹ്മണ്യവുമുണ്ട്. നാലു വർണ്ണവും തന്നിലിരിക്കുന്ന വിഷ്ണു വിന്റെ സ്ത്രീരൂപത്തിലുള്ള അവതാരമാ ണവൾ.

സൃഷ്ടി,സ്ഥിതി,ലയകാരണരൂപിണിയായശ്യാമ

ശ്യാമാച്ഛബലം പ്രപദ്യേ ശബലാച്ഛ്യാമം പ്രപദ്യേ
അശ്വ ഇവ രോമാനി വിധൂയ പാപം
ചന്ദ്ര ഇവ രാഹോർ മുഖാത് പ്രമുച്യ ധൂത്വാ
ശരീരം അകൃതം കൃതാത്മാ ബ്രഹ്മലോകം
അഭിസംഭവാമീതി അഭിസംഭവാമീത(ഛാ.ഉ)

കാളീമാതാവിനെ നീലസരസ്വതിയായി ശാണ്ഡില്യഉപനിഷത്തും പുരാ ണങ്ങളും കാണുന്നുണ്ട്. സരസ്വതി വാക്കിനോടും ബൃഹതി മിഥുന ത്തോടും (സൃഷ്ടി) ചേർത്താണ് മഹാഭാരതവും ബൃഹദാരണ്യകവും കാണുന്നത്. സൃഷ്ടിയും സ്ഥിതിയും സംഹാരവും അവളാണ് നടത്തു ന്നത്. മഹാഭാരതയുദ്ധകാലത്ത് വൃദ്ധയായ പാഞ്ചാലിക്ക് ശൃംഗാര രൂപമല്ല, കാളീരൂപമാണ്. ജനനസമയത്ത് അശരീരിണിയായ സരസ്വതീ ദേവി അവളെക്കുറിച്ച് പറഞ്ഞത് വ്യാസമുനി ഇങ്ങനെയാണ് വരച്ചു കാട്ടുന്നത്.

തം ചാപി ജാതം സുശ്രോണീം വാഗ് ഉവാചാശരീരിണ്
സർവ്വയോഷിദ്വരാ കൃഷ്ണാ ക്ഷയം ക്ഷത്രം നിനീഷതി
സുരകാര്യം ഇയം കാലേ കരിഷ്യതി സുമദ്ധ്യമാ
അസ്യാ ഹേതോ ക്ഷത്രിയാണാം മഹദ് ഉത്പത്സ്യതേ ഭയം

വ്യാസന് ശ്യാമകൃഷ്ണ ദേവകാര്യത്തിനും കുരു(ക്ഷത്രിയ)വംശനാശ ത്തിനും അവതരിച്ച വിഷ്ണുതന്നെയാണെന്നതിൽ സംശയമുണ്ടാ യിരുന്നില്ല.



മുതല കാള,കോഴി സൈന്ധവസംസ്കൃതിയിൽ:-

ഹരപ്പ,സൈന്ധവസരസ്വതിസീലുകളിൽ മുതലയെ കാണുന്നുണ്ട്. ഇതിനെ ആധാരമാക്കി ഒരു പ്രബന്ധം ആസ്കോ പർപ്പോള (ഫിന്നിഷ് യൂണിവേഴ്സിറ്റി) എഴുതുകയുണ്ടായി.

ചതുപ്പുനിലങ്ങളിലും വലിയ നദി,തടാകങ്ങളിലും, സമുദ്രത്തിലെ ഉപ്പുജലത്തിലും കാണുന്ന വിവിധഇനം മുതലകളുണ്ട് കേരളത്തിലും, ഇന്ത്യയിലും. നീണ്ട മൂക്കുള്ള ഗംഗാനദിയിലെ മുതല ഒരു പ്രത്യേകഇനമാണ്. ഇതാണ് ഹരപ്പയിലെ സീലുകളിൽ കാണുന്ന പ്രധാനഇനം. ഹിന്ദിയില് ഗരിയാൽ,

കുമ്മീർ എന്നും സംസ്കൃതത്തില് ഘണ്ടിക, കുംഭീര എന്നും വിളിക്കുന്ന ഈ മുതലയുടെ നാമം ദ്രാവിഡനാമമാണ്. പ്രോട്ടോദ്രാവിഡിയൻ ഘട. കുംഭ എന്നിവയിൽനിന്നാണ് ഈ നാമം ഉത്ഭവിച്ചതെന്നും ഇത് നീണ്ട മൂക്കിന്റെ അറ്റത്തുള്ള കുടംപോലുള്ള മുഴുപ്പുകൊണ്ട് വന്നതാണെന്നും പർപ്പോള പറയുന്നു. ഇത്തരം മുതലകളെ സിന്ധിൽ ഇപ്പോള് കാണുന്നില്ലെങ്കിലും സിന്ധിഭാഷയിൽ ഘര്യാലു എന്ന നാമം ഇപ്പോഴും നിലനിൽക്കുന്നു. എന്നാലിതിന് അവിടെ അർത്ഥം മാറിയിരിക്കുന്നു, സിന്ധുനദിയിലെ ഡോൾഫിൻഇനത്തിലുള്ള മത്സ്യത്തിനാണ് ആ നാമം. മുതലക്ക് തമിഴിലും മലയാളത്തിലും പ്രത്യേകതയുണ്ട്. തമിഴ് സംഘസാഹിത്യത്തിൽ മുതലയെ പരാമർശിക്കുന്നുണ്ട്. എബർഹാർഡ് ഫിഷറും ഹെക്കുഷായും തെക്കേ ഗുജറാത്തിലെ ട്രൈബൽ മുതലസംസ്കാരത്തെ കുറിച്ച് പഠിച്ചു (1971) മരം കൊണ്ടുള്ള സ്തംഭത്തിൽ മുതലയുടെ ശിൽപ്പം പിടിപ്പിക്കുന്ന രീതി അവർക്കുണ്ട്.





അമ്രി ഹരപ്പൻ പാത്രത്തിലെ രണ്ടു ഗരിയാലുകളും അവയുടെ മദ്ധ്യത്തിലെ 90 ഡിഗ്രിയിലുള്ള വടിയും ഈ സംസ്കാരം അന്നും നിലവിലുണ്ടെന്ന് കാണിക്കുന്നു.അതായത് ഗുജറാത്തിലെ ട്രൈബുകളുടെ ആചാരത്തിന് 4000 വർഷത്തിലധികം പഴക്കമുണ്ട്. ഹരപ്പന്മാര് മുതലയെ ഉല്പാദനശക്തിക്കു വേണ്ടി ആരാധിച്ചിരുന്നതായി ഡെസിഫറിങ്ങ് ഇൻഡസ് സ്ക്രിപ്റ്റ് (1994) എന്ന ഗ്രന്ഥത്തിൽ ആസ്കോ പർപ്പോള ചൂണ്ടിക്കാട്ടുന്നു. വേദത്തിലെ ശിംശുമാരരൂപമായ ആദ്യവിഷ്ണുരൂപം മുതലയോ വലിയ മത്സ്യമോ ആയിട്ടാണ് ആരാധിക്കപ്പെടുന്നത്. ഇതാവണം പ്രാചീനസൈന്ധവസംസ്കൃതിയിലെ മുതല ആരാധനയുടെ തുടക്കം.

മുതലകൾക്ക് തണുത്ത രക്തമാണ്. അതിനാലവ സൂര്യപ്രകാശത്തിൽ കിടന്ന് വെയിൽ കായുന്നു. ഇങ്ങനെ ചെയ്താലേ ചലിക്കാനും ഇരതേടാനും അവക്ക് ശക്തി ഉണ്ടാവൂ. വാ തുറന്നുവെച്ച് കിടക്കുന്നത് ശരീരത്തിലെ ഊഷ്മാവിനെ നിയന്ത്രിക്കാനാണ്. ഈ സമയത്ത് പക്ഷികൾ മുതലയുടെ ശരീരത്തിലെ കീടം, അട്ട മുതലായവയെ വൃത്തിയാക്കിക്കൊടുക്കുന്നു.പകലെല്ലാം ഉറങ്ങി രാത്രി ഇരതേടുന്നവയാണ് മുതലകൾ.190 മില്ല്യന് വർഷങ്ങളായി മുതലകള് ഇവിടെ ജീവിക്കാനാരംഭിച്ചിട്ട്.

പര്യായങ്ങൾഃ ഗ്രഹം (സംസ്കൃതനാമം (ഗ്രഹിക്കുന്നത്.) നക്രം,കുംഭീരം, ആലാസ്യ(വിഷം മുഖത്തുള്ളത്)മഹാമുഖം, ദ്വിധാഗതി, അസിദന്തം, അസിദംഷ്ട്രം, ജലസൂകരം, ജലഹസ്തിമകരം,ഗന്ധികം ശിംശുമാരം. (ശിശുമാരം)

താജൻ(താജൽ) പ്രോട്ടോമുണ്ട, താജൻ(സാന്താളി)താജൻ(മുണ്ടാരി) സോര (സവര)മഗ്ഗർ(ഹിന്ദി,ഗുജറാത്തി,മറാത്തി)കുജികുംഭീര (ഒറിയ)കുമീർ (ബംഗാളി)മുതലൈ,(തമിഴ്) മുതല, ചീങ്കണ്ണി (മലയാളം)മൊസലേ(കന്നഡ) മൊസലി (തെലുഗു)ഒറീസയിൽ ഉപ്പുജലത്തിലെ മുതലക്ക് ബൌളകുംഭീരമെന്ന് പറയും.

ഗരിയാൽഃ മെച്ചോ (ബംഗാളി) തന്തിയകുംഭീര(ഒറിയ) ഘഡിയാല, (പുരുഷ), തന്തിയാന (സ്ത്രീ), തുംതി,തുതി,തുണ്ട,തുംടി, തുണ്ഡി, ചിംതാ ഗോഹി, ലംതോറഗോഹി (നേപ്പാളി), ഗോഹി,ഗോദ,ഗോദിക (മറാത്തി) .ഗൌളി, ഗൃഹഗോദിക,ഇവക്ക് സമാനമായ പദം. ഗൃഹകോലികാ എന്നും പറയും. തമിൾ കാവുലി,കൌകന്നഡ ഗാവലി,ഗാവുലി. കൊഡഗു ഗവ്ഗോണ്ടി ഗൂവ്ഹാൽ. ബ്രാഹൂയി ഗ്ലുന്റ് ഗുലോണ്ട്, ക്ലോണ്ട്,ലി. കണ്ഠിക, ഗണ്ടിക അഥവാ കന്തിക എന്നത് കഴുത്ത് സ്കന്ദം, കന്തം. ബന്ധപ്പെട്ടത്.



മുതലകളെ കാണുന്ന സ്ഥലങ്ങളില് ഇന്ത്യക്കും തെക്കുകിഴക്കൻഏഷ്യക്കും മദ്ധ്യഅമേരിക്കക്കും പ്രാധാന്യമുണ്ട്.

ഇന്ത്യയിൽ പ്രത്യേകിച്ചും കേരളത്തില് മുതല സർവ്വസാധാരണം മാത്രമല്ല, വേട്ടേക്കരന്റെയും വരുണന്റെയും വാഹനവും ആരാധനാപാത്രവുമാണ്. രാജവംശങ്ങളിൽ അവക്ക് കണ്ടനെന്നും കാളിയെന്നും പേരിട്ട് ആരാധന യുണ്ടായിരുന്നു. രാജാക്കന്മാർക്കും രാജകുമാരിമാർക്കും ഇതേ പേരുകളി ട്ടിരുന്നു എന്നത് മറ്റൊരു കാര്യം. എലിയങ്ങാട്ടിലെ ചിറയിൽ ഈ പേരുക ളുള്ള രണ്ടു മുതല ഞാൻ കുട്ടിയായിരിക്കുമ്പോഴും ഉണ്ട്. പെരുമ്പടപ്പ് കൊയപ്പള്ളിയിലെ കിടങ്ങിലുമുണ്ടായിരുന്നു മുതല. അവക്ക് വഴിപാടായി കിണ്ടി കിടങ്ങിലിട്ടാൽ ആൺകുട്ടിയും കിണ്ണം ഇട്ടാല് പെൺകുട്ടിയും ജനി ക്കുമെന്ന് വിശ്വാസവുമുണ്ടായിരുന്നു. അനന്തേശ്വരക്ഷേത്രത്തിലെ വെജിറ്റേ റിയൻമുതല ഇന്നും കേരളത്തിലെ അപൂർവ്വവസ്തുവാണ്. ഈ പശ്ചാത്ത ലത്തിലാണ് മുതലമടയിലെ പാലിയോലിത്തിക്ക് കപ്പ് മാർക്കിങ്ങുകളെ നോക്കിക്കാണേണ്ടത്.

കോപ്പക്കുഴികൾഃ-

ഇന്ത്യയിലെ ഏറ്റവും പഴയ കപ്പ് മാർക്കിങ്ങ് മദ്ധ്യേന്ത്യയിലെ ബിംബേക്ത യിലാണ്. ഇവക്ക് 7ലക്ഷം മുതൽ 290000 വർഷം ബിസി വരെ പഴക്കം കൽപ്പിച്ചിട്ടുണ്ട്. ഇതേ പഴക്കമുള്ള കപ്പ് മാർക്കിങ്ങുകള് ദാരകീചട്ടന് ഗുഹയിലും കാണുന്നു. മദ്ധ്യപ്രദേശിലെന്നപോലെ കേരളത്തിലും ഇവ ഉണ്ട് എന്നതാണ് മുതലമട, പരൌലി ഉൾപ്പെടെയുള്ള കേരളത്തിലെ കപ്പ് മാർക്കി ങ്ങുകളുടെ പ്രത്യേകത. ലോകത്തിന്റെ പല ഭാഗങ്ങളിലും അപ്പർപാലിയോ ലിത്തിക്ക്കാലത്ത് കപ്പ്മാ ർക്കിങ്ങുകള് പാറകളില് കാണാനാരംഭിച്ചു.

പാലിയോലിത്തിക്ക് മനുഷ്യരുടെ ഏറ്റവും പുരാതനമായ കലാവിരുതുക ളാണ് പെട്രൌഗ്ലിഫുകൾ, കപ്പ് മാർക്കിങ്ങ് ഒരു പെട്രോഗ്ലിഫാണ്. ഏറ്റവും പഴയ മനുഷ്യവർഗ്ഗം കേരളത്തിലെ അധിവാസകേന്ദ്രങ്ങളിലുണ്ടായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. പലതും ഗുഹകളുടെ ഉള്ളിലാണ് കാണു ന്നത് (ബിംബേക്ത പോലെ) ഫിൻലാന്റിലെ കപ്പ് മാർക്കിങ്ങുകളെ ദ്രാവി ഡഭാഷയോട് സാമ്യമുള്ള ഫിന്നിഷ് ഭാഷയിൽ കുപ്പിക്കിവി എന്ന് വിളി



ക്കുന്നു . മലയാളത്തിൽ കോപ്പക്കുഴി . ഹർത്തോല കുപ്പിക്കിവി ഫിൻലാന്റിലെ ബലിക്കല്ലുകളിലാണ് കാണുന്നത്. അതുപോലെ പാറയുടെ പുറത്തുള്ളവ ഛോട്ടാനാഗ്പൂരിലും കേരളത്തിലെ തൃശൂരിലെ പാറോലിയിലുമുണ്ട്. ഛോട്ടാനാഗ്പൂരിലെ കോപ്പക്കുഴി കളി ക്കാനുള്ളതാണ്. പാറോലിയിലേത് ദ്രൌപദിയുടെ കുളിക്ക് വാക,എണ്ണ ഇവ വെക്കാനുള്ളതായിരുന്നുവെന്ന് പ്രാദേശികഐതിഹ്യം. മുതലമടയിലേത് ഇവ യിൽനിന്ന് വ്യത്യസ്തമാണ്. അവ പാറയുടെ മേൽപുറത്തോ ഗുഹക്കകത്തോ അല്ല. പാറയുടെ ചെങ്കുത്തായ ഭാഗത്താണ്. നിരവധി കോപ്പക്കുഴികളുണ്ട്, അവ എല്ലാം കൂടി ഒരു മുതലയുടെ രൂപം ഉണ്ടാക്കുന്നു. ഏതാണ്ട് ശിംശുമാ രരൂപമുള്ള ഒരു നക്ഷത്രഭൂപടമാണത്. വിഷ്ണുവിന്റെ ഏറ്റവും പ്രാചീന രൂപം ശിംശുമാരമാണ്. ആകാശഗംഗയിലെ നക്ഷത്രങ്ങളുടെ രൂപം അപ്രകാര മാണ് എന്ന് ജ്യോതിശ്ശാസ്ത്രം. കാച്ചാംകുറിച്ചി വിഷ്ണുക്ഷേത്രത്തിനു സമീപ മാണ് ഈ പാലിയോലിത്തിക്ക് കോപ്പക്കുഴികളെന്നതും, ഇത് കാണുന്ന സ്ഥല ത്തിന് മുതലമട എന്നാണ് പേരെന്നതും ശ്രദ്ധയർഹിക്കുന്നു. സമുദ്രതീരവാ സികളായ കേരളീയരുടെ നക്ഷത്രനിരീക്ഷണമാണ് ശിംശുമാരരൂപമുള്ള ആദി വിഷ്ണുവിനെ ആകാശഗംഗയിൽ ദർശിക്കാന് സഹായിച്ചത്. ആദിഗംഗാധ

രപ്പെരുമാളായ ഗംഗാധരക്കോവിലധികാരികൾക്ക് മുതല വരുണവാഹനമായി ,വേട്ടക്കൊരുമകന്റെ വാഹനമായി ആരാദ്ധ്യമായതും മറ്റൊന്നുകൊണ്ടല്ല.





പാറൌലിയിലെ കോപ്പക്കുഴികളിൽ ഏറ്റവും വലുതിന് ഒരു ഇഴജീവിയുടെ കലാരൂപം കൊടുത്തിരിക്കുന്നു. ഇത് പെട്രോഗ്ലിഫും പെട്രോഗ്രാഫും കൂടിയ ഒരു കലാരൂപമാണ്. പൂർവ്വികരുടെ കലാചാതുരിയെ കാണിക്കുന്നു. ഇതിനെ

ഭീമന്റെ കാലടിപ്പാടെന്ന് പ്രാദേശികർ വിശ്വസിക്കുന്നു.



പാറോലിയിൽ ഇതേ സ്ഥാനത്ത് അക്ഷയപാത്രത്തിന്റെ ഒരു പെട്രോഗ്രാഫും അതിൽ ഒരു ശ്യാമകൃഷ്ണനും കാണാം.



കോഴിഃ-

സൈന്ധവഹരപ്പസരസ്വതിസംസ്കൃതികാലത്ത് മൂഷകവംശവും മുസിരിസും ഉണ്ടായിരുന്നുവോ എന്ന ചോദ്യവുമായി ചരിത്രം അന്വേഷിക്കവെയാണ് സൈന്ധവലിപിയിലെ കോഴിയെക്കുറിച്ച് വിദഗ്ദ്ധരുടെ ചില അഭിപ്രായങ്ങള് കിട്ടുന്നത്. ചിന്താമണി ജേർണലില് (2018)സൈന്ധവലിപിയിലെ മൂഷകശ്രീക വരി എന്നത് മുചിരിയും മുസിരിയുമായത് ഞാനെഴുതുകയുണ്ടായി. .

ഗുപ്താരാമ,കുക്കുടാരാമ ബൃഹദാരാമ മുതലായ നാമങ്ങൾ മുമ്പ് പൂർവ്വിക ർ താമസിച്ചവയും പിന്നീട് നശിച്ചുപോകയും ചെയ്ത ഗ്രാമനഗരങ്ങൾക്ക് ഉള്ളവയാണ്. ഈ ആരാമങ്ങളാണ് അർമാകങ്ങളെന്ന് പിന്നീട് വിശേഷിപ്പി ക്കപ്പെട്ടത്. ഇത്തരമൊരു കുക്കുടാരാമമായിരുന്നു മോഹഞ്ജോദാരോ എന്ന അഭിജ്ഞരുടെ നിഗമനം വന്നത് അവിടെനിന്ന് കിട്ടിയ രണ്ടു സീലുകളിൽനി ന്നാണ്. പെരുമ്പടപ്പ് ബൃഹദ്ഗൃഹം അഥവാ ബൃഹദ്സൃഷ്ടിയാണ്, (കാരൂ ഷകം) കൊടുങ്ങല്ലൂരിൽ ഒരു കുക്കുടാരാമം (ഘോഷാരാമം)ഉണ്ട്.

अर्म *árma*, *ās*, m. pl. ruins, rubbish, VS. xxx, 11; TS. &c.; often ifc. in names of old villages half or entirely gone to ruin (e. g. *guptârma*, *kukkuṭârma*, *bṛihad-arma*, &c., qq. vv.), Pāṇ. vi, 2, 90 seq. & viii, 2, 2, Sch.; (*as*), m. = *arman*, q. v., Uṇ.

Armaká, *am*, n. rubbish, ruins, RV. i, 133, 3.

S.No.	Egyptian		Indus		Broad Interpretations
	Sign No.	Sign	Sign No.	Sign (nearest variant with text No.)	
1	O.49		284	2522	'city, town', 'city of Four Quarters', 'planned city'
2	O.6		267	8106	'fortified house', 'citadel', 'inner city'
3	N.12		293	2314	'crescent moon' Ta. *piṟai* > *piṟa* 'other'

സൈന്ധവലിപിയിലെ നഗരം, കോട്ട, പിറ(ചന്ദ്രക്കല) ഇവയുടെ ചിഹ്നങ്ങളാണിവ. പഴയ നഗരം അഥവാ പാലിയം എന്നത് കേരളത്തിലെ മൂഷകവംശത്തിലെ മന്ത്രിമാരും സേനാപതിമാരും ഭണ്ഡാരം കാവൽക്കാരുമായ പാലിയത്തച്ഛന്മാരുടെ ചേന്ദമംഗലത്തിനു പറയുന്ന പേരാണെന്നത് ശ്രദ്ധയർഹിക്കുന്നു.

No.	Indus Signs	Broad Interpretations	Old Tamil Equivalents	Dr. Etyma (DEDR)
1.		'City of Four Quarters', 'Planned City'	*pāl̲i*	4112 & 4113
2.		'The Inner City', 'Citadel'	*akam*	7
3.		'The Outer City', 'The Others' < 'crescent moon'	*pur̲am,* *pir̲a* *pir̲ai*	4333 4422

തമിഴിൽ പാലി(പഴയ നഗരം), അകത്തെ കോട്ടയുള്ള നഗരം, പുറംനഗരം

ഇവയാണ് ഈ ചിഹ്നങ്ങൾ.



സീലിൽ പാലിഎന്ന ചിഹ്നം,(പാലിയം, പഴയ നഗരം) രണ്ട് കോഴികൾ, കാള ഇവ കാണാം. രണ്ടുകോഴിയും കാളയും അർദ്ധനാരീശ്വരക്ഷേത്രമെന്ന് കാണിക്കുന്നു.

വലിയ കോയിൽ(കോഴി)ത്തമ്പുരാന്റെ പ്രധാനനഗരം.നന്ദിയോടുകൂടിയ



ശിവന്റെ ക്ഷേത്രം .

ഈ സീലിലും കോഴി ഉണ്ട്. ഒന്നേ ഉള്ളു. പാലിയചിഹ്നമില്ല. ഇന്ദ്രധ്വജവും ഒറ്റക്കൊമ്പുള്ള മൃഗവുമാണ്, കാള ഇല്ല. അകത്തെ നഗരം, പുറത്തെ നഗരം ഇവയുടെ സിംബലുകളാണ് ആദ്യം കാണുന്നവ. പിന്നീട് 4 കൊമ്പുള്ള മത്സ്യ വും(മകരധ്വജം) അതിനു ചുറ്റും നാലു ബിന്ദുവും കാണാം. ദേവീക്ഷേത്ര ചിഹ്നമാണിത്. പിന്നെ കാണുന്നത് കൊടിയാണ്. മത്സ്യക്കൊടി കാമദേവ ന്റെയും പാണ്ധ്യരാജാവിന്റെയുമാണ്.സത്യശ്രേയന്മാരെന്ന ചാലൂക്യവല്ലഭ, മൂഷകവല്ലഭവംശവും മകരധ്വജമുള്ളവരാണ്.സമുദ്രസഞ്ചാരികളാണ്. അവ സാനം ഒരു കോഴിചിത്രം.മുരുകനും കോഴിക്കൊടിയോനാണ്. ദേവദാസി കളുടെ ആരാധനാക്രമമുള്ള ദേവി(കൊറ്റവൈ അഥവാ കോഴി എന്ന ദുർഗ്ഗ) യുടെ ക്ഷേത്രമാണ്. Gallus domesticus എന്ന കോഴി തെക്കേ ഏഷ്യ, തെക്കു കിഴക്കേ ഏഷ്യയിൽ രണ്ടിനം കോഴികളെ പരസ്പരം ഇണചേർത്ത് ഉണ്ടാ ക്കിയ സങ്കരക്കോഴിയിനമാണ്. 3600 ബിസി മുതല് ചൈനയില് കോഴിയെ വളർത്തുന്നുണ്ട്. 5000 ബിസി മുതല് മൊഹഞ്ജോദാരോവില് കോഴി വള ർത്തുന്നുണ്ട്. കോഴിയുടെ സംസ്കൃതനാമം കുക്കുടം. തോമസ് ബറോ എന്ന ഇന്ഡോളജിസ്റ്റ് ആരാമം, അർമ്മ,അർമ്മാക എന്നവസാനിക്കുന്ന സ്ഥലങ്ങളെ ല്ലാം പഴയ നഗരങ്ങളാണെന്നു പറഞ്ഞു. ഇതും സൈന്ധവസീലിലെ കോഴി യും വച്ച് ഐരാവതം മഹാദേവൻ മോഹഞ്ജോദാരോവിന്റെ പഴയ പേര് കുക്കുടാരാമമെന്നായിരുന്നു എന്ന് പറയുന്നു. കോഴികളുടെ അർമ്മാകം

അഥവാ നശിച്ചുപോയ കോഴിനഗരം എന്നാണ് അതിനർത്ഥം. ഇത് നമുക്ക് കേരളത്തിലുള്ളവർക്ക് വളരെ രസകരമായി തോന്നും. കാരണം നമ്മുടെ രാജാക്കന്മാരെല്ലാം കോയിത്തമ്പുരാക്കന്മാരാണ്, അവരുടെ പഴയ നഗര ങ്ങളിൽ പലതും കോഴി എന്ന പേരുള്ളതാണ്. കോഴിമാംപറമ്പ്, കോഴി ക്കോട്ട് , കോക്കോഴിക്കോട്ട്,കോഴിക്കുളങ്ങര ഇങ്ങനെ ലിസ്റ്റ് നീളുന്നു. കുക്കു ടാരാമം കൊടുങ്ങല്ലൂരിലെ ദേവീക്ഷേത്രത്തിനടുത്താണ് .ഇത് പഴയ മൂഷക വംശത്തിന്റെയാണ്.


കാളഃ-



സൈന്ധവകാലത്തെ ഒരു ശിൽപമാണിത്. സിംഹത്തിനുപകരം കാളവാഹന ത്തിലിരിക്കുന്ന സ്ത്രീരൂപം. പൂഞ്ഞക്കാള സൈന്ധവരുടെ പ്രധാനരൂപമാണ്. (ഋഷഭം)

ഇതിന്റെ തുടർച്ച കേരളക്ഷേത്രങ്ങളിലെ കാളകാഴ്ച (മലയാളം) കാട്ചി (തെലുഗ് തമിഴ്) ദേവീക്ഷേത്രത്തിലെ കെട്ടുകാഴ്ച.ഇവയിലെല്ലാം കാണാം. മച്ചാട്ട് മാമാങ്കത്തിലെ അവസാനത്തെ 5 ദിവസം കുതിരകെട്ട്. രാജസ്ഥാനി ലെ പുഷ്കരത്തിലെ വലിയ കാലിച്ചന്ത ബ്രഹ്മാവിന്റെ വിവാഹച്ചടങ്ങി നോട് ബന്ധപ്പെട്ടാണ്. കാളക്കോലം,കുതിരക്കോലം. കേരളത്തിലെ ബ്രഹ്മക്ഷേത്ര

ങ്ങളിലെ കന്നുകാലിജാഥ (ഓച്ചിറ) മാട്ടുപ്പൊങ്ങ്ൽ മുതലായ ഉത്സവങ്ങള് ഇവ ഓർക്കണം. കാർഷികഭാരതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്



കാളയും പശുവും.

ഋഷഭേശ്വരമായ വടക്കുന്നാഥക്ഷേത്രത്തിലെ ലിഖിതം-

(ത്രിപദി(ത്രിപതി)യായ എരുതിന്റെ (കാളയുടെ, ഋഷഭന്റെ) ശ്രീമയം (ശ്രീകാര്യം). ഓം .ഉമ .തൃക്കൈടരത്തിലെ ഋഷി

ഖേരളം ,കൈടരം,ഖൈടരം,കൈടരം എന്നെല്ലാം പല ലിഖിതങ്ങളില് പല ലിപികളിലായി കാണുന്നുണ്ട്. ഇത് കേരളത്തിന്റെ പഴയ പേരായിരുന്നു. ഋഷി,ഋഷഭം,നന്ദി,എരുത്-മൂന്നുപദവും നന്ദിയെ സൂചിപ്പിക്കുന്നു.ഇത്, 3 പ്രദേശങ്ങള്ക്കും ആധിപത്യമുള്ള ഋഷഭാദ്രി എന്ന ഋഷ്യമൂകാചലം. അതിലെ (3 പ്രദേശങ്ങളിലൊന്നായ) തൃക്കൈടരത്തിലെ (കേരളത്തിലെ) ഋഷഭത്തിന്റെ ശ്രീമയം,ശ്രീകാര്യസ്ഥാനം എന്നു വായിക്കാനാവും. ഋഷഭഭക്തനായ ഔഡവ (5 എന്ന് ഈവാക്കിനര്ത്ഥം) ഉഡ്ര (ഉണ്ഡ്ര) ദേശത്തിന്റെ അക്ഷം (ധ്രുവം) നാഗ ഋഷി. ഉഡ്രമെന്നത് പൌരാണിക കാലത്ത് കേരളപര്യായമായിരുന്നു. ഒറീസ്സ

എന്നും അര്ത്ഥമുണ്ട്. 5 ജനങ്ങളുടെ (പഞ്ചജനം) നാഥനായ ഋഷഭേശ്വരനായ ചക്രവര്ത്തി

സ്വസ്തിശ്രീ നൃപന് . ഋഷഭപ്പള്ളിയിലെ ഋഷഭന് ഓം. ഭട്ടകന്നട(ഡ)ഭത്തിലെ (ക്ഷേത്രത്തിലെ) ഉമ ,ഋക്ഷം (അചലം,ധ്രുവം) രക്ഷിക്കട്ടെ. കൈടരം, കന്നഡം, ഉഡ്രം എന്നു 3 ഋഷഭദേശങ്ങളിലും അചലമായി,ധ്രുവമായി ഇരിക്കുന്ന ത്രിപദിയായ പഞ്ചജനേശ്വരചക്രവര്ത്തിയെ ഋഷഭേശ്വരനായിത്തന്നെ ബഹുമാനിക്കുന്ന ഒരു ജനതയുടെ സംവേദനമാണിത്. ഒറീസ്സ, കര്ണ്ണാടക,കേരളം വരെയുള്ള മദ്ധ്യദക്ഷിണേന്ത്യ ഏകമായ സാമ്രാജ്യമായിരിക്കെയുള്ള ലിഖിതമാണെന്ന് വ്യക്തം. അന്ന് ചേതി, സേതഗിരി ചേദി മുതലായ പേരുകളും ഉണ്ടായിരുന്നതായി കാണുന്നു..ഗണപതിയറയിലെ **പുല്ക്കസനഗരത്തിലെ ഫണീശരെന്ന** പദം ശ്രദ്ധേയമാണ്.പുൽക്കസന്മാരായ ചാലൂക്യവല്ലഭവംശവും മൂഷകവല്ലഭവംശമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഛ cha	**ഡ്** d
ഭ്ര bhra	**ഡ്** d
ര ra	**ഡ്** d
ക്കുമ് (ക്കു)kku	**ഡ്** d

പ്രാസമൊപ്പിച്ച നാലുവാക്കുകളുടെ പ്രയോഗവും ശ്രദ്ധിക്കണം.ഛഭ്രരക്കുണ്ഡ് ,ശബരരുടെ കുണ്ട്,ശബര,ചേരന്മാരുടെ വാസസ്ഥാനം, വഞ്ചിക്കുഴി, ചേരക്കുഴിയിലെ ഫുല്ക്കസനാഗങ്ങളായ ഫണീശ്വരര്. ശബരരുടെ വാസസ്ഥാനത്തിന്റെ താഴെ (അധോഭാഗത്ത്) അജേ (മേടത്തില്,) നാഗങ്ങള് നിര്മ്മിച്ച അറ. ക്ഷാമകാലത്ത് ആ അറ തുറന്ന് ധനധാന്യാദികള് നല്കി പശുപക്ഷി മാനവജാതിയെ സംരക്ഷിക്കുന്നതിനാണ് ഖജനാവുസൂക്ഷിപ്പുകാരനായ പാലീശനെ വിളിക്കുന്നത്.ഗണപതിഅറ ക്ഷേത്രം ഖജനാവാണ്.

ശങ്കരനാരായണസ്വാമിക്ഷേത്രത്തിന്റെ പടിഞ്ഞാറെ വാതില്ഭാഗത്ത്ശ്രീ പൂര്വ്വ ത്രിപുരേശാ ശ്രീ ശ്രീ ശ്രീഖരു(ഖര,കേരള)വടച(വടക്കേ ഈശ്വരന് വടക്കുന്നാഥനെന്നാവാം) ഹ്രീം സ്വാഹാ

ത്രിഷു (മൂവേന്തര്ക്കും) ഗുരു ഗുപശ്രീയുടെ (കൂപകശ്രീ,കൊടവലശ്രീ. ഗോശ്രീയുടെ പഴയ പദം) പഴയ (പയങ്ക് എന്നാല് ഐശ്വര്യമെന്നും അര്ത്ഥമുണ്ട്) പയങ്കെഴുന്ന പത്രം

ഭാഷക്കും നാഥനും പാരംഗതനുമായ ഔലപ്പന് (ഉലൂകന്യായം, വൈശേഷികകണാദന്യായം അറിയുന്ന നൈയായികന്) .ഓരി എന്ന വേള്മുഖ്യനായ ഔളപ്പമണ്ണ .ഓല എഴുതുന്ന പണ്ഡിതനാണു എന്നതിനാലും ഔലപ്പള്ളൂര് അദ്ദേഹത്തിനും നമനമനമ (3 വട്ടം) പറയുന്നു.

യജയജയജ (3 വട്ടം)

പാപങ്ങള് നീങ്ങട്ടെഎന്ന് ധ്യപ ധ്യപ ധ്യപ (ധ്യാനിക്കുക)

രുരുജ (രുരുജ, രുരുജിത്) .വീണ്ടും ഓങ്കാരം ധ്യാനിച്ച് 3 വട്ടം മണി അടിക്കുക.

ശ്രീം ശ്രീം ശ്രീം പയീ എന്നാല് നാഗം,പാമ്പ്,പാലിയം,പഴയ. ത്രിഭങ്ങള്ക്കും (തിര്യഗ്ഭാഷയടക്കം

ഓം പഴ(യ) ഭഗ(ഐശ്വര്യ)നാഗം

ഗര്ഗ്ഗീ)ഗഗ്ഗീതടത്തിലെ ഹയലൂപിക എന്താണ് ഒരു വ്യക്തിയാണോ

ത്രിഭാഷാപാരഗതര്ക്ക് ഈ ലിഖിതം 3 വിധം വായിക്കാം. ആദ്യത്തേതാണ് മുകളില് കൊടുത്തത്. മററ് 2 വായനകളും കൂടി ചേര്ത്തുവായിച്ചാല് ലഭിക്കുന്ന പൂര്ണ്ണാര്ത്ഥം താഴെ കൊടുക്കുന്നു ത്രിപുര ത്രിഭുവന ശ്രീ ശ്രീ ശ്രീ ഖരുവട(കേരളവടശേഖര)ക്കുന്നാഥന് ഹ്രീം സ്വാഹാ .ത്രിഭുവനഗുരു ഗോശ്രീ പയീപത്രം (പഴയ,പാലീയ,വേദ,നാഗപത്രം) .പ(ഫ)ണിയാതിരി പാലിയവും (യോഗാതിരിയുടെ പഴയപേര് ഫണിയാതിരി) മൂന്നിനും നാഥന് വന്നേരി പെരുമ്പടപ്പുമൂഷകനും പണ്ഡിതലിപികന് ഔളപ്പമന്നനും കൂടി .(പയീ അഥവാ പാലീയപത്രമെന്ന് ശാസനത്തെ വിളിച്ചിരിക്കുന്നു).

സര്വ്വപാപ,വിഘ്നനിവാരണത്തിനായി നമ,ജപ,തപ,യജന,ധ്യാനങ്ങള് ചെയ്യുന്നു. ഗര്ഗ്ഗീതടത്തിലെ അശ്വ(ഹയ)രൂപിക പണ്ടു ചെയ്ത ഈശ്വരകാര്യമാണ് ഇവരും ചെയ്യുന്നത്. അല്ലെങ്കില് ഗര്ഗ്ഗീതടത്തില് ഒരു ഹയരൂപിക തീര്ത്തു എന്നുമാവാം. ഗര്ഗ്ഗീതടത്തില് വേദയജ്ഞാനുഷ്ഠാനം അശ്വമേധം ചെയ്ത് വിജയസ്തൂപിക നാട്ടിയ (ദേവകാര്യമായി അശ്വമേധം) കുലഋഷി ഖലമഹര്ഷി എന്ന ഔലപ്പ (കണാദവൈശേഷികപണ്ഡിതന്)ന് പൂരു എന്ന ഹരിയാണ്. പൂരു ഹരിവംശ,ചന്ദ്രവംശത്തിലെ പ്രസിദ്ധരാജര്ഷി.അദ്ദേഹം തപം ചെയ്തത് പെരുവനമെന്ന പൂരുവനത്തില്. (പെരുവനം പഴയ പൂരസ്ഥാനം) കേരളമൂഷകവംശത്തിനും ശ്രീകൃഷ്ണനും പൂർവ്വീകനുമാണ്. അപ്രകാരം ആദ്യം ദൈവകാര്യം ചെയ്ത കുലര്ഷി ശ്രീ ഔലപ്പുരുഹരി ,ഹ്രീംനാഥനെന്ന ബ്രഹ്മര്ഷിക്കു നമസ്കാരം. ഗുരുവിന് (ത്രിലോകത്തിനും മൂവേന്തരുടെയും) ഇവിടെ നമസ്കാരം പറയുന്നുണ്ട്.

പഴയകാലത്ത് പലരും ചെയ്ത ആപുണ്യകര്മ്മം അനുഷ്ഠിക്കയും അനുഷ്ഠിപ്പിക്കയും ചെയ്ത കഥപ്പഗാരു (കദംബവാസി) കടപ്പയിലെ ഗാരു (മഹാത്മന്) എന്ന ഗരുത്മാന് കൃപ ചെയ്യണം .ഭഗവാനായ എരുതിന്റെ (ഋഷഭം) കൃപ.

സര്വ്വ ഋണമുക്തിക്കായി 3 വട്ടം വീതം, നമനമനമ, തപതപതപ, ജപജപജപ മന്ത്രം ആവര്ത്തിക്കുന്നു. 3 വട്ടം മണി മുട്ടി തൊഴുന്നു. രുരുജാ, മാനില് നിന്നു ജനിച്ച, മാനിനെ വാഹനമാക്കിയ ശീഘ്രഗാമിയായ രുരുജിത്തേ, എന്ന് ഋ അക്ഷരധ്യാനം ചെയ്യുന്നു. ഋ എന്ന അക്ഷരത്തെ അക്ഷമാക്കി,ഋക്ഷമായി, ഋഷഭമായി ധ്യാനിച്ച് ഓം എന്ന് പ്രണവധ്വനിയുണ്ടാക്കി മണിയടിക്കുന്നു, ശ്രീം എന്നു 3 തവണ അതിപുരാതനമായ (പഴയ,പാലി) ശ്രീനാഗത്തെ പ്രണവധ്വനിയായി ഋഷഭസ്വരമായി ധ്യാനിക്കുന്നു. ഗര്ഗ്ഗീ എന്നത് ഗര്ഗ്ഗ,ഗാര്ഗ്ഗീ ശബ്ദം പോലെ ഗഗനത്തില് ആദ്യത്തെ ഹയരൂപികള് (അശ്വിനി) എന്ന മണ്സൂണ്കാററുകളും ഇടിയും മുഴക്കുന്ന ഇടവപ്പാതിയുടെ (ഋഷഭപ്പാതി) നാദോത്പ്പത്തിയുമാണ്. ഏററവും പുരാതനമായ ഓംകാരം ആ ഗഗനനാദമാണ്. ഇന്ത്യാ ഉപഭൂഖണ്ഡത്തില് ഈ ഋഷഭസ്വരം ഇടവം പകുതിയില് കാര്ത്തികരോഹിണി നക്ഷത്രസ്ഥാനത്ത് സൂര്യന് നില്ക്കുമ്പോള് കേരളത്തിലാണ് ആദ്യം അനുഭവപ്പെടുക. പ്രണവധ്വനിയോടെ അമൃതധാര ചൊരിയുന്ന ,ജീവനമഴപൊഴിയുന്ന ആ പഴയ ഋഷഭനെ ധ്യാനിക്കുന്നു. ഈ തൃക്കാര്യം ആദ്യം തുടങ്ങിവെച്ച ഗുരുവായ ഋഷിയെ വന്ദിക്കുന്നു.

ഉലൂകചിഹ്നം (മൂങ്ങ) സിന്ധുഹരപ്പന് നാഗരികതയില് കാണാം .ഔലപ്പനെന്നാണ് ഇവിടെ എഴുതിയിരിക്കുന്നത്. തമിഴില് ഒലിയന് (ഒലി അഥവാ നാദം ഉണ്ടാക്കുന്നവന്). ഒലി അഥവാ നാദോത്പ്പത്തിയുടെ ശാസ്ത്രീയവിവരണം ഉള്ളതിനാലാണ് കണാദവൈശേഷികത്തിന് ഔലൂക്യദര്ശനമെന്നു പേര്. പാലിയം യോഗാതിരിയും, ക്ഷേത്രനിധിപാലകനുമായി, ഒളപ്പമണ്ണ ശാസ്ത്രജ്ഞനും ഭാഷാപണ്ഡിതനും ലിപികനുമായി ,കോശ്രീ മാടഭൂപനുമൊത്ത് അനുഷ്ഠിച്ച ,പൂരുവംശത്തോളം തന്നെ പഴക്കമുള്ള ഒരു സമ്പ്രദായമാണിത് . എരുതിനെ (കാളയെ) ഹരപ്പന്കാലത്തും ഇങ്ങനെ ആരാധിക്കുന്നുണ്ട്.പലയിടത്തും സിന്ധുഹരപ്പന് ലിപി കാണുന്നു എന്നതും ലിഖിതങ്ങളെ ശ്രദ്ധേയമാക്കുന്നുണ്ട്.

ശ്രീലകത്തെ ഈക്ഷിച്ച് (ഈക്ക്യ)അഥവാ നോക്കി,കപലപയ (കപിലവര്ണ്ണം വെളുപ്പ്,പയ പഴയ) എന്ന പഴയ വെളുത്ത കാള (കപിലനെന്ന സാംഖ്യമുനി ആദ്യത്തെ വൈഷ്ണവാവതാരം) ഇരിക്കുന്നു.ഈ പഴയ വെള്ളക്കാളയെ വന്ദിക്കണം. കപിലനെന്ന ഗുരുവിനെ വന്ദിക്കുന്ന സമ്പ്രദായം കാണുക. ഇത് മഥുരയിലെ ലകുലീശസ്തംഭലിഖിതത്തിലും കാണുന്നുണ്ട്.

ഇവിടെ ഒട്ടനവധി ചിത്രലിപികള് കാണുന്നു. ഗൌരീവര എന്നത് ശിവശക്തിധ്യാനം.

ഓം 2 ലഘുമാത്ര

ഔം 2 ഗുരുമാത്ര

ഓം എന്ന് ആരോഹണത്തില് ന്യാസം. ആരോഹണത്തില് ബ്രൂക എന്നൊരു വാക്ക് പ്രയോഗിച്ചിരിക്കുന്നു. ബ്രൂ അഥവാ ഉച്ചരിക്കുക.ബ്രൂഹി. ഈ വാക്കില് നിന്നാവാം സംഗീതശാസ്ത്രത്തിലെ ബൃഗ എന്ന പദവും ഉണ്ടായത്. ആരോഹണാവരോഹണചിഹ്നം ഉള്പ്പെടെ ഒട്ടനേകം സൈന്ധവഹരപ്പന് ചിഹ്നങ്ങള് ഉപയോഗിച്ചിരിക്കയാലും മലയാളലിപി വളരെ കുറച്ചിടങ്ങളില് മാത്രം പേരിന് മാത്രം കാണുകയാലും ,ഇത് വളരെ പഴക്കമുള്ളതാണ്.

നതടപ്ലുതപശ്ലിവഭൂവുളീശ്വര ശ്രീശ ഫണിതബള(ധവള)

ഫണീസ്വര്യഗളഛനരീവഢ്ലീംഠിപളവണാരബരൂ

നൃഢ്വരരിപു ഈഗാഹനയരജയ

സമുദ്രതടോപരി പൊന്തിക്കിടക്കുന്ന വഞ്ചിപോലുള്ള ശിവഭൂമിയുടെ മുഴുവനും ഒളിയും ഒലിയുമായ (പ്രകാശനാദങ്ങള്) ഈശ്വരാ, ശ്രീശാ, നാഗവലയം (നാഗവള,ഫണികളാല് വളയപ്പെട്ട സമുദ്രതീരമാകുന്ന വെണ്ചിലമ്പുവള)കൊണ്ടും ഫണികളുടെ കഴുത്തിലെ സ്വരത്തിന്റെ ശുദ്ധനദീപ്രവാഹമാകുന്ന നാദത്തോടുചേര്ന്ന ഢ്ലീംഠീം എന്ന ഡിമമാകുന്ന മൃദംഗപല്ലവനാദംചേര്ന്നും ആ ആരവങ്ങളാല് നൃപവരന്മാരെ അരിപുക്കളായി (അശത്രു) മിത്രങ്ങളായി നിര്ത്തുന്നവനേ, നിന്നെ സ്തുതിക്കുന്ന ഈ ഗാനങ്ങളാല് ഞങ്ങള് ഈഹാരൂപമായ സര്വ്വദുഖങ്ങളേയും ജയിക്കട്ടെ. അവിടുത്തേക്ക് ജയം വരട്ടെ.

അരുവികളിലെ മൃദംഗനാദവും,സാഗരത്തിലെ പെരുമ്പറ(ദുന്ദുഭി)നാദവും നുരകളുണ്ടാക്കുന്ന വെളുത്തനാഗവളയവും എല്ലാം ആകാശത്തിലെ ഋഷഭന്റെ നാദപ്രകാശവര്ഷത്താല് എന്നെന്നുംനില നില്ക്കുന്ന്താണ് ജീവന്റെ നിലനില്പ്പിനാധാരമെന്നു തിരിച്ചറിഞ്ഞമനുഷ്യരുടെ ഗീതമാണിത്.അഞ്ചു തല നാഗമെന്ന അയ്യ്ബ്ബഢ്ലുനാഗര് ,അഞ്ചുവംശങ്ങളുള്ള (ശാഖ) തന്റെ ഭൂമിയെ കാത്ത്,ഐന്തിളകളെന്നപഞ്ചജനത്തിനും പഞ്ചക്ഷേത്രത്തിനും പഞ്ചഭൂതങ്ങള്ക്കും കാപ്പുതമ്പുരാനായി ഗിരിമേലിരിക്കുന്നു.ആ കാപ്പുതമ്പുരാനെ അനന്തരക്ഷാനാഗത്തിന് ഓം എന്ന് പ്രണാമം അര്പ്പിക്കുന്നു.

ഗിരിഗുഹാഗൃഹങ്ങളില് വാഴുന്ന ആദിമഗുഹാമനുഷ്യനെന്ന വല്ലഭവേടം വേട്ടക്കൊരു മകനായി ധര്മ്മം കാക്കുന്ന ധര്മ്മപരദേവതയാണ്.അവന് മാനിന്റെ വേഗവും കഴുകന്റെ കണ്ണുമുണ്ട്. ശ്രദ്ധാലുവായി, ധര്മ്മരക്ഷക

നായി, ഗുഹയില് വാഴുന്ന അവന് ക്രോധമുള്ള സൈന്യാധിപവേഷവുമുണ്ട്. ജ്ഞാനിയും യോഗിയുമായ ഗുരുരൂപവുമുണ്ട്.അപ്രകാരമുള്ള വേടവംശജ നും കിരാതനും ആദിമലയാളും ദൈവവുമായ വല്ലഭനാഗത്തെ ഔം ധും ധിം ദ്ധിര എന്നുതാളം ചവിട്ടി ,നര്ത്തകിമാരായ അപ്സരസ്സുകള് വണങ്ങുന്നു. മുശ്രീകശ്യപനായ(മുശരിയിലെ കശ്യപഗോത്രം)ഈ ദേവന്റെ ശ്രീവടക്കു ന്നാഥന്റെ ഭൂമിയിലെ മൂഷകശകടം (വണ്ടി,രഥം) യക്ഷരാക്ഷസാദികള് വലിക്കുന്ന താളം-

ഔം തോടധൈയ്യത്തൈയ്യയ്യൈ

ഔം ഔം ഔം

ശകടങ്ങള് (രഥം,പല്ലക്ക്,വഞ്ചി മുതലായവ) ഈ താളത്തില് ഗമിക്കുന്നു. അഥവാ മൂളിക്കൊണ്ട് വലിക്കുന്നു. വെററിമുരശും ,ധനാഗമമാര്ഗ്ഗമായ കുരുമുളകും ചിഹ്നമാക്കിയ മുരചിപട്ടണത്തിലെ മുരശിന്റെ താളത്തില് ,

ധീം മുരശും ധാ

മൂഷകശകടാ

എന്ന് തീവരരെന്ന അമരാര്യകുലവും (ധീവര) വഞ്ചീശമംഗളം പാടുന്നു. രഥഘോഷയാത്രയുടെ മേളസ്വരങ്ങളെല്ലാം സ്വരസാഹിത്യത്തോടിണക്കി , നൃത്താഭിനയത്തിന് യോജിച്ച വിധമാണ് രചന.

ഓം തോടുടൈയ ചെവിയനെന്ന് തിരുജ്ഞാനസംബന്ധര് പാടി. (അര്ദ്ധനാരീ ശ്വരദര്ശനം കിട്ടിയപ്പോള്).ഓം തോട് എന്നാല് പ്രണവവും ദേവിയുടെ തോട (താടങ്കം) അണി ഞ്ഞ ചെവിയും- നാദവും ശ്രവണവും -ചേര്ന്ന രൂപം. ഓന്തോട് എന്ന് വായിച്ചാല് ഓന്ത് അഥവാ ഗൌളിവര്ഗ്ഗത്തില് പെട്ട (Iquana) വാഹനത്തോടുകൂടിയ ഗൌരി. പണ്ടുകാലത്ത് പാറയോളം വലിപ്പമുള്ള ദിനോസോറുകള് എന്ന രാക്ഷസാകാരര്ക്ക് മലയാള,തമിഴ് ഭാഷകളില് പാറെ ലി (പാറയെലി)എന്ന് പറഞ്ഞിരുന്നു.അത്തരം പാറെലി എന്ന മൂഷകശിവ ഭൂതത്തെ വാഹനമാക്കിയ ശിവപുത്രനായ മാമ്മോത്ത് (mammoth) ഗണപ തിയെ,മാതാവായ ഗൌരീസമേതം വണങ്ങുന്നു.സംഗീതക്കാരും നര്ത്തകിമാരും പാടിയാടുമ്പോള് ഇങ്ങനെ പാടണം

ഐംപദഹമുര
ഐംപടഹമുര

ഐവണഗ്ചതുരന്നാരുവഞ്ചിഗ പദപ്പഢ
ചാരുവഞ്ചിഗപദപ്പദ
പഖാഖമൂഷകധാപ്പധാ

ധ

പ്പ
മ്മ ഐംപദം) (
മാഥഥീം ഥീം ഥീം ഫണീ
ശ്വകചലഗഗ്ഗ
ധാ
പ്പാ
മ്മാ (ഐംപദം)
ധീംധിത്തഥിഥിംഥിംഗലലിംഗീ
ഐലഹഹാശ്യംഗീ മൃദംഗീ
പടഖ(ഹ)ഗാനകേശാ
ആ....
ആ...

ആ... 3 മാത്ര താഴേക്ക് താഴേക്ക് അവരോഹണമായി കുറച്ചു കൊണ്ടുവന്ന് നിര്ത്തണം)ഉത്സവം,പൂരം, മുതലായവയ്ക്ക്, വിശേഷദിനങ്ങളിലും, ശീവേലിക്ക് ഭൂതബലി തൂകുമ്പോളും ദേവദാസികള് ഇതു പാടി അഭിനയിച്ച് നൃത്തം വെച്ചിരുന്നു. കാര്ഷികജനതയുടെ ,ചൈത്ര, വസന്തോത്സവാദികളിലെ ഋഷഭ,നാദ,ഗീത,നൃത്തപാരമ്പര്യത്തിന്റെ പഴയ തിരുശേഷിപ്പുകളാണിവയെല്ലാം. പ്രാകൃതജനതയുടെ ഭാഷയില് , ആദ്യമായി പാടി അഭിനയിച്ച് ക്ഷേത്രകലകള് ഇങ്ങനെയൊക്കെ വളര്ന്നു എന്നതിന് പില്ക്കാലതലമുറക്ക് അറിവു നല്കുക എന്നൊരു ദൌത്യവും ലിപികര്ക്കും ശില്പികള്ക്കും രാജാക്കന്മാര്ക്കും ഉണ്ടായിരുന്നിരിക്കാം.

ഈ വടക്കുന്നാഥലിഖിതത്തിൽ കാണുന്ന കപിലനാമവും , വളാഞ്ചേരിയിലെ പൂക്കാട്ടിയൂർ ശിവവിഷ്ണുക്ഷേത്രസമുച്ചയത്തിലെ ലിഖിതത്തിലുള്ള ലകുലേശനാമവും കാണുന്ന ഗുപ്തകാലത്തെ മഥുരയിലെ ലിഖിതമാണ് ഇനി നമുക്ക് നോക്കാനുള്ളത്.

അയിരമല ലിഖിതം(ഐവർമലലിഖിതം) ഇവിടെ താമസിച്ചിരുന്ന 16 ഭിക്ഷു ക്കളെ ഐവർമലൈതേവരെന്നു വിളിച്ചിരുന്നു.8-10 നൂറ്റാണ്ടുകളിലെ ലിഖിത ങ്ങളുണ്ട്. അച്ചനന്ദി,അവ്വനന്ദി, ഇന്ദ്രസേനർ,വീരസംഘത്തിലെ മല്ലിസേനൻഎ ന്നിവരുടെ പ്രതിമകളും പാർശ്വനാഥവിഗ്രഹവുമുണ്ട്. കുറത്തിയാരെന്ന സ്ത്രീ(സന്യാസിനിയുടെ)യുടെ പ്രതിമയുമുണ്ട്. പതിറ്റുപ്പത്തിലെ അയിര മലയാണ് ഇത്.10ആം നൂറ്റാണ്ടുവരെ ചേരരാജാക്കന്മാരുടെ ഒരു വിദ്യാസ്ഥാ പനം ഇവിടെ ഉണ്ടായിരുന്നു.പതിറ്റുപ്പത്ത് ചേരന്മാരുടെ വംശകഥകളാണ്. നളിം അവിശേരിപ്പള്ളിയിലെ വിദ്യാർത്ഥികളും ഇവിടെ വന്നു താമസിച്ച് പഠിക്കാറുണ്ട്. വരഗുണപാണ്ഡ്യൻരണ്ടാമന്റെ എട്ടാംഭരണവർഷത്തിലെ ലിഖിതം((എഡി 870) ഇദ്ദേഹത്തിന്റെ ഭരണം എഡി 862ലാണ് തുടങ്ങിയ തെന്ന അഭിപ്രായത്തെ ശരിവെക്കുന്നുഇവിടെ ഒരു ലിഖിതം ശ്രീവല്ലഭ പ്പള്ളിയിലെ വടഌലഭം(ഌഷഭം) അഥവാ നന്ദി. വലഭപ്പള്ളിയിലെ വടഌഷഭം . മൂവേന്തവേളാനെന്ന ഌഷഭം(നന്ദി)എന്ന് ഒരു മുനിവിഗ്രഹത്തിനു താഴെ എഴുതിയിരിക്കുന്നു. വല്ലഭരാജാക്കന്മാരെന്ന മൂഷകവംശക്കാരുടെ സർവ്വക ലാശാലയിലെ(വലഭി സർവ്വകലാശാല) ഌഷഭമായ നന്ദി പണ്ഡിതശ്രേഷ്ഠന്). മൂവേന്തവേളാനെന്ന ചേരചോളപാണ്ഡ്യരാജ്യത്തിന്റെ അധിപൻ.

വളാഞ്ചേരി(വളഭാഞ്ചേരി)യിലെ ക്ഷേത്രത്തിലെ ലിഖിതം ഇവിടെ ഒരു വിദ്യാ സ്ഥാപനമുണ്ടായിരുന്നുവെന്നു കാണിക്കുന്നു.മഹാദേവസ്വാമിയുടെ ഗഗനകു ടുംബസ്ഥലമെന്ന് ലിഖിതം ഇതിനെ വിളിക്കുന്നു. ഹൈമിയായ ചൂലാലി എന്ന സുന്ദരി ആയുസ്സിനും പ്രജക്കുമായി നിര്ദ്ധനനനും നിർഗ്ഗുണനും നിത്യ നിർവ്വാണമദലഹരി കൊണ്ടവനുമായ ശിവന്റെ ലലനാ(ലലാട)പദം സ്വീക രിച്ചു. ആയ് വംശത്തിലെ വധുവിന്റെ ചുഞ്ചുലു ചുഞ്ചുലു എന്ന് ചിലങ്ക യുടെ നാദം കേട്ട് ലവുലീശ്വരൻ പറഞ്ഞു. ചെഞ്ചുരുണി, ഈശ്വരസ്വാമിനി യുടെ രജസ്സിൽ ശുക്ലഹോമത്തിന് നാവാസ്വാമിക്കുള്ള അഹസ്സ് കഴഞ്ചിന് 32 എള്ളുവിളയുന്നഭൂമിയും ആണ്ടുമുഴുവനും ശകപല്ലവപ്പശുംപൊന്നുംതാലനീ രാടുന്നതിന്ന്.....

ഗോശ്രീ .....മേർക്ക് ത്രിഭുവനത്തില് വേണയില് ഹൃദ്സാഗരത്തില് സ്ഥിതി ചെയ്യുന്ന സംസദ്.(പരിഷത്ത്.)അഥ (മംഗളം) അപ്രകാരം 100 യാഗം ചെയ്തവരുടെ ഊരിൽ (ഊരണി) വെളിവിത്തുത്തേവരുക്ക് നലവിസഭയി ൽവെച്ച് പേകവിവേരു ആയ വർണ്ണയാള ലവണന് ആണ്ട് 791 പശ്ചിമ ത്തിൽ,വേൽഫന്തമെന്ന വൈലസ്ഥാനത്ത് 2311 മേടം 12 കന്നിവ്യാഴം 22 ആകാശത്തിൽ മേൽത്തൂണുകളായിരിക്കുന്ന 27 ഗണകന്മാരില് 73 ആവ ർത്തി കഴിഞ്ഞ് 19ആം നക്ഷത്രത്തിൽ 013 നാഴിക വെളുപ്പിന് 1 വിനാഴിക

മുടിഞ്ഞ് വീണാവേണുമേളനത്തോടെ നീലീനദിയുടെ താഴത്തെ കരയില് ഭൂസുരന്മാർ ശൃംഗാംബാസമേതശിവദർശനം ചെയ്തു.

ശ്രീവത്സ(ഗോത്ര)ത്തിലെ അത്യതുല്യയും ദണ്ഡകഐയ്യ അഥർവ്വാംഗിരസയും വേണയിലെ ഐന്തിണക്കും മൃഗപക്ഷിശിഖിനാഗസകലസ്ഥലജലത്തിനും ഇരു(ദ്വിജ)ധരണികൾക്കും ഛത്രാധിപതിയായ ചന്ദ്രവംശജന്റെ മേലകം

ധനാർത്ഥം ധിയശ്രീപുത്രജിതന് മുത്തീഞാഴൽ. അഥ ഉമാസ്വാമിക്ക് ഈഴുമുഹ്മുതളിടസ്യു....

ഉടതാലീടുയുഗചിത്രരതീലുവ-

അർദ്ധധവളജടലാസ്ഥദ്ധിതമഥ യമജയഹ

നത്ഥിതധരര മുരാരിരത

ലധലില്ല ഋത ശതവിഷ്വപുര രജ-

സജില (ചില)മാത്രധര

ശിഖിശ്ഥദാസിശരരുരുകര (ശിഖിശതദാസീ,ശര,രുരു,കര)

തുദ(ത)ര ശത(ധ)ശധീവരരുജൂഢഉദരശതാശദ്ധീവരജൂഢ

നലീമന മലാളലഴപ്പം ഭഗതമുനിജു

മജുളർത്ഥജ മളഗല്ലപുസാമിസ

ആലാപയാഗലലനനടനപീഠം

നിജമമവ യജമാപാടിമു(പ)ത്ഥായ

ഫുവ(ഭുവ)പാല(ഴ)പഖതി(ഭഗവതി)ത-

സ്സാഡുഫ്ഭസ്സാമി സഖദ്ധ്യക്ഷ(മു)

സ്വാമിരുയപത്രധവരു(ർ)ത്തകക പരുവ-

ദ്വാശ്രയകാവ്യരീതിയിൽ ഒരേ വാക്കില് രണ്ടുകാര്യം പറയുന്ന രീതിയാണ് ലിഖിതത്തിലുള്ളത്. Telling two stories simultaneously and deliberately uding same words which can be read in more than one way.ഇത് നല്ല കവികൾക്കു മാത്രമേ സാധിക്കു. പൂവനദേവസ്വാമി(പൂക്കാട്ടിയൂരിലെ) ഗഗനത്രികുടുംബ സ്ഥലം എന്ന് സ്ഥലനാമം പറയുന്നു. വെണ്ണനെയ്യ് ചേർത്ത് വേവിച്ച അരി

മൂന്നു നാഴിയുരി, വെള്ളനേദ്യം, നീർധാര, വെണ്ണ 36 ആയം സ്വാമിക്ക് വൈയ്യണയിൽനിന്ന് കിട്ടുന്നതിലെ 33 ന്യൂനം (കുറവ്) ഈശ്വരസ്വാമി യുടെ ഭരണിഉത്സവത്തിന് നീക്കിവെക്കണം. സൂര്യന്റെ അണു (രജസ്സ്), ശുക്ലം (രേതസ്സ്) ബ്രഹ്മാണിനിയുടെ നാവായ നാവാമുകുന്ദസ്വാമിക്ക്. ഹരശുക്ലം (സാത്വികം) ഹരിരജസ്സിൽ (രാജസം, ക്ഷാത്രം) ഹ്ര. അഹസ്സ് വഴിപാടിന് കഴഞ്ചിന് 32 എള്ളു വിളയുന്ന ഭൂമി, സ്വർണ്ണ നദി(പൊന്നാനി)യിൽ ആണ്ടു മുഴുവനും ശകപല്ലവപ്പൊൻതൃത്താലീയത്തില് (തൃത്താല) ആവണസദ്സദസ്സ് ശതശതം യാഗം ചെയ്ത ശതകർണ്ണിസഭ .പടിഞ്ഞാറെ സമുദ്രതീരത്തെ ഗോശ്രീ ത്രിഭുവനത്തിൽ വേണയിലെ ഹൃദയഭാഗത്ത് അവരുടെ പരിഷത്ത് . അവിടെ നടന്ന ഒരു ശിവദർശനത്തിന്റെ വിശദവിവരമാണ് പിന്നെ പറയുന്നത്. സംഗീതനൃത്ത പരമായ പരാമർശം, കവിത്വം, ദ്വാശ്രയകാവ്യരീതി,കാലഗണന ,ശ്ലേഷം , ദശവിധനാദയോഗം, ഓണോമട്ടോപ്പിയ എന്ന് വിളിക്കുന്ന ചുഞ്ചുലു പ്രയോഗം,ഇവ കൂടാതെ കേരളത്തിലുള്ളവർക്ക് പരിചിതമായ ചില പ്രദേശ ങ്ങളുമുണ്ട്. ഗോശ്രീ കൊച്ചിരാജാക്കന്മാരുടെ വിശേഷണമാണ്. വേണ വേണാ ടിന്റെ നാമം. ചെഞ്ചുരുണി പഴയ കേരളത്തിലെ ഒരു ആയ്(യാദവ)ഗുഹാ ഗൃഹജനവാസകേന്ദ്രം. നാവാ, നീലിനദി,തൃത്താല ഇവ നിളാസംസ്കൃതിയു ടെ തിരുശേഷിപ്പുകൾ. പൂകാട്ടുക എന്ന ചടങ്ങ് ദേവദാസികൾ മല്ലാരിയില് ചെയ്യുന്ന ചടങ്ങാണ്. ക്ഷേത്രനാമത്തിലുള്ള ഈ പ്രത്യേകത, മല്ലാരികവു ത്തുവം, പരവ(ദേവദാസി)കളും വർത്തകരും ഇവിടെ നടനവിദ്യാപീഠം തുടങ്ങാനായി ദാനം ചെയ്ത വിഷയം ഇവ ഉണ്ട്. പക്ഷേ എന്നെ കുഴക്കിയ ഒരു പദം ലവുലീശനാണ്.മറ്റൊന്ന് വേൽഫന്തമേ എന്ന വൈലസ്ഥാനവും. ലവുലീശനെന്നാണ് ലകുലീശനെന്നല്ല പറഞ്ഞിരിക്കുന്നതെങ്കിലും അതാണ് ലിഖിതം ഉദ്ദേശിക്കുന്നതെന്ന് വ്യക്തം. പിന്നീട് അവ എനിക്ക് കണ്ടുപിടി ക്കാനായി.

ലകുലീശൻ ആര്ഃ-28ആം യുഗാവർത്തനകാലത്ത് ശ്രീകൃഷ്ണാവതാരം ഉണ്ടാ യി. അപ്പോൾ ശിവപെരുമാന് ലകുലിന് എന്ന മഹേശ്വരബ്രഹ്മചാരിയായി ശ്രീകൃഷ്ണലീലകൾ കാണാനവതരിച്ചു. അദ്ദേഹം ലഗധൻ അഥവാ ലഗദനെന്ന പേരിൽ ഭൃഗുകഛത്തില് തപസ്സു ചെയ്തു. ലഗധജ്യോതിഷം രചിച്ചു. നാലു പ്രശസ്തവംശങ്ങളിലെ നാലുപേരെ അദ്ദേഹം ശിഷ്യരായി തെരഞ്ഞെടുത്തു. മഹേശ്വരയോഗികളായി, പാശുപതസമ്പ്രദായത്തിൽ യോഗിയാതിരികളായി വളർത്തിയെടുത്തു. കൌശികൻ, മിത്രൻ, ഗർഗ്ഗൻ, കാരൂഷൻ എന്നിവരാണ് ആ നാലു ശിഷ്യന്മാർ. യാദവമൂഷക,മൈത്രകവലഭിവംശം കാരൂഷകരായ കേരളജനതയുടെ ഭരണാധികാരികളാണ്. ദക്ഷിണേന്ത്യ ദണ്ഡധരനായ യമന്റെ സ്ഥാനമാണ്. അവിടെനിന്നുള്ള ഐയ്യ എന്ന ദേവി വാസ്തു,താന്ത്രിക,വൈദിക ജ്ഞാനം,ധർമ്മം ഇവയുടെ സമ്മേളനമാണ്. ഋഗ്വേദം 1.133.1 വൈലസ്ഥാന

ത്തെ പറയുന്നു. പുറനാനൂറിലെ (201) ഇരുംകോവേലിന്റെ (ഇരുക്കുവേൽ) 49 തലമുറ മുമ്പുമുതലുള്ള സകലപൂർവ്വികരും വാണ കോട്ടയും അക്ഷൌഹിണിപ്പടയുമുള്ള പ്രശസ്തനഗരമാണിത്. വേലിയേറ്റം ഉണ്ടാവുന്ന കടലോരതുറമുഖം. ഈ അക്ഷൌഹിണിപ്പടയോടെ നിളയുടെ താഴത്തെ തെക്കേ കരയില് വെച്ച് ശൃംഗാംബാസഹിതനായ ശിവനെ ദർശിച്ച വീണാവേണുവാദ്യ നൃത്തഘോഷസമന്വിതമായ സമ്മേളനം (ഉത്സവം) എപ്പോഴാണ് നടന്നത്. മേടം 12 എന്നാൽ വിഷുപ്പത്ത് കഴിഞ്ഞ് രണ്ടാം ദിനം. വ്യാഴം കന്നിയിൽ 22 ഡിഗ്രി ചെന്നിരിക്കുന്നു. അതായത് വ്യാഴം ചിത്രാനക്ഷ ത്രത്തിലാണ്. ധനുവിൽ പൂരാടത്തിലാണ് ചന്ദ്രൻ. മേടഭരണിക്ക് മുമ്പാണ് ഈ ശിവദർശനവും സഭയും. പൂരാടത്തിലെ ചന്ദ്രൻ ഭരണിയിലെത്താന് (അമാവാസിയാവാൻ) 9 ദിനം ബാക്കിയിരിക്കെ. കലി 2311ലാണ് 49 തലമുറ മുമ്പുള്ളവരുടെ സഭ ഇവിടെ കൂടാനാരംഭിച്ചത്. പുറനാനൂറുകാലത്തുനിന്ന് 1000 വർഷം മുമ്പാണ്. 3102ൽനിന്ന് 791 വർഷം കഴിഞ്ഞ് അവരവിടെ കൂടിയിട്ടുണ്ട്. (വാകയൂർപെരുന്തുറൈ എന്ന തുറമുഖപട്ടണമായിരുന്ന തിരുനാവാ). ബിസി 2311 മുതൽ ബിസി 800 വരെ ഇത് തുടർന്നിട്ടുണ്ട് (ഇരുക്കുവേലിന്റെ കാലം എഡി രണ്ടാം നൂറ്റാണ്ടെന്ന് സങ്കൽപ്പിക്കുന്ന പക്ഷം).

കവുത്തുവത്തിലെ യമജയഹ എന്നത് ദക്ഷിണദിക്കിലെ ദണ്ഡധരനായ യമനുള്ളതാണ്. രുരുവും മാനും ശിഖിയും രജസതന്മാത്രയായ അഗ്നിയും ധരിച്ച ത്രിപുരാന്തകദേവനുള്ളതുമാണ്. മുരാരിരതനായ വിഷ്ണുമോഹിനിയെ മോഹിച്ച ഹരിഹരരൂപനുമാണ്. പൂക്കാട്ടിയൂരിലെ ക്ഷേത്രം മൂഷകവല്ലഭരുടെ പല ക്ഷേത്രങ്ങളേയും പോലെ ശിവനും,വിഷ്ണുവും, ദേവിയും ഉള്ള ത്രികുടുംബക്ഷേത്രമാണ്. നൂറുയാഗം ചെയ്ത് നൂറു വാഹനങ്ങളിൽ സഞ്ചരിച്ച ധീവരനുമാണ് രാജരാജേശ്വര ചക്രവർത്തി. ദേവിയുടെ ഭരണി ഉത്സവം വരാനിരിക്കുന്നേ ഉള്ളു. ചിത്രാപൊർണ്ണമിയും (ചിത്തിരൈക്കൂടൽ) വസന്തോത്സവവും കഴിഞ്ഞാണ് സഭായോഗം.ഉമാസ്വാമിയുടെ മൂവേഴു 21 തളിയിലെ ജനവും ആ യുഗാദിയിലെ ചിത്തിരൈക്കൂടലെന്ന ചിത്രരതിയിൽ , ജടയിൽ ധവളനിറമുള്ള അർദ്ധചന്ദ്രനെ ചൂടിയവനും യമധർമ്മദണ്ഡനീതിക്കാരനും ആയ ശിവന്റെ ഉമയിലും മുരാരിയിലുമുള്ള ചിത്രരതിസ്വഭാവം കാണുന്നു. നത്ഥിത്ഥധര എന്ന ചൊൽക്കെട്ടും അതേ മാത്രയില് മുരാരിരത എന്ന സാഹിത്യവും നടനവിദ്യാപീഠത്തിന്റെ നടത്തിപ്പുകാരായ ദേവദാസികളുടെ നാട്യരതി കാണിക്കുന്നതാണ്. സവ്യമായി പരുവകളുടെ കവുത്തുവം അപസവ്യമായി ഗദ്യരൂപമായ വഴിപാടുവിവരം (ദാനവിവരം) ആണ്.

മറ്റൊരു പ്രത്യേകത ഇവിടെ ആദ്യവരി തെലുങ്കും അതിന്റെ തർജ്ജമയായി രണ്ടാംവരിയുമുള്ള ഒരു ഭാഗമുണ്ടെന്നതാണ്. നലീമന മലാളലഴപ്പെ ഭഗത

മുനിജു എന്ന് നലീമനയിലെ മലയാളത്തപ്പനായ ഭാഗവതമുനിക്ക് എന്നാണ്. നലീമനയുടെ തെലുങ്ക് മഞ്ജുളർത്ഥജ , മലാളലഴപ്പം എന്നതിന് മളഗല്ലപ്പു, ഭഗതമുനിക്ക് എന്നതിന് സാമിസ . ആലാപം യാഗം നടനപീഠം ഇവ നട ത്താനും നിത്യനിദാനത്തിനും യജമാന(ഈശ്വര)നെ പാടി തുയിലുണർത്താനും (ഉത്ഥാനം) ഭുവനപാലഭഗവതിയുടെ സാഡുഫ്ഭ(സാളുവ,സാലുവ) സ്വാമിയുടെ സഖാദ്ധ്യക്ഷതയില് സ്വാമിയുടെ കൊടിക്കീഴിലുള്ള എല്ലാ വർത്തകശ്രേണി കളും പരുവ (ദേവദാസി)കളും എടുത്ത തീരുമാനമാണ് ദാനം. ദ്വിഭാഷയില് ഒരു പൂർണ്ണവാചകം ഉണ്ടെന്നത് പ്രത്യേകതയായി കണക്കാക്കണം.

ഇരുക്കുവേലെന്നത് യുവരാജാവായ ഭരണാധികാരിയാണ്. മഹാവിഷ്ണു ശൈവസമ്പ്രദായത്തിലെ വേലായുധനായ മുരുകനാണ് അത്.ഇരുക്കുവേൽ സൈനികമുന്നേറ്റം നടത്തുമ്പോളെല്ലാം ത്രിപുരാന്തകനെ വണങ്ങുകയും ത്രിപുരാന്തകപ്രതിഷ്ഠ നടത്തുകയും ചെയ്യും. മറ്റ് ദക്ഷിണേന്ത്യൻ രാജാക്ക ന്മാരാരും പണ്ട് ത്രിപുരാന്തകവിഗ്രഹം പ്രതിഷ്ഠിക്കാറില്ല, കാരണം അവ രെല്ലാം ഇരുക്കുവേലിന്റെ അപ്രതിഹതപദവി അംഗീകരിച്ചിരുന്നു. ലകുലേ ശസ്തംഭം എന്ന പേരിലൊരു വിജയസ്തംഭം ഉള്ളത് ചന്ദ്രഗുപ്ത,സമുദ്രഗു പ്തകാലത്താണ്. അതിനു മുമ്പോ പിൻപോ ഇല്ല. അതിനാലും ലവുലീശനാ മമുള്ള പൂക്കാട്ടിയൂരിലെ ലിഖിതം വളരെ പ്രധാനമാണ്. ഒരു വിദ്യാപീഠത്തി ലെ ഗുരുക്കന്മാരെ മുഴുവനും , പ്രത്യേകിച്ച് പരമേശ്വരമഹായോഗികളായി കേരളത്തിലെ രാജപരമ്പരയിലെ മൈത്രകവല്ലഭ, കാരൂഷകരെ വളര്ത്തിയെ ടുത്ത ലകുലേശ്വരഗുരുവിനു വേണ്ടി ഉള്ള ഈ വിജയകീർത്തിലിഖിതവും മഥുരയിലെ ലവുലീശസ്തംഭവും ഒരു കാലത്താവാം ഉണ്ടായത്. അല്ലെങ്കിൽ മഥുരയിലെ സ്തംഭത്തിനേക്കാളും പഴയതാവാം പൂക്കാട്ടിയൂരിലെ ഇരുക്കു വേലിന്റെ സഭ കൂടിയകാലം. . ബിസി 600-800 വരെ ആ സഭയുടെ കാലം കണക്കാക്കാം.

ലകുലീശൻ (പാശുപതസമ്പ്രദായം)

ശിഷ്യപരമ്പര

കൌശികൻ

പരാശരൻ

ഉപമിതേശ്വരൻ
കപിലേശ്വരൻ
ആര്യ ഉദിതാചാര്യ

(സമുദ്രഗുപ്തകാലം)

ഗർഗ്ഗൻ

മിത്രൻ

മിത്രകവല്ലഭവംശം

കാരൂഷൻ

യാദവമൂഷകവല്ലഭവംശം

കേരളത്തിലെ ഗംഗാധരക്ഷോവിലധികാരിവംശം

ലകുലേശൻ:- മഥുരയിലെ ലവുലീശസ്തംഭലിഖിതം ആദ്യകാലഗുപ്തന്മാരുടെ കാലത്ത് സംസ്കൃതത്തിലെഴുതപ്പെട്ടതാണ്. ഒരു കിണറ്റിനകത്താണ് ഇത് കിട്ടിയത്. ഇതാണ് ഇന്ത്യയിലെ ഇതുവരെ കിട്ടിയ ലിഖിതങ്ങളിൽവെച്ച് ഗുരുവിനെ പുകഴ്ത്താനായി, ഗുരുവായതനത്തിനായി മൂർത്തി പ്രതിഷ്ഠിക്കുന്നതിന് തെളിവു തരുന്ന ആദ്യലിഖിതം. പാശുപതശൈവിസത്തെ മനസ്സിലാക്കാനും അതിന്റെ പഴക്കം അറിയാനും ഇത് സഹായിക്കുമെന്ന് പ്രശസ്തഇൻഡോളജിസ്റ്റ് മൈക്കേൽ വില്ലിസ്.പാശുപതരുടെ ഉപനയനത്തിന് ഉദാഹരണമാണ് ഈ ലിഖിതം. മഥുരയിലെ ചന്ദുൽ മണ്ഡുൽമാഗിച്ചിയിലെ ഒരു കിണറിൽ, നടുവിലെ തൂണിൽ, ശിവക്ഷേത്രത്തിന് അധികം അകലെയല്ലാതെ 1928ലാണ് ഇത് കണ്ടെത്തിയത്. പുരാവസ്തുക്കളെ വിൽക്കുന്ന ഒരാള് അതെടുത്ത് വീട്ടിൽ കൊണ്ടുപോയി. ജനങ്ങൾ പരാതി കൊടുത്തതിനെ തുടർന്ന് പോലീസ് കൊണ്ടുപോയി , 1929ൽ മഥുര മ്യൂസിയത്തിലെത്തി. 1931ൽ ശാസ്ത്രി അതിന്റെ ആദ്യകോപ്പി എടുക്കുകയും 1932ൽ ഭണ്ഡാർക്കര് അതിന്റെ അനാലിസിസോടുകൂടി പ്രസിദ്ധീകരിക്കയും ചെയ്തു.തൂണിന്റെ മേലും കീഴും ചതുരവും മദ്ധ്യം അഷ്ടകോണുമാണ്. ഇത് ഒരു ക്ഷേത്രത്തിന്റെ ഭാഗമായിരുന്നെന്നും ക്ഷേത്രം നശിപ്പിച്ചശേഷം കിണറ്റിലെത്തിയതാവാമെന്നും ഭണ്ഡാർക്കര് കരുതുന്നു. മുകളിലെ മുഖത്ത് ത്രിശൂലം കാണുന്നു. താഴത്തെ മുഖത്ത് നഗ്നനായ ലകുലീശനെ കാണാം. മദ്ധ്യഭാഗത്താണ് ലിഖിതം. 5 മുഖം (എട്ടിലെ) മിനുക്കി അതിലാണ് ലിഖിതം. അതിലെ മദ്ധ്യഭാഗം വായിക്കാനാവാത്തവിധം നശിച്ചിട്ടുണ്ട്. അതായിരിക്കണം വളരെ പ്രധാനഭാഗമെന്ന് കരുതപ്പെടുന്നു. ഭണ്ഡാർക്കറുടെ അഭിപ്രായത്തില് ക്ഷേത്രം 380 എഡിക്കു മുമ്പേ ഉണ്ടായിരുന്നിരിക്കണം. ലിഖിതം 380 എഡിയിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

സംസ്കൃതത്തിലാണ് ലിഖിതം. ഗുപ്തകാലത്തെ ലിപിയാണ്. ഡി സി സർക്കാര് ഇത് മദ്ധ്യകാലബ്രാഹ്മിക്ക് സദൃശമെന്നും രണ്ടാം നൂറ്റാണ്ടിലെ കുശാനലിപിയാണെന്നും അഭിപ്രായപ്പെടുന്നു. ഗദ്യത്തിലാണ് ലിഖിതം. അവസാനഭാഗം മാത്രം വൈദികമായ ആര്യാവൃത്തമാണ്. ആദ്യഭാഗം മാത്രമാണ് പദ്യത്തിന്റെ കാണുന്നത്. രണ്ടാം വരി ഇല്ല. നഷ്ടപ്പെട്ടതാവാം. 61ആം വർഷം എന്നത് ആരുടെ ഭരണവർഷമെന്ന് അറിയില്ല. ചന്ദ്രഗുപ്തനോ സമുദ്രഗുപ്തനോ ആവാം.

ലിഖിതം വായന:-

സിദ്ധം ഭട്ടാരകമഹാരാജാ....രാജ ശ്രീസമുദ്രഗുപ്തസ .ത്രസ്യ

ഭട്ടാരകമ....ജ...രാജശ്രീചന്ദ്രഗുപ്തസ്യ വിജരജ്യാസംവത്സ..

....കാലാനുവർത്തമാനസംവത്സരേ ഏകഷഷ്ഠേ ...തമേ...ശുക്ലദിവസേ

പഞ്ചമ്യാം അസ്യം പൂർവ്വ..ഗ..സികദ് ദശമേന ഭഗവദ്പരാശരച്ച

തുർത്ഥേന ....പ...വിമലശിഷ്യശിഷ്യേന ഭഗവദ് ..വിമലശിഷ്യേന

അര്യോദി..ചര്യേ...പു...പ്യായനനിമിത്തം ഗുരൂണാം ച

കീർത്ത്യാ ..രകപിലേശ്വരൌ ഗുർവ്വായതനേ ഗുരു...പ്രതിഷ്ഠാപിതോ

നൈതത് ഖ്യാത്യർത്ഥം അഭിലി....യ...മഹേശ്വരാണാം വിജ്ഞാപ്തിസ്ക്രിയതേ

ശംഭോ ധനം ച യതക..നചര്യാണാം പരിഗ്രഹം ഇതി മത്വാ

വിശങ്ക...പൂജാപുരസ്കാര..പരിഗ്രഹപരിപാല്യം കുര്യാത് ഇതി
വിജ്ഞാപ്തിർ ഇതി

യശ്ചകീർത്ത്യഭിദ്രോഹം കുര്യാദ് യസ്ചഭിലിക്തംഉപാര്യ അധോ വാ സ

പഞ്ചഭിർമഹാ..പാതകൈർ ഉപപാതകൈശ്ചസംയുക്താസ് സ്യാത് ജയതി ച
ഭഗവ...രുദ്രദണ്ഡോ ഗ്ര...യകോ നിത്യ....

ഭണ്ഡാർക്കറുടെ വായനഃ-സിദ്ധം ഭട്ടാരകമഹാരാജാധിരാജ
ശ്രീസമുദ്രഗുപ്തസത്പുത്രസ്യ

ഭട്ടാരകമഹാരാജരാജാധിരാജശ്രീചന്ദ്രഗുപ്തസ്യ വിജയരാജ്യസംവത്സരേപഞ്ചമേ

കാലാനുവർത്തമാനസംവത്സരേ ഏ്കഷഷ്ഠേ പ്രഥമേ ശുക്ലദിവസേ

പഞ്ചമ്യാം അസ്യപൂർവ്വാ ..ഗ..സികത് ദശമേന ഭഗവത്പരാശരച്-

ചതുർത്ഥേന പ...വിമലശിഷ്യശിഷ്യസ്യേന ഭഗവദ്വിമലശിഷ്യേന

അര്യോദി..ചര്യേ പു...പ്യായനാനിമിത്തം ഗുരൂണാം ച

കീർത്ത്യാ...രകപിലേശ്വരൌ ഗുർവ്വായതനേ ഗുരു...പ്രതിഷ്ഠാപിതോ

നൈതത് ഖ്യാത്യർത്ഥം അഭിലി..യ..മഹേശ്വരം വിജ്ഞാപ്തി ക്രിയതേ

ശംഭോധനം ച യഥക...നചര്യണം പരിഗ്രഹം ഇതി മത്വാ
വിശങ്ക..പൂജാപുരസ്കാര..പരിഗ്രഹപരിപാല്യാം കുര്യാത് ഇതി
വിജ്ഞാപ്തിർഇതി.

യശ്ച കീർത്ത്യഭിദ്രോഹം കുര്യാദ് യശ്ചഭിലിഖിതം ഉപര്യ അധോ വ സ

പഞ്ചഭിർ മഹാ..പാതകൈർ ഉപപാതകൈര് ച സംയുക്ത സ്യാത് ജയതി ച

ഭഗവ...രുദ്രദണ്ഡോ ഗ്രാ...വകോ നിത്യ

അതിന്റെ പുനർവായനയും അർത്ഥവും (ഭണ്ഡാർക്കർ)

ഭട്ടാരകമഹാരാജാധിരാജ ചന്ദ്രഗുപ്തന്റെ വിജയവർഷത്തില്, അദ്ദേഹത്തിന്റെ സത്പുത്രനായ ഭട്ടാരകമഹാരാജാധിരാജ സമുദ്രഗുപ്ത ആഷാഢത്തിലെ ശുക്ലപഞ്ചമിക്ക് 61ആം ഗുപ്തവർഷത്തിൽ.

ഈ തിഥിക്ക് ഉപമിതേശ്വരന്റേയും കപിലേശ്വരന്റേയും 2 ശിവലിംഗം ഗുരുവിന്റെ ആയതനത്തിൽ പ്രതിഷ്ഠിച്ചു. ഭഗവാൻ കൌശികനിൽനിന്ന് 10ആമതായ ആര്യ ഉദിതാചാര്യ, ഭഗവാൻ പരാശരനിൽനിന്ന് നാലാമതായ , വിമലശിഷ്യന്, ഭഗവാൻ ഉപമിതേശ്വരന്റെയും കപിലന്റേയും വിമല ശിഷ്യൻ ഗുരുക്കന്മാരെ പ്രസാദിപ്പിക്കാനും സ്വന്തം നന്മക്കും വേണ്ടി.

ഇത് സ്വന്തം പ്രശസ്തിക്കല്ല, മഹേശ്വരനെ പൂജിക്കുന്ന ഭക്തരുടെയും ഗുരുക്കന്മാരുടേയും പ്രശസ്തിക്കാണ്. എല്ലാം (സ്വന്തം സ്വത്ത്) ഭഗവാന്റേതെന്നു വിചാരിച്ച് ജീവിക്കയും പൂജിക്കയും ആദരിക്കയും ചെയ്യണം. ഈ ഓർമ്മ സ്ഥാനങ്ങൾക്ക് ആഘാതം വരുത്തുന്നവരെല്ലാം പഞ്ചപാതകങ്ങളും ഉപപാതകങ്ങളും ചെയ്തവരായി തീരും. ഭയങ്കരമായ രുദ്രദണ്ഡം എപ്പോഴും വിജയിക്കും.

ഇവിടെ രണ്ട് ശൈവഗുരുക്കന്മാരെ പറയുന്നു . ഉപമിതഗുരു, കപിലഗുരു. ഇവർക്കായി ആ പരമ്പരയിലെ ഉദിതാചാര്യനാണ് ക്ഷേത്രം (ആയതനം) പണിയുന്നത്. ഗുരു മരണാനന്തരം ശിവസായൂജ്യം നേടിയതിനാല് ഗുരുവിനെ ശിവനായി പൂജിക്കുന്നു.(വില്ലിസ്). ശൈവവൈഷ്ണവപാരമ്പര്യത്തിൽ ഗുരു മോക്ഷപ്രാപ്തിക്കുശേഷം ഈശ്വരനായി ഭവിക്കുന്നു.

പതഞ്ജലിയുടെ മഹാഭാഷ്യം ശിവഭാഗവതനെന്ന പദം പറയുന്നുണ്ട്. അലെക്സിസ് സാൻഡേഴ്സന്റെ അഭിപ്രായത്തില് ലകുലീശസമ്പ്രദായത്തിലെ (പാശുപതം) ആദ്യത്തെ ലിഖിതമാണ് മഥുരയിലെ ലിഖിതം. ധർജില്ല(മദ്ധ്യപ്രദേശ്)യിലെ ബാഗിലെ മഹാരാജാ ബുലിന്ദിന്റെ കോപ്പർപ്ലേറ്റ് ലിഖിതമാണ് പിന്നെ ഒന്ന്. അതിൽ പാശുപത,ലകുലീശനാമങ്ങളില്ല. ഭഗവത് കൌശികനിൽനിന്ന് 10ആം ശിഷ്യനായ ഉദിതാചാര്യനെ പറയുന്നുണ്ട്. 380 എഡിയില് വടക്കേ ഇന്ത്യയിലെ ശിവക്ഷേത്രങ്ങളിൽ ലകുലീശസമ്പ്രദായം ഉണ്ട്. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തുതന്നെ ഈ സമ്പ്രദായം വടക്കേ ഇന്ത്യയിലുണ്ടായിരുന്നിരിക്കണമെന്ന് ഭണ്ഡാർക്കര് കരുതുന്നു.

ലകുലീശൻ (പാശുപതസമ്പ്രദായം)

ശിഷ്യപരമ്പര

കൌശികൻ	ഗർഗ്ഗൻ	മിത്രൻ	കാരൂഷൻ
		മിത്രകവല്ലഭവംശം	യാദവമൂഷകവല്ലഭവംശം
1 പരാശരൻ		കേരളത്തിലെ ഗംഗാധരക്കോവിലധികാരിവംശം	

2 ഉപമിതേശ്വരൻ
3 കപിലേശ്വരൻ
4 ആര്യ ഉദിതാചാര്യ
(സമുദ്രഗുപ്തകാലം)

പരാശരൻ, വ്യാസൻ, പാണ്ഡു, അർജ്ജുനൻ, അഭിമന്യു , പരീക്ഷിത്ത് എന്ന പരാശര പരമ്പരയിൽ വരുന്ന രാജാക്കന്മാരുടെ സമകാലീനനാണ് ആര്യ ഉദിതാചാര്യ. ഇക്കാലത്ത് അമിതക്രതു എന്ന ശതക്രതുവാണ് മൂഷകവല്ലഭവംശത്തിലെ ചക്രവർത്തി. 2011ൽ ഈ വംശത്തിലെ രാജവർമ്മനെന്ന(രാജശേഖര)ചക്രവർത്തി വന്ദേരിയിലെ വലഭി വിദ്യാപീഠത്തിന് നേതൃത്വം നൽകിയിരുന്നു.ഇദ്ദേഹം മുതലാണ് ഇരുക്കുവേലിന്റെ പരമ്പര തുടങ്ങുന്നത്.

വന്ദേരിയിലെ വിദ്യാപീഠം ആരംഭിച്ച കാലം മുതലാണ് ഇരുക്കുവേലിന്റെ പരമ്പര വാകയൂർപെരുന്തുറയിലെ മഹാമഘം ആരംഭിക്കുന്നതും, അവിടെ ചിത്തിരൈക്കൂടൽ(ചിത്രകൂടം) നടത്തുന്നതും. ആ മഹാസഭയെ പൂക്കാട്ടിയൂര് ലിഖിതം പരാമർശിക്കുന്നു.

Filename:	ചരിത്രത്തിന്റെ ഇടനാഴി ഭാഗം 2.docx
Directory:	C:\Users\user\Documents
Template:	C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:	ചരിത്രത്തിന്റെ ഇടനാഴി ഭാഗം 2
Subject:	
Author:	ഡോ. സുവർണ്ണ നാലപ്പാട്ട്.
Keywords:	
Comments:	
Creation Date:	2/25/2020 9:56:00 AM
Change Number:	40
Last Saved On:	5/4/2020 6:16:00 PM
Last Saved By:	user
Total Editing Time:	492 Minutes
Last Printed On:	5/4/2020 6:16:00 PM
As of Last Complete Printing	
Number of Pages:	153
Number of Words:	37,488 (approx.)
Number of Characters:	213,688 (approx.)